# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയും ഖലീഫമാരുടെയും അല്ലാഹുവുമായുള്ള ബന്ധത്തിന്റെ അദ്ഭുതദൃഷ്ടാന്തങ്ങൾ

പ്രസാധകർ:
നസാറത്ത് നശ്റോ ഇശാഅത്ത്, ഖാദിയാൻ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയും ഖലീഫമാരുടെയും അല്ലാഹുവുമായുള്ള ബന്ധത്തിന്റെ അദ്ഭുതദൃഷ്ടാന്തങ്ങൾ


**രചന & ക്രോഡീകരണം**

**മൗലവി മൻസൂർ അഹ്മദ് സാഹിബ് മസ്റൂർ**

**പത്രാധിപർ ബദർ പത്രം, ഖാദിയാൻ.**

**മൗലവി അബ്ദുർറശീദ് സാഹിബ് സിയ**

**മുറബ്ബി സിൽസില ശൂറത്ത്. കശ്മീർ.**

വിവർത്തനം:

**ഇബ്നു വഫ കോഴിക്കോട്**



പ്രസാധകർ:

**നസാറത്ത് നശ്റോ ഇശാഅത്ത്, ഖാദിയാൻ**

**Hadrat Masih-e-Mau'ud(A)nteyum Khaleefamarudeyum Allahuvumayulla bandhathinte Adbudha Drushtandangal**
(Malayalam)

**Hadrat Masih-e-Mau'ud Aur Khulafa-e-Kiram Kei T'alluq Billah Kei Waqi'at**
(Original)

Authors & Compilers : Moulavi Mansoor Ahmad Sahib Masroor & Moulavi Abdurrasheed Sahib Sia

Translator : Ibnu Wafa

DTP & Layout : Siddequa Saeed

Copies : 500/ January 2020

Published By : Nazarat Nashr-O-Isha'at Qadian
Sadr Anjuman Ahmadiyya,
Qadian 143516 Punjab INDIA

Printed at : Fazle-E-Umar Printing Press Qadian

Our Official WebSite : www.alislam.org

# മുഖവുര

ഇസ്‌ലാമികാരാധനയുടെ അടിസ്ഥാന ലക്ഷ്യം, അല്ലാഹുവിന്റെ തൃപ്തിയും അവന്റെ വിധി വിലക്കുകളും അനുസരിച്ച് ജീവിക്കുക, ദൈവിക ജ്ഞാനം കരസ്ഥമാക്കുക എന്നതാണ്. അതിനാൽ തന്റെ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യം മനസ്സിലാക്കുക അല്ലാഹുവുമായി യഥാർത്ഥ ബന്ധം ഉണ്ടാക്കാൻ ശ്രമിക്കുക എന്നത് ഒരു മുഅ്മിന് (വിശ്വാസിക്ക്) ഒഴിച്ചു കൂടാനാവാത്തതാണ്. ഇത് തന്നെയാണ് മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യവും. അതിനാൽ അല്ലാഹുവുമായി യഥാർത്ഥവും കലർപ്പില്ലാത്തതുമായ ബന്ധം സ്ഥാപിക്കേണ്ടതാണ്. അല്ലാഹുവിൽ നിന്നും അവതീർണ്ണരാകുന്ന പ്രവാചകന്മാരുടെ ലക്ഷ്യവും ജനങ്ങളെ അല്ലാഹുവുമായി ബന്ധിപ്പിക്കുക എന്നത് തന്നേയാണ്. സൂക്ഷ്മജ്ഞനും മറഞ്ഞിരിക്കുന്നവനുമായ അല്ലാഹുവിനെ സ്വമനസ്സാലെ കണ്ടെത്തുക എന്നത് മനുഷ്യബുദ്ധിക്ക് അസാധ്യമാണ്. കാരണം ഖുർആൻ പറയുന്നു

لَا تُدْرِكُهُ الْأَبْصَارُ وَهُوَ يُدْرِكُ الْأَبْصَارَ ۖ وَهُوَ اللَّطِيفُ الْخَبِيرُ ﴿١٠٤﴾

(സൂറ: അൻഫാൽ, ആയത്ത്: 104) (ദൃഷ്ടികൾ അവനിലേക്ക് എത്തുകയില്ല. എന്നാൽ അവൻ ദൃഷ്ടികളിലേക്ക് എത്തുന്നു. അവൻ അതിസൂക്ഷ്മനും സൂക്ഷ്മജ്ഞനുമാകുന്നു.) എന്ന ആയത്തിൽ ദൈവികജ്ഞാനത്തെ കുറിച്ച് അതിസൂക്ഷ്മവും എന്നാൽ സമഗ്രവുമായ വാക്കുകളിൽ വിവരിക്കപ്പെട്ടിരിക്കുന്നു. ദൈവിക ജ്ഞാനത്തിന്റേയും അവനുമായുള്ള ബന്ധത്തിന്റേയും ആദ്യമാർഗ്ഗം أنا الموجُود (ഞാൻ ഉണ്ട്) എന്ന അല്ലാഹുവിന്റെ സാക്ഷ്യമാണ്. പ്രപഞ്ചസൃഷ്ടിപ്പിന്റെ ഹേതുവായ റസൂൽ തിരുമേനിയെ കുറിച്ച് അല്ലാഹു പറയുകയാണ്, وَوَجَدَكَ ضَالًّا فَهَدَى അല്ലയോ പ്രവാചകരെ, എന്നെ കണ്ടെത്തുന്നതിനായി നീ ഈ ഭൗതിക ലോകത്തേയും അതിലടങ്ങിയിട്ടുള്ള സകല ചരാചരങ്ങളിൽ നിന്നും മുഖം തിരിക്കുകയും വിമുഖത കാണിക്കുകയും ചെയ്തപ്പോൾ നാം മുന്നോട്ട് വന്ന് നിനക്ക് യഥാർത്ഥ മാർഗ്ഗം ഒരുക്കിത്തന്നു.

ഇതേപോലെ തന്നെ അദൃശ്യകാര്യങ്ങളെ കുറിച്ചുള്ള നിദർശനവും പ്രകടനവും, പ്രകൃതിയേയും പ്രപഞ്ചത്തേയും കുറിച്ചുള്ള പഠനവും നിരീക്ഷണവും, അല്ലാഹുവിന്റെ ഉൽകൃഷ്ട ഗുണങ്ങളുടെ പ്രത്യേകതയും അവന്റെ മഹത്തായ പ്രവർത്തനങ്ങളുടെ പ്രകടനവും ഈ പ്രപഞ്ചത്തിന്റേയും ബ്രഹ്മാണ്ഡത്തിന്ന് മേലുള്ള അവന്റെ അതിശക്തമായ നിയന്ത്രണവും, എല്ലാം തന്നെ ദൈവികജ്ഞാനം കരസ്ഥമാക്കാനും അവനുമായുള്ള ബന്ധം സുദൃഢമാക്കുവാനുമുള്ള ഉത്തമമായ മാർഗ്ഗങ്ങളാണ്. ഏതൊരാൾ ദൈവികജ്ഞാനം കരസ്ഥമാക്കുന്നതിൽ പുരോഗതി പ്രാപിക്കുകയും തന്റെ ജനനത്തിന്റെ യഥാർത്ഥ ലക്ഷ്യമായ

وَمَا خَلَقْتُ الْجِنَّ وَالْاِنْسَ اِلَّا لِيَعْبُدُوْنِ ۝٥٧

(ഖുർആൻ 51:57) (എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല) എന്ന ലക്ഷ്യം പൂർത്തികരിക്കുകയും ചെയ്യുന്നുവോ, അല്ലാഹു അവരുടെ സഹായിയും സംരക്ഷകനും ആയി തീരുന്നു. അവരുടെ പ്രാർത്ഥനയുടെ സ്വീകാര്യതയും അതിന്റെ അദ്ഭുതകരമായ ദൃഷ്ടാന്തങ്ങളും അവൻ ലോകത്തിന്ന് കാണിച്ച് കൊടുക്കുന്നു. അവരെ തന്റെ സംരക്ഷണ വലയത്തിൽ പാർപ്പിക്കുന്നു. അവരുടെ കരങ്ങളെ അവൻ തന്റേതാണെന്ന് പ്രഖ്യാപിക്കുന്നു. ഉദാഹരണത്തിന്ന് وَمَا رَمَيْتَ اِذْ رَمَيْتَ وَلٰكِنَّ اللّٰهَ رَمٰى (നീ എറിഞ്ഞപ്പോൾ, നീ അല്ല എറിഞ്ഞത് പ്രത്യുത അല്ലാഹുവാണെറിഞ്ഞത്. അതേ പോലെ مَنْ عَادَلي وَلِياً فَقَدْ آذَنْتُهُ بِالْحَرَب ഏതൊരാൾ എന്റെ മിത്രത്തിന്റെ ശത്രുവാകുന്നുവോ അവൻ എന്നോട് യുദ്ധം ചെയ്യുവാൻ ഒരുങ്ങികൊള്ളട്ടെ.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസി(അയ്യദഹുല്ലാഹ്)നാൽ അംഗീകരിക്കപ്പെട്ട 2015 ലെ ശൂറയിലെ നിർദ്ദേശമനുസരിച്ച് ഹദ്റത്ത് മസീഹ് മൗഊദിന്റേയും ഖലീഫമാരുടേയും അല്ലാഹുവുമായുള്ള ബന്ധത്തിന്റെ അദ്ഭുത ദൃഷ്ടാന്തങ്ങൾ എന്ന ഈ ലഘുകൃതി ഖാദിയാൻ പ്രചരണ പ്രസിദ്ധീകരണ (നശ്റൊഇശാഅത്ത് ഖാദിയാൻ) വിഭാഗത്തിന്റെ മേൽനോട്ടത്തിൽ തയ്യാറാക്കപ്പെട്ടതാണ്. ഈ കൃതി രചിക്കുവാൻ സഹായിച്ചത് ജനാബ് മൗലവി മൻസൂർ അഹ്മദ് സാഹിബ് മസ്റൂർ, ബദർ പത്രാധിപർ ഖാദിയാൻ, ജനാബ് മൗലവി അബ്ദുർറശീദ് സാഹിബ് സിയ മുബല്ലിഗ് ദഅ്വത്തെ ഇല

ല്ലാഹ് ഉത്തരേന്ത്യ എന്നിവരാണ്. അല്ലാഹു അവർക്ക് തക്ക പ്രതിഫലം നൽകുമാറാകട്ടെ.

ഈ പുസ്തകത്തിൽ ജമാഅത്തംഗങ്ങൾക്കായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഖലീഫമാരുടേയും ജ്ഞാനോദ്ദീപനങ്ങളും ഈമാന് ചൂടു പകരുന്നതുമായ പല സംഭവങ്ങളും ചേർത്തിട്ടുണ്ട്. ആ സംഭവങ്ങൾ വായിച്ചാസ്വദിക്കുന്നതോടൊപ്പം ദൈവസാമീപ്യം കരസ്ഥമാക്കുന്ന പ്രയത്നത്തിൽ നാം എന്നും മുന്നേറേണ്ടതുമാണ്. അതിനായി അഞ്ച് നേര നമസ്ക്കാരം നിലനിർത്തുന്നതും ദൈവസ്മരണയിൽ മുഴുകുന്നതുമായ സ്വഭാവം നമ്മിൽ ഉണ്ടാക്കേണ്ടിയിരിക്കുന്നു. അല്ലാഹുവിന്റെ വിധി വിലക്കുകളനുസരിച്ച് പ്രവർത്തിച്ച് യഥാർത്ഥ ജീവിതലക്ഷ്യം പ്രാപിച്ചു കൊണ്ട്, അല്ലാഹുവിന്റെ പടിവാതിൽക്കൽ ഒരു യാചകനായി നാം അവന്റെ വരിഷ്ഠ ദാസരാകേണ്ടിയിരിക്കുന്നു. നാം അല്ലാഹുവിന്റെ വരിഷ്ഠ ദാസരും അവന്റെ സാമീപ്യം പ്രാപിച്ചവരുമായി തീർന്നാൽ നമ്മുടെ പുരോഗതി തടയാൻ ഒരു വസ്തുവിന്നും സാദ്ധ്യമല്ല. ഇൻശാഅല്ലാഹ്.

**നാസിർ നശ്റൊ ഇശാഅത്ത് ഖാദിയാൻ**

# തഅല്ലുക്ക് ബില്ലാഹ്
## ദൈവബന്ധം

*കഭി നുസ്റത്ത് നഹി മിൽത്തി ദറെ മൌലാസെ ഗന്ദോം കൊ*
*കഭി സായഅ് നഹി കർത്താ വോ അപ്നെ നേക്ക് ബന്ദോം കൊ*
*വൊഹി ഉസ്കെ മുഖർറബ് ഹൈ ജോ അപ്നാ ആപ് ഖോത്തേ ഹൈ*
*നഹി രാഹ് ഉസ്കി ആലി ബാർഗഹ് തക് ഖുദ്പസന്ദോം കോ*
*യഹി തദ്ബീർ ഹെ പ്യാരൊ കെ മാംഗോ ഉസ്സെ ഖുർബത്ത് കൊ*
*ഉസീകെ ഹാത്ത് കൊ ഢൂണ്ഡോ ജലാഓ സബ് കമന്ദോം കൊ*

*അധർമ്മകാരികളും നീചരുമായിട്ടുള്ളവർക്ക്*
*അല്ലാഹുവിൽ നിന്നും യാതൊരു സഹായവും ലഭിക്കുന്നതല്ല.*
*എന്നാൽ സജ്ജനങ്ങളായ തന്റെ വരിഷ്ട ദാസരെ*
*അവനൊരിക്ക ലും നഷ്ടത്തിലാക്കുകയുമില്ല.*
*അവനെ പ്രാപിക്കുവാനായി തന്റെ അസ്തിത്വത്തെ*
*ഇല്ലാതാക്കുന്ന വരാരോ അവർ തന്നേയാണ്*
*അവന്റെ സാമീപ്യം കരസ്ഥമാക്കിയവർ.*
*മിഥ്യാഭിമാനികളും പൊങ്ങച്ചക്കാരും അഹങ്കാരികളുമായവർക്ക്*
*ഒരിക്കലും തന്നെ അവന്റെ പ്രൗഢഗംഭീരവും മഹത്ത്വമുടയതുമായ*
*സഭാമണ്ഡപത്തിൽ(സവിധത്തിൽ)ചെന്നെത്തുക*
*അസാധ്യമായിരിക്കും.*
*പ്രിയരെ, അവന്റെ സാമീപ്യത്തിനായി യാചിക്കുക എന്ന*
*ഒരൊറ്റ ഉപായമേ ഈ കാര്യത്തിൽ നമുക്ക് സ്വീകരിക്കാനുള്ളൂ.*
*അതുകൊണ്ട് അവന്റെ സന്നിധിയിൽ കരേറുവാനായി*
*അവന്റെ കരങ്ങൾ തേടൂ. ബാക്കി എല്ലാ കോണികളേയും*
*(ഭൗതീകമായ ബാഹ്യഉപാധികൾ) നശിപ്പിക്കൂ. അഗ്നിക്കിരയാക്കൂ.*

***ദുർറെ സമീൻ,***
***ഹദ്റത്ത് മസീഹ് മൗഊദ്(അ)***

# അവതാരിക

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി മസീഹ് മൗഊദ് വ മഹ്ദിയെ മഅ്ഹൂദ് അലൈഹിസ്സലാതു വസ്സലാം 1835 ഫെബ്രുവരി 13ാം തീയ്യതി വെള്ളിയാഴ്ച ഫജർ നമസ്ക്കാരസമയത്ത് ഭൂജാതരായി. ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ.അ)ന്റെ പ്രവചന പ്രകാരം അല്ലാഹു അദ്ദേഹത്തെ ഈ കാലഘട്ടത്തിന്റെ ഇമാമും മസീഹും മഹ്ദിയുമായി നിയോഗിച്ചു.

അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസമനുസരിച്ച് മസീഹും മഹ്ദിയും രണ്ട് വ്യത്യസ്ത വ്യക്തികളെല്ലെന്ന കാര്യം പ്രത്യേകം എടുത്ത് പറയേണ്ടതാണെന്ന് കരുതുന്നു. കാരണം നമ്മുടെ അനഹ്മദി സഹോദരങ്ങളുടെ വിശ്വാസമനുസരിച്ച് മസീഹും മഹ്ദിയും രണ്ട് വ്യക്തികളാണ്. എന്നാൽ അല്ലാഹു അവരുടെ രണ്ട് അവസ്ഥാവിശേഷങ്ങളനുസരിച്ച് രണ്ട് നാമങ്ങൾ നൽകി എന്നേ ഉള്ളൂ. റസൂൽ കരീം(സ) പറഞ്ഞത്, لَا الْمَهْدِيُّ اِلَّا عِيْسٰى ഈസയും മഹ്ദിയും ഒരാൾ തന്നെഎന്നാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്ന് ക്രിസ്ത്യാനികളുമായി എതിരിടേണ്ടതുണ്ട്. അവരുടെ തെറ്റായ വിശ്വാസാചാരങ്ങളെ അവർക്ക് തുറന്ന് കാണിച്ചു കൊടുക്കേണ്ടതുണ്ട്. അതുകൊണ്ടാണ് അദ്ദേഹത്തിന് അല്ലാഹു മസീഹ് എന്ന നാമം നൽകിയത്. അതുപോലെ തന്നെ മഹ്ദി എന്ന് പറഞ്ഞാൽ നേർമാർഗ്ഗം പ്രാപിച്ചവൻ എന്നാണർത്ഥം. അല്ലാഹുവിൽ നിന്നും നേർമാർഗ്ഗം പ്രാപിച്ചു കൊണ്ട് മനുഷ്യരാശിക്ക് നേർമാർഗ്ഗം നൽകേണ്ടതുണ്ടല്ലോ.

ആ പുണ്യാത്മാവ് അല്ലാഹുവിന്റെ നബിയാണ്. അല്ലാഹു നൽകിയ സ്ഥാനവും പദവിയുമാണത്. അല്ലാഹു ആ മഹാത്മാവിനെ നബി എന്ന അതിമഹത്തായ ആത്മീയ സ്ഥാനം കൊണ്ടലങ്കരിച്ചു എന്നു മാത്രമല്ല അദ്ദേഹത്തിന് പല നബിമാരുടെ പേരുകളും നൽകപ്പെടുകയുണ്ടായി. കാരണം ആ നബിമാരുടെ ഗുണവിശേഷണങ്ങൾ അദ്ദേഹത്തിൽ സമ്മേളിച്ചിരുന്നു. ആ പുണ്യാത്മാവിനെ അല്ലാഹു സംബോധന ചെയ്തു കൊണ്ട് جَرِیُّ اللّٰهِ فِیْ حُلَلِ الْاَنْبِیَآءِ

എന്ന് പറഞ്ഞിട്ടുണ്ട്. നബിമാരുടെ വേഷത്തിൽ അല്ലാഹുവിന്റെ ഫയൽമാൻ (ഗുസ്തിക്കാരൻ) എന്നാണ് ഇതിന്റെ അർത്ഥം. ഒരു ഉറുദു കവിതയിൽ അദ്ദേഹം വിവരിക്കുകയാണ്,

**മേ കഭി ആദം കഭി മൂസാ കഭി യഅ്കൂബ് ഹും**
**നീസ് ഇബ്രാഹിം ഹൂം നസലേ ഹെം മേരി ബേശുമാർ**

ഞാൻ ചിലപ്പോൾ ആദമാണ് ചിലപ്പോൾ മൂസയും മറ്റ് ചില പ്പോൾ യഅ്കൂബും ഇബ്രാഹീമുമാണ്. എന്റെ സന്താന പരമ്പര എണ്ണമറ്റതാണ്.

റസൂൽ കരീം(സ)നോട് അദ്ദേഹം കാണിച്ച പരിപൂർണ്ണ അനുസര ണവും കീഴ്വണക്കവും കാരണമായാണ് അദ്ദേഹത്തെ അല്ലാഹു പ്രവാചകത്വ പദവിയിലേക്ക് ഉയർത്തിയത്. അദ്ദേഹം ഹദ്റത്ത് റസൂൽ കരീം(സ) നെ പരിപൂർണ്ണമായും അനുധാവനം ചെയ്യുന്ന നബിയായിരുന്നു. തിരുമേനിയുടെ (സ) ദാസനും ശിഷ്യനുമായതിൽ അദ്ദേഹം വളരെയധികം അഭിമാനം കൊണ്ടിരുന്നു.അവസാന നാ ളിൽ ക്ഷയിക്കുകയും അധ:പതിക്കുകയും ചെയ്ത ഇസ്ലാമിന്നു പുതുജീവൻ നൽകുവാനായിട്ടാണ് റസൂൽ കരീം(സ.അ)ന്റെ ശിഷ്യ പ്രവാചകനായി അല്ലാഹു ആ പുണ്യാത്മാവിനെ എഴുന്നേൽപ്പി ച്ചത്. അദ്ദേഹം ദീനുൽ ഇസ്ലാമിന്ന് ചെയ്ത ഉജ്ജ്വലവും അതി മഹത്തായതുമായ സേവനത്തിന്ന് സമാനമായത് കഴിഞ്ഞ പതി നാല് നൂറ്റാണ്ടിൽ ആർക്കും തന്നെ കണ്ടെത്തുവാൻ സാദ്ധ്യമല്ല. അദ്ദേഹം ഇമാം മഹ്ദിയായി നിയോഗിക്കപ്പെട്ട സമയം ലോകത്ത് ആത്മീയാന്ധകാരം പരമോന്നതിയിലായിരുന്നു. അദ്ദേഹം ആഗത രായി പരിശുദ്ധരും പരമസാത്വികരുമായവരുടെ ഒരു ജമാഅത്തിന്ന് അടിത്തറ പാകി. ഈ പരിശുദ്ധ ജമാഅത്ത് പതുക്കെ പതുക്കെ വളർന്ന് കൊണ്ട് ഇന്ന് ലോകത്തിലെ 207 രാഷ്ട്രങ്ങളിൽ വ്യാപി ച്ചിരിക്കുകയാണ്. ആ ജമാഅത്ത് നന്മയിലും തഖ്വയിലും ത്യാഗ മനോഭാവത്തിലും ഇസ്ലാമിക പ്രചരണത്തിലും അതിന്ന് വേണ്ടി യുള്ള പുസ്തക പ്രസിദ്ധീകരണങ്ങളിലും സേവനങ്ങളിലും എന്നും മുന്നിൽ നിൽക്കുന്നു. ഈ ഒരു കാര്യം ഇതര മുസ്ലിം സംഘടന കളിൽ നിന്നും ഈ ജമാഅത്തിനെ വേറിട്ട് നിർത്തുന്നു.1908 മെയ് 26ാം തിയ്യതി അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. അദ്ദേഹത്തി ന്റെ വിയോഗാനന്തരം അഹ്മദിയ്യാ ജമാഅത്തിൽ ഖിലാഫത്ത് വ്യ വസ്ഥിതി സ്ഥാപിതമായി. ഈ ഖിലാഫത്ത് തികച്ചും നബി കരീം(സ)

ന്റെ പ്രവചന പ്രകാരം തന്നേയാണ് രൂപീകൃതമായത്. ആ മഹാത് മാവിന്റെ ഖലീഫമാരുടെ പേരുകൾ താഴെ പറയും പ്രകാരമാണ്.

1. ഹദ്റത്ത് മൗലാനാ ഹഖീം നൂറുദ്ദീൻ സാഹിബ്
   ഖലീഫത്തുൽ മസീഹ് അവ്വൽ(റ)
2. ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ്
   ഖലീഫത്തുൽ മസീഹ് സാനി(റ)
3. ഹദ്റത്ത് ഹാഫിസ് മിർസാ നാസിർ അഹ്മദ് സാഹിബ്
   ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്)
4. ഹദ്റത്ത് മിർസാ താഹിർ അഹ്മദ് സാഹിബ്
   ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)
5. ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് (അയ്യദഹുല്ലാഹ്)

ആ പുണ്യാത്മാവിന്റെ അഞ്ചാം ഖലീഫയായി 2003ൽ തെരഞ്ഞെടുക്കപ്പെട്ടു. ഇപ്പോൾ അദ്ദേഹത്തിന്റെ ഖിലാഫത്താണ് നടന്ന് കൊണ്ടിരിക്കുന്നത്.

ഖിലാഫത്ത് ഒരു മഹത്തായ ദൈവീക അനുഗ്രഹമാണ്. ജമാഅത്തിൽ നന്മയും തഖ്വയും ഐക്യവും ഒത്തൊരുമയും അതുല്യമായ ത്യാഗ മനോഭാവവും മുഴുലോകത്തും സംഘടിത രീതിയിലുള്ള ഇസ്ലാമിക പ്രചരണവും സൃഷ്ടിസേവനവും എല്ലാം തന്നെ ഈ ഖിലാഫത്ത് മുഖേനയാണ് നടക്കുന്നത്. ഈ അനുഗ്രഹങ്ങളെല്ലാം തന്നെ ഇതര മുസ്ലിംകൾക്ക് അപ്രാപ്യമാണ്. അവർക്ക് ഈ അനുഗ്രഹം നിരസിക്കപ്പെട്ടിരിക്കുന്നു. ഈ ലഘു കൃതിയുടെ പേര് **ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഖലീഫമാരുടേയും അല്ലാഹുവുമായുള്ള ബന്ധത്തിന്റെ അദ്ഭുതദൃഷ്ടാന്തങ്ങൾ** എന്നാണ്. ആയതിനാൽ, അത്തരം സംഭവങ്ങളിൽ ചിലത് താഴെ ചേർക്കുന്നു.

**നസാറത്ത് നശ്റോ ഇശാഅത്ത്, ഖാദിയാൻ.**

# ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി മസീഹെ മൗഊദ് വ മഹ്ദിയെ മഅ്ഹൂദ് അലൈഹിസ്സലാത്തു വസ്സലാം

മനുഷ്യസൃഷ്ടികളുടെ സംസ്ക്കരണത്തിനായി നിയോഗിക്കപ്പെടുന്ന പ്രവാചകന്മാർ തന്നേയാണ് തങ്ങളെ നിയോഗിച്ചയച്ചിട്ടുള്ള സൃഷ്ടാവും യജമാനനുമായിട്ടുള്ള അല്ലാഹുവിനെ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദും(അ) തന്റെ സൃഷ്ടാവും യജമാനനും ഏകനുമായ അല്ലാഹുവിനെ വളരെയധികം സ്നേഹിച്ചിരുന്നു. നാം ആ പുണ്യാത്മാവിന്റെ എഴുത്തുകളും വിവിധ സംഭവങ്ങളും വായിച്ചുകൊണ്ട് ആ പുണ്യാത്മാവിനു അല്ലാഹുവുമായി അതിരറ്റ സ്നേഹമുണ്ടായിരുന്നുവെന്ന് അനുമാനിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ ഹൃദയത്തിൽ എത്ര ശക്തമായ സ്നേഹമായിരുന്നു ഉടലെടുത്തിട്ടുണ്ടായിരുന്നത്? ഏത് രീതിയിലുള്ള മനോവികാരമായിരുന്നു അദ്ദേഹത്തിന്റെ ഹൃദയത്തിൽ അലയടിച്ചിരുന്നത് എന്ന് സങ്കല്പിക്കാൻ ആർക്കും സാധ്യമല്ല. അദ്ദേഹം ജീവിതകാലം മൊത്തം അല്ലാഹുവിന്റെ വിധിവിലക്കുകളെ അനുസരിക്കുകയും പിൻതുടരുകയും ചെയ്തു. ഖുർആനിലൂടെ അല്ലാഹു വിരോധിച്ചിട്ടുള്ള സകല കാര്യങ്ങളിൽനിന്നും ആ മഹാത്മാവ് വിട്ടു നിന്നു. അല്ലാഹു കല്പിച്ചിട്ടുള്ള എല്ലാ കല്പനകളും അനുസരിച്ച് അദ്ദേഹം പ്രവർത്തിച്ചു. അദ്ദേഹം പരിപൂർണ്ണമായും അല്ലാഹുവിൽ ഭരമേൽപിക്കുകയും വിശ്വാസമർപ്പിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ഒരു നിമിഷ നേരത്തേക്ക് പോലും ഏതെങ്കിലും മനുഷ്യരിലോ ഭൗതികമായ ബാഹ്യ ഉപാധികളിലോ അദ്ദേഹം വിശ്വാസമർപ്പിച്ചിരുന്നില്ല. അതുപോലെ അല്ലാഹുവിനെയല്ലാതെ മറ്റാരേയും തന്റെ സഹായിയോ തുണയോ ആയി കരുതിയിരുന്നുമില്ല. അദ്ദേഹത്തിന്റെ പിതാവ് ഹദ്റത്ത് മിർസാ ഗുലാം മുർതളാ സാഹിബ് മരണമടഞ്ഞപ്പോൾ, തന്റെ താങ്ങും തണലുമായ പിതാവിതാ മരണമടഞ്ഞിരിക്കുന്നു എന്ന ചിന്ത അദ്ദേഹത്തിന്റെ മനസ്സി

ലൂടെ കടന്ന് പോയി. ഇതൊരു സ്വാഭാവിക ചിന്തയായിരുന്നു. ഇതിന്റെ അർത്ഥം ആ അവസരത്തിൽ അദ്ദേഹത്തിന്റെ മനസ്സിൽ അല്ലാഹുവിനെ കുറിച്ചുള്ള ചിന്ത ഉണ്ടായിരുന്നില്ല എന്നല്ല. അദ്ദേഹം ചെറുപ്രായംതൊട്ട് തന്നെ അല്ലാഹുവിനോടുള്ള പ്രേമത്തിൽ ആസക്തനായിരുന്നു. ആ പുണ്യാത്മാവ് അവന്റെതായി കഴിഞ്ഞിരുന്നു. ഈ ചിന്ത അദ്ദേഹത്തിന്റെ മനസ്സിലൂടെ കടന്നു പോയ ആ നിമിഷം അദ്ദേഹത്തിന് ദൈവികബോധന (ഇൽഹാം)മുണ്ടായി.

أَلَيْسَ اللَّهُ بِكَافٍ عَبْدَهُ അല്ലാഹു തന്റെ ദാസന് മതിയായവനല്ലേ? ഈ ഇൽഹാം അദ്ദേഹത്തിന് അല്ലാഹുവിനോടുണ്ടായിരുന്ന സ്നേഹം പതിന്മടങ്ങ് വർദ്ധിപ്പിക്കുകയും അദ്ദേഹം അല്ലാഹുവിന്റേയും അല്ലാഹു അദ്ദേഹത്തിന്റേതുമായിതീരുകയും ചെയ്തു. അല്ലാഹു അദ്ദേഹത്തിന് جَرِىُ الله അല്ലാഹുവിന്റെ ഫയൽമാൻ എന്ന സ്ഥാനപേര് നൽകുകയുണ്ടായി. അദ്ദേഹം, താൻ അല്ലാഹുവിന്റെ സിംഹമാണെന്ന് പറഞ്ഞിട്ടുണ്ട് . തന്റെ ഒരു ഉറുദു കവിതയിൽ ശത്രുക്കളെ സംബോധന ചെയ്തുകൊണ്ട് അദ്ദേഹം പറയുകയാണ്,

**ജോ ഖുദാ കാ ഹെ ഉസെ ലൽക്കാർനാ അഛാ നഹിം**

**ഹാത്ത് ശേറോം പർ ന ഡാൽ ഏ റൂബയെ സാറോ നസാർ**

(അല്ലാഹുവിന്റെ ദാസരെ വെല്ലുവിളിക്കുന്നത് നല്ലതല്ല. ബലഹീനരും ദൈന്യത അനുഭവിക്കുന്നവരുമായ കുറുക്കന്മാരെ, നിങ്ങൾ സിംഹത്തിനുമേൽ കൈ വെക്കരുത്.)

അല്ലാഹുവിനോട് ആ പുണ്യാത്മാവിന്നുണ്ടായിരുന്ന അതിരറ്റ സ്നേഹവും വിവരണാതീതമായ പ്രേമാനുരാഗവും താഴെ ചേർക്കുന്ന വരികളിലൂടെ മനസ്സിലാക്കാവുന്നതാണ്. തനിക്ക് ലഭിച്ച ദൈവത്തെ ഈ ലോകം തിരിച്ചറിയുകയും അവനുമായി അവർ ഹൃദയബന്ധം സ്ഥാപിക്കുകയും അവനിൽ വിശ്വാസമർപ്പിക്കുകയും ചെയ്യുന്നതിനെ കുറിച്ച് അദ്ദേഹത്തിന് ഉൽകടമായ ആഗ്രഹവും ഉൽകൺഠയും അഭിവാഞ്ഛയും എന്നും ഉണ്ടായിരുന്നു. അദ്ദേഹം എഴുതുകയാണ്,

സർവ്വശക്തനായ ദൈവം ഉണ്ടെന്ന് ഇനിയും അറിഞ്ഞിട്ടില്ലാത്തവൻ എത്രമാത്രം ഭാഗ്യഹീനനാണ്. നമ്മുടെ സ്വർഗ്ഗം നമ്മുടെ ദൈവമത്രെ. നമ്മുടെ ഉന്നതങ്ങളായ ആനന്ദാനുഭൂതികൾ നമ്മുടെ ദൈവ ത്തിങ്കലാകുന്നു. എന്തുകൊണ്ടെന്നാൽ നാം അവനെ

കണ്ടിരി ക്കുന്നു. എല്ലാ സൗന്ദര്യങ്ങളും അലങ്കാരങ്ങളും അവനിൽ ദർശിച്ചിരിക്കുന്നു. ജീവൻ വെടിഞ്ഞും സ്വന്തമാക്കേണ്ട സമ്പത്താണവൻ. സർവ്വവും നഷ്ടപ്പെടുത്തി, വിലകൊടുത്ത് വാങ്ങേണ്ട മാണിക്യകല്ലാണവൻ. അല്ലയോ ഭാഗ്യഹീനരെ, ഇതാ ഈ നീരുറവയിലേക്ക് ഓടിയടുക്കുവിൻ. അത് നിങ്ങളെ സംതൃപ്തിയുള്ളതാക്കി തീർക്കും. ജീവൻ പ്രദാനം ചെയ്യുന്ന നീരുറവയാണത്. അത് നിങ്ങളെ രക്ഷിക്കും. ഞാൻ എന്താണ് ചെയ്യേണ്ടത്. ജനഹൃദയങ്ങളിൽ ഞാനീ സുവിശേഷം എങ്ങിനെയാണ് കുടിയിരുത്തേണ്ടത്. ഇതാണ് നിങ്ങളുടെ ദൈവമെന്ന് ജനങ്ങൾ കേൾക്കുമാറാൻ ഏത് ചെണ്ട കൊട്ടിയാണ് ഞാൻ വിളംബരം ചെയ്യേണ്ടത്. അവരുടെ ചെവികൾ തുറക്കുന്നതിനായി ഞാൻ ഏത് ഔഷധം കൊണ്ടാണ് അവരെ ചികിത്സിക്കേണ്ടത്.

നിങ്ങൾ ദൈവത്തിന്റേതായി തീരുമെങ്കിൽ നിശ്ചയമായും ദൈവം നിങ്ങളുടേതായി തീരുന്നതാണ്. നിങ്ങൾ ഉറങ്ങുമ്പോൾ നിങ്ങൾക്ക് വേണ്ടി അവൻ ഉണർന്നിരിക്കും. നിങ്ങൾ ശത്രുവിനെ കുറിച്ച് അശ്രദ്ധരായിരിക്കുമ്പോൾ ശത്രുവിനെ അവൻ ശ്രദ്ധിച്ചുകൊള്ളും. അവരുടെ ഗൂഢതന്ത്രങ്ങളെ അവൻ തകർക്കുകയും ചെയ്യും. നിങ്ങളുടെ ദൈവത്തിൽ എന്തെല്ലാം ശക്തികളാണുള്ളതെന്ന് നിങ്ങൾ ഇനിയും തിരിച്ചറിഞ്ഞിട്ടില്ല. അത് നിങ്ങൾ അറിഞ്ഞിരുന്നുവെങ്കിൽ ഈ ഭൗതികലോകത്തെ ചൊല്ലി നിങ്ങൾ ദു;ഖിക്കുകയില്ല. ഭാരിച്ച ഖജനാവ് കൈവശമുള്ളവൻ ചില്ലികാശിന്റെ നഷ്ടത്തെ കരുതി കരയുകയോ അലമുറ കൂട്ടുകയോ നശിച്ചൊടുങ്ങാൻ ഒരുങ്ങുകയോ ചെയ്യുമോ? നിങ്ങൾ ഈ നിധിയെ കുറിച്ചറിഞ്ഞിരുന്നുവെങ്കിൽ, നിങ്ങളുടെ ഓരോ ആവശ്യത്തിന്റേയും അവസരത്തിൽ അവൻ നിങ്ങളെ സഹായിക്കാൻ കഴിവുള്ളവനാണെന്ന് മനസ്സിലാക്കിയിരുന്നുവെങ്കിൽ, നിങ്ങൾ ഈ ലോകത്തോട് യാതൊരു പ്രതിപത്തിയും കാണിക്കുകയില്ലായിരുന്നു. ദൈവം ഒരു പ്രിയപ്പെട്ട നിധിയാകുന്നു. അതിനെ വിലമതിക്കുവിൻ. നിങ്ങളുടെ ഓരോ ചുവടു വെപ്പിലും അവൻ നിങ്ങളുടെ സഹായകനാകും. അവനെ കൂടാതെ നിങ്ങളൊന്നുമല്ല. നിങ്ങളുടെ ഭൗതീക ഉപാധികളും ഉപായങ്ങളും ഒന്നും തന്നെയല്ല.
*(കശ്തിയെ നൂഹ് പേജ് 19, 20. റൂഹാനി ഖസായിൻ വാല്യം 19, പേജ് 21, 22)*

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാത്തു വസ്സലാമിന്റെ ദൈവിക ബന്ധത്തിന്റെ ചില സംഭവങ്ങൾ താഴെ ചേർക്കുന്നു.

## നമസ്ക്കാരത്തോടുള്ള സ്നേഹം

ചെറുപ്പകാലം തൊട്ട് ആ മഹാത്മാവിന് നമസ്ക്കാരത്തോട് അങ്ങേയറ്റത്തെ ഇഷ്ടവും പ്രതിപത്തിയുമായിരുന്നു. നമസ്ക്കാര ത്തോടുള്ള പ്രിയം യഥാർത്ഥത്തിൽ അല്ലാഹുവിനോടുള്ള സ്നേ ഹവും ഭക്തിയും അനുരാഗവുമാണു കാണിക്കുന്നത്. അദ്ദേഹം ദിവസം മുഴുവൻ പള്ളിയിൽ കഴിയുകയും ഇസ്ലാമിക ഗ്രന്ഥപാ രായണത്തിൽ മുഴുകുകയും ചെയ്തിരുന്നു. കൂടുതൽ സമയം പള്ളി യിൽ കഴിച്ചു കൂട്ടുന്നതിനാൽ എല്ലാവരും അദ്ദേഹത്തെ ''മസീതഡ്' (പള്ളികുട്ടി) എന്ന് വിളിക്കുമായിരുന്നു. വളരെ ചെറുപ്രായത്തിൽ നമസ്ക്കാരത്തോട് അദ്ദേഹത്തിനുണ്ടായിരുന്ന പ്രതിപത്തിയും പ്രേമവും തെളിയിക്കുന്ന ഒരു സംഭവം പറയാം.യഥാർത്ഥത്തിൽ ദൈവിക ബന്ധവും പ്രേമവുമാണ് അത് ദ്യോതിപ്പിക്കുന്നത്.

ആ പുണ്യാത്മാവിന് വളരെ ചെറുപ്പംമുതൽ നമസ്ക്കാരവുമായി വളരെ ഗാഢബന്ധവും പ്രകൃതിദത്തമായ തൽപര്യവും ഉണ്ടായി രുന്നു. ജീവിതാവസാനം വരെ അദ്ദേഹത്തിന്റെ മനസ്സിലും ഹൃദയ ത്തിലും അതൊരു ലഹരിയായി കുടികൊണ്ടു. അഹ്മദിയ്യാ ജമാഅ ത്തിന്റെ ആദ്യകാല ചരിത്രകാരനായ ഹദ്റത്ത് ശേഖ് യഅ്ക്കൂബ് അലി സാഹിബ് ഇർഫാനി[റ] ഹദ്റത്ത് മസീഹ് മൗഊദിന്റെ പൂർവ്വ കാലചരിത്രത്തിൽ ഒരപൂർവ്വ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. ഹദ് റത്ത് മസീഹ് മൗഊദ് കുട്ടിയായിരിക്കുമ്പോൾ തന്നോടൊപ്പമുണ്ടാ യിരുന്ന ചെറുപ്രായക്കാരിയായ കുട്ടിയോട് (പിന്നീടദ്ദേഹം അവരെ വിവാഹം കഴിക്കുകയുണ്ടായി) എനിക്ക് നമസ്ക്കാരത്തെ പരിപൂർ ണ്ണമായ രീതിയിൽ പ്രാപിക്കാൻ സാധിക്കുന്നതിനായി നീ അല്ലാ ഹുവിനോട് ദുആ ചെയ്യണം എന്ന് പറയാറുണ്ടായിരുന്നു. ബാഹ്യ മായി വാക്കുകൾ വളരെ ചെറുതാണെങ്കിലും ഇത് അദ്ദേഹത്തിന്റെ ഹൃദയത്തിൽ അലതല്ലിയിരുന്ന അസാധാരണവും പ്രകൃത്യാതീത വുമായ ദൈവിക പ്രേമം അദ്ദേഹത്തിൽ ഇറങ്ങുന്നതിന്റെ ബഹിർ സ്ഫുരണമായിരുന്നു. ആ മഹാത്മാവ് തന്റെ ഈ സ്വാഭാവിക മനോഗതം വരച്ച് കാട്ടുന്ന രീതിയിൽ ഒരിടത്ത് എഴുതുകയാണ്,

المَسْجِدُ مَكَاني وَ الصَالِحُونَ اِخْوَانِي وَذِكْرُاللهِ مَالِي وَ خَلْقُ اللهِ عَيَالي

ആരംഭംതൊട്ട് മസ്ജിദാണ് എന്റെ വീട്, സദ്വൃത്തരാണ് എന്റെ

സഹോദരങ്ങൾ, ദൈവിക സ്മരണയാണ് എന്റെ ധനം, അല്ലാഹുവിന്റെ സൃഷ്ടികളാണ് എന്റെ കുടുംബാംഗങ്ങൾ. *(അഹ്മദിയ്യാ ചരിത്രം വാല്യം ഒന്ന്, പേജ് 53)*

ഏത് വിഷമസന്ധിയിലും നമസ്ക്കാരം ഒരിക്കലും നഷ്ടപ്പെടുത്തിയിരുന്നില്ല. കൃത്യസമയത്ത് തന്നെ അനുഷ്ഠിച്ചിരുന്നു. നമസ്ക്കാരം യഥാർത്ഥത്തിൽ ദൈവസ്മരണയാണ്. അല്ലാഹു പറയുന്ന أَقِمِ الصَّلٰوةَ لِذِكْرِى എന്നെ സ്മരിക്കുന്നതിനായി നമസ്ക്കാരം നിലനിർത്തുവിൻ. ഏത് അവസ്ഥയിലും നമസ്ക്കാരത്തിന്ന് മുൻഗണന നൽകുക എന്നത് അല്ലാഹുവുമായുള്ള അദ്ദേഹത്തിന്റെ ബന്ധത്തിന്റെ ഉത്തമ ഉദാഹരണമാണ്. ഇതുമായി ബന്ധപ്പെട്ട രണ്ടു സംഭവങ്ങൾ പറയാം.

ഹദ്റത്ത് മസീഹ് മൗഊദ് അലൈഹിസ്സലാതു വസ്സലാം തന്റെ ജീവിതകാലത്ത് വിവിധ അവസരങ്ങളിലായി കേസ്സുകളുമായി ബന്ധപ്പെട്ട് കോടതിയിൽ പോയിട്ടുണ്ടായിരുന്നു. താഴെ പറയുന്ന രണ്ട് സംഭവങ്ങളും അത്തരം അവസരത്തിലുള്ളവയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രക്കാരനായ മൗലാനാ ദോസ്ത് മുഹമ്മദ് ശാഹിദ് സാഹിബ് എഴുതുന്നു,

കേസുകൾ സങ്കീർണ്ണവും പ്രാധാന്യമർഹിക്കുന്നവയും തനിക്കും കുടുംബത്തിന്നും എത്രതന്നെ ദൂരവ്യാപക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നവയാണെങ്കിലും നമസ്ക്കാരാനുഷ്ഠാനം ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നായി അദ്ദേഹം കണ്ടിരുന്നു. അതിനാൽ കേസ് നടക്കുന്നതിന്നിടയിൽ ഒരിക്കൽ പോലും നമസ്ക്കാരം മാറ്റിവെക്കുകയോ താമസിപ്പിക്കുകയോ ചെയ്തിരുന്നില്ല. കോടതിയിൽ നമസ്ക്കാര സമയമായാൽ അങ്ങേയറ്റത്തെ ശ്രദ്ധയോടും ഭയഭക്തിയോടും കൂടി ഏകാഗ്രചിത്തനായി അദ്ദേഹം നമസ്ക്കാരത്തിൽ മുഴുകും. അതു കണ്ടാൽ അദ്ദേഹത്തിന് ഇതല്ലാതെ മറ്റൊരു കാര്യവും ഇല്ലെന്നും ഇതിന് വേണ്ടിയാണ് ഇവിടെ കോടതിയിൽ വന്നതെന്നും ആർക്കുംതോന്നിപ്പോകും. ചിലപ്പോൾ അദ്ദേഹം വളരെ വിനയാന്വിതനായി ദൈവസന്നിധിയിൽ നമസ്ക്കാരത്തിനായി നിൽക്കുമ്പോഴായിരിക്കും കേസിനായി വിളി വരുന്നത്. അദ്ദേഹം ദൈവസന്നിധിയിൽ നിന്നും തിരിച്ച് വരാനുള്ള ചിന്തയേ ഇല്ലാത്ത വിധം ഭയഭക്തിയോടെ നമസ്ക്കാരത്തിൽ നിമഗ്നനായിരിക്കും. ആ പുണ്യാത്മാവ് തന്നെ ഒരു സംഭവം വിവരിക്കുകയാണ്.

ഞാൻ ബട്ടാലയിൽ ഒരു കേസുമായി ബന്ധപ്പെട്ട് പോയ അവസരത്തിൽ നമസ്ക്കാരത്തിനുള്ള സമയമായി. ഞാൻ നമസ്ക്കരിക്കാൻ തുടങ്ങി. കേസിന്റെ സമയമായപ്പോൾ പ്യൂൺ വന്ന് പേരു വിളിച്ചു. പക്ഷേ, ഞാൻ നമസ്ക്കാരത്തിലായിരുന്നു. എതിർ കക്ഷി കോടതിയിൽ ഹാജറായി. ഞാൻ സന്നിഹിതനാകാത്ത കാരണത്താൽ അയാൾ ഏകപക്ഷീയ വിധിക്കായി കുറെ മുറവിളികൂട്ടി. പക്ഷെ കോടതി സമ്മതിച്ചില്ലെന്നു മാത്രമല്ല കേസ്സ് എനിക്കനുകൂലമായി വിധിക്കുകയും ചെയ്തു. എന്റെ അസാന്നിദ്ധ്യം ന്യായാധിപൻ നിയമപരമായി തന്നെ ശ്രദ്ധിച്ചിട്ടുണ്ടാകാം എന്നെനിക്ക് തോന്നി. ഞാൻ നമസ്ക്കാരം പൂർത്തിയാക്കി കോടതിക്ക് മുമ്പിൽ ഹാജരായി. നമസ്ക്കാരത്തിലായിരുന്നുവെന്ന് കോടതിയെ ഞാൻ അറിയിച്ചു. അപ്പോൾ താങ്കൾക്കനുകൂലമായി വിധി വന്നുവല്ലോ എന്നെന്നോട് ജഡ്ജി പറഞ്ഞു.

കോടതിയിൽ സന്നിഹിതനല്ലാതിരുന്നിട്ടും അനുകൂല വിധി ഉണ്ടാവുക എന്നത് അതിമഹത്തായ ദൈവസഹായത്തിന്റെ ദൃഷ്ടാന്തമാണ്. ഇതെല്ലാം തന്നെ ആ പുണ്യാത്മാവിന്റെ ഭൗതിക കാര്യങ്ങളിലുള്ള വിരക്തിയും അല്ലാഹുവിലുള്ള അടിയുറച്ച വിശ്വാസവും തവക്കലുമാണ് കാണിക്കുന്നത്. *(അഹ്മദിയ്യാ ചരിത്രം വാല്യം ഒന്ന് പേജ് 77)*

## ഇവൻ പ്രവാചകത്വത്തിനർഹനാണ്

ഹസ്റത്ത് മസീഹ് മൗഊദ്(അ) കുട്ടിക്കാലം മുതൽ തന്നെ അങ്ങേയറ്റം പരിശുദ്ധ സ്വഭാവഗുണങ്ങളുടെ ഉടമയാണെന്നും എല്ലാ കാര്യങ്ങളിലും വളരെ സൂക്ഷ്മതയും തഖ്‌വയും കൈകൊള്ളുന്ന വ്യക്തിയാണെന്നും മുകളിൽ പറഞ്ഞുവല്ലോ. അദ്ദേഹത്തിന്റെ ഈ സ്വഭാവ വൈശിഷ്ട്യം കാരണം എല്ലാവരും തന്നെ അദ്ദേഹത്തെ വളരെയധികം സ്നേഹിച്ചിരുന്നു. താഴെ പറയുന്ന ഒരു സംഭവം കുട്ടിക്കാലം മുതൽ അദ്ദേഹം വളരെ നന്മ നിറഞ്ഞതും മുത്തഖിയുമായ വ്യക്തിയാണെന്നതിലേക്ക് വെളിച്ചം വീശുന്നു.

എനിക്ക് മൗലവി ബുർഹാനുദ്ദീൻ സാഹിബ്(റ) പറഞ്ഞ് തന്നതാണ് എന്ന് പറഞ്ഞു കൊണ്ട് ബലൂചിസ്ഥാനിൽ അധ്യാപകനായി ജോലിചെയ്യുന്ന മിയാൻ മുഹമ്മദ് യാസീൻ സാഹിബ് അഹ്മദി നിവേദനം ചെയ്യുകയാണ്, ഒരിക്കൽ മസീഹ് മൗഊദ്(അ) വളരെ

ചെറിയ കുട്ടിയായിരുന്നപ്പോൾ ഖില്ല മിയാൻ സിംഗ് എന്ന സ്ഥല ത്തെ വലിയുല്ലാഹ്‌യും അൽഭുത സിദ്ധികളുമുള്ള ഒരു മഹാനു മായ മൗലവി ഗുലാം റസൂൽ സാഹിബിന്റെ അടുക്കൽ പോവു കയുണ്ടായി. അദ്ദേഹത്തിന്റെ മജ്‌ലിസിൽ വെച്ച് മൗലവി ഗുലാം റസൂൽ സാഹിബ് സംസാരമദ്ധ്യേ ഹദ്റത്ത് മസീഹ് മൗഊദിനെ കാണുകയും കുട്ടിയായ മസീഹ് മൗഊദിനെ സ്നേഹപൂർവം തടവിക്കൊണ്ട്, ഈ കാലത്ത് വല്ലവരും നബി ആകുമെങ്കിൽ ഈ കുട്ടി നബിയാകാൻ യോഗ്യനാണെന്ന് പറയുകയുണ്ടായി. മൗലവി ബുർ ഹാനുദ്ദീൻ സാഹിബ് പറയുകയാണ്, ഞാൻ ആ മജ്‌ലിസിൽ തന്നെ നേരിട്ട് ഉണ്ടായിരുന്നു. സിയാൽകോട്ട് ജില്ലയിലെ ബേഗോ വാല എന്ന സ്ഥലത്തെ സ്വദേശിയായ മൗലവി ഗുലാം മുഹമ്മദ് സാഹിബ്, തന്റെ പിതാവായ മുഹമ്മദ് ഖാസിം സാഹിബിൽ നി ന്നും ഇതേ പ്രകാരം തന്നെ ഈ സംഭവം കേട്ടതായി നിവേദനം ചെയ്തിട്ടുണ്ട്. *(അഹ്‌മദിയാ ചരിത്രം വാള്യം ഒന്ന്, പേജ് 53)*

## ഞാൻ ജോലിക്കാരനായി നിയമിക്കപ്പെട്ടുവല്ലോ

എന്റെ ചെറിയ മകൻ ഗുലാം അഹ്‌മദ് എല്ലായിപ്പോഴും ഖുർആൻ പാരായണം ചെയ്തുകൊണ്ട് പള്ളിയിൽ കഴിയുകയാണല്ലോ, ഒരു ജോലിയിലും പ്രവേശിക്കുന്നില്ലല്ലോ, ഇങ്ങിനെ ആയാൽ ഇവൻ തന്റെ ഭാര്യാമക്കളെ എങ്ങിനെ പരിപാലിക്കും, വീട്ടുചിലവുകൾ എങ്ങിനെ നടത്തും എന്ന ചിന്ത ഹദ്റത്ത് മസീഹ് മൗഊദിന്റെ പിതാ വ് ഹദ്റത്ത് ഗുലാം മുർത്തളാ സാഹിബിന്റെ മനസ്സിനെ വല്ലാതെ അലട്ടിയിരുന്നു. ഈചിന്ത കാരണം അദ്ദേഹം തന്റെ മകനെ സർക്കാർ ജോലിയിൽ പ്രവേശിപ്പിക്കാൻ ആഗ്രഹിച്ചു. എന്നാൽ ഞാൻ ആരുടെ ജോലിയിലാണോ പ്രവേശിക്കേണ്ടത്, അവിടെ ഞാൻ ജോലിക്കാരനായി തീർന്നിരിക്കുകയാണ് എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ പിതാവിനെ അറിയിക്കുകയുണ്ടായി.

ഹദ്റത്ത് മിർസാ ബശീർ അഹ്‌മദ് സാഹിബ് എം.എ(റ) നിവേ ദനം ചെയ്യുകയാണ്. കാൽവാ ഗ്രാമവാസിയായ ജൻഡാ സിംഗ് എന്നോട് ഒരിക്കൽ പറഞ്ഞു, ഞാൻ വലിയ മിർസാ സാഹിബി (മസീഹ് മൗഊദിന്റെ പിതാവ് ഹദ്റത്ത് ഗുലാം മുർതളാ സാഹി ബ്) ന്റെ അടുക്കൽ പതിവായി പോകാറുണ്ടായിരുന്നു. ഒരിക്കൽ അദ്ദേഹം എന്നോട് ഗുലാം അഹ്‌മദിനെ വിളിച്ച് കൊണ്ടുവരുവാൻ

ആവശ്യപ്പെട്ടു. എന്നിട്ട് അദ്ദേഹം പറഞ്ഞു, ''എന്റെ പരിചയക്കാര നായ ഒരു ബ്രിട്ടിഷ് ഉദ്യോഗസ്ഥൻ ജില്ലാ ആസ്ഥാനത്ത് വന്നിട്ടുണ്ട്. അവൻ (മസീഹ് മൗഊദ് ) ആഗ്രഹിക്കുകയാണെങ്കിൽ ഈ ബ്രിട്ടി ഷ് ഉദ്യോഗസ്ഥൻ മുഖേന അവനെ എനിക്ക് നല്ലൊരു സ്ഥാനത്ത് ഉദ്യോഗസ്ഥനാക്കാൻ സാധിക്കും. ജൻഡാസിംഗ് പറയുകയാണ്, ഞാൻ ചെറിയ മിർസാ സാഹിബിന്റെ (ഹദ്റത്ത് മസീഹ് മൗഊദ്) അടുക്കൽ പോയി. നോക്കിയപ്പോൾ എന്താണ് കാണുന്നത്, ഗ്രന്ഥ ങ്ങളുടെ വലിയൊരു കൂമ്പാരത്തിന്നിടയിൽ ഇരുന്ന് പാരായണം നടത്തുകയാണ്. ഞാൻ വലിയ മിർസാ സാഹിബിന്റെ സന്ദേശം അദ്ദേഹത്തെ അറിയിച്ചു. അദ്ദേഹം ഉടനെ വന്നു. എന്നിട്ട് പിതാവി നോട് പറഞ്ഞു, ഞാൻ നേരത്തെ തന്നെ ജോലിക്കാരനായി തീർന്നി രിക്കുകയാണല്ലോ''. വലിയ മിർസാ സാഹിബ് ചോദിച്ചു, ''അതെ യോ? സത്യമായും നീ ജോലിയിൽ പ്രവേശിച്ചോ? ചെറിയ മിർസാ സാഹിബ് പറഞ്ഞു, അതെ ഞാൻ ജോലിക്കാരനായി തീർന്നിരി ക്കുകയാണ്. അപ്പോൾ വലിയ മിർസാ സാഹിബ് പറഞ്ഞു, ''എങ്കിൽ ശരി, ജോലിയിൽ പ്രവേശിച്ചിരിക്കുകയാണെങ്കിൽ നല്ലതു തന്നെ.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം. എ പറയുക യാണ്, കാൽവാ ഖാദിയാനിൽ നിന്നും വെറും രണ്ട് മൈൽ അകലെ തെക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്ന ഒരു ഗ്രാമമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ജോലിക്കാരനായി തീർന്നിരിക്കുന്നു എന്ന് പറഞ്ഞതി ന്റെ താൽപര്യം അല്ലാഹുവിന്റെ ജോലിക്കാരനായി എന്നാണ്. ജൻഡാ സിംഗ് ഈ കാര്യം അനേകം തവണ വിവരിച്ചിട്ടുണ്ട്. മാ ത്രവുമല്ല, അദ്ദേഹം ഖാദിയാന്റെ ഇപ്പോഴത്തെ പുരോഗതി കണ്ട് മസീഹ് മൗഊദിനെ ധാരാളമായി സ്മരിക്കുകയും വളരെയധികം സ്നേഹം പ്രകടിപ്പിക്കുകയും ചെയ്യാറുണ്ടായിരുന്നു. *(സീറത്തുൽ മഹ് ദി വാല്യം ഒന്ന്, ഭാഗം ഒന്ന്. ഗ്രന്ഥകർത്താ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ), പേജ് നമ്പർ 43, രിവായത്ത് നമ്പർ 52)*

## ഉഷ്ണമെന്ന് പറയേണ്ട താമസം മഴ പെയ്യും

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ(റ) വിവരിക്കുകയാ ണ്, എന്നോട് ജനാബ് ഖാസി അമീർ ഹുസൈൻ സാഹിബ്, ഹദ്റത്ത് മസീഹ് മൗഊദിന്റെ കാലത്തെ കുറിച്ച് ആ കാലഘട്ടം ഒരസാധാരണ കാലഘട്ടമായിരുന്നുവെന്ന് പറയാറുണ്ടായിരുന്നു.

അദ്ദേഹം പറയുകയാണ്, ഖാദിയാനിൽ രണ്ട് ദിവസം ശക്തമായ ഉഷ്ണം അനുഭവപ്പെട്ടാൽ മൂന്നാം ദിവസം മഴ പെയ്യും. ഉഷ്ണം അസഹ്യ മായാൽ ഞങ്ങൾ ചിലപ്പോൾ ഹദ്റത്ത് സാഹിബിന്റെ അടുക്കൽ പോയി പറയും, ഹുസൂർ ചൂട് വളരെ കൂടുതലാണ്. അപ്പോൾ അതിന്റെ അടുത്ത ദിവസം മഴ പെയ്യും. മൗലവി സയ്യിദ് സർവർ ശാഹ് സാഹിബ്(റ) പറയുകയാണ്, ആ സമയങ്ങളിൽ കൃഷി സംബന്ധമായും യാതൊരു പരാതിയും ഉണ്ടാകാറില്ലായിരുന്നു. ഈ കാര്യങ്ങൾ ഞാൻ ഞങ്ങളുടെ ഉമ്മാനോട് (ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ-ഹദ്റത്ത് അമ്മാജാൻ) വന്ന് പറഞ്ഞപ്പോൾ ഉമ്മ പറഞ്ഞു, ഹദ്റത്ത് സാഹിബ് ഇന്ന് ഭയങ്കര ഉഷ്ണമാണ് എന്ന് പറഞ്ഞാൽ സാധാരണയായി അന്നോ അതിന്റെ പിറ്റെ ദിവസമോ മഴ തീർച്ചയായും പെയ്യും. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദിന് ശേഷം മാസങ്ങളോളം കത്തികൊണ്ടിരിക്കുന്ന ഉഷ്ണമുണ്ടായാലും മഴ പെയ്യാറില്ല. *(സീറത്തുൽ മഹ്ദി. വാള്യം ഒന്ന്, ഭാഗം ഒന്ന്. ഗ്രന്ഥകർത്താ മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ). പേജ് 51,52 രിവായത്ത് നമ്പർ 70)*

## ആരെങ്കിലും എന്നെ തീയിലിട്ട് നോക്കട്ടെ

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ വിവരിക്കുന്നു, എന്നോട് ചൗധരി ഹാക്കീം അലി സാഹിബ് പറഞ്ഞു, ഒരിക്കൽ ഒരു ഹിന്ദു, ഹദ്റത്ത് ഇബ്രാഹിം നബി(അ)യെ തീയിലിട്ടപ്പോൾ തീ തണുത്തു എന്ന സംഭവത്തെക്കുറിച്ച് എങ്ങനെ തീ തണുക്കാനാണ് എന്ന് ആരോപണം ഉന്നയിക്കുകയുണ്ടായി. ആ ആരോ പണത്തിന്ന് മറുപടിയായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ മൗലാന ഹക്കീം നൂറുദ്ദീൻ സാഹിബ്, അത് യുദ്ധത്തിന്റേയും ശത്രുതയുടേയും തീയാണെന്ന് പറഞ്ഞു. ആ ദിനങ്ങളിലൊരിക്കൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ) ചെറിയ പള്ളിയിൽ ഇരിക്കുകയായിരുന്നു. ഞങ്ങൾ ഹുസൂറിന്റെ കാൽ തടവികൊടുക്കുകയായിരുന്നു. ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബും അടുത്ത് തന്നെ ഇരിപ്പുണ്ട്. ആ അവസരത്തിൽ ആരോ ഒരാൾ ഈ ആരോപണത്തെ കുറിച്ചും അതിന് മൗലവി സാഹിബ് നൽകിയ മറുപടിയെ കുറിച്ചും പറയുകയുണ്ടായി. അത് കേട്ട് ഹദ്റത്ത് മസീഹ് മൗഊദ് പറഞ്ഞു, ഞാൻ ഇവിടെ ഉള്ളപ്പോൾ ഇത്ര ബുദ്ധിമുട്ടേണ്ട ആവശ്യമെന്താണ്? എന്നെ തീയിലിട്ട് നോക്കൂ, അപ്പോൾ തീ പൂങ്കാവനമായി മാറുന്നുണ്ടോ ഇല്ലയോ എന്ന് നോക്കാമല്ലോ.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ) പറയുകയാണ്, ഇസ്‌ലാമിൽ നിന്നും മുർതദ്ദ് ആയിപ്പോയ ആര്യസമാജക്കാരൻ ധറം പാൽ ആണ് ഈ ആരോപണം ഉന്നയിച്ചത്. ധറം പാൽ തന്റെ ഈ ആരോപണം അയാൾ എഴുതിയ "തർകെ ഇസ്‌ലാം" (ഇസ്‌ലാം ഉപേക്ഷിക്കൽ) എന്ന ഗ്രന്ഥത്തിന്നു ഹദ്റത്ത് മൗലവി സാഹിബ് "നൂറുദ്ദീൻ'(ദീനിന്റെ പ്രകാശം) എന്ന പേരിൽ ഒരു ഗ്രന്ഥം മറുപടിയായി എഴുതിയിരുന്നു. ആ ഗ്രന്ഥത്തിലാണ് തീ എന്നതുകൊണ്ട് ശത്രുതയുടെ തീയാണ് വിവക്ഷിക്കുന്നതെന്നെഴുതിയത്. ഹുസൂർ ഇത്തരം വിശദീകരണങ്ങൾ ഇഷ്ടപ്പെട്ടിരുന്നില്ല ഈ കാര്യം ഹദ്റത്ത് സാഹിബിന്റെ ശ്രദ്ധയിൽപെട്ടപ്പോൾ. ഹുസൂർ പറഞ്ഞു, ഈ കാലത്ത് നാം ഉള്ളപ്പോൾ ഏതെങ്കിലും എതിരാളി ശത്രുത കാരണം നമ്മെ തീയിലിട്ട് നോക്കട്ടെ. അല്ലാഹു ആ തീയെ തണുപ്പിക്കുമോ ഇല്ലയോ എന്ന് നമുക്ക് നോക്കാമല്ലോ. ഇതേ ആശയം ഹദ്റത്ത് മസീഹ് മൗഊദ് തന്റെ ഒരു ഉറുദു കവിതയിലും പ്രകടിപ്പിക്കുകയുണ്ടായി.

**തേരെ മകറോം സെ ഏ ജാഹിൽ
മെരാ നുക്സാൻ നഹിം ഹർഗിസ്
കെ യെ ജാൻ ആഗ് മെ പഡ്കർ
സലാമത്ത് ആനെവാലിഹെ.**

*അല്ലയോ വിവരദോഷികളെ, നിങ്ങളുടെ കുതന്ത്രങ്ങൾ കൊണ്ട് എനിക്കൊരു നഷ്ടവും സംഭവിക്കുകയില്ല. എന്നെ ജീവനോടെ തീയിലിട്ടാലും സുരക്ഷിതനായി ഞാൻ പുറത്തുവരും.*

ഹദ്റത്ത് മസീഹ് മൗഊദിന്റെ ഒരു ഇൽഹാമും ഇതേ ആശയം തന്നെ വെളിപ്പെടുത്തുന്നുണ്ട്. ഹുസൂറിനോട് അല്ലാഹു പറഞ്ഞു, "നീ ജനങ്ങളോട് പറയുക, *ആഗ് സെ ഹമേ മത് ഡറാ, ആഗ് ഹമാരി ഗുലാം ബൽകെ ഗുലാമൊ കി ഗുലാം ഹെ.* തീ കൊണ്ട് നമ്മെ ഭയപ്പെടുത്തരുത്. തീ നമ്മുടെ അടിമയാണ് എന്നല്ല അടിമകളുടെ അടിമയാണ്.

ചൗധരി ഹാക്കിം അലി സാഹിബ് ഈ സംഭവത്തോടൊപ്പം കൺകെട്ട് വിദ്യ കാണിക്കുന്ന ഒരാളുടെ കാര്യവും കൂടി എന്നോട് പറഞ്ഞിട്ടുണ്ടായിരുന്നു. അയാൾ തീയിൽ പ്രവേശിക്കുകയും അയാൾക്ക് യാതൊരു കുഴപ്പവുമില്ലാതെ പുറത്ത് വരികയും ചെയ്യുന്നത്

ജനങ്ങളെ കാണിക്കുകയും, ശത്രുതാ മനോഭാവത്തോടെ അയാൾ മസീഹ് മൗഊദിന്റെ പേരെടുത്ത്, നിങ്ങൾ മസീഹ് വാദിയല്ലേ, നിങ്ങൾ സത്യവാദിയാണെങ്കിൽ ഇവിടെ വരുവിൻ, എന്നോടൊപ്പം തീയിൽ പ്രവേശിക്കുവിൻ എന്ന് പറയാറുമുണ്ടായിരുന്നു. ഈ കാര്യം ഒരാൾ എനിക്കെഴുതി. ഞാനാ കത്ത് ഹദ്റത്ത് സാഹിബിനു മുന്നിൽ സമർപ്പിച്ചു. ഹുസൂർ പറഞ്ഞു, ഇത് ചെപ്പടി വിദ്യയാണ്. എനിക്കവിടെ അയാളുടെ അടുക്കൽ പോകാൻ സാധ്യമല്ല. അത് കൊണ്ട് ഇവിടെ വരാനും എന്റെ മുമ്പിൽ വെച്ച് തീയിൽ പ്രവേശിക്കാനും വേണ്ടി അയാൾക്കെഴുതുക. അയാൾ ഇവിടെ എന്റെ മുമ്പിൽ വെച്ച് തീയിൽ പ്രവേശിക്കുകയാണെങ്കിൽ അയാൾ ജീവനോടെ രക്ഷപ്പെടുകയില്ല തീർച്ച. *(സീറത്തുൽ മഹ്ദി വാല്യം ഒന്ന്, ഭാഗം ഒന്ന്. ഗ്രന്ഥകർത്താ. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹി ബ്(റ). പേജ് 136..138. രിവായത്ത് നമ്പർ 147)*

## അഗ്നിക്ക് ഹുസൂറിനെ കത്തിച്ചാമ്പലാക്കാനായില്ല

എന്നെ തീയിലിട്ട് നോക്കൂ, തീ പൂങ്കാവനമായി മാറുന്നുണ്ടോ ഇല്ലയോ എന്ന് നമുക്ക് നോക്കാമല്ലോ എന്ന ഹദ്റത്ത് മസീഹ് മൗഊദിന്റെ വാദത്തിന്റെ നിജസ്ഥിതി മറ്റൊരു സംഭവത്തിലൂടെ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. ആ സംഭവത്തിൽ അഗ്നിക്ക് മസീഹ് മൗഊദിന് ഒരു കോട്ടവും വരുത്താൻ സാധിച്ചില്ല.

ഹദ്റത്ത് മിർസാ ബശീർ അഹമദ് സാഹിബ് എം.എ(റ) പറയുകയാണ്, ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) ഈ വിനീതനോട് അരുൾ ചെയ്തു. ഞാൻ സിയാൽ കോട്ടിൽ താമസിക്കുന്ന ഒരവസരത്തിൽ ഒരു ദിവസം ശക്തമായ മഴ ഉണ്ടായി. അതോടൊപ്പം ഞാനുണ്ടായിരുന്ന മുറിയിൽ ശക്തമായ മിന്നലാക്രമണവും ഉണ്ടായി. അതോടെ മുറിയിൽ പുക നിറയുകയും ഗന്ധകത്തിന്റെ മണം ഉണ്ടാവുകയും ചെയ്തു. എന്നാൽ എനിക്കൊരു കുഴപ്പവുമുണ്ടായില്ല. അതേ അവസരത്തിൽ തേജാ സിംഗിന്റെ ക്ഷേത്രത്തിൽ ഒരു മിന്നൽ പതിച്ചു. അവിടെ ഹിന്ദു ആചാരപ്രകാരം പ്രദക്ഷിണത്തിനായി ഉണ്ടാക്കിയ വളഞ്ഞ് പുളഞ്ഞുള്ള ഇടുങ്ങിയ വഴിയുണ്ട്. അതിന്റെ ഇരുവശവും മതിൽ കെട്ടിയിട്ടുണ്ട്. ക്ഷേത്രത്തിനകത്ത് ഒരാളുണ്ടായിരുന്നു. മിന്നൽ വന്ന് ഇതേ വഴിയിലൂടെ വളഞ്ഞ് തിരിഞ്ഞ് ചുറ്റിക്കറങ്ങി ക്ഷേത്രത്തിനകത്ത് പ്രവേശിക്കുകയും അയാളെ

കത്തിച്ച് കരിക്കട്ടയാക്കുകയും ചെയ്തു. നോക്കൂ, മിന്നൽ ഒരു തീയാണ്. അതയാളെ അഗ്നിക്കിരയാക്കി. എന്നാൽ ആ തീക്ക് എനിക്കൊരു കോട്ടവുമുണ്ടാക്കാനായില്ല. കാരണം അല്ലാഹു നമ്മു ടെ രക്ഷകനായിരുന്നു. *(സീറത്തുൽ മഹ്ദി വാല്യം ഒന്ന്, ഭാഗം ഒന്ന്. പേജ് 216, രിവായത്ത് 236)*

## താൻ സത്യവാനാണെന്നതിലുള്ള പരിപൂർണ്ണ വിശ്വാസം

ഹദ്റത്ത് മസീഹ് മൗഊദിനുണ്ടായിരുന്ന ദൈവിക ബന്ധത്തി ലൂടെ തന്റെ യജമാനരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)നെ പോലെ താനും സത്യവാനാണെന്ന അടിയുറച്ച വിശ്വാസം അദ്ദേഹത്തിനുണ്ടായിരുന്നു. താഴെ ചേർക്കുന്ന വിശ്വാസവർദ്ധനവിന്നുതകുന്ന ഈ സംഭവം അതിന്റെ വ്യക്തമായ തെളിവാണ്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ, ഖലീഫത്തുൽ മസീഹ് സാനി(റ) പറഞ്ഞ ഒരു സംഭവം വിവരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദിന്റെ കാലത്ത് കപൂർത്തല അഹ്മദിയ്യാ ജമാഅത്തും അവിടെയുള്ള അനഹ്മദികളും തമ്മിൽ പള്ളി സംബന്ധമായി ഒരു കേസുണ്ടായിരുന്നു. ഈ കേസ് ഏതൊരു ബെഞ്ചിലാണോ എത്തിയത് ആ ജഡ്ജി അനഹ്മദിയും ജമാഅത്തിന്റെ ബദ്ധശത്രുവുമായിരുന്നു. അയാൾ ഈ കേസിൽ നമുക്കനുകൂലമല്ലാത്ത കാര്യങ്ങൾ പരിഗണിക്കാൻ തുടങ്ങി. ഈ സാഹചര്യത്തിൽ കപൂർത്തല ജമാഅത്തംഗങ്ങൾ ചിന്താകുലരായി കൊണ്ട് കത്തയക്കുകയും ഹുസൂറിനോട് ദുആക്കപേക്ഷിച്ച് കൊണ്ടിരിക്കുകയും ചെയ്തു. ഞാനൊരു സത്യവാദിയാണെങ്കിൽ തീർച്ചയായും പള്ളി നിങ്ങൾക്ക് തന്നെ ലഭിക്കുന്നതാണെന്ന് ഹുസൂർ അവർക്കെഴുതി. എന്നാൽ ജഡ്ജിയുടെ നിലപാടിൽ യാതൊരു മാറ്റവുമില്ലാതെ ശത്രുതാ മനോഭാവം തുടർന്നുകൊണ്ടിരുന്നു. അവസാനം അയാൾ അഹ്മദികൾക്കെതിരിൽ വിധി എഴുതി വെച്ചു. വിധി പ്രഖ്യാപിക്കേണ്ട ദിവസം രാവിലെ കോടതിയിൽ പോകുന്നതിനായി ഡ്രസ്സ് ചെയ്ത് ഒരുങ്ങി വീടിന്റെ വരാന്തയിൽ വന്നു. വേലക്കാരനോട് ഷൂസ് എടുത്ത് തന്റെ കാലിൽ അണിയിക്കാൻ പറഞ്ഞു. വേലക്കാരൻ ഷൂസ് അണിയിച്ച് അതിന്റെ നാട കെട്ടുമ്പോൾ ഒരു ശബ്ദം കേട്ടു. വേലക്കാരൻ തല ഉയർത്തി നോക്കിയപ്പോൾ യജമാനൻ നിസ്സഹായനും നിരാശ്രയനു

മായി കമഴ്ന്നടിച്ച് കസേരയിൽ വീണതാണ് കണ്ടത്. വേലക്കാരൻ തൊട്ടു നോക്കിയപ്പോൾ ഹൃദയസ്തംഭനത്താൽ ആൾ മരിച്ചതായി മനസ്സിലായി. പിന്നീട് ഇയാളുടെ പകരക്കാരനായി ഒരു ഹിന്ദു, ജഡ്ജിയായി നിയമിതനായി. അയാൾ കേസ് പരിശോധിച്ച് ആദ്യ ജഡ്ജി എഴുതി വെച്ച വിധി മാറ്റി എഴുതുകയും അഹ്മദികൾക്കനുകൂലമായി വിധിക്കുകയും ചെയ്തു.*(സീറത്തുൽ മഹ്ദി വാള്യം ഒന്ന്, ഭാഗം ഒന്ന്. പേജ് 57. രിവായത്ത് 79)*

## ദൈവിക ബന്ധത്തിന്റെയും ദൈവികസംരക്ഷണത്തിന്റെയും മറ്റൊരദ്ഭുത സംഭവം

1884 വർഷത്തോടടുത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്ന് സിയാൽ കോട്ടിൽ ഏതാനും വർഷം സർക്കാർ ഉദ്യോഗം വഹിക്കേണ്ടി വന്നിട്ടുണ്ടായിരുന്നു. ആ ജോലി കാരണം സിയാൽ കോട്ടിൽ ഹുസൂർ നാല് വർഷത്തോളം താമസിച്ചിരുന്നു.

ആരംഭകാലത്ത് ഹുസൂർ ജൻഡാൻ വാല തെരുവിലെ ഒരു കെട്ടിടത്തിലെ മുകളിലത്തെ മുറിയിലായിരുന്നു താമസിച്ചിരുന്നത്. ആ കെട്ടിടം നിലംപതിക്കാനും ഹുസൂർ മുഖേന അത്യത്ഭുതക രമായ രീതിയിൽ അതിൽ താമസിച്ചിരുന്ന എല്ലാവരും രക്ഷപ്പെട്ട സംഭവം ഹുസൂറിന്റെ ദൈവബന്ധത്തിന്റെ തിളങ്ങുന്ന ഉദാഹരണമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിക്കുകയാണ്.

ഒരിക്കൽ ഒരു രാത്രി ഞാൻ കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ ഉറങ്ങുകയായിരുന്നു. അതേ മുറിയിൽ എന്നോടൊപ്പം പതിനഞ്ചോ പതിനാറോ പേർ വേറേയും ഉണ്ടായിരുന്നു. രാത്രി ഉത്തരത്തിൽ നിന്നും ടിക്ക് ടിക്ക് എന്ന ശബ്ദം കേട്ടപ്പോൾ ഞാനെഴുന്നേറ്റ് എല്ലാവരേയും ഉണർത്തി. ഉത്തരം അപകടാവസ്ഥയിലാണെന്ന് തോന്നുന്നുവെന്നും ഇവിടെ നിന്ന് പെട്ടെന്ന് തന്നെ പുറത്തേക്ക് പോകണമെന്നും ഞാൻ പറഞ്ഞു. പക്ഷേ, മറ്റുള്ളവരാരും തന്നെ അതിന്നു തയ്യാറായില്ല. അത് വല്ല എലിയോ മറ്റോ ആയിരിക്കുമെന്നും ഭയപ്പെടേണ്ട ആവശ്യമില്ലെന്നും പറഞ്ഞ് അവരെല്ലാവരും പിന്നേയും തിരിഞ്ഞു കിടന്നുറങ്ങി. അൽപനേരത്തിനു ശേഷം, വീണ്ടും അതുപോലുള്ള ശബ്ദം ഞാൻ കേട്ടു. ഞാനവരെ വീണ്ടും ഉണർത്തിയെങ്കിലും അവർ എന്റെ വാക്കിന് വില കൽപിച്ചില്ല.

മൂന്നാമത്തെ പ്രാവശ്യവും ഉത്തരത്തിൽ നിന്നും ശബ്ദം കേട്ടപ്പോൾ ഞാൻ എല്ലാവരേയും ഉണർത്തുകയും പുറത്ത് കടക്കാൻ നിർബന്ധിക്കുകയും ചെയ്തു. എല്ലാവരും പുറത്ത് കടന്നതിന് ശേഷം മാത്രം ഞാനും പുറത്ത് കടന്നു. ഞാൻ താഴെ ഇറങ്ങാനുള്ള കോണിപ്പടിയിൽ കാൽവെച്ചതേയുള്ളു കെട്ടിടത്തിന്റെ മേൽകൂര തകർന്ന് രണ്ടാം നിലയിൽ വന്നു പതിച്ചു. അതോടെ രണ്ടാം നിലയുടെ മേൽകൂരയും തകർന്ന് താഴെ വന്നു പതിക്കുകയും ചെയ്തു. ഭാഗ്യം കൊണ്ട് എല്ലാവരും തന്നെ രക്ഷപ്പെട്ടു.*(സീറത്തുൽ മഹ്ദി വാള്യം ഒന്ന്, ഭാഗം ഒന്ന്. പേജ് 216-217, രിവായത്ത് നമ്പർ 236)*

## ഇതെന്ത് കഥ എന്ന് എല്ലാവരും അത്ഭുതപ്പെട്ടു

അല്ലാഹു എല്ലായിപ്പോഴും തന്റെ വരിഷ്ഠ ദാസരുടെ അന്തസ്സും അഭിമാനവും കാത്ത് സൂക്ഷിക്കുകയും അവരെ നിന്ദ്യതയിൽ നിന്നും അപകീർത്തിയിൽ നിന്നും ശത്രുക്കളുടെ പരിഹാസത്തിൽ നിന്നും രക്ഷിക്കുകയും ചെയ്യുന്നു.

ഹദ്റത്ത് മൗലവി നൂറുദ്ദീൻ സാഹിബ് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ഒരു സംഭവം വിവരിക്കാറുണ്ടായിരുന്നു. ഒരിക്കൽ ഒരു സംവാദത്തിനിടയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ജമാഅത്തിന്റെ ഒരു എതിരാളി, ഹുസൂർ അയാളുടെ മുന്നിൽ സമർപ്പിച്ച തെളിവിന്റെ പ്രമാണ ലേഖം (റഫറൻസ്) കാണിക്കാൻ ആവശ്യപ്പെട്ടു. ഹുസൂറിനാണെങ്കിൽ അത് എവിടെയാണെന്ന് ഓർമ്മ ഇല്ല. കൂടെ ഉണ്ടായിരുന്ന ഹുസൂറിന്റെ സഹാബാക്കളിൽ ആർക്കും തന്നെ അത് എവിടെ ഏത് ഗ്രന്ഥത്തിൽ എന്ന് അറിയുകയുമില്ല. ഈ ശത്രുവിന് മുമ്പിൽ ഹുസൂർ പരിഹസിക്കപ്പെടുമോ എന്ന് എല്ലാവരും ഭയപ്പെട്ടു. എന്നാൽ ഹദ്റത്ത് സാഹിബ് ബുഖാരിയുടെ ഒരു കോപ്പി കൊണ്ടുവരാൻ ആവശ്യപ്പെട്ടു. ഹദീസ് ഗ്രന്ഥം കയ്യിൽ കിട്ടിയപ്പോൾ ഹുസൂർ പെട്ടെന്ന് പെട്ടെന്ന് പേജുകൾ മറിക്കുകയും ഒരു സ്ഥലത്തെത്തിയപ്പോൾ ഇതാ നോക്കിക്കോളൂ എന്ന് പറഞ്ഞ് എതിരാളിയുടെ മുന്നിൽ സമർപ്പിക്കുകയും ചെയ്തു. എല്ലാവരും തന്നെ ആശ്ചര്യപ്പെട്ട് പോയി. ഇതെങ്ങനെ സാധിച്ചു. ഇതെന്തൊരു അദ്ഭുതമാണെന്ന് എല്ലാവരും ചിന്തിച്ചു. അവസാനം ഹുസൂറിനോട് കാര്യം തിരക്കി. ഹുസൂർ പറഞ്ഞു, ഞാൻ ആ ഗ്രന്ഥമെടുത്ത് പേജുകൾ മറിക്കാൻ തുടങ്ങിയപ്പോൾ എല്ലാ കടലാസ്സുകളും ഒന്നും എഴുതാ

ത്ത വെള്ള കടലാസായി എനിക്ക് തോന്നി. അതുകാരണം ഞാൻ വേഗം വേഗം മറിച്ച്കൊണ്ടിരുന്നു. അവസാനം എഴുതിയിട്ടുള്ള ഒരു പേജ് കണ്ടെത്തി. നോക്കിയപ്പോൾ എനിക്കാവശ്യമുള്ള ഹദീസായിരുന്നു അത്. അത് ഞാൻ അയാൾക്ക് മുന്നിൽ വെക്കുകയും ചെയ്തു. അല്ലാഹുവിന്റെ പ്രത്യേകമായ സഹായം കൊണ്ട് ആവശ്യമായ രേഖ ഒഴികെ ബാക്കി എല്ലാ പേജുകളും ഒന്നും അച്ചടിക്കാത്ത വെള്ള കടലാസായി ഹദ്റത്ത് സാഹിബിന് കാണിക്കപ്പെട്ടു.*(സീറത്തുൽ മഹ്ദി വാല്യം ഒന്ന്, ഭാഗം രണ്ട്. പേജ് 282, രിവായത്ത് 306)*

## ശിർക്കിനെ നശിപ്പിക്കുക
## എന്നത് തന്നേയാണ് നമ്മുടേയും കർത്തവ്യം

അല്ലാഹുവിന് തന്റെ ഏകത്വവും തൗഹീദും പ്രിയപ്പെട്ടതു പോലെ തന്നെ പ്രവാചകന്മാർക്ക് ഏകദൈവ വിശ്വാസവും അല്ലാഹുവിന്റെ തൗഹീദും പ്രിയപ്പെട്ടതാണ്. പ്രവാചകന്മാർ തൗഹീദ് സ്ഥാപിക്കാൻ വേണ്ടി തന്നെയാണല്ലോ ആഗതരാവുന്നത്. ബഹുദൈവ വിശ്വാസത്തെ വിപാടനം ചെയ്യുക, ഏകദൈവ വിശ്വാസത്തെ നിലനിർത്തുക എന്നത് പ്രവാചകന്മാരുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യമാകുന്നു. ഇത് സംബന്ധമായി രസകരമായ ഒരു നിവേദനം കേൾപ്പിക്കാം. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ)അരുൾ ചെയ്യുന്നു. പിശാവറിലെ ഖാസി മുഹമ്മദ് യൂസുഫ് സാഹിബ് കത്തിലൂടെ ഒരു സംഭവം എന്നെ അറിയിക്കുകയുണ്ടായി. അദ്ദേഹം എഴുതുകയാണ്, ഞാൻ ആദ്യമായി ഖാദിയാനിൽ പോയ അവസരത്തിൽ ഒരാൾ തന്റെ മകനെ മുലാഖാത്തിനായി ഹദ്റത്ത് മസീഹ് മൗഊദിന്റെ സന്നിധിയിലേക്കയച്ചു. അവൻ ഹസ്തദാനത്തിനായി മുന്നോട്ട് പോയിട്ട് ബഹുമാനസൂചകമായി ഹദ്റത്ത് സാഹിബിന്റെ പാദം തൊട്ട് വന്ദിക്കാൻ ശ്രമിച്ചു. ഉടൻ തന്നെ ഹദ്റത്ത് സാഹിബ് തന്റെ തൃക്കരങ്ങളാൽ അങ്ങനെ ചെയ്യുന്ന തിൽ നിന്നും അവനെ വിലക്കി. ആ അവസരത്തിൽ ഹദ്റത്ത് സാഹിബിന്റെ കണ്ണുകൾ ചുവന്നു. പിന്നീട് അതിയായ വികാരാവേശത്തോടും അത്യുത്കൺഠയോടും കൂടി പറഞ്ഞു, പ്രവാചകന്മാർ ലോകത്ത് ശിർക്ക് (ബഹുദൈവാരാധന) ഇല്ലാതാക്കുവാനായിട്ടാണു നിയോഗിതരാവുന്നത്. നമ്മുടെ കർത്തവ്യവും ശിർക്ക് നശിപ്പിക്കൽ തന്നേയാണ്. അല്ലാതെ ശിർക്ക് സ്ഥാപിക്കലല്ല. *(സീറത്തുൽ മഹ്ദി വാല്യം ഒന്ന്, ഭാഗം രണ്ട്. പേജ് 295, രിവായത്ത്319)*

## കേവലം ഒന്നോ രണ്ടോ രാത്രിയിലെ ദുആ മതിയാകും

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ) വിവരിക്കുകയാണ്, മൗലവി ശേർ അലി സാഹിബ് (റ) ഒരിക്കൽ എന്നോട് പറഞ്ഞു, ഹദ്റത്ത് മസീഹ് മൗഊദ്(അ) തബ്ലീഗ് പ്രവർത്തനങ്ങൾക്കായി ഇംഗ്ലീഷ് ഭാഷ പഠിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് ഒരിക്കൽ എന്നോട് സംസാരിച്ചു കൊണ്ട്, ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം ഞാൻ ആഗ്രഹിക്കുകയാണെങ്കിൽ അല്ലാഹു എനിക്കത് അനുഗ്രഹിച്ചരുളും എന്ന് തന്നേയാണ് ഞാൻ പ്രതീക്ഷിക്കുന്നത് എന്ന് പറയുകയുണ്ടായി. അതിന് ഒന്നോ രണ്ടോ രാത്രിയിലെ ദുആ മതിയാകുമായിരിക്കും എന്നും പറഞ്ഞു. പിന്നീട്, മൗലവി മുഹമ്മദ് അലി സാഹിബ് ഈ പ്രവർത്തനങ്ങളിൽ തന്നേയാണല്ലോ മുഴുകിയിരിക്കുന്നതെന്ന ചിന്ത ഉണ്ടായി. മാത്രവുമല്ല അദ്ദേഹത്തിന്റെ ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം വളരെയധികം പ്രശംസിക്കപ്പെട്ടിട്ടുമുണ്ട്. ആ കാരണത്താൽ എന്റെ ശ്രദ്ധ ഈ കാര്യത്തിൽ നിന്നും അകന്നു. *(സീറത്തുൽ മഹ്ദി വാല്യം ഒന്ന്, ഭാഗം രണ്ട്. ഗ്രന്ഥ കർത്താ. ഹദ്റത്ത് മിർസാ ബശീർ അഹ്മദ്. പേജ് 357, രിവായത്ത് നമ്പർ 395)*

## കൊള്ളക്കാർ ഓടിപ്പോയി

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ(റ) വിവരിക്കുന്നു, ഖാസി മുഹമ്മദ് യൂസുഫ് സാഹിബ് പിശാവരി തന്റെ കത്തിലൂടെ ഒരു സംഭവം എന്നെ അറിയിക്കുകയുണ്ടായി. അത് അദ്ദേഹം ഖാജാ കമാലുദ്ദീൻ സാഹിബിൽ നിന്നും കേട്ടതായിരുന്നു. ഖാജാ കമാലുദ്ദീൻ സാഹിബ് പറയുകയാണ്, മൗലവി കറം ദീൻ ഭീൻവാലയുടെ കേസ്സുമായി ബന്ധപ്പെട്ട് ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് ബട്ടാല വഴി ഗുർദാസ്പൂരിലേക്ക് പുറപ്പെട്ടു. ഹുസൂറിനോടൊപ്പം ഞാനും (ഖാജാ സാഹിബ്) മൗലവി മുഹമ്മദ് അഹ്സൻ സാഹിബ് മർഹൂമും ഒരു രഥ (നാല് ചക്രമുള്ള ഒരു പ്രത്യേക വാഹനം) ത്തിലായിരുന്നു യാത്ര ചെയ്തിരുന്നത്.ബാക്കിയുള്ളവരെല്ലാം തന്നെ കുതിരവണ്ടിയിലുമായിരുന്നു. യാദൃശ്ചികമെന്ന് പറയട്ടെ, ഒരു സ്ഥലത്തെത്തിയപ്പോൾ കുതിരവണ്ടി കുറേ പുറകിലായിപ്പോവുകയും ഞങ്ങൾ സഞ്ചരിച്ചിരുന്ന രഥം തനിച്ചാവുകയും ചെയ്തു.

രാത്രി സമയം. ആകാശം കാർമേഘം കൊണ്ട് മൂടിയിരിക്കുന്നു. നാല് ഭാഗവും കൂരാകൂരിരുട്ട്. രഥം വടാലയിൽ നിന്ന് ബട്ടാല ഭാഗ ത്തേക്ക് തിരിഞ്ഞതേയുള്ളൂ. പെട്ടെന്ന് എവിടെ നിന്നോ ഏതാ നും കൊള്ളക്കാർ ഞങ്ങളുടെ മുന്നിൽ ചാടി വീണു രഥം വളഞ്ഞു. അവരുടെ കയ്യിൽ വെട്ട് കത്തിയും വടിവാളും മറ്റ് ആയുധങ്ങളും ഉണ്ടായിരുന്നു. രഥം വളഞ്ഞു കൊണ്ട് ഒരാൾ മറ്റൊരാളോട് ആക്ര മിക്കാൻ പറയുന്നുണ്ടായിരുന്നു.പക്ഷേ, ആരും തന്നെ എന്തു കൊ ണ്ടോ ആക്രമിക്കാൻ മുന്നോട്ട് വന്നില്ല. നീ ചെല്ല്, നീ മുന്നോട്ട് ചെല്ല് എന്നവർ പരസ്പരം പറഞ്ഞ് കൊണ്ടേയിരുന്നു. അങ്ങിനെ അൽപം സമയം കഴിഞ്ഞപ്പോൾ പുറകിലായിരുന്ന കുതിരവണ്ടി എത്തുകയും അതുകണ്ട് കൊള്ളക്കാർ പേടിച്ചോടുകയും ചെയ്തു. ഖാജാ കമാലുദ്ദീൻ സാഹിബ് പറയുകയാണ്, കൊള്ളക്കാർ ആക്രമി ക്കാനായി രഥം വളഞ്ഞ അവസരത്തിൽ ഹദ്റത്ത് സാഹിബിന്റെ നെറ്റിയിൽ നിന്നും പ്രത്യേക കിരണങ്ങൾ പുറപ്പെടാൻ തുടങ്ങിയി രുന്നു. അതുകാരണം ഹദ്റത്ത് സാഹിബിന്റെ മുഖം തിളങ്ങുന്നു ണ്ടായിരുന്നു. ആ കാലങ്ങളിൽ ബട്ടാലയുടേയും ഖാദിയാന്റേയും ഇടയിലുള്ള ആ വഴിയിൽ കളവും കൊള്ളയും പതിവായിരുന്നു. പക്ഷേ, അല്ലാഹുവിന്റെ പ്രത്യേകമായ സഹായത്താൽ കൊള്ള ക്കാർ ഭയപ്പെട്ടു. അവർക്കു മുന്നോട്ട് വന്ന് ആക്രമിക്കാനുള്ള ധൈ ര്യ മുണ്ടായില്ല.

ഖാസി മുഹമ്മദ് യൂസുഫ് സാഹിബ് എഴുതുകയാണ്, ഈ സംഭ വം നടന്ന് അധിക താമസിയാതെ തന്നെ ഖാജാ കമാലുദ്ദീൻ സാ ഹിബ് പിശാവറിൽ വെച്ച് എനിക്ക് ഈ സംഭവം നേരിട്ട്പറഞ്ഞു തന്നിരുന്നു. *(സീറത്തുൽ മഹ്ദി വാള്യം ഒന്ന് ,ഭാഗം രണ്ട്. പേജ് 433, രിവാ യത്ത് നമ്പർ 454)*

# ഹദ്റത്ത് മൗലാനാ ഹഖീം നൂറുദ്ദീൻ സാഹിബ് ഭേരവി ഖലീഫത്തുൽ മസീഹ് അവ്വൽ[റ]

1908 മെയ് 26ാം തീയ്യതി ഹദ്റത്ത് മസീഹ് മൗഊദ്[അ] ഇഹലോക വാസം വെടിഞ്ഞപ്പോൾ അടുത്ത ദിവസം മെയ് 27ാം തീയ്യതി മൗലാനാ ഹഖീം നൂറുദ്ദീൻ സാഹിബ് അദ്ദേഹത്തിന്റെ ആദ്യ ഖലീ ഫയായി തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം ഹദ്റത്ത് മസീഹ് മൗ ഊദ്[അ]ന്റെ ഏറ്റവും അടുത്ത സ്നേഹിതനും, വലിയ പ്രേമിയും മറ്റെല്ലാവരെക്കാളും കൂടുതലായി മസീഹ് മൗഊദിനെ ഇഷ്ടപ്പെടു കയും അനുസരണം കാണിക്കുകയും സാമ്പത്തിക ത്യാഗങ്ങളിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ആളും സഹായിയുമായിരുന്നു.

അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരായ ഹദ്റത്ത് മസീഹ് മൗഊ ദ്[അ] ഇമാം മഹ്ദിയായി വാദം പുറപ്പെടുവിച്ചപ്പോൾ എല്ലായിപ്പോഴും مَنْ أَنْصَارِي مَنْ أَنْصَارِي (മൻ അൻസാരി) എന്ന് ദുആ ചെയ്യാറുണ്ടായി രുന്നു. അല്ലാഹുവേ, നീ എന്നെ ഏൽപിച്ച ഈ മഹത്തായ ദൗത്യപൂർ ത്തീകരണത്തിനായി ആരാണ് എന്നെ സഹായിക്കുക. ആ ദുആ യുടെ ഫലമായി അല്ലാഹുതആല ഹദ്റത്ത് ഹഖീം നൂറുദ്ദീൻ സാ ഹിബിനെ പോലുള്ള മഹാനും ത്യാഗിവര്യനുമായ വ്യക്തി യെ കശ്മീരിൽ നിന്നും ഖാദിയാനിലേക്കയച്ചു.

ഈ കാര്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്[അ] അരുൾ ചെയ്യുകയാണ്, അല്ലാഹു എന്നെ നബിയായി നിയോഗിച്ചയച്ചപ്പോൾ, حَيٌّ وَ قَيُّومٌ (ഹയ്യും ഖയ്യൂമും) ആയ അല്ലാഹു എന്നെ ഈ കാര്യത്തിനാ യി നിയോഗിച്ചപ്പോൾ, ദീനിന്റെ സഹായിയായി വർത്തിക്കുന്ന പലരേ യും ഞാൻ മനസ്സിൽ കണ്ടു. അവരിലാരെങ്കിലും എന്റെ സഹായി കളായിരുന്നുവെങ്കിൽ എന്ന് ഞാൻ കൊതിച്ചു. ആ കാര്യത്തിലുള്ള എന്റെ അന്വേഷണവും ജിജ്ഞാസയും ആർത്തിയും, ദാഹിച്ച് വല ഞ്ഞ് നടക്കുന്ന ഒരാൾ വെള്ളത്തിനായി അന്വേഷിച്ചലയുന്നത് പോ ലെയായിരുന്നു. രാവും പകലും അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഞാൻ പൊട്ടിക്കരഞ്ഞു കൊണ്ടിരുന്നു. സർവ്വശക്തനായ അല്ലാഹു വിനെ വിളിച്ചു വിലപിച്ചു കൊണ്ടിരുന്നു. എന്റെ നാഥാ, എന്റെ രക്ഷി താവേ, ഈ കാര്യത്തിൽ ആരാണെന്റെ സഹായിയും ഉപകാരിയുമാ

യവനെന്ന് ഞാൻ അല്ലാഹുവിനോട് ചോദിച്ചു കൊണ്ടിരുന്നു. ഏകാകിയായ ഞാനിതാ എളിമയിലും അഭിമാനഭംഗത്തിലുമാണുള്ളതെന്നവനോട് താണുകേണു പറഞ്ഞു. തുടർച്ചയായുള്ള എന്റെ രോദനവും പ്രാർത്ഥനയും അവൻ കേട്ടു. ആകാശം എന്റെ പ്രാർ ത്ഥനകളാൽ നിറഞ്ഞു കവിഞ്ഞപ്പോൾ, അവനെന്റെ നിസ്സഹായത അറിയുകയും എന്റെ പ്രാർത്ഥനകൾ സ്വീകരിക്കുകയും ചെയ്തു. അങ്ങിനെ സർവ്വലോക നാഥന്റെ കാരുണ്യകടാക്ഷം തിളച്ച് മറിഞ്ഞു. അതോടൊപ്പം അവനെനിക്ക് സാത്വികനും സിദ്ധീഖുമായ ഒരാളെ നൽകി. എന്റെ സഹായികളുടെ ഏറ്റവും വലിയ മിഴിയാണ് അദ്ദേഹം. ദീനിന്റെ കാര്യത്തിൽ എന്റെ സഖാക്കളായ സ്നേഹിതരുടെ രത്നചുരുക്കമാണദ്ദേഹം. തേജോമയമായ അദ്ദേഹത്തിന്റെ സദ്ഗുണങ്ങൾ പോലെ അദ്ദേഹത്തിന്റെ പേരും നൂറുദ്ദീൻ (ദീനിന്റെ പ്രകാശം) എന്ന് തന്നേയാണ്. ജന്മദേശപരമായി അദ്ദേഹം ഭേര സ്വദേശിയാണെങ്കിലും വംശപരമ്പരയനുസരിച്ച് അദ്ദേഹം ഇസ്ലാമിന്റെ നേതാക്കളായ ഖുറൈശി ഹാശിമിയും സദ്വൃത്തരായ മാതാപിതാക്കളുടെ സന്താനവുമാണ്. എനിക്കദ്ദേഹത്തെ ലഭിച്ചതിലൂടെ ഛേദിക്കപ്പെട്ട എന്റെ ശരീരഭാഗം തിരികെ ലഭിച്ച സന്തോഷവും സന്തുഷ്ടിയും എനിക്ക് ലഭിക്കുകയുണ്ടായി. നബി കരീം(സ.അ)ന്ന് ഉമർ ഫാറൂഖി(റ)നെ ലഭിച്ചപ്പോൾ കൈവന്ന ആനന്ദവും ആഹ്ലാദവും എനിക്കും ലഭിക്കുകയുണ്ടായി.

അദ്ദേഹം എന്റെ അടുക്കൽ വന്ന് ഞാനുമായി കണ്ടുമുട്ടിയപ്പോൾ എന്റെ ദൃഷ്ടികൾ അദ്ദേഹത്തിൽ പതിഞ്ഞു. അദ്ദേഹം എന്റെ നാഥനായ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ ഒരു ദൃഷ്ടാന്തമാണെന്ന് ഞാൻ കണ്ടു. ഇദ്ദേഹത്തെ ലഭിച്ചത് നിരന്തരമായ എന്റെ പ്രാർത്ഥനയുടെ ഫലമാണെന്നെനിക്ക് ദൃഢവിശ്വാസമുണ്ടായി. ഇദ്ദേഹം അല്ലാഹുവിന്റെ തിരഞ്ഞെടുക്കപ്പെട്ടവരിൽ ഒരാളാണെന്ന് എന്റെ ഉൾകാഴ്ചയും വിവേചന ശക്തിയും എന്നെ അറിയിക്കുകയുണ്ടായി. *(ഹയാത്തെ നൂർ, അദ്ധ്യായം മൂന്ന്, പേജ് 113)*

ഹദ്റത്ത് മൗലാന ഹകീം നൂറുദ്ദീൻ സാഹിബ്(റ) കാണിച്ച അനുസരണവും അദ്ദേഹം ചെയ്ത സാമ്പത്തിക ത്യാഗങ്ങളേയും കുറിച്ച് ഹദ്റത്ത് മസീഹ മൗഊദ്(അ) വളരെയധികം പ്രശംസിക്കുകയും തന്റെ സമുദായത്തിലെ മുഴുവൻ അംഗങ്ങളും നൂറുദ്ദീൻ ആയിരുന്നുവെങ്കിൽ എത്ര നന്നായേനെ എന്ന് ആഗ്രഹം പ്രകടിപ്പിക്കുകയും

ചെയ്തിരുന്നു. അദ്ദേഹത്തിന്റെ നന്മയും തഖ്‌വയും കുലീനതയും ഉൽകൃഷ്ട സ്വഭാവഗുണങ്ങളും പരിഗണിച്ചുകൊണ്ട് മുഅ്മിനീങ്ങളുടെ ജമാഅത്ത് അദ്ദേഹത്തെ ഐക്യകൺഠ്യേന ഹദ്റത്ത് മസീഹ് മൗഊദിന്റെ ഒന്നാമത്തെ ഖലീഫയായി തെരഞ്ഞെടുത്തു. അദ്ദേഹം ഖുർആൻ, ഹദീസ്, മറ്റ് ഇസ്‌ലാമിക വിഷയങ്ങളിൽ അഗാധ പണ്ഡിതനും വാഗ്മിയും ആയിരുന്നു. ഇതിനൊക്കെ പുറമെ അദ്ദേഹം ഭാരതത്തിലെ പ്രശസ്തനായൊരു ഭിഷഗ്വരൻ കൂടിയാണ്. ഈ കാരണത്താൽ ജമ്മുവിലെ മഹാരാജാവ് തന്റെ വ്യക്തിഗത വൈദ്യനായി അദ്ദേഹത്തെ നിയമിച്ചിട്ടുണ്ടായിരുന്നു. ആ കാലത്ത് അദ്ദേഹത്തിന് ആയിരക്കണക്കിന് രൂപ വരുമാനമുണ്ടായിരുന്നു. ഒരിക്കൽ, താങ്കൾ കുറെ ലോകം കണ്ട വ്യക്തിയാണ്, അത്കൊണ്ട് ഇനി ഇവിടെ ഖാദിയാനിൽ തന്നെ തങ്ങിയാൽ മതി എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തോട് പറഞ്ഞു. ആ നിർദ്ദേശം ശിരസാവഹിച്ച് കൊണ്ട് ഖാദിയാനെ അദ്ദേഹം ജന്മദേശമാക്കി മാറ്റി. പിന്നീട് ഒരിക്കലും തന്റെ സ്വദേശത്തെ കുറിച്ച് മനസ്സിൽ പോലും ചിന്തിച്ചിട്ടില്ല.

അല്ലാഹുവിനോടുള്ള തവക്കലും ബന്ധവും എങ്ങനെ ആയിരിക്കണമെന്നതിന്, ഖലീഫത്തുൽ മസീഹ് അവ്വലിന് ഉണ്ടായിരുന്നത് പോലുള്ളത് എന്ന് ഉദാഹരണം നൽകപ്പെടാറുണ്ട്. അല്ലാഹുവുമായുള്ള ഹുസൂറിന്റെ ബന്ധവും തവക്കലും അത്തരത്തിലുള്ളതായിരുന്നു. എല്ലാ കാര്യങ്ങളും അല്ലാഹുവിൽ ഭരമേൽപിക്കുന്ന മഹാത്മാവായിരുന്നു അദ്ദേഹം. അല്ലാഹുവിൽ അങ്ങേയറ്റം വിശ്വാസമർപ്പിച്ചിരുന്നു. അല്ലാഹുവിന് എന്നോടുണ്ടായിരുന്ന പെരുമാറ്റം ഒരു പ്രത്യേക രീതിയിലുള്ളതായിരുന്നുവെന്ന് അദ്ദേഹം എപ്പോഴും പറയുമായിരുന്നു. അദ്ദേഹത്തിന്റെ സേവനങ്ങളിൽ ഏറ്റവും മഹനീയവും ഉന്നതവും അവിസ്മരണീയവുമായ കാര്യം അഹ്മദിയ്യാ ഖിലാഫത്ത് വ്യവസ്ഥിതിയുടെ സ്ഥിരതക്കും ഭദ്രതക്കും വേണ്ടി അദ്ദേഹം കാഴ്ചവെച്ച ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങളായിരുന്നു. ആ മഹാത്മാവ് ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ട് അധികം കഴിയുന്നതിന്ന് മുമ്പ് തന്നെ സ്വാർത്ഥ തൽപരരും അതിമോഹികളുമായ ഒരു കൂട്ടം ആളുകൾ ഖിലാഫത്തിന്റെ അസ്തിവാരം ഇളക്കാനും ഖിലാഫത്ത് മന്ദിരത്തെ കിടിലം കൊള്ളിക്കുവാനുമായി ഇറങ്ങിപ്പുറപ്പെട്ടപ്പോൾ അവരെ അതിശക്തമായി നേരിടുകയും

ആഞ്ഞടിക്കുകയും ചെയ്ത്കൊണ്ട് ഖിലാഫത്ത് വ്യവസ്ഥിതിക്ക് അദ്ദേഹം ശക്തി പകരുകയുണ്ടായി. അദ്ദേഹം കാണിച്ച ധീരമായ ആ സേവനം ലോകാവസാനം വരെ സ്മരിക്കപ്പെടുന്നതായിരിക്കും. അല്ലാഹുവുമായുള്ള ആ മഹാത്മാവിന്റെ ബന്ധത്തെ സൂചിപ്പിക്കുന്ന അത്ഭുതകരമായ ചില സംഭവങ്ങൾ താഴെ ചേർക്കുന്നു.

## സ്വപ്നാടിസ്ഥാനത്തിൽ കശ്മീർ യാത്ര

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ കശ്മീരിലേക്ക് യാത്ര ചെയ്യുകയുണ്ടായി. അദ്ദേഹം അരുൾ ചെയ്യുകയാണ്, ഹുസൂർ (അതായത് റസൂൽ കരീം(സ)) പൊട്ടിച്ചിരിച്ച് കൊണ്ട് ചോദിച്ചു, നീ കശ്മീർ കാണുവാൻ ആഗ്രഹിക്കുന്നോ? ഞാൻ പറഞ്ഞു, അതെ യാ റസൂലല്ലാഹ്. ശേഷം റസൂലല്ലാഹ് മുന്നോട്ട് ഗമിച്ചു. ഞാൻ റസൂൽ തിരുമേനി(സ) യുടെ പുറകെ തന്നെ ഉണ്ടായിരുന്നു. അവസാനം ''ബാനിഹാൽ' വഴി കശ്മീരിലെത്തി. *(ഹയാത്തെ നൂർ, അധ്യായം രണ്ട്, പേജ് 97)*

## ഭയവിഹ്വലനായി ഞാൻ വിളറി വെളുത്തു

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) മദീനയിൽ താമസിക്കുന്ന കാലത്തുണ്ടായ ഒരു അനുഭവം വിവരിക്കുന്നു.

ഞാൻ ശാഹ് അബ്ദുൽ ഗനി സാഹിബിൽ നിന്നും വിദ്യ അഭ്യസിക്കുന്ന കാലത്ത് ഒരിക്കൽ എനിക്ക് ജമാഅത്തോടുകൂടി ളുഹർ നമസ്ക്കരിക്കുവാൻ സാധിച്ചില്ല. ജമാഅത്തോടു കൂടിയുള്ള നമസ്ക്കാരം കഴിഞ്ഞു പോയി. എന്തോ ചില കാരണങ്ങളാൽ നമസ്ക്കാരം നഷ്ടപ്പെട്ടു. അക്ഷന്തവ്യമായ ഏതോ ഒരു മഹാപാപം ചെയ്തതായി എനിക്ക് തോന്നി. ഞാനത് ആലോചിച്ച് പേടിച്ച് വിറച്ച് വിളറി വെളുത്തു. പള്ളിക്കകത്ത് പ്രവേശിക്കാൻ തന്നെ എനിക്ക് പേടിയായിരുന്നു. അവിടെ ഒരു ബാബുർ റഹ്മത്ത് (കാരുണ്യത്തിന്റെ കവാടം) ഉണ്ട്. അതിന് മുകളിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

قُلْ يٰعِبَادِيَ الَّذِيْنَ اَسْرَفُوْا عَلٰٓى اَنْفُسِهِمْ لَا تَقْنَطُوْا مِنْ رَّحْمَةِ اللّٰهِ ؕ
اِنَّ اللّٰهَ يَغْفِرُ الذُّنُوْبَ جَمِيْعًا ؕ اِنَّهٗ هُوَ الْغَفُوْرُ الرَّحِيْمُ ۝

പറയുക, തങ്ങളുടെ സ്വന്തം ആത്മാക്കളോട് അമിതത്വം പ്രവർത്തിച്ച എന്റെ ദാസരെ, അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച്

നിരാശപ്പെടരുത്. നിശ്ചയമായും അല്ലാഹു എല്ലാ പാപങ്ങളും പൊറുത്തുകൊടുക്കുന്നതാണ്. തീർച്ചയായും അവൻ വളരെ പൊറുക്കുന്നവനും കരുണാമയനുമാകുന്നു. *(ഖുർആൻ 39:54)*

ഞാനിത് വായിച്ച് കാര്യങ്ങൾ മനസ്സിലാക്കിയിട്ടും, വളരെ ഭയത്തോടും അമ്പരപ്പോടും കൂടി പള്ളിയിൽ പ്രവേശിച്ചു. വളരെയധികം പരിഭ്രമത്തിലാണ് ഞാനുള്ളത്. ഞാൻ പള്ളിയിലെ മിമ്പറിന്നും ഹുജ്റ ശരീഫിനും (ഇത് ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ആയിശ സിദ്ധീഖ(റ)യുടെ മുറിയാണ്. ഇതിലാണ് റസൂൽ കരീം(സ)ന്റെ ഖബറുള്ളത്. വിവ.) ഇടയിൽ വന്ന് നമസ്ക്കരിക്കാൻ തുടങ്ങി. റുക്കൂഅ് ചെയ്തപ്പോൾ സഹീഹ് ആയ ഒരു ഹദീസ് എന്റെ മനസ്സിൽ വളരെ ശക്തമായ രീതിയിൽ അലയടിച്ചു. അതിതാണ്, مَابَيْنَ بَيْتِي وَ مِنْبَرِي رَوْضَةٌ مِنْ رِيَاضِ الْجَنَّة (എന്റെ മിമ്പറിന്റേയും വീടിന്റേയും ഇടയിൽ സ്വർഗ്ഗീയ ആരാമമാണുള്ളത്.) ആ നിലയിൽ ഞാൻ സ്വർഗ്ഗത്തിലാണുള്ളത്. ആഗ്രഹിക്കുകയും അപേക്ഷിക്കുകയും ചെയ്യുന്ന എന്തും നൽകപ്പെടുന്ന സ്ഥലമാണ് ജന്നത്ത് അഥവാ സ്വർഗ്ഗം. അതുകൊണ്ട് ഞാൻ അല്ലാഹുവിനോട് ദുആ ചെയ്തു. അല്ലാഹുവേ, നീ എന്റെ ഈ തെറ്റ് പൊറുത്തു തരേണമേ. *(മിർക്കാത്തുൽ യക്കീൻ ഫീ ഹയാ ത്തെ നൂറുദ്ദീൻ, ക്രോഡീകരണം, അക്ബർ ശാഹ് ഖാൻ നജീബ് ആബാദി, പേജ് 125, 126)*

## രണ്ട് സുജൂദുകൾക്കിടയിൽ മുഖത്തിആത്ത് സംബന്ധമായി ലഭിച്ച വിശാലമായ അറിവ്

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) പറയുന്നു; കശ്മീരിൽ ഒരു മൗലവി അബ്ദുൽ ഖുദ്ദൂസ് സാഹിബ് ഉണ്ടായിരുന്നു. അദ്ദേഹം വളരെ സാത്വികനും ബഹുമാനിതനുമായ വ്യക്തിയായിരുന്നു. ഞങ്ങൾ രണ്ടു പേരും ശാഹ് ജി അബ്ദുൽ ഗനി എന്ന പീറിന്റെ (സിദ്ധൻ, വിശുദ്ധൻ) ശിഷ്യരായതുകൊണ്ട് ആ രീതിയിലും ഞങ്ങൾ സഹോദരങ്ങളാണ്. മൗലവി അബ്ദുൽ ഖുദ്ദൂസ് സാഹിബിന്ന് എന്നോട് വലിയ സ്നേഹവും പ്രതിപത്തിയുമൊക്കെ ആണ്. അദ്ദേഹം വാർദ്ധക്യസഹജമായ ബലഹീനതകൾ ഉണ്ടായിട്ടും എന്നിൽ നിന്നും ഹദീസ് തിർമിദി പഠിക്കുവാനായി വീട്ടിൽ വരാറുണ്ടായിരുന്നു. ഒരിക്കൽ ഞാൻ അദ്ദേഹത്തിന്റെ മടിയിൽ കുറെ ചെറിയ കുഞ്ഞുങ്ങൾ ഇരിക്കുന്നതായി സ്വപ്നത്തിൽ കണ്ടു. ഞാൻ

ചാടി വീണ് ആ കുഞ്ഞുങ്ങളെ മുഴുവൻ തട്ടിപറിച്ച് കൈക്കലാക്കുകയും അവിടെ നിന്ന് പോവുകയും ചെയ്തു. വഴിയിൽ വെച്ച് ഞാനാ കുട്ടികളോട് ചോദിച്ചു, നിങ്ങളാരാണ്? അവർ പറഞ്ഞു, ഞങ്ങൾ كهيعص ആണ്. ഞാനെന്റെ ആ സ്വപ്നത്തെ വളരെ ആശ്ചര്യപൂർവ്വം നോക്കി കണ്ടിരുന്നു. ഹദ്റത്ത് മസീഹ് മൗഊദി(അ) ന്റെ ശിഷ്യനായ ശേഷം ഞാൻ ഈ കാര്യം ഹുസൂറിനോട് സൂചിപ്പിച്ചു. ഹുസൂർ പറഞ്ഞു, താങ്കൾക്ക് كهيعص എന്നതിനെ കുറിച്ചുള്ള അറിവ് നൽകപ്പെടുന്നതായിരിക്കും. മാത്രവുമല്ല നിങ്ങൾ സ്വപ്നത്തിൽ കണ്ട കുട്ടികൾ അല്ലാഹുവിന്റെ മലക്കുകളാണ്.*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ തുടർന്നു അരുൾ ചെയ്യുകയാണ്. ധറംപാൽ എന്ന ആര്യസമാജക്കാരൻ നമുക്കെതിരിൽ ''തർകെ ഇസ്ലാം'' എന്ന ഗ്രന്ഥം രചിക്കുന്നതിന്ന് കുറെ മുമ്പ് ഞാനൊരു സ്വപ്നം കണ്ടിരുന്നു. ആ സ്വപ്നത്തിലൂടെ അല്ലാഹു എന്നെ ഒരു കാര്യം അറിയിക്കുകയുണ്ടായി. അല്ലാഹു പറയുകയാണ്, ആരെങ്കിലും നിന്നോട് ഖുർആന്റെ ഏതെങ്കിലും ആയത്തിനെ കുറിച്ച് ചോദിക്കുകയാണെങ്കിൽ ചോദിക്കുന്നവൻ ഖുർആൻ നിഷേധിയുമാണെങ്കിൽ നാം നിനക്ക് നേരിട്ട് ആ ആയത്തിനെ കുറിച്ചുള്ള അറിവ് നൽകുന്നതായിരിക്കും. ധറംപാലിന്റെ പുസ്തകം പുറത്തിറങ്ങിയപ്പോൾ അല്ലാഹു എനിക്ക് അതിന്ന് മറുപടി എഴുതുവാനുള്ള തൗഫീഖ് തന്നു. മറുപടി എഴുതി. مُقَطَّعَاتനെ കുറിച്ചുള്ള ആക്ഷേപം വരെ എത്തി. ഒരു ദിവസം മഗ്രിബ് നമസ്ക്കാരവേളയിൽ രണ്ട് സുജൂദിന്നിടയിൽ, എന്റെ നാഥാ, ഇയാൾ ഖുർആൻ നിഷേധിയാണ്. അയാൾ എന്റെ മുന്നിൽ നിന്നുകൊണ്ടല്ലെങ്കിലും مُقَطَّعَاتനെ കുറിച്ച് ചോദ്യം ഉന്നയിച്ചിരിക്കുന്നു, എന്ന് ഞാൻ ചിന്തിച്ചതേയുള്ളൂ. അപ്പോൾ രണ്ട് സുജൂദിനിടയിലുള്ള ചുരുങ്ങിയ സമയത്തിനുള്ളിൽ مُقَطَّعَاتനെ കുറിച്ചുള്ള അതിവിശാലമായ അറിവ് എനിക്ക് നൽകപ്പെട്ടു. അതിന്റെ ചെറിയൊരു ഭാഗം, ധറംപാലിന്റെ

*(كهيعص എന്ന കേവലാക്ഷരങ്ങളെ مُقَطَّعَاتഎന്ന് വിളിക്കപ്പെടുന്നു. ഈ അക്ഷരങ്ങൾ വെവ്വേറെ ഉച്ചരിക്കപ്പെടുന്നു. ഇവയിലുള്ള ഓരോ അക്ഷരവും ഓ രോ പദത്തെയാണ് സൂചിപ്പിക്കുന്നത്. ഖുർആനിൽ പല സൂറത്തുകളും مُقَطَّعَاتകൊണ്ട് ആരംഭിച്ചിട്ടുണ്ട്. ഉദാഹരണത്തിന് الم ഇതുകൊണ്ട് أنَا اللهُ أَعلَم ഞാൻ അല്ലാഹു ഏറ്റവും കൂടുതൽ അറിയുന്നവനാകുന്നു എന്നാണ് വിവക്ഷിക്കപ്പെടുന്നത്. (വിവർത്തകൻ)

مُقَطَّعَاتنെ കുറിച്ചുള്ള ആക്ഷേപങ്ങൾക്ക് മറുപടിയായി എഴുതിയ "നൂറുദ്ദീൻ" എന്ന ചെറുകൃതിയിൽ ഞാൻ ഉൾപ്പെടുത്തിയിരുന്നു. അത് എഴുതിയ ശേഷം ഞാൻ തന്നെ വായിച്ച് ആശ്ചര്യപ്പെട്ടു പോയിട്ടുണ്ട്. *(മിർഖാത്തുൽ യഖീൻ ഫീ ഹയാത്തി നൂറുദ്ദീൻ പേജ് 172,173)*

## അല്ലാഹു നിനക്ക് ഒരു മകനെ കൂടി നൽകും

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) വിവരിക്കുകയാണ്, എനിക്ക് ഒരു സഹോദരി ഉണ്ടായിരുന്നു. അവളുടെ മകൻ രക്താതിസാരം ബാധിച്ച് മരണപ്പെട്ടു. ഏതാനും ദിവസങ്ങൾക്ക് ശേഷം ഞാനവിടെ പോയി. ആ അവസരത്തിൽ രക്താതിസാരം ബാധിച്ച് വേറൊരു രോഗിയെ ഞാൻ ചികിത്സിക്കുകയും രോഗി സുഖം പ്രാപിക്കുകയും ചെയ്തു. ഇത് കണ്ട് എന്റെ സഹോദരി പറഞ്ഞു, എന്റെ പ്രിയ സഹോദരാ, നിങ്ങൾ സമയത്ത് ഇവിടെ എത്തുകയും എന്റെ മകനെ ചികിത്സിക്കുകയും ചെയ്തിരുന്നുവെങ്കിൽ എന്റെ മകൻ രക്ഷപ്പെടുമായിരുന്നു. ഞാനവളോട് പറഞ്ഞു, നിനക്ക് ഇനിയും ഒരു കുട്ടി ഉണ്ടാകും. ആ കുട്ടിക്ക് ഞാൻ ഇവിടെ കൂടെ ഉണ്ടായിരിക്കെ രക്താതിസാരം ബാധിക്കും. പിന്നീട് എന്റെ മുന്നിൽ വെച്ച് മരണപ്പെടുകയും ചെയ്യും.അതുപോലെ അവൾ ഗർഭിണിയായി. അവൾ ഒരു സുന്ദരനായ ആൺകുട്ടിക്ക് ജന്മം നൽകി. ഞാൻ പറഞ്ഞതുപോലെ കുട്ടിക്ക് അതേ അസുഖം ബാധിച്ചു. അവൾക്ക് ഞാൻ മുമ്പ് പറഞ്ഞത് ഓർമ്മയായി. അവൾ പറഞ്ഞു, കുട്ടിക്ക് വേണ്ടി ദുആയെങ്കിലും ചെയ്തു കൂടെ. ഞാൻ പറഞ്ഞു, അല്ലാഹു ഈ കുട്ടിക്ക് പകരമായി വേറൊരു കുട്ടി കൂടി നിനക്ക് നൽകും. ഇവനെ ഏതായാലും യാത്രയാക്കിക്കോളൂ. അങ്ങനെ ആ കുട്ടിയും രക്താതിസാരം ബാധിച്ച് മരണമടഞ്ഞു. അതിന് ശേഷം മറ്റൊരു കുട്ടി ജനിച്ചു. അവൻ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. ഉപജീവനത്തിനായി ജോലിയും ചെയ്യുന്നുണ്ട്. ഇത് അല്ലാഹുവിന്റെ മാഹാത്മ്യമാണ് തെളിയിക്കുന്നത്. *(മിർഖാത്തുൽ യഖീൻ ഫീ ഹയാത്തി നൂറുദ്ദീൻ, പേജ് 199)*

## അല്ലാഹു ഉത്തമമായ പ്രതിഫലം നൽകും

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) അരുൾ ചെയ്യുകയാണ്; എന്റെ ധാരാളം ആൺമക്കൾ മരണപ്പെട്ടിട്ടുണ്ട്. ഏത് കുട്ടി മരണമടയുമ്പോഴും, അവനിൽ എന്തോ കുറവും ദൂഷ്യവും ഉള്ളതായും അവന് പകരം ഇതിലും ഉത്തമമായത് അല്ലാഹു നൽകുമെന്നു

മാണ് ഞാൻ കരുതാറ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ തൊട്ട് നിരാശരാവുക എന്നത് സത്യനിഷേധികളുടെ പ്രവൃത്തിയാണ്. അല്ലാഹു നൽകിയിരിക്കുന്ന അനുഗ്രഹങ്ങളെ വിലമതിക്കാതിരിക്കുമ്പോഴാണ് അല്ലാഹു അത് അവനിൽ നിന്നും എടുത്ത് മാറ്റുന്നത്. നന്ദികേടും ഉപകാരസ്മരണയില്ലായ്മയും കൊണ്ടല്ലാതെ അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ അവൻ ഒരിക്കലും തിരിച്ചെടുക്കുകയില്ല. ഇനി അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ നഷ്ടപ്പെട്ടു പോയാൽ പോലും ഒരിക്കലും തന്നെ മനുഷ്യർ നിരാശപ്പെടരുത്.*(മിർക്കാത്തുൽ യഖീം ഫീ ഹയാത്തി നൂറുദ്ദീൻ, പേജ് 207)*

## ഡിപ്ലോമയിൽ വിശ്വാസ സമർപ്പണം പാടില്ല

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) അരുൾ ചെയ്യുന്നു, ഡിപ്ലോമയിലും ബിരുദ സർട്ടിഫിക്കറ്റിന്മേലും അമിതമായ വിശ്വാസസമർപ്പണം ചെയ്യുന്നതും, ഈ സർട്ടിഫിക്കറ്റുള്ളത് കൊണ്ടാണ് എന്റെ എല്ലാ കാര്യങ്ങളും നടക്കുന്നത് എന്ന് കരുതുകയും മനസ്സിലാക്കുകയും ചെയ്യുന്നത് ശിർക്കാണ്. പിൻഡ് ദാദൻഖാൻ എന്ന സ്ഥലത്തെ സ്കൂളിൽ ഞാൻ അദ്ധ്യാപകനായിരുന്ന കാലത്ത് ഒരിക്കൽ സ്കൂളുകളുടെ മേലദ്ധ്യക്ഷൻ, എന്തോ ചില കാരണങ്ങളാൽ, താങ്കൾ ബിരുദധാരിയാണെന്ന അഹങ്കാരമാണുള്ളതെന്ന് എന്നോട് പറയുകയുണ്ടായി. ഞാൻ എന്റെ സ്നേഹിതരിൽ ചിലരോട് എന്റെ ബിരുദ സർട്ടിഫിക്കറ്റ് കൊണ്ടുവരാൻ പറഞ്ഞു. ഈ സർട്ടിഫിക്കറ്റിനെയാണല്ലോ ഇദ്ദേഹം ഇത് എല്ലാമാണെന്നും ഇതാണ് ദൈവമെന്നും കരുതുന്നത് എന്ന് പറഞ്ഞത്. അതുപോലുള്ള ദൈവം എന്റെ കയ്യിലുമുണ്ട് ഒരെണ്ണം. ഞാൻ ആ സർടിഫിക്കറ്റ് അദ്ദേഹത്തിന്റെ മുന്നിൽ വെച്ച് വലിച്ച് കീറി തുണ്ടം തുണ്ടമാക്കി. ഇത് കണ്ട് അയാൾ ആശ്ചര്യഭരിതനായി കൊണ്ട്പറഞ്ഞു, താങ്കളെന്താ ഈ കാണിച്ചത്. താങ്കളെന്തോ അമിതാവേശത്തിലാണെന്നു തോന്നുന്നു. ഞാൻ പറഞ്ഞു, അല്ല. അപ്പോൾ അദ്ദേഹം പറഞ്ഞു, അല്ലെങ്കിൽ താങ്കൾക്കെന്തോ ദു:ഖവും മന:ക്ലേശവും ബാധിച്ചിട്ടാണുള്ളത്. ഞാൻ പറഞ്ഞു, അല്ല. ഈ സർട്ടിഫിക്കറ്റ് കയ്യിലുള്ളത് കൊണ്ടാണല്ലോ ഞാൻ അഹങ്കാരിയും അഹംഭാവിയുമാണെന്ന് താങ്കൾക്ക് തോന്നുന്നത്. മാത്രവുമല്ല അതിന്റെ ബലത്തിലാണ് ഞാൻ ഉപജീവനം തേടുന്നത് എന്നും താങ്കൾ കരുതുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ ഒന്നിലും അമിതമായി വിശ്വാസാർപ്പണം

ചെയ്യാറില്ല എന്ന് കാണിക്കാനാണ് ഞാനിത് തുണ്ടം തുണ്ടമാക്കിയത് എന്ന് പറഞ്ഞു. *(മിർക്കാത്തുൽ യഖീൻ ഫീ ഹയാത്തി നൂറുദ്ദീൻ, പേജ് 209)*

## ഒരു ദൈവിക സൽക്കാരം

''ഹയാത്തെ നൂർ'' എന്ന കൃതിയുടെ ഗ്രന്ഥകർത്താവ് ജനാബ് അബ്ദുൽ ഖാദർ സാഹിബ്, അദ്ദേഹത്തോട് സർഗോധ ജില്ലയിലെ മിയാനി എന്ന സ്ഥലത്ത് താമസിക്കുന്ന ജനാബ് ഹഖീം മുഹമ്മദ് സിദ്ധീഖ് സാഹിബ് , ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) വിന് അല്ലാഹു ഒരുക്കിയ ഒരു വിശിഷ്ട ഭക്ഷണത്തളികയെ കുറിച്ച് പറയാറുണ്ടായിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) അരുൾ ചെയ്യുകയാണ്, ഞാനൊരിക്കൽ നല്ലൊരു ഗുരുനാഥനെ തേടി സ്വദേശത്ത് നിന്നും കുറെ ഏറെ ദൂരം പോയി. മൂന്ന് ദിവസം പട്ടിണി കിടക്കേണ്ടി വന്നുവെങ്കിലും ആരോടും ഞാൻ ഭക്ഷണം ആവശ്യപ്പെട്ടില്ല. മഗ്രിബ് ആയപ്പോൾ ഞാൻ ഒരു പള്ളിയിൽ പോയി. അവിടെ ആരും തന്നെ എന്നോട് ഒന്നും ചോദിച്ചില്ല. നമസ്ക്കാരശേഷം എല്ലാവരും പിരിഞ്ഞ് പോയി. ഞാനങ്ങനെ തനിച്ചായപ്പോൾ പുറത്ത് നിന്ന് ഞാനൊരു വിളി കേട്ടു. നൂറുദ്ദീൻ, നൂറുദ്ദീൻ, നൂറുദ്ദീൻ ഭക്ഷണമിതാ പിടിക്ക്. ഞാൻ പുറത്ത് ചെന്ന് നോക്കിയപ്പോൾ ഒരു തളികയിൽ വിഭവസമൃദ്ധമായ ഭക്ഷണവുമായി ഒരാൾ നിൽക്കുന്നു. ഞാൻ ആ ഭക്ഷണം വാങ്ങി. ഇതെവിടെ നിന്നാണ് എന്നോ ആരാണ് കൊടുത്തയച്ചത് എന്നോ ഞാൻ ചോദിച്ചില്ല. കാരണം ഇത് അല്ലാഹു കൊടുത്തയച്ചതാണെന്നെനിക്കറിയാം. ഞാൻ നന്നായി വയറ് നിറയെ കഴിച്ചു. പാത്രം പള്ളിയുടെ ചുമരിലുള്ള കൊളുത്തിൽ തൂക്കി ഇട്ടു. പിന്നീട് ഞാനവിടെ നിന്ന് പോയി അഞ്ചെട്ട് ദിവസങ്ങൾക്ക് ശേഷം തിരിച്ചുവന്നപ്പോൾ പാത്രങ്ങൾ അതേപോലെ ചുമരിൽ തൂങ്ങിക്കിടപ്പുണ്ടായിരുന്നു. അതിലൂടെ ഭക്ഷണം ആ ഗ്രാമത്തിലെ ആരും തന്നെ അയച്ചതല്ല എന്നും അല്ലാഹു അയച്ചതാണെന്നും എനിക്ക് ദൃഢവിശ്വാസമുണ്ടായി.*(ഹയാത്തെ നൂർ, അധ്യായം ഒന്ന്, ഗ്രന്ഥകർത്താ. അബ്ദുൽ ഖാദർ സൗദാഗർമൽ, പേജ് 24,25)*

## മഴ തോരാനുള്ള ദുആ

ചൗധരി ഗുലാം മുഹമ്മദ് സാഹിബ് B.A വിവരിക്കുകയാണ്,

1909ലെ മഴക്കാലത്ത് ഒരിക്കൽ ഖാദിയാനിൽ തുടർച്ചയായി എട്ട് ഒമ്പത് ദിവസം മഴ തകർത്ത് പെയ്യുകയുണ്ടായി. അതിനെ തുടർന്ന് ഖാദിയാനിലെ ധാരാളം കെട്ടിടങ്ങളും വീടുകളും നിലംപതിച്ചു. ഖാദിയാന്ന് വെളിയിൽ ഹദ്റത്ത് നവാബ് മുഹമ്മദലി ഖാൻ സാഹിബ് പുതുതായി നിർമ്മിച്ച ഒരു ബംഗ്ലാവും മഴ കാരണം നിലംപതിച്ചു. എട്ടാം ദിവസമോ ഒമ്പതാം ദിവസമോ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) ളുഹർ നമസ്ക്കാരത്തിനായി പള്ളിയിൽ വന്നു. നമസ്ക്കാരത്തിന്നു ശേഷം പറഞ്ഞു,ഞാനിപ്പോൾ ദുആ ചെയ്യുന്ന തായിരിക്കും, നിങ്ങളെല്ലാവരും ആമീൻ എന്ന് പറയണം. അനന്തരം ഹുസൂർ ദുആ ചെയ്തു. പിന്നീട് പറഞ്ഞു, ഹദ്റത്ത് റസൂൽ കരീം(സ) തന്റെ ജീവിതകാലത്ത് ഒരു പ്രാവശ്യം മാത്രം ചെയ്ത ദുആയാണ് ഞാൻ ഇപ്പോൾ ചെയ്തത്. ദുആ ചെയ്യുന്ന അവസരത്തിൽ മഴ ശക്തിയായി പെയ്യുന്നുണ്ടായിരുന്നു. ദുആക്ക് ശേഷം മഴ നിന്നു. അസർ നമസ്ക്കാര സമയത്തോടെ ആകാശം തെളിയുകയും സൂര്യൻ ഉദിക്കുകയും ചെയ്തു. *(ഹയാത്തെ നൂർ അദ്ധ്യായം ആറ്, പേജ് 440-441)*

## ദൈവിക സഹായത്തിന്റെ
## രണ്ട് അസാധാരണ സംഭവങ്ങൾ

ഹയാത്തെ നൂറിന്റെ ഗ്രന്ഥകർത്താവായ അബ്ദുൽ ഖാദർ സാഹിബ് സൗദാ ഗർമൽ എഴുതുകയാണ്, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന് തന്റെ ഭോപാൽ ജീവിതകാലത്ത് പല അസാധാരണമായ സംഭവങ്ങൾക്കും സാക്ഷി ആകേണ്ടി വന്നിട്ടുണ്ട്. അതിൽ ചികിത്സയുമായി ബന്ധപ്പെട്ട രണ്ട് സംഭവങ്ങൾ പ്രധാനമായും പ്രസ്താവ്യമാണ്. ആദ്യ സംഭവം ഇതാണ്. ഹുസൂർ തന്റെ ഉപയോഗത്തിനായി രണ്ട് മുന്തിയ തരം വെയ്സ്റ്റ് കോട്ട് തയ്പ്പിച്ചിട്ടുണ്ടായിരുന്നു. അത് ഹുസൂർ എപ്പോഴും ധരിക്കാറുമുണ്ടായിരുന്നു. ഒരിക്കൽ അതിലൊന്ന് കളവ് പോയി. ഈ സംഭവം വിവരിച്ചുകൊണ്ട് 1913ൽ ജൽസാ സാലാനയിൽ ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ വിവരിക്കുകയുണ്ടായി.

വിദ്യാർത്ഥിയായിരിക്കുന്ന കാലത്ത് ഞാൻ നല്ല മുന്തിയതരം കമ്പിളിത്തുണി കൊണ്ട് രണ്ട് വെയ്സ്റ്റ് കോട്ട് തയ്പ്പിച്ചിട്ടുണ്ടായിരുന്നു. അത് ഞാൻ അയലിലാണ് ഇട്ടിരുന്നത്. അതിലൊന്ന് ആരോ

മോഷ്ടിച്ചു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതുകാരണം എന്റെ മനസ്സിൽ യാതൊരു ദു:ഖമോ വിഷമമോ ഉണ്ടായില്ലെന്ന് മാത്രമല്ല അല്ലാഹു അതിലും ഉത്തമമായത് നൽകാനാണ് ഉദ്ദേശിക്കുന്നത് എന്ന് ഞാൻ മനസ്സിലാക്കി. അതോടെ ഞാൻ പരിപൂർണ്ണ സംതൃപ്തിയോടെ, വിശാല മനസ്സോടെ ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ എന്ന് ചൊല്ലുകയും രണ്ടാമത്തെ കോട്ട് അല്ലാഹുവിനോടുള്ള നന്ദി സൂചകമായി ഒരത്യാവശ്യക്കാരന് നൽകുകയും ചെയ്തു.

ഈ സംഭവത്തിന് ഏതാനും ദിവസങ്ങൾക്ക് ശേഷം മറ്റൊരു സംഭവമുണ്ടായി. നഗരത്തിലെ ഒരു സമ്പന്നന്റെ പുത്രനു ഗൊണോറിയ (Gonorrhoea) പിടിപെട്ടു. അവൻ തന്റെ ഒരു സ്നേഹിതനോട്, അയാൾ എന്റേയും പരിചയക്കാരനാണ്, പറഞ്ഞു, അധികം പ്രശസ്തനല്ലാത്ത ഒരു ഡോക്ടറെ നീ കണ്ടെത്തണം. എന്നിട്ട് അയാളോട് എളുപ്പത്തിൽ എനിക്ക് സ്വയം തയ്യാറാക്കാൻ പറ്റുന്ന വല്ല മരുന്നും ഉണ്ടോ എന്ന് ചോദിച്ചറിയണം. അയാൾ നേരെ എന്റെ അടുക്കൽ വന്ന് വിവരം പറഞ്ഞു. എല്ലാം കേട്ട ശേഷം ഞാൻ പറഞ്ഞു, ഇത് ഗുഹ്യരോഗമാണ്. അങ്ങനെ അയാൾ എന്നേയും കൂട്ടി പണക്കാരന്റെ മകന്റെ അടുക്കൽ ചെന്നു. ഞാനവിടെ എത്തിയപ്പോൾ അവൻ തന്റെ തോട്ടത്തിലിരിക്കുകയായിരുന്നു. ഞാനൊരു കസേര എടുത്ത് അവന്റെ അരികിൽ ചെന്നിരുന്നു. അവൻ രോഗത്തിന്റെ എല്ലാ വിവരങ്ങളും എന്നോട് പറഞ്ഞു. പിന്നീട് പറഞ്ഞു, എനിക്ക് സ്വയം എളുപ്പത്തിൽ തയ്യാറാക്കാൻ പറ്റുന്ന വല്ല മരുന്നും നിർദ്ദേശിച്ചു തരണം. ഞാൻ പറഞ്ഞു, അത് പ്രശ്നമല്ല. അതുണ്ടാക്കാം. ഞങ്ങൾ ഇരുന്ന ഭാഗത്ത് വാഴകൾ ധാരാളം ഉള്ളതായി ഞാൻ കണ്ടു. അങ്ങനെ 5 തോല വാഴനീരിൽ ഒരു മാഷ വെടിയുപ്പ് (പൊട്ടാസ്യം നൈട്രേറ്റ്) ചേർത്ത് കഴിക്കാൻ ഞാൻ നിർദ്ദേശിച്ചു. അവന്റെ പക്കൽ വെടിയുപ്പും ഉണ്ടായിരുന്നു. അവൻ ഉടനെ തന്നെ സ്വന്തമായി ഈ മരുന്നുണ്ടാക്കി കഴിക്കാൻ തുടങ്ങി. ഞാൻ പിറ്റെ ദിവസം വീണ്ടും അവന്റെ അടുക്കൽ ചെന്നു. ഒരു പ്രാവശ്യം മരുന്ന് കഴിച്ചപ്പോൾ തന്നെ അസുഖത്തിന്ന് വളരെ വ്യത്യാസമുണ്ടായതായും പിന്നീട് ഈ മരുന്ന് കഴിക്കേണ്ട ആവശ്യമുണ്ടായില്ലെന്നും അവൻ പറഞ്ഞു. അല്ലാഹുവിന്റെ അനുഗ്രഹം ഒന്നുകൊണ്ട് മാത്രമാണ് ഇത് സംഭവിച്ചത്. അല്ലാഹു തന്നെയാ

ണ് ഈ ചികിത്സാവിധി എന്റെ മനസ്സിൽ തോന്നിപ്പിച്ചത്. പിന്നീട് ഞാൻ അവിടെ നിന്ന് പോയി. ഏതാനും ദിവസങ്ങൾക്ക് ശേഷം അവന്റെ സ്നേഹിതനായ എന്റെ പരിചയക്കാരൻ വശം അവൻ വളരെ മുന്തിയ തരം പട്ടിൽ സ്വർണ്ണനിറത്തിലുള്ള കസവ് കൊണ്ട് നെയ്തുണ്ടാക്കിയ ചിത്രപ്പണികളോടു കൂടിയ വസ്ത്രങ്ങളും നല്ലൊരു തുകയും എനിക്കായി കൊടുത്തു വിട്ടു.

എന്റെ അടുക്കൽ അയാൾ കൊണ്ടുവന്നപ്പോൾ ഞാൻ പറഞ്ഞു, ഓ ഇത് ആ വെയ്സ്റ്റ് കോട്ടിന് പകരമായിട്ടുള്ളതാണ്. അയാൾ വളരെ അതിശയത്തോടെ ചോദിച്ചു, ഏത് വെയ്സ്റ്റ് കോട്ട്? വെയ്സ്റ്റ് കോട്ടിന്റെ കാര്യമെന്താണ്? അപ്പോൾ ആ കഥ മുഴുവൻ അയാളോട് പറഞ്ഞിട്ട് ഞാൻ പറഞ്ഞു, ഇത്തരം വസ്ത്രങ്ങളൊന്നും ഞാൻ ഉപയോഗിക്കാറില്ല. അതുകൊണ്ട് ഇത് ഏതെങ്കിലും കടയിൽ കൊടുത്തു കാശ് വാങ്ങിക്കാം. അങ്ങനെ അത് കൊണ്ടുപോയി വിറ്റപ്പോൾ ധാരാളം പണം കിട്ടി. എത്രത്തോളമെന്നാൽ ഹജ്ജ് എന്റെമേൽ നിർബ്ബന്ധമായി തീർന്നു. അതുകൊണ്ട് ഞാൻ അയാളോട് പറഞ്ഞു, ഞാൻ ഏതായായാലും ഹജ്ജിന് പോവുകയാണ്. ചുരുക്ക ത്തിൽ അല്ലാഹുവിന്റെ വഴിയിൽ ചിലവ് ചെയ്യുന്നവർക്ക് ഒരിക്കലും ഒരു നഷ്ടവും ഉണ്ടാവുകയില്ല. പക്ഷെ അതിൽ ഭൗതികനേട്ടം ലക്ഷ്യമാക്കരുത്. പരിപൂർണ്ണമായും അല്ലാഹുവിന്റെ തൃപ്തിയും മനുഷ്യസൃഷ്ടികളുടെ മേൽ കാരുണ്യവുമായിരിക്കണം നമ്മുടെ ലക്ഷ്യം.

രണ്ടാമത്തെ സംഭവം ഇതാണ്, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ[റ] ന്ന് ഒരിക്കൽ അതിശക്തമായ പനി കാരണം വായിലൂടെ ഉമിനീർ തനിയെ ഒലിച്ചിറങ്ങാൻ തുടങ്ങി. അങ്ങനെ ഒലിച്ചിറങ്ങുന്ന ഉമിനീരിന് ദുർഗന്ധവും നിറ വ്യത്യാസവും ഉണ്ടായിരുന്നു. ഹക്കീം ഫർസന്ദ് അലി എന്ന് പേരുള്ള ഒരാൾ പറഞ്ഞു. താങ്കളുടെ സ്വദേശം അടുത്താണെങ്കിൽ അവിടെ പോയി ചികിൽസിക്കുന്നതായിരിക്കും ഉത്തമം. ഇവിടെ സൗകര്യമില്ല. ഇവിടെനിന്നാൽ അസുഖം ഭേദമാകാനുള്ള പ്രതീക്ഷ വളരെ കുറവാണ് .

അന്നു വൈകുന്നേരമായപ്പോൾ, വിദ്യാർത്ഥികളുടെ മേലധികാരിയായി പ്രവർത്തിക്കുന്ന വളരെ ബഹുമാനിതനും സാത്വികനുമായ ഒരാൾ പറഞ്ഞു, ഞാൻ വൃദ്ധനാണ്. എനിക്ക് വായിൽ നിന്നും എല്ലായിപ്പോഴും ഉമിനീർ ഒലിച്ചിറങ്ങുന്ന അസുഖമുണ്ട്.

വല്ല പ്രതിവിധിയും നിർദ്ദേശിച്ച് തന്നാലും. എങ്കിൽ ഞാനത് നോമ്പ് തുറക്കുന്ന അവസരത്തിൽ കഴിച്ച് കൊള്ളാം. ബനാറസി നെല്ലിക്ക മുറബ്ബ (നെല്ലിക്ക പഞ്ചസാര ലായനിയിൽ ഇട്ട് വെച്ചു ണ്ടാക്കുന്ന ഒരു പ്രത്യേക മധുര പദാർത്ഥം. വിവ:)യോടൊപ്പം ഏലക്കയുടെ ഏതാനും മണികളും, വറക്ക് തലയും (മധുരപല ഹാരങ്ങളുടെ മേൽ ഒട്ടിക്കുന്ന സ്വർണ്ണകളറിലുള്ളവളരെ നേരിയ പാളികൾ) ചേർത്ത് കഴിക്കാൻ ഞാൻ നിർദ്ദേശിച്ചു. ചികിത്സ മനസ്സിലാക്കിക്കൊണ്ട് അയാൾ പോയതിന് ശേഷം ഒരു ഭരണിയിൽ തേനിലിട്ട നെല്ലിക്കയും ഏലക്കയും വയമ്പുമായി ഉടനെ തിരിച്ച് വന്നു. അതെന്റെ മുന്നിൽ കൊണ്ടുവന്ന് വെച്ചിട്ട് പറഞ്ഞു, നിങ്ങളു ടെ വായിൽ നിന്നും ഉമിനീർ ഒലിച്ചിറങ്ങുന്നുണ്ട്, അതുകൊണ്ട് താങ്കളും കഴിച്ചോളൂ. ഞാനത് കഴിക്കാൻ തുടങ്ങി. ഒന്ന് രണ്ട് പ്രാ വശ്യം കഴിച്ചപ്പോൾ തന്നെ അൽപം ശമനമുണ്ടായി. പിന്നീട് വീ ണ്ടും ഈ ബുദ്ധിമുട്ടുണ്ടായപ്പോൾ ഞാൻ വീണ്ടും കഴിച്ചു. എത്ര പ്രാവശ്യം കഴിച്ചിട്ടുണ്ടായിരുന്നുവെന്ന് എനിക്ക് ഓർമ്മയില്ല. ഇശാ നമസ്ക്കാരം കഴിയുമ്പോഴേക്കും എനിക്ക് നല്ല ശമനമു ണ്ടായി. അങ്ങിനെ ഞാൻ സ്വദേശ ത്തേക്ക് പോകുന്ന ചിന്ത ഉപേ ക്ഷിക്കുകയും ഹറമെയ്ൻ ശരീ ഫൈൻ പോകാൻ തീരുമാനിക്കു കയും ചെയ്തു. *(ഹയാത്തെ നൂർ അദ്ധ്യായം ഒന്ന്, പേജ് 46-48)*

## അതിശയകരമായ രീതിയിൽ തീവണ്ടി യാത്രക്കുള്ള ഏർപ്പാട്

കാലേകൂട്ടിയുള്ള യാതൊരു തയ്യാറെടുപ്പും കൂടാതെ ഹുസൂർ പല അവസരങ്ങളിലും പെട്ടെന്ന് യാത്രക്ക് ഇറങ്ങിപുറപ്പെട്ടിട്ടുണ്ട്. കയ്യിലാണെങ്കിൽ ഒരു പൈസ പോലും ഉണ്ടാവുകയില്ല. എന്നി രു ന്നാലും ഹുസൂർ, എന്റെ എല്ലാ ചിലവുകളും ആവശ്യങ്ങളും അല്ലാ ഹു നിർവ്വഹിച്ചു കൊള്ളും എന്ന് ചിന്തിക്കുകയും സമാധാനിക്കു കയും ചെയ്തിരുന്നു. അത്തരത്തിലുള്ള ഒരു സംഭവം ഹുസൂർ വിവരിക്കുകയാണ്,

മലിക്ക് ഫതഹ് ഖാൻ സാഹിബ് എന്ന ഒരു സ്നേഹിതൻ ഒരി ക്കൽ കുതിരപ്പുറത്തേറി എന്റെ അടുക്കൽ വന്നിട്ട് പറഞ്ഞു, ഞാൻ റാവൽ പിണ്ടി പോവുകയാണ്. കാരണം ലിട്ടൻ പ്രഭു (Lord Lytton) ഡൽഹിയിൽ ദർബാർ(സഭ) വിളിച്ചിരിക്കുകയാണ്. വലിയ വലിയ

നേതാക്കളെ ഡൽഹിയിലേക്ക് വിളിച്ചിട്ടാണുള്ളത്. ചെറിയ നേതാക്കൾ റാവൽ പിണ്ടിയിൽ ഒരുമിച്ച് കൂടും. അതേ തിയ്യതികളിൽ തന്നെ റാവൽ പിണ്ടിയിലും ദർബാർ ചേരുന്നതായിരിക്കും. എന്നോട് റാവൽ പിണ്ടിയിൽ എത്താനാണ് പറഞ്ഞിരിക്കുന്നത്. ഞാൻ പതുക്കെ അദ്ദേഹത്തിന്റെ ചെവിയിൽ, എനിക്കും ഈ ദർബാറിൽ പങ്കെടുക്കേണമെന്നുണ്ടെന്നു പറഞ്ഞു. അദ്ദേഹം പറഞ്ഞു, അതിനെന്താ, കുതിരയിതാ, കയറികൊള്ളൂ. ഞാൻ അപ്പോൾ തന്നെ കുതിരപ്പുറത്ത് കയറി പുറപ്പെട്ടു. ചികിത്സക്കായി വന്നിരിക്കുന്ന രോഗികൾ അവിടെ ഇരിപ്പുണ്ട്. അവർക്ക് അവിടെ തന്നെ ഇരിക്കേണ്ടി വരും. വീട്ടിലും ഞാൻ പുറപ്പെട്ട കാര്യം അറിയിച്ചിട്ടില്ല. ഞാനും മലിക്ക് ഫതഹ് അലി ഖാൻ സാഹിബും ജഹ്ലം എത്തി. അവിടെ നിന്ന് റെയിൽ സർവ്വീസുണ്ട്. തീവണ്ടി കിട്ടും. ഫതഹ് ഖാൻ സാഹിബ് റാവൽപിണ്ടിയിലേക്ക് പോയി. ഞാൻ ഡൽഹിയിലേക്ക് പോവുകയാണെന്ന് അദ്ദേഹത്തോട് പറഞ്ഞു. എന്റെ വസ്ത്രങ്ങളാണെങ്കിൽ വളരെയധികം മുഷിഞ്ഞിട്ടുണ്ടായിരുന്നു. അതിനാൽ ജഹ്ലം തഹസിൽദാറായ മലിക്ക് ഹാക്കിം സാഹിബിനോട് ഒരു പൈജാമയും തലപ്പാവും കോട്ടും വായ്പ വാങ്ങി. എന്റെ മുഷിഞ്ഞ ഉടുപ്പ് മാറ്റി. കോട്ടിന്നടിയിൽ കുർത്ത ഉണ്ടായിരുന്നില്ല. ഞാൻ നടക്കാൻ ഇറങ്ങി. നടന്ന് നടന്ന് ജഹ്ലം റെയിൽവേ സ്റ്റേഷനിൽ എത്തി.

സ്റ്റേഷനിൽ എത്തിയ ശേഷം ഒരാളോട് ലാഹോറിലേക്ക് മൂന്നാം ക്ലാസ് ടിക്കറ്റ് ചാർജ്ജ് എത്രയാണെന്ന് ചോദിച്ചു. 15 അണയാണെന്ന് മനസ്സിലായി. കോട്ടിന്റെ പോക്കറ്റിൽ കയ്യിട്ട് നോക്കിയപ്പോൾ ആകെ 15 അണയാണുള്ളത് എന്ന് മനസ്സിലായി. ഞാൻ ടിക്കറ്റെടുത്ത് വണ്ടി കയറി ലാഹോറിലെത്തി. ജനങ്ങൾ ധാരാളമായി ദർബാറിനായി ഡൽഹിയിലേക്ക് പോവുകയായിരുന്നതുകൊണ്ട് അവിടെ ജനങ്ങളുടെ നല്ല തിക്കും തിരക്കുമായിരുന്നു. ഇതു സംബന്ധമായി അദ്ദേഹം പറയുന്നു, തിരക്ക് കാരണം ടിക്കറ്റ് എടുക്കുക എന്നത് എനിക്ക് അസാധ്യമായി തോന്നി. മാത്രവുമല്ല എന്റെ കയ്യിലാണെങ്കിൽ ഒരു പൈസ പോലും ഇല്ലതാനും. അപ്പോഴാണ് ഒരു ക്രിസ്ത്യൻ ഫാദറെ സ്റ്റേഷനിൽ കണ്ടത്. അദ്ദേഹം ഒരിക്കൽ ഏതോ ഒരസുഖത്തിന്ന് എന്നോട് വൈദ്യോപദേശം തേടിയത് കൊണ്ട് എനിക്കദ്ദേഹത്തെ പരിചയമുണ്ട്. അദ്ദേഹത്തിന്റെ

പേര് ഗോലക്ക് നാഥ് എന്നായി രുന്നു. എന്നെ കണ്ടപ്പോൾ എന്റെ അടുക്കൽ വന്ന് താങ്കൾ എങ്ങോ ട്ടേക്കാണ് യാത്ര പോകുന്നത് എന്ന് ചോദിക്കുകയും ടിക്കറ്റ് കിട്ടാൻ വളരെ പ്രയാസമാണെന്ന് പറയുകയും ചെയ്തു. ഞാൻ പറഞ്ഞു എനിക്ക് ഡൽഹിക്കാണ് പോകേണ്ടത്. ഗോലക്ക് നാഥ് പറഞ്ഞു, ഞാൻ പോയി ടിക്കറ്റ് കി ട്ടുമോ എന്ന് നോക്കട്ടെ. അങ്ങനെ അദ്ദേ ഹം പോയി വളരെ പെ ട്ടെന്ന് തന്നെ ഡൽഹിക്കുള്ള ടിക്കറ്റുമായി തിരിച്ച് വന്നു. ഞാന ദ്ദേഹത്തോട് ടിക്കറ്റ് വാങ്ങി. ഞാൻ കീശയിൽ കയ്യിട്ടു. അപ്പോൾ പാതിരി സാഹിബ് പറഞ്ഞു, താങ്കൾ എന്നെ അപമാനിക്കരുത്. എന്നോട് ക്ഷമിക്കണം. ഞാൻ ടിക്കറ്റിന്റെ പൈസ താങ്കളോട് വാങ്ങുകയില്ല. ഞാനും ഡൽഹിയിലേക്കാണല്ലോ പോ കുന്നത്. ന മുക്ക് വഴിയിൽ വെച്ച് കാണാം. യാത്രാ മദ്ധ്യേ ഞാൻ അദ്ദേഹത്തെ കുറെ അന്വേഷിച്ച് കൊണ്ടിരുന്നു. പക്ഷേ, കണ്ടില്ല. ഡൽഹി സ്റ്റേഷനിലും അന്വേഷിച്ചെങ്കിലും അദ്ദേഹത്തെ കണ്ടെ ത്താനാ യില്ല. *(ഹയാത്തെ നൂർ, അദ്ധ്യായം രണ്ട്, പേജ് 86, 87)*

## നമുക്ക് യാതൊരു ബുദ്ധിമുട്ടും നേരിടേണ്ടി വരില്ല

ഹയാത്തെ നൂറിന്റെ ഗ്രന്ഥ കർത്താ. ജനാബ് അബ്ദുൽ ഖാദർ സാഹിബ് സൗദാഗർ മൽ എഴുതുകയാണ്; ഖലീഫത്തുൽ മസീ ഹ് അവ്വൽ[റ]ന് സർക്കാറിൽ നിന്നും വളരെ ന്യായമായ ശമ്പളം ലഭിക്കുന്നതിനു പുറമെ ഒരു വർഷം പല തവണ വിലപിടിച്ച സമ്മാനങ്ങളും അമൂല്യങ്ങളായ പാരിതോഷികങ്ങളും ലഭിക്കാറു ണ്ടായിരുന്നു. പക്ഷേ, ഈ പണമെല്ലാം തന്നെ ഹുസൂർ വിദ്യാർ ത്ഥികളുടെ പഠനത്തിനും വിധവകൾക്കും അനാഥർക്കും മറ്റ് ജീവകാരുണ്യപ്രവർത്തനങ്ങൾക്കും വേണ്ടിയായിരുന്നു കൂടു തലും ചിലവഴിച്ചിരുന്നത്. തികച്ചും ദൈവനിഷ്ഠയുള്ള ഒരു ജീവിത മായിരുന്നു അദ്ദേഹം നയിച്ചിരുന്നത്. ജമ്മുവിൽ ഹാക്കിം എന്ന് പേരു ള്ള ഒരു ഹിന്ദു അങ്ങാടി മരുന്ന് വ്യാപാരി ഉണ്ടായിരുന്നു. അയാൾ ഹു സൂറിനെ ഉപദേശിച്ചു കൊണ്ട് എപ്പോഴും തന്നെ, ഇവിടത്തെ കാര്യ ങ്ങളൊന്നും മുൻകൂട്ടി പ്രവചിക്കാനാവുകയില്ലെന്നും അത്യാവശ്യം നേരിടുന്നത് പെട്ടെന്നായിരിക്കുമെന്നും അതുകൊണ്ട് മാസം ഒരു നൂറ് രൂപ എങ്കിലും മിച്ചം വെക്കുന്നത് വളരെ നന്നായിരിക്കുമെന്ന് എപ്പോഴും പറയാറുണ്ടായിരുന്നു. അപ്പോഴൊക്കെ തന്നെ ഇത്ത

രം ചിന്തകൾ മനസ്സിൽ കൊണ്ടുവരുന്നത് തന്നെ അല്ലാഹുവിലുള്ള വിശ്വാസരാഹിത്യമാണ് കാണിക്കുന്നതെന്നും നമ്മുടെ മേൽ ഒരിക്കലും തന്നെ യാതൊരു കഷ്ടപ്പാടും ബുദ്ധിമുട്ടുകളും ഉണ്ടാവുകയില്ല എന്നും ഹുസൂർ അയാളോട് മറുപടിയും പറയാറുണ്ടായിരുന്നു.

എന്നാൽ ഒരവസരത്തിൽ ഹുസൂറിനെ സർക്കാർ ജോലിയിൽ നിന്നും പിരിച്ചു വിട്ടുകൊണ്ടുള്ള നോട്ടീസ് കിട്ടിയപ്പോൾ ഈ ഹിന്ദു വ്യാപാരി ഹുസൂറിനടുക്കൽ വന്ന് ചോദിച്ചു, അല്ലയോ മൗലവി സാഹിബ്, എന്റെ ഉപദേശം ഇന്നെങ്കിലും ഓർമ്മ വന്നിട്ടുണ്ടാകുമല്ലോ അല്ലേ? ഹുസൂർ പറഞ്ഞു, നിന്റെ ഉപദേശത്തെ ഏതൊരു അവജ്ഞയോടെയാണോ ഞാൻ നേരത്തെ കണ്ടിരുന്നത് ഇപ്പോഴും അങ്ങനെ മാത്രമേ കാണുന്നുള്ളു. അയാളുമായി ഈ സംസാരം നടക്കുന്ന വേളയിൽ സർക്കാർ ഖജനാവിൽ നിന്ന് ഹുസൂറിനു ഒരു കത്ത് കിട്ടി. അതോടൊപ്പം നാനൂറ്റി എൺപത് രൂപയും ഉണ്ടായിരുന്നു. ഈ മാസം താങ്കൾ ചെയ്ത ജോലിയുടെ ശമ്പളമാണിതെന്നു കത്തിൽ സൂചിപ്പിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ആ വ്യാപാരി സർക്കാർ ഉദ്യോഗസ്ഥരെ ചീത്ത വിളിച്ച് കൊണ്ട് ദേഷ്യത്തോടെ, ഇതിപ്പോൾ എന്തിനാണു അയച്ചത്, അയക്കേണ്ടതില്ലല്ലോ എന്ന അർത്ഥത്തിൽ നൂറുദ്ദീൻ നിങ്ങൾക്കെതിരിൽ കേസ്സൊന്നും കൊടുത്തിട്ടില്ലല്ലോ? എന്ന് പറഞ്ഞു കൊണ്ടിരുന്നു.

അയാളുടെ ദേഷ്യം തണുക്കുന്നതിന്ന് മുമ്പ് തന്നെ ഈ സംസാരങ്ങളെല്ലാം നടന്നു കൊണ്ടിരിക്കേ മഹാറാണി തന്റെ പോക്കറ്റ് മണിയിൽ നിന്നും, വലിയൊരു സംഖ്യ ഹുസൂറിനയക്കുകയും, തന്റെ കയ്യിൽ ഇപ്പോൾ ഇത്ര മാത്രമേ ഉള്ളൂ എന്നും അല്ലെങ്കിൽ ഇതിലും കൂടുതൽ പണം താൻ അയക്കുമായിരുന്നു എന്നുമുള്ള ക്ഷമാപണവും മഹാറാണി ചെയ്തിരുന്നു. ഈ പണ വും കൂടി കണ്ട് ഹാലിളകിയ ആ ഹിന്ദു വ്യാപാരി ദ്വേഷ്യം കൊണ്ട് പലതും പുലമ്പിക്കൊണ്ടിരുന്നു. ഹുസൂർ ആ അവസരത്തിൽ ഒരു ലക്ഷത്തി തൊണ്ണൂറ്റയ്യായിരം രൂപ കടക്കാരനായിരുന്നു. ആ കാര്യവും ഈ ഹാഖിം എന്ന വ്യാപാരിക്ക് നന്നായി അറിയാമായിരുന്നു. ആ കടത്തിന്റെ കാര്യം സൂചിപ്പിച്ചുകൊണ്ട് അയാൾ പറഞ്ഞു, ഇത്രയൊക്കെ ആയി, ശരി തന്നെ, പക്ഷേ, നിങ്ങൾ രണ്ട് ലക്ഷം രൂപ കൊടുക്കാനുള്ളവർക്ക് വ്യക്തമായ ഉറപ്പു നൽകാതെ അവർ നിങ്ങളെ വിടുമെന്ന് കരുതുന്നുണ്ടോ?

ഈ കാര്യം അയാൾ പറഞ്ഞതേയുള്ളൂ അപ്പോഴേക്കും പ്രസ്തുത കടക്കാരന്റെ ഭാഗത്ത് നിന്ന് തിരക്കിട്ട് ഒരാൾ വന്നു കൈകൂപ്പി നിന്നു വിനയപുരസ്സരം പറഞ്ഞു, ഇവിടത്തെ (ജമ്മു സർക്കാർ) ജോലി അവസാനിച്ചതു കൊണ്ട് മൗലവി സാഹിബി(ഹുസൂർ അവ്വൽ)നു ഇപ്പോൾ നാട്ടിലേക്കു തിരിച്ചു പോകാനുണ്ടെന്നും താങ്കളുടെ കയ്യിൽ ഒരു പക്ഷേ, പണമൊന്നും ഉണ്ടാവുകയില്ലെന്നും അതു കൊണ്ട് താങ്കളുടെ മുഴുവൻ സാധനങ്ങളും ഭദ്രമായി വീട്ടിൽ എത്തിക്കുകയും ആവശ്യമുള്ള പണം താങ്കൾക്കു നൽകണമെന്നും എന്റെ മുതലാളി എന്നെ കമ്പിസന്ദേശത്തിലൂടെ അറിയിച്ചിരിക്കുകയാണ്.

ഹുസൂർ അയാളോട് പറഞ്ഞു, എനിക്ക് പണത്തിന്റെ ആവശ്യമില്ല. സർക്കാർ ഖജനാവിൽ നിന്നും കിട്ടിയതിന് പുറമെ രാജ്ഞിയും അയച്ചു തന്നിട്ടുണ്ട്. അതുകൊണ്ട് എന്റെ കൈയിലിപ്പോൾ ആവശ്യത്തിലും കൂടുതൽ പണമുണ്ട്. എന്റെ സാധനങ്ങൾ ഞാൻ തന്നെ കൂടെ കൊണ്ടുപോയി കൊള്ളാം. പിന്നീട് ഹുസൂർ ഹാക്കിമിനോട് പറഞ്ഞു, അല്ലാഹു ഹൃദയങ്ങളെ അറിയുന്നവനാണ്. നാം അവരുടെ പണം വേഗം തന്നെ തിരിച്ചു കൊടുക്കുന്നതായിരിക്കും. അല്ലാഹുവുമായുള്ള ഈ രഹസ്യങ്ങളൊന്നും തന്നെ പറഞ്ഞാൽ നിനക്ക് മനസ്സിലാവുകയില്ല.

## കടം വീട്ടിയ കഥ

മുകളിൽ പറഞ്ഞകടം എങ്ങനെ തിരിച്ചടച്ചു എന്നു കൂടി പറയുന്നത് സന്ദർഭോചിതമായിരിക്കുമെന്ന് കരുതുന്നു. തനിക്ക് ഖലീഫത്തുൽ മസീഹ് അവ്വലിനോടൊപ്പം കഴിയാനും സഹവസിക്കാനും ലഭിച്ചതുപോലെയുള്ള മഹാഭാഗ്യം വളരെ കുറച്ചു പേർക്ക് മാത്രമേ ലഭിച്ചിട്ടുണ്ടാവുകയുള്ളൂ എന്ന് ജനാബ് ഗുലാം ഫരീദ് സാഹിബ് എം.എ എപ്പോഴും പറയാറുണ്ടായിരുന്നു. അദ്ദേഹം പറയുകയാണ്, ഹുസൂർ അവ്വൽ എത്രയോ തവണ പ്രസ്തുത കടംതിരിച്ചു നൽകിയത് പറഞ്ഞിട്ടുണ്ടെങ്കിലും, എതു രീതിയിലാണു തിരിച്ചു നൽകാൻ അല്ലാഹു തആല സഹായിച്ചതു എന്ന് പറഞ്ഞിട്ടില്ല. ഖലീഫത്തുൽ മസീഹ് അവ്വലി(റ)ന്റെ കാലം കഴിഞ്ഞ് ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ കാലഘട്ടം വന്നു. ആ കാലവും കുറെ ഏറെ കഴിഞ്ഞപ്പോൾ ഖുർആൻ മജീദിന്റെ ഇംഗ്ലിഷ് തഫ്സീറിന്റെ അച്ചടിയുമായി ബന്ധപ്പെട്ട് ഞാൻ ലാഹോറിൽ പോകാൻ തുടങ്ങി.

ആ അവസരത്തിലൊരിക്കൽ ഞാൻ ജനാബ് മലിക്ക് ഗുലാം മുഹമ്മദ് സാഹിബ് കസൂരിയുടെ അടുക്കൽ ഇരിക്കുകയായിരുന്നു. അപ്പോൾ ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ഒരു ലക്ഷത്തി തൊന്നൂറ്റി അയ്യായിരത്തിന്റെ  കടവുമായി ബന്ധപ്പെട്ടു സംസാരം ഉണ്ടായപ്പോൾ ജനാബ് മലിക്ക് സാഹിബ് മർഹൂം ആ കാര്യം വിശദീകരിക്കുകയുണ്ടായി. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)ന്റെ ജമ്മു കശ്മീർ മഹാരാജാവിന്റെ അടുക്കൽ ഉണ്ടായിരുന്ന ജോലി ചില രാഷ്ട്രീയ സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ നഷ്ടപ്പെട്ടിരുന്നുവല്ലോ. പിന്നീട് ആ സ്ഥിതിഗതികൾ ഏറെകുറെ മെച്ചപ്പെട്ടപ്പോൾ മഹാരാജാവിന്നു ഈ കാര്യത്തിൽ ചെറുതല്ലാത്ത മനോവിഷമമുണ്ടായി. മൗലവി സാഹിബ് (ഖലീഫത്തുൽ മസീഹ് അവ്വൽ) വളരെ പരിചയസമ്പന്നനും വിദഗ്ധനുമായ ഒരു ഡോക്ടറായിട്ടും അദ്ദേഹത്തെ ജോലിയിൽ നിന്ന് മാറ്റി നിർത്തിയത് തികച്ചും അതിക്രമവും അന്യായവുമായിപ്പോയെന്നും അദ്ദേഹത്തെ തിരിച്ച് കൊണ്ടുവരാൻ ശ്രമിക്കേണ്ടതാണെന്നും മഹാരാജാവിന്ന് തോന്നി. ഈ കാര്യം മഹാരാജാവ് ഹുസൂറിനെ അറിയിച്ചപ്പോൾ, മുഴു ലോകത്തിന്റേയും ഭരണാധികാരം തനിക്കു നൽകപ്പെട്ടാലും ഉപേക്ഷിക്കാൻ സാധിക്കാത്ത തരത്തിലുള്ള ഒരു സ്ഥലത്താണ് താനുള്ളതെന്ന് ഹുസൂർ രാജാവിനെ അറിയിച്ചു. രാജാവിനാണെങ്കിൽ മൗലവി സാഹിബിനോട് താൻ അനീതി കാണിച്ചു എന്ന ചിന്ത വല്ലാതെ അലട്ടികൊണ്ടിരിക്കുകയും അതിന്നെങ്ങനെ പ്രായശ്ചിത്തം ചെയ്യാമെന്നു ആലോചിച്ചു കൊണ്ടിരിക്കുകയും ചെയ്തു.

അവസാനം രാജാവ് ഇതിന് പരിഹാരം കണ്ടെത്തി. ഈ പ്രാവശ്യം കാട്ടിൽ നിന്നും തടി മുറിക്കുവാനുള്ള കരാർ, ഇതിലൂടെ ലഭിക്കുന്ന ലാഭത്തിന്റെ പകുതി മൗലവി സാഹിബിന് കൊടുക്കുന്നവർക്ക് മാത്രമേ നൽകുകയുള്ളൂ എന്ന് ഉത്തരവിറക്കി. അങ്ങനെ ആ നിബന്ധനയിൽ ടെൻഡർ വിളിച്ചു. ടെൻഡൻ ലഭിച്ചയാൾ വർഷാവസാനം കണക്ക് പരിശോധിച്ചപ്പോൾ, അല്ലാഹുവിന്റെ ഹിക്മത്ത് നോക്കൂ, അയാൾക്ക് മൂന്ന് ലക്ഷത്തി തൊണ്ണൂറായിരം (3,90,000) രൂപ ലാഭമുള്ളതായി മനസ്സിലായി. അതിന്റെ പകുതിയായ ഒരു ലക്ഷത്തി തൊന്നൂറ്റയ്യായിരം (1,95,000) രൂപ തന്നെയായിരുന്നു ഹുസൂറിന് കടമുണ്ടായിരുന്നത്. ആ സംഖ്യ ഹുസൂറിന് നൽകപ്പെട്ടപ്പോൾ, സംസ്ഥാനത്തെ ഒരു സേട്ടിന്നു ഞാൻ കടം തിരിച്ച് നൽ

കാനുണ്ടെന്നും ആ സംഖ്യ അയാൾക്ക് കൊടുക്കുവാനും ഹുസൂർ നിർദ്ദേശിച്ചു.

ഇതേ വ്യവസ്ഥയിൽ അടുത്ത കൊല്ലവും ടെൻഡർ നൽകപ്പെട്ടു. കൊല്ലാവസാനം ലാഭത്തിന്റെ പകുതി അയാൾ ഹുസൂറിന്റെ അടുക്കൽ കൊണ്ടുവന്നപ്പോൾ ഹുസൂർ അത് നിരസിക്കുകയും ഈ കച്ചവടത്തിൽ എന്റെ മുതൽ മുടക്കോ അധ്വാനമോ ഇല്ലാത്ത സ്ഥിതിക്ക് ഞാനെന്തിന് ഈ തുക കൈപറ്റണം എന്ന് ചോദിച്ചു. ടെൻഡർ എടുത്തയാൾ പറഞ്ഞു, ജനാബ് എനിക്ക് ആ വ്യവസ്ഥയിലാണ് ടെൻഡർ നൽകപ്പെട്ടത്. അതുകൊണ്ട് താങ്കൾ താങ്കൾക്കുള്ള ഈ ലാഭവിഹിതം എന്നിൽ നിന്നും വാങ്ങിക്കണം. അല്ലാത്തപക്ഷം എനിക്ക് അടുത്ത വർഷം കരാർ ലഭിക്കുന്നതല്ല. ഹുസൂർ പറഞ്ഞു എന്ത് തന്നെയായാലും ശരി ഞാനീ കാശ് സ്വീകരിക്കുന്നതല്ല. അപ്പോൾ അയാൾ ചോദിച്ചു, അങ്ങനെയെങ്കിൽ കഴിഞ്ഞ വർഷം നിങ്ങൾ എന്തിനാണ് ഞാൻ തന്ന കാശ് സ്വീകരിച്ചത്. ഹുസൂർ ഉടനെ പറഞ്ഞു, അതെന്റെ റബ്ബ് തന്റെ വാഗ്ദാനമനുസരിച്ച് എന്റെ കടം വീട്ടാൻ വേണ്ടി തന്നതാണ്. ആ കടം ഞാൻ തിരിച്ചടച്ചു. ഇനി ഞാനെന്തിന് ഇത് സ്വീകരിക്കണം. അത് കേട്ടപ്പോൾ കരാറുകാരൻ തിരിച്ചു പോയി.*(ഹയാത്തെ നൂർ, അദ്ധ്യായം മൂന്ന്, പേജ് 180 182)*

## ഹുസൂറിനോട് അല്ലാഹുവിന്റെ വാഗ്ദാനം

ഹയാത്തെ നൂറിന്റെ ഗ്രന്ഥകർത്താ.മർഹൂം ജനാബ് അബ്ദുൽ ഖാദർ സൗദാ ഗർമൽ സാഹിബ് തന്റെ ഗ്രന്ഥത്തിൽ എഴുതുകയാണ്; മൗലവി ഹകീം നൂറുദ്ദീൻ സാഹിബ്[റ] 1903,1904 കാലഘട്ടത്തിൽ കറംദീനുമായുള്ള കേസിന്റെ അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്[അ]നോടൊപ്പം ഗുർദാസ്പൂരിലേക്ക് പോകാറുണ്ടായിരുന്നു. ആ അവസരത്തിലുള്ള ഒരു സംഭവം ഇപ്പോൾ റബ്വയിൽ താമസിക്കുന്ന ജനാബ് മലിക്ക് ബശീർ അലി സാഹിബ് കുഞ്ചാഹി  ഇങ്ങനെ വിവരിക്കുന്നു.

ഞാൻ ഹൈദ്രബാദ് ദക്കനിൽ 13 വർഷത്തോളം താമസിച്ചിരുന്നു. അവിടെ കരാർ ജോലികളായിരുന്നു ചെയ്തുകൊണ്ടിരുന്നത്. എനിക്കപ്പോൾ ശേഖ് യഅ്ക്കൂബ് അലി സാഹിബ് ഇർഫാനിയുമായി വളരെ ഗാഢമായ ബന്ധമായിരുന്നു ഉണ്ടായിരുന്നത്. ഞങ്ങൾ രണ്ടുപേരും ദീർഘകാലം ഒന്നിച്ച് താമസിച്ചിട്ടുണ്ടായി

രുന്നു. ഒരിക്കൽ ഇർഫാനി സാഹിബ്(റ) ഒരു സംഭവം വിവരിക്കുകയുണ്ടായി. ഹദ്‌റത്ത് മസീഹ് മൗഊദ്(അ) കേസിനായി ഗുർദാസ്പൂർ പോയിരുന്ന അവസരത്തിൽ ഖാദിയാനിലായിരുന്ന ഇർ ഫാനി സാഹിബിനോടും ഹദ്‌റത്ത് മൗലവി ഹഖീം നൂറുദ്ദീൻ സാഹിബിനോടും ഉടൻ ഗുർദാസ്പൂരിലെത്താൻ ഒരാൾ വശം സന്ദേശമയച്ചു. ഇർഫാനി സാഹിബ്(റ) പറയുകയാണ്, അങ്ങനെ ഞങ്ങൾ രണ്ടുപേരും ഉച്ചക്ക് രണ്ടു മണിയോടെ ഒരു കുതിരവണ്ടിയിൽ ബട്ടാലക്ക് പുറപ്പെട്ടു. ആ അവസരത്തിൽ ഞാനാലോചിച്ചു. മൗലവി ഹഖീം നൂറുദ്ദീൻ സാഹിബ്, താൻ ഏത് ഘോരവനത്തിലാണെങ്കിൽ പോലും അല്ലാഹു എനിക്ക് ആഹാരം എത്തിച്ച് തരുമെന്നും എന്നെ പട്ടിണിക്കിടുകയില്ലെന്നും അല്ലാഹു എന്നോട് വാഗ്ദാനം, ചെയ്തിരിക്കുകയാണെന്ന് എപ്പോഴും പറയാറുണ്ടായിരുന്നു.

ഇന്ന് ഞങ്ങളാണെങ്കിൽ അസമയത്താണ് യാത്ര പുറപ്പെട്ടത്. അതുകൊണ്ട് ഇന്ന് രാത്രി അദ്ദേഹത്തിനുള്ള ഭക്ഷണത്തിന്റെ ഏർപ്പാട് എങ്ങനെ ആയിരിക്കുമെന്ന് കാണാമല്ലോ എന്ന് ഞാൻ മനസ്സിൽ കരുതി. ബട്ടാലയിൽ പ്രാദേശിക ജമാഅത്ത് ഒരു ചെറിയ വീട് അതിഥി മന്ദിരമാക്കി വെച്ചിട്ടുണ്ടായിരുന്നു. ഞങ്ങൾ രണ്ടു പേരും അവിടെചെന്നു. അവിടെയുള്ള ഒരു കട്ടിലിൽ മൗലവി സാഹിബ് കിടന്നുപുസ്തക പാരായാണം തുടങ്ങി. അപ്പോൾ ഏകദേശം വൈകുന്നേരം ഒരു ആറുമണിയായി കാണും. അപരിചിതനായ ഒരാൾ വന്നു മൗലവി നൂറുദ്ദീൻ സാഹിബ് ഇവിടെ വന്നതായി ഞാൻ കേട്ടിരുന്നു. അദ്ദേഹം എവിടെയാണുള്ളത് എന്ന് ചോദിച്ചു. ഞാൻ പറഞ്ഞു, ഇതാ ഈ കട്ടിലിൽ കിടക്കുന്ന ആൾ തന്നേയാണ് മൗലവി നൂറുദ്ദീൻ സാഹിബ്. അപ്പോൾ അയാൾ പറഞ്ഞു, എന്റെ ഒരപേക്ഷയുണ്ട്. ഇന്ന് വൈകുന്നേരത്തെ ഭക്ഷണം എന്റെ വകയായിരിക്കും. ദയവ് ചെയ്ത് അത് സ്വീകരിക്കണം. ഞാൻ റെയിൽവെയിൽ കരാർ ജോലി ചെയ്യുന്ന ആളാണ്. എനിക്ക് ഇപ്പോൾ തന്നെ അമൃതസറിലേക്ക് പോകാനുണ്ട്. എന്റെ തീവണ്ടി പുറപ്പെടാൻ ഒരുങ്ങി ഇരിപ്പുണ്ട്. എന്റെ ഭൃത്യൻ ഹുസൂറിനുള്ള ഭക്ഷണം കൊണ്ടു വരുന്നതായിരിക്കും. മൗലവി സാഹിബ് പറഞ്ഞു, ശരി, അങ്ങനെ ആയിക്കോട്ടെ. വൈകീട്ട് അയാളുടെ വേലക്കാരൻ വിഭവസമൃദ്ധമായ ഭക്ഷണവുമായി എത്തി. ഞങ്ങൾ രണ്ടു പേരും തൃപ്തിയാകുവോളം കഴിച്ചു. ഇർഫാനി സാഹിബ് പറയു

കയാണ്, മൗലവി സാഹിബ് പറയാറുള്ളത് പോലെ തന്നെ കാര്യങ്ങൾ നടന്നുവല്ലോ എന്ന് ഞാൻ മനസ്സിൽ പറഞ്ഞു.

അവിടെ നിന്നുള്ള തീവണ്ടി രാത്രി പത്ത് മണിക്കാണ്. ഞാൻ മൗലവി സാഹിബിനോട് പറഞ്ഞു, രാത്രി ആയിത്തുടങ്ങി. ഒരു പക്ഷേ, വൈകിയാൽ സാധനങ്ങൾ ചുമക്കാൻ കൂലിക്കാരെ കിട്ടുകയില്ല, അതുകൊണ്ട് ഇപ്പോൾ തന്നെ ഒരു കൂലിക്കാരനെ വിളിച്ച് സ്റ്റേഷനിൽ പോകാം. അവിടെ വെയ്റ്റിംങ്ങ് റൂമുണ്ട്. അവിടെ വിശ്രമിക്കുകയും ചെയ്യാം. മൗലവി സാഹിബ് സമ്മതിച്ചു. ഞങ്ങൾ കൂലിയെ വിളിച്ച് രണ്ട് പേരുടേയും സാധനങ്ങളുമായി സ്റ്റേഷനിലെത്തി. ഞങ്ങളുടെ വണ്ടി രാത്രി പത്ത് മണിക്ക് ശേഷമാണ് അവിടെ നിന്നു പുറപ്പെടുന്നത് എന്നു പറഞ്ഞുവല്ലോ. അതുകൊണ്ട് മൗലവി സാഹിബിന് അൽപസമയം കിടക്കുന്നതിനായി അദ്ദേഹത്തിന്റെ ബെഡ് ഞാൻ തുറന്നു. അല്ലാഹു സാക്ഷി ഞാൻ ബെഡ് തുറന്ന പ്പോൾ അതിനകത്ത് ഒരു കടലാസ്സിൽ പൊതിഞ്ഞു വെച്ചനിലയിൽ രണ്ടു പൊറോട്ടയും കൂടെ കീമ(ഇറച്ചിക്കറിയും)യും ഉണ്ടായിരുന്നു. ഞാൻ ആകെ ആശ്ചര്യപ്പെട്ടുകൊണ്ട് മനസ്സിൽ പറഞ്ഞു, ആദ്യം ഒന്ന് നമ്മൾ കഴിച്ചതാണ്.അല്ലാഹുവിൽ നിന്നിതാ അടുത്ത ഭക്ഷണം എത്തിയിരിക്കുന്നു. ഈ ഭക്ഷണത്തെ കുറിച്ച് ഞങ്ങൾ തികച്ചും അജ്ഞരായിരുന്നു.

ഇർഫാനി സാഹിബ് പറയുകയാണ്, ഞാൻ ഹദ്റത്ത് മൗലവി സാഹിബിനോട് പറഞ്ഞു, നമ്മൾ ഖാദിയാനിൽ നിന്ന് അസമയത്ത് പുറപ്പെട്ടപ്പോൾ മൗലവി സാഹിബിന് ഇന്ന് എവിടെ നിന്നാണ് ഭക്ഷണം കിട്ടുക എന്ന കാര്യം ഞാനൊന്ന് നോക്കട്ടെ എന്ന് മനസ്സിൽ കരുതിയിരുന്നു. ആദ്യം നമുക്കൊരു ഗംഭീര വിരുന്ന് സൽക്കാരം ലഭിച്ചു. അതിന്ന് ശേഷം ഇപ്പോഴിതാ ബെഡിൽ നിന്ന് പൊറോട്ടയും കിട്ടി. ഹദ്റത്ത് മൗലവി സാഹിബ് പറഞ്ഞു, ശേഖ് സാഹിബ് അല്ലാഹുവിനെ പരീക്ഷിക്കരുത്. അവനെ ഭയപ്പെടുവിൻ. ഞാനുമായുള്ള അവന്റെ ബന്ധം ഒരു പ്രത്യേക തരത്തിലുള്ളതാണ്. *(ഹയാത്തെ നൂർ,അധ്യായം നാല്, പേജ് 273 275)*

## യജമാനന്റെ കൽപനയും ദാസന്റെ അനുസരണവും

ശേഖ് അബ്ദുൽ ഖാദർ സാഹിബ് എഴുതുകയാണ്; 1905 ഒക്ടോബർ 22ാം തീയ്യതി ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉമ്മുൽ

മുഅ്മിനീനേയും കൂട്ടി അവരുടെ ബന്ധുമിത്രാദികളേയും സുഹൃത്തുക്കളേയും സന്ദർശിക്കുന്നതിനായി ഡൽഹിയിൽ പോയിട്ടുണ്ടായിരുന്നു. അവിടെ എത്തി ഏതാനും ദിവസം കഴിഞ്ഞതേയുള്ളൂ, ഹദ്റത്ത് മീർ നാസിർ നവാബ് സാഹിബിന് സുഖമില്ലാതായി. ആ അവസരത്തിൽ മൗലവി ഹഖീം നൂറുദ്ദീൻ സാഹിബിനെ വിളിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്ന് കരുതി മൗലവി സാഹിബിന് ഉടനെ ഡൽഹിയിലെത്തുവാനായി കമ്പിയടിക്കാൻ മസീഹ് മൗഊദ് (അ) ഒരാളോട് പറഞ്ഞു. അയാൾ പെട്ടെന്ന് തന്നെ, എത്താനായി കൊടുത്ത കമ്പി സന്ദേശത്തിൽ immediate എന്ന വാക്കായിരുന്നു ഉപയോഗിച്ചിരുന്നത്. ഖാദിയാനിൽ ഈ കമ്പി സന്ദേശം എത്തിയപ്പോൾ മൗലവി സാഹിബ് തന്റെ ക്ലിനിക്കിലായിരുന്നു ഉണ്ടായിരുന്നത്. immediate എന്ന വാക്ക് കണ്ടതുകൊണ്ട് ഏത് അവസ്ഥയിലായിരുന്നോ ഉണ്ടായിരുന്നത് അതേ അവസ്ഥയിൽ, താമസിച്ച് പോകരുതെന്ന നിലയിൽ മൗലവി സാഹിബ് കമ്പിസന്ദേശം കിട്ടിയ ആ നിമിഷം ഖാദിയാനിൽ നിന്നും പുറപ്പെട്ടു. വീട്ടിൽ പോയില്ല. വസ്ത്രം മാറി യില്ല. യാത്രയിൽ ഉപയോഗിക്കാനുള്ള ബെഡ്ഡോ മറ്റ് സാധനങ്ങളോ എടുത്തില്ല.

ഏറ്റവും രസകരമായ കാര്യം വണ്ടിക്ക് ടിക്കറ്റിനുള്ള പൈസ പോലും കൈയിലില്ല. വീട്ടുകാർ വിവരമറിഞ്ഞപ്പോൾ അവർ ബെഡുമായി പുറകെ ആളെ അയച്ചു. ടിക്കറ്റിന്റെ കാര്യം അവരും ഓർത്തില്ല. ഒരു പക്ഷേ, വീട്ടിൽ അതിനുള്ള പണം ഇല്ലായിരിക്കാം. മൗലവി സാഹിബ് ബട്ടാല എത്തിയപ്പോൾ ധനാഢ്യനായ ഒരു ഹിന്ദു, മൗലവി സാഹിബിനെ കാത്തു നിൽക്കുന്നത് പോലെ ഉണ്ടായിരുന്നു. അദ്ദേഹം മൗലവി സാഹിബിന്റെ അടുക്കൽ വന്നിട്ട് പറഞ്ഞു. എന്റെ ഭാര്യക്ക് തീരെ സുഖമില്ല. ദയവ് ചെയ്ത് താങ്കൾ അവളെ പരിശോധിച്ച് മരുന്ന് നിർദ്ദേശിച്ച് തരണം. മൗലവി സാഹിബ് പറഞ്ഞു, ഇതാ ഈ വണ്ടിയിൽ എനിക്ക് ഡൽഹിയിലേക്ക് പോകാനുള്ളതാണ്. അയാൾ പറഞ്ഞു, എങ്കിൽ ഞാൻ എന്റെ ഭാര്യയെ ഇവിടേക്ക് കൊണ്ടു വന്നു കൊള്ളാം. അങ്ങനെ അയാൾ തന്റെ ഭാര്യയെ സ്റ്റേഷനിൽ കൊണ്ടു വന്നു. ഹുസൂർ ആ സ്ത്രീയെ പരിശോധിച്ച് മരുന്ന് എഴുതി കൊടുത്തു. അയാൾ ഒന്നും പറയാതെ പതുക്കെ പോയി ഡൽഹിക്കുള്ള ടിക്കറ്റ് വാങ്ങിക്കൊണ്ട് മൗലവി സാഹിബിന് കൊടുത്തു. കൂടെ നല്ലൊരു തുക പാരിതോഷികവും

നൽകി. ഇപ്രകാരം മൗലവി സാഹിബ് ഡൽഹിയിലെത്തുകയും ഹദ്റത്ത് മസീഹ് മൗഊദിന്റെ സന്നിധിയിൽ ഹാജരാവുകയും ചെയ്തു.*(ഹയാത്തെ നൂർ, അദ്ധ്യായം 4, പേജ് 285)*

## ഈന്തപ്പഴം ആശ്ചര്യകരമായ രീതിയിൽ ശമനം നൽകി

ജനാബ് അബ്ദുൽ മാജിദ് സാഹിബ് താഹിർ അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ, പറയുകയാണ് ; ഞാൻ ഹദ്റത്ത് ചൗധരി ഹാക്കിം ദീൻ സാഹിബ് വിവരിച്ച സംഭവം പറയാം. ഖാദിയാൻ ബോഡിംങ്ങ് ഹൗസിലെ ഒരു സാധാരണ ജീവനക്കാരനാണ് ഹാഖിം ദീൻ സാഹിബ്. അദ്ദേഹം പറയു കയാണ്, എന്റെ ഭാര്യയുടെ ആദ്യ പ്രസവസമയത്ത് ഭാര്യക്ക് അതികഠിനമായ വേദനയും ബുദ്ധിമുട്ടും അനുഭവപ്പെടുകയുണ്ടായി. മറ്റൊരു വഴിയും കാണാത്തത് കൊണ്ട് രാത്രി എകദേശം പതിനൊന്നു മണിക്ക് ഞാൻ ഖലീഫത്തുൽ മസീഹ് അവ്വലിന്റെ വീട്ടിൽ ചെന്നു. പാറാവുകാരനോട്, ഈ സമയം ഹുസൂറിനെ കാണാൻ പറ്റുമോ എന്ന് ചോദിച്ചു,അയാൾ പറ്റുകയില്ലെന്ന് മറുപടി പറഞ്ഞു. പക്ഷേ, ഹുസൂർ എന്റെ ശബ്ദം കേട്ട് എന്നെ അകത്തേക്ക് വിളി പ്പിച്ചു. ഞാൻ ഹുസൂറിനോട് ഭാര്യയുടെ വേദനയുടേയും ബുദ്ധിമുട്ടിന്റേയും കാര്യം പറഞ്ഞു. ഹുസൂർ ഒരു ഈന്തപ്പഴത്തിൽ ദുആ ചെയ്ത് ഊതി എനിക്ക് തന്നിട്ട് പറഞ്ഞു, ഇത് കൊണ്ടുപോയി നിന്റെ ഭാര്യക്ക് കൊടുക്കുക. എന്നിട്ട് ഭാര്യ പ്രസവിച്ചാൽ എന്നെ അറിയിക്കുകയും ചെയ്യുക. ഹദ്റത്ത് ഹാക്കിംദീൻ സാഹിബ് പറയുന്നു, ഹുസൂർ പറഞ്ഞതുപോലെ ആ ഈന്തപ്പഴം ഞാനെന്റെ ഭാര്യക്ക് കൊടുത്തു. ആ ഈന്തപ്പഴം അത്ഭുതകരമായ രീതിയിൽ പ്രവർത്തിച്ചു. അൽപ സമയം കഴിഞ്ഞതേയുള്ളു, എന്റെ ഭാര്യ ഒരു പെൺകുഞ്ഞിന് ജന്മം നൽകി.

ഹദ്റത്ത് ഹാക്കിംദീൻ സാഹിബ് തുടർന്ന് പറയുകയാണ്. ഞാൻ ആ സമയം ഹുസൂർ ഉറങ്ങുകയായിരിക്കുമെന്ന് കരുതുകയും ഉണർത്തുന്നത് ഉചിതമല്ല എന്ന് മനസ്സിലാക്കുകയും ചെയ്തുകൊണ്ട് ഹുസൂറിനെ വിവരം അറിയിച്ചില്ല. ഞാൻ പുലർച്ചെ സുബഹി ബാങ്കിന്റെ അവസരത്തിൽ ഹുസൂറിന്റെ സന്നിധിയിൽ ഹാജരാവുകയും വിവരങ്ങളെല്ലാം ഹുസൂറിനെ അറിയിക്കുകയും

ചെയ്തു. ഹുസൂർ അരുൾ ചെയ്തു, പെൺകുട്ടി ജനിച്ച ശേഷം നീയും നിന്റെ ഭാര്യയും സുഖമായി ഉറങ്ങി. നീ എന്നേയും കൂടി അറിയിച്ചിരുന്നുവെങ്കിൽ ഞാനും അൽപം വിശ്രമിക്കുമായിരുന്നു. ഞാൻ രാത്രി മുഴുവനും നിന്റെ ഭാര്യക്ക് വേണ്ടി ദുആ ചെയ്തു കൊണ്ടിരിക്കുകയായിരുന്നു.

ഈ സംഭവം വിവരിച്ചുകൊണ്ട് ഹാക്കിംദീൻ സാഹിബ് നിയന്ത്രണം വിട്ട് പൊട്ടിക്കരഞ്ഞു. എന്നിട്ട് പറഞ്ഞു, നിസ്സാര സേവകനും പരിചാരകനുമായ ഹാക്കിംദീൻ എവിടെ കിടക്കുന്നു, സമുദായത്തിന്റെ മഹാനായ നൂറുദ്ദീൻ എവിടെ കിടക്കുന്നു. അതായത് യാതൊരു സാമ്യതയുമില്ലാതിരുന്നിട്ടും നിസ്സാരനിൽ നിസ്സാരനായ എന്നോട് കാണിച്ച കാരുണ്യവും ഔദാര്യവും സ്വന്തമെന്ന വികാരവും എത്ര മഹത്തരമായിരുന്നു. *(അൽഫസൽ ഇന്റർനാഷനൽ, 25. 09. 2015/01.10.2015 പേജ് 14)*

# ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദഹ്മദ് സാഹിബ് ഖലീഫത്തുൽ മസീഹ് സാനി(റ)

അദ്ദേഹത്തിന്റെ മുഴുവൻ പേര് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് എന്നാണ്. മസീഹ് മൗഊദിന്റെ സീമന്ത പുത്രനായ അദ്ദേഹം 1889 ജനുവരി 12ാം തീയ്യതിയാണ് ജനിച്ചത്. 1914 മാർച്ച് 13ാം തിയ്യതി ഖലീഫത്തുൽ മസീഹ് അവ്വലിന്റെ നിര്യാണത്തെ തുടർന്ന് അടുത്ത ദിവസം മാർച്ച് 14ാം തിയ്യതി അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം ഖലീഫയായി അദ്ദേഹം തെരഞ്ഞെടുക്കപ്പെടുകയുണ്ടായി. അപ്പോൾ അദ്ദേഹത്തിന് 25 വയസ്സായിരുന്നു പ്രായം. 1965 നവംബർ ഏഴിന്റേയും എട്ടിന്റേയും മദ്ധ്യേ രാത്രി അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു. 52 വർഷം അദ്ദേഹം ഖിലാ ഫത്തിന്റെ അതിമഹത്തായതും ശ്രേഷ്ഠവുമായ സ്ഥാനത്ത് ഉപവിഷ്ടനായികൊണ്ട് ജമാഅത്തിനെ ഭൂമിയുടെ കോണുകളോളം എത്തിച്ചു.

അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ വാഗ്ദത്ത പുത്രനായിരുന്നു. ഒരു തരത്തിൽ ഹദ്റത്ത് മസീഹ് മൗഊദിന്റെ മുഴുവൻ സന്താനങ്ങളും അല്ലാഹുവിന്റെ സുവിശേഷമനുസരിച്ച് ജനിച്ചവരാണ്. എന്നാൽ ഹദ്റത്ത് മുസ്ലിഹ് മൗഊദിനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദിന് അല്ലാഹു പ്രത്യേക തരത്തിലുള്ള സുവിശേഷങ്ങൾ അറിയിച്ചിട്ടുണ്ടായിരുന്നു. ആ സുവിശേഷങ്ങൾ അഹ്മദിയ്യാ ജമാഅത്തിൽ മുസ്ലിഹ് മൗഊദിനെ കുറിച്ചുള്ള പ്രവചനങ്ങൾ എന്ന പേരിൽ പ്രസിദ്ധമാണ്. ആ പ്രവചനത്തിൽ വാഗ്ദത്ത പുത്രനുള്ള പ്രബലവും ശക്തിമത്തായതുമായ ഗുണവിശേഷങ്ങളും അല്ലാഹു വിവരിച്ചിട്ടുണ്ടായിരുന്നു. എത്രത്തോളമെന്നാൽ അവന്റെ ആഗമനം അല്ലാഹു നേരിട്ട് വന്നതുപോലെ ആയിരിക്കുമെന്നു പോലും പറയുകയുണ്ടായി.

അവൻ പറയുന്നു, مظْهَرُ الحَقْ والعَلاَء كَأنّ الله نَزَلَ مِنَ السَمَاء ഈ മകന്റെ ദൃഷ്ടാന്തം, അല്ലാഹു മുഴുജനതയിലും ന്യായപൂർത്തീകരണത്തിന്നായാണ് ഇറക്കിയത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) അരുൾ ചെയ്യുന്നു.

ആദം സന്തതികളിൽ വെച്ച് ഏറ്റവും മഹനീയവും ഉൽകൃഷ്ട വുമായ സ്ഥാനം അലങ്കരിക്കുന്ന ആ മഹാനുഭാവൻ, മാനുഷിക ചക്രവാളത്തിൽ നൂറ്റാണ്ടിൽ എന്നല്ല ആയിരമായിരം വർഷത്തിലൊ രിക്കൽ മാത്രം ഉദിക്കുന്ന നക്ഷത്രമാണ്. ആ നക്ഷത്ര പ്രകാശം ഒരു തലമുറയെ മാത്രമല്ല എണ്ണമറ്റ തലമുറകൾക്കു പ്രകാശം ചൊരി യുകയുണ്ടായി. *(സവാനിഹ് ഫസ്ലെ ഉമർ, വാല്യം ഒന്ന്)*

ചെറുപ്പകാലം തൊട്ട് തന്നെ അദ്ദേഹം പരമ സാത്വികനും പരി ശുദ്ധനും മുത്തഖിയുമായിരുന്നു. കൂടാതെ സത്യവും യഥാർത്ഥ വുമായ സ്വപ്നങ്ങളും, ജാഗ്രതാ ദർശനങ്ങളും (കശ്ഫ്) അദ്ദേഹ ത്തിന്നുണ്ടാകാറുണ്ടായിരുന്നു. അല്ലാഹുവിനോടും അവന്റെ റസൂ ലിനോടും ഇസ്‌ലാമിനോടും അങ്ങേയറ്റം കൂറും സ്നേഹവും കാ ണിക്കുന്ന ആളായിരുന്നു ആ പുണ്യാത്മാവ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധവും പരിപാവനവുമായ സഹവർത്തിത്വ ത്തിന്റെ ഒരു പ്രത്യേകമായ സ്വാധീനം അദ്ദേഹത്തിൽ ഉണ്ടായി രുന്നു. നമസ്ക്കാരത്തോട് അദ്ദേഹത്തിനുണ്ടായിരുന്ന അതിരറ്റ പ്ര തിപത്തിയും മമതയും കാരണം അദ്ദേഹം വളരെ ദീർഘമായി ന മസ്ക്കരിക്കുകയും സുജൂദിൽ കരഞ്ഞ് ദുആ ചെയ്യുകയും ചെയ്യു മായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ അല്ലാഹുവുമായുള്ള ബന്ധത്തെ പ്രതിഫലിപ്പിക്കുന്ന ഏതാനും സംഭവങ്ങൾ താഴെ കൊടുക്കുന്നു.

## അപ്പോൾ എനിക്ക് പതിനൊന്ന് വയസ്സായിരുന്നു

ചെറുപ്പത്തിൽ തന്നെ അല്ലാഹു ഉണ്ടെന്ന അടിയുറച്ച വിശ്വാസം അദ്ദേഹത്തിനുണ്ടായിരുന്നു. സാധാരണ കുട്ടികൾ, കളിയിലും വിനോദത്തിലും മുഴുകുന്ന പ്രായത്തിൽ ഹുസൂർ അല്ലാഹുവിനെ കണ്ടെത്തുന്നതിനുള്ള നിരീക്ഷണത്തിലും അന്വേഷണത്തിലും മുഴുകുമായിരുന്നു. അങ്ങനെ ലഭിക്കുന്ന തെളിവുകളിൽ സൂക്ഷ്മ വിചിന്തനവും അവധാന പൂർവ്വകമായ ദീർഘാലോചനയും നട ത്തിയിരുന്നു. ഏറ്റവുമൊടുവിൽ ലഭിക്കുന്ന ഫലപ്രാപ്തിയിൽ ആന ന്ദോത്സുകനാവുകയും ചെയ്യുന്നത് തികച്ചും ആശ്ചര്യജനകമായ കാര്യമാണ്. അത്തരത്തിലുള്ള ഒരു സംഭവമാണ് വിവരിക്കുന്നത്. ഹുസൂർ തന്നെ അരുൾ ചെയ്യുകയാണ്,

എനിക്ക് പതിനൊന്ന് വയസ്സ് പ്രായമായ അവസരത്തിലൊരി

ക്കൽ (അപ്പോൾ വർഷം 1900 ആരംഭിച്ചതേയുള്ളു) ഞാനെന്തിന് അല്ലാഹുവിൽ വിശ്വസിക്കണം, അവന്റെ അസ്തിത്വത്തിന്റെ തെളിവെന്താണ് എന്ന ചിന്ത എന്റെ മനസ്സിൽ വന്നു. ഞാൻ രാത്രി വളരെ വൈകുവോളം ആ കാര്യത്തെ കുറിച്ചാലോചിച്ചു കൊണ്ടേയിരുന്നു. അവസാനം രാത്രി പത്ത് പതിനൊന്ന് മണിയായിക്കാണും, അതെ ഒരു ദൈവമുണ്ടെന്ന് എന്റെ ഹൃദയം ഒരു തീരുമാനത്തിലെത്തി. ആ നിമിഷം എത്ര സന്തോഷകരമായ നിമിഷമായിരുന്നുവെന്ന് നിങ്ങൾക്കറിയാമോ? മാതാവിനെ കണ്ടെത്തിയ കുട്ടിക്കുണ്ടാകുന്ന സന്തോഷവും ആഹ്ളാദവും പോലുള്ളതായിരുന്നു അത്. എന്നെ സൃഷ്ടിച്ച അല്ലാഹുവിനെ കണ്ടെത്തിയതിലുള്ള സന്തോഷം.

അങ്ങനെ കേട്ടുകേൾവിയിലൂടെ കൈവരിച്ച വിശ്വാസം അറിവിലൂടെയുള്ള വിശ്വാസമായി പരിവർത്തനം ചെയ്യപ്പെട്ടു. ഞാൻ എന്റെ ആഹ്ളാദം പറഞ്ഞറിയിക്കാൻ കഴിയാത്ത വിധം അതിരറ്റ് സന്തോഷിച്ചു. ഞാനപ്പോഴും, തുടർന്ന് കുറെ നാളുകളോളം, അല്ലാഹുവേ, എനിക്ക് നിന്റെ അസ്തിത്വത്തിൽ ഒരിക്കലും തന്നെ സംശയമുണ്ടാകരുതേ എന്ന് ദുആ ചെയ്തുകൊണ്ടിരുന്നു. അന്നെനിക്ക് പതിനൊന്ന് വയസ്സായിരുന്നു പ്രായം. ഞാനന്ന് ചെയ്ത ദുആയെ ഞാൻ ഇന്നും വളരെയധികം വിലമതിക്കുന്നു. അല്ലാഹുവേ, നിന്റെ അസ്തിത്വത്തെ കുറിച്ച് എന്റെ മനസ്സിൽ ഇനി ഒരിക്കലും സംശയം ജനിക്കരുതേ എന്ന് ഞാൻ ഇന്നും ദുആ ചെയ്തുകൊണ്ടിരിക്കാറുണ്ട്. ഞാനന്ന് ചെറിയ കുട്ടിയായിരുന്നു. ഇന്നെനിക്ക് കൂടുതൽ അനുഭവജ്ഞാനമുണ്ട്. അല്ലാഹുവേ, നിന്നിൽ ഹഖുൽ യഖീൻ (ദൃഢവിശ്വാസം) ഉണ്ടാകുന്നതിനായി ഞാൻ അതിരു കടന്നു പ്രവർത്തിക്കുവാനും തയാറാണ്.

ഞാൻ മുകളിൽ സൂചിപ്പിച്ച പോലെ ചിന്തകളുടെ അലകൾ എന്റെ മനസ്സിൽ തിര തല്ലിയ ഒരു ദിവസം ളുഹയുടേയോ ഇശ്റാഖിന്റേയോ നേരത്ത് ഞാൻ വുളു എടുത്തു. ശേഷം മസീഹ് മൗഊദിന്റെ പവിത്ര ജുബ്ബ എടുത്തണിഞ്ഞു. അത് ഭംഗിയുള്ളതാണെന്ന് മനസ്സിലാക്കിയത് കൊണ്ടല്ല, മറിച്ച് അത് മസീഹ് മൗഊദി[അ]ന്റേതാണെന്നും അനുഗൃഹീതമാണെന്നും മനസ്സിലാക്കിയത് കൊണ്ടാണ്. അല്ലാഹുവിന്റെ വിശുദ്ധരായ വരിഷ്ഠ ദാസരോട് ആദ്യമായി തോന്നിയ എന്റെ ഹൃദയവികാരമായിരുന്നു അത്. പിന്നീട് ഞാൻ താമസിച്ചിരുന്ന കൊച്ചുമുറിയുടെ വാതിലുകളടച്ചു. ശേഷം ഒരു തുണി

എടുത്ത് വിരിച്ചു ഞാൻ നമസ്ക്കരിക്കാൻ തുടങ്ങി. അവിടെ ഞാൻ ഒരുപാട് കരഞ്ഞു. കരഞ്ഞുകൊണ്ടേയിരുന്നു. വിലപിച്ചുകൊണ്ടും കണ്ണീരൊലിപ്പിച്ചുകൊണ്ടും മേലിൽ ഞാൻ നമസ്ക്കാരം ഉപേക്ഷിക്കുകയില്ലെന്നു ശപഥം ചെയ്തു. പതിനൊന്ന് വയസ്സ് പ്രായമുള്ള എന്നിൽ ഏതൊരു തരത്തിലുള്ള നിശ്ചയദാർഢ്യമാണുണ്ടായത്. ആ നിശ്ചയദാർഢ്യത്തിന് ശേഷം ഞാൻ നമസ്ക്കാരം ഉപേക്ഷിച്ചിട്ടില്ല. ആ നമസ്ക്കാരത്തിന്ന് ശേഷവും കുട്ടിക്കാലത്തെ നമസ്ക്കാരങ്ങൾ ഇനിയും കുറെയേറെ ബാക്കി ഉണ്ടായിരുന്നുവെങ്കിലും അന്നത്തെ എന്റെ നിശ്ചയദാർഢ്യം ഇന്നത്തെ എന്റെ ഉദ്ദേശങ്ങളെയും ചിന്താസരണികളെയും നാണിപ്പിക്കുന്നവയായിരുന്നു. അതായത് അത്രകണ്ട് ഉയർന്നവയായിരുന്നു അത്. *(സവാനിഹ് ഫസ്ലെ ഉമർ വാല്യം ഒന്ന്, പേജ് 96, 97)*

## അദ്ദേഹം തറയിൽ സുജൂദിലായിരുന്നു

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) അരുൾ ചെയ്യുകയാണ്, ഹുസൂറിന്റെ (ഖലീഫത്തുൽ മസീഹ് സാനി(റ)) മഹാന്മാരായ രണ്ട് ഉസ്താദുമാരുടെ പ്രതികരണം ഞാൻ വിവരിക്കാം. അധ്യാപകന്റെ കണ്ണിലൂടെ ശിഷ്യനെ കണ്ടെത്തുക എന്നതും ജീവചരിത്രപാരായണത്തിന്റെ മറ്റൊരു ആലോകനരീതിയാണ്. ഹുസൂറിന്റെ ഇംഗ്ലിഷ് അദ്ധ്യാപകനും മദ്രസയിലും വീട്ടിലും വന്ന് പഠിപ്പിക്കുന്ന ഉസ്താദുമായ ഹദ്റത്ത് മൗലവി ശേർ അലി സാഹിബ്(റ) തന്റെ അഭിപ്രായം വിവരിച്ചുകൊണ്ട് എഴുതുകയാണ്,

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ, വിദ്യാർത്ഥിയായിരിക്കുമ്പോഴുള്ള ഒരു സംഭവം ഞാൻ വിവരിക്കാം. അതിലൂടെ അദ്ദേഹത്തിന്റെ ഹൃദയവികാരങ്ങൾ പ്രകടമാകുന്നതാണ്. ഒരിക്കൽ ചെറിയ മഴ പെയ്യുകയായിരുന്നു. അധികം ശക്തിയില്ല. ഞാൻ കൃത്യസമയം തന്നെ ട്യൂഷനായി ഹുസൂറിന്റെ വീട്ടിലെത്തി. കോണിപ്പടിയുടെ ഭാഗത്തുള്ള വാതിലിൽ ഞാൻ മുട്ടി. ഹുസൂർ വന്ന് വാതിൽ തുറന്നു. ഞാൻ വരാന്തയിൽ ഒരു കസേരയിൽ വന്നിരുന്നു. ഹുസൂർ മുറിയിലേക്ക് കയറിപ്പോയി. പുസ്തകമെടുത്ത് ഹുസൂർ വരാന്തയിലേക്ക് തിരിച്ചുവരുമെന്ന് ഞാൻ കരുതിയെങ്കിലും, പുറത്തേക്ക് വരാൻ അൽപം വൈകിയപ്പോൾ ഞാൻ അകത്തേക്ക് നോക്കി. ഞാൻ എന്താണ് കാണുന്നത്. ഹുസൂർ തറയിൽ സുജൂ

ദിലായിരുന്നു. മഴ കാരണം ഇന്ന് ഞാൻ വരില്ലെന്നു ഹുസൂർ ധരിച്ചിരിക്കാമെന്നും ഞാൻ വന്നത് കണ്ടപ്പോൾ എനിക്കു വേണ്ടി ദുആ ചെയ്യുവാനുള്ള പ്രേരണ ഉണ്ടായത് കൊണ്ട് ദുആ ചെയ്യുകയാണ്. അങ്ങനെ ഹുസൂർ വളരെ ദീർഘമായി സുജൂദിൽ ദുആ ചെയ്യുകയുണ്ടായി.*(സവാനിഹ് ഫസ്‌ലെ ഉമർ, വാള്യം ഒന്ന്, പേജ് 116)*

## സുജൂദിൽ ഒരു പാട് നേരം വിലപിച്ചു കൊണ്ടിരുന്നു

നമസ്ക്കാരത്തിൽ കരയുകയും വിലപിക്കുകയും ചെയ്യുക എന്നത് അല്ലാഹുവിനോടുള്ള പ്രത്യേകമായ ബന്ധവും പ്രതിപത്തിയും ഇല്ലാതെ സാധ്യമല്ല. ചിലർക്ക് അവരുടെ യൗവ്വനകാലത്തോ മറ്റു ചിലർക്ക് അവരുടെ വാർദ്ധക്യകാലത്തോ കൈവരുന്നതോ എന്നാൽ വേറെ ചിലർക്ക് അവരുടെ ജീവിതകാലത്തൊരിക്കൽ പോലുമോ കൈവരിക്കാൻ സാധിക്കാത്തതോ ആയ കാര്യം അല്ലാഹുവിന്റെ പ്രത്യേകമായ അനുഗ്രഹത്താൽ ഹുസൂറിന് തന്റെ കുട്ടിക്കാലത്ത് തന്നെ കരസ്ഥമാക്കാൻ സാധിച്ചിരുന്നു. ഹുസൂറിന്റെ കുട്ടിക്കാലത്തെ ഉസ്താദുമാരിൽ ഒരാളായ ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് തന്റെ പ്രതികരണങ്ങൾ ഇങ്ങനെ അറിയിക്കുന്നു.

''ഈ വിനീതൻ 1890ന്റെ അവസാനത്തിലാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൈയ്യിൽ ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചത്. അന്നു മുതൽ ഞാൻ സ്ഥിരമായി ഖാദിയാനിൽ വന്ന് പോകാറുണ്ടായിരുന്നു. പരിശ്രമശാലിയും ഉത്സാഹഭരിതനുമായ, ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ്(റ)നെ അദ്ദേഹത്തിന്റെ കുട്ടിക്കാലം തൊട്ട് ഞാൻ കാണാറുണ്ട്. ലജ്ജാശീലനും നീതിബോധമുള്ളവനും സദ്ഗുണ സമ്പന്നനുമായ അദ്ദേഹം കുട്ടിക്കാലം മുതൽ ദീനിയായ കാര്യങ്ങളിൽ വളരെ തൽപരനും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മതപരമായ കാര്യങ്ങളിൽ താൽപര്യം കാണിക്കുകയും വളരെ ഉത്സാഹശീലനുമായിരുന്നു. മസീഹ്മൗഊദിനോടൊപ്പം നമസ്ക്കാരത്തിനായി പള്ളിയിൽ പോവുകയും കൃത്യമായി ഖുത്ബകൾ കേൾക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹത്തിന് പത്ത് വയസ്സ് പ്രായമുള്ളപ്പോൾ ഉണ്ടായ ഒരു സംഭവം ഞാൻ നന്നായി ഓർക്കുന്നു. അദ്ദേഹം മസീഹ് മൗ

ഊദിനോടൊപ്പം മസ്ജിദ് അഖ്സയിൽ നമസ്ക്കരിക്കുവാനായി നിന്നു. പിന്നീട് സുജൂദിൽ പോയി ഒരു പാട് കരഞ്ഞു. വളരെ കുട്ടിക്കാലത്ത് തന്നെ അല്ലാഹുവിനോടും അവന്റെ പ്രവാചകന്മാരോടും അദ്ദേഹത്തിന് ഉണ്ടായിരുന്ന പ്രത്യേക ബന്ധവും സ്നേഹവും അതിരറ്റതായിരുന്നു. *(സവാനിഹ് ഫസ്ലെഉമർ,വാല്യം ഒന്ന്, പേജ് 117)*

## പ്രാർത്ഥനയിൽ കരച്ചിലും വിലാപവും

കുട്ടിക്കാലം മുതൽ ദൈവാരാധനയിലുള്ള അദ്ദേഹത്തിന്റെ ഉത്സാഹവും കൃത്യമായി തഹജ്ജുദ് നമസ്ക്കരിക്കുന്ന സ്വഭാവവും പള്ളികളിൽ നമസ്ക്കരിക്കുമ്പോഴും ദുആ ചെയ്യുമ്പോഴുമുള്ള അദ്ദേഹത്തിന്റെ വിനയഭാവവും താണുകേണു കൊണ്ടുള്ള കരച്ചിലുകളും വിവരിച്ചു കൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ''സവാനിഹ് ഫസ്ലെ ഉമർ' എന്ന തന്റെ ഗ്രന്ഥത്തിൽ വിവരിക്കുകയാണ്,

കുട്ടിക്കാലം മുതൽ തന്നെ ഹുസൂറിന് (ഖലീഫത്തുൽ മസീഹ് സാനിക്ക്) ഇബാദത്തുകളിൽ(ദൈവാരാധനയിൽ) അതീവ താൽപര്യം ജനിച്ചിരുന്നു. ചെറുപ്രായത്തിൽ തന്നെ രാത്രികാലങ്ങളിൽ എഴുന്നേറ്റ് ആരാധനയിൽ മുഴുകുന്ന സ്വഭാവക്കാരനായി മാറിയിരുന്നു. ഹുസൂർ അഞ്ചുനേരനമസ്ക്കാരത്തിന് പുറമെ വളരെ കൃത്യനിഷ്ഠയോടെ തഹജ്ജുദ് നമസ്ക്കരിക്കാറുണ്ടെന്ന് വിവിധ നിവേദനങ്ങളിലൂടെ മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. ഈ നമസ്ക്കാരങ്ങളെല്ലാം തന്നെ കേവലം ബാഹ്യമായതോ അല്ലെങ്കിൽ വെറും ആചാരപരമായതോ ആയിരുന്നില്ല. മറിച്ച് ഇവയെല്ലാം തന്നെ അങ്ങേയറ്റം ആത്മാർത്ഥയും ഭക്തിയും നിറഞ്ഞതായിരുന്നു. ഒരു ചെറിയ കുട്ടി അല്ലെങ്കിൽ യുവാവ് നമസ്ക്കാരങ്ങളിൽ കരഞ്ഞ് കൊണ്ട് ദുആ ചെയ്യുക അല്ലെങ്കിൽ ദീർഘനേരം സുജൂദിൽ കഴിയുക എന്നത് തീർച്ചയായും മുതിർന്നവർക്ക് ആശ്ചര്യമുളവാക്കുന്നവയാണ്. പ്രത്യേകിച്ചും ബാഹ്യമായി യാതൊരു തരത്തിലുള്ള ദു:ഖമോ ക്ലേശമോ ബാധിക്കാത്ത, അത്തരം യാതൊരു സാഹചര്യവും ഇല്ലാത്ത കുട്ടിയാകുമ്പോൾ ഈ ആശ്ചര്യം പതിന്മടങ്ങ് വർദ്ധിക്കുകയും ചെയ്യുന്നു. രാത്രികാലങ്ങളിൽ ആരേയും അറിയിക്കാതെ രഹസ്യമായി എഴുന്നേറ്റ് തന്റെ റബ്ബിന്റെ സന്നിധിയിൽ ഇത്രമാത്രം കണ്ണുനീർ ഒഴുക്കാൻ ഈ കുട്ടി ഏത് അവസ്ഥയിലൂടെയാണ് കടന്ന് പോകുന്നത്

എന്ന് നമ്മുടെ മനസ്സുകളിൽ ചോദ്യമുയരും. ഇതേ സംശയം നവമുസ്‌ലിമായിരുന്ന ഹദ്റത്ത് ശേഖ് ഗുലാം അഹ്മദ് സാഹിബ് വായിസ്(റ)നുമുണ്ടായി. ഇദ്ദേഹം മസീഹ് മൗഊദിന്റെ കൈയിൽ ബൈഅത്ത് ചെയ്ത് ഇസ്‌ലാമിൽ പ്രവേശിച്ച വ്യക്തിയാണു. പിന്നീടദ്ദേഹം വിശ്വാസത്തിലും ആത് മാർത്ഥയിലും സാത്വികതയിലും തഖ്‌വയിലും ഉയർന്നുകൊണ്ട് കശ്ഫും ഇൽഹാമും ലഭിക്കുന്ന ഒരു മഹാനായി തീർന്നിരുന്നു. അദ്ദേഹം വിവരിക്കുകയാണ്,

ഞാനൊരിക്കൽ, ഇന്ന് രാത്രി മസ്ജിദ് മുബാറക്കിൽ കഴിച്ച് കൂട്ടി അവിടെ ഏകാന്തതയിൽ അല്ലാഹുവിനോട് ആവശ്യമുള്ളതെല്ലാം ചോദിച്ചു വാങ്ങുമെന്ന് മനസ്സു കൊണ്ട് തീരുമാനിച്ചു. അങ്ങനെ ഞാനവിടെ എത്തിയപ്പോൾ എന്താണ് കാണുന്നത്! ഒരാളവിടെ നേരത്തെ തന്നെ എത്തിയിരിക്കുന്നു. സുജൂദിൽ കിടന്നു വളരെ ഭക്തിബഹുമാനപുരസ്സരം ഏങ്ങലടിച്ചുകൊണ്ട് അയാൾ ദുആ ചെയ്യുകയാണ്. ഞാനും നമസ്ക്കരിക്കാൻ തുടങ്ങി. പക്ഷേ, അയാളുടെ കരച്ചിലും വിലാപവും നിമിത്തം എനിക്ക് വേണ്ടവണ്ണം നമസ്ക്കാരത്തിൽ ഏകാഗ്രത ലഭിച്ചില്ല. അതുകൊണ്ട് അല്ലാഹുവേ, ഇയാൾ നിന്നോട് ചോദിക്കുന്നത് നീ അയാൾക്ക് നൽകേണമേ എന്നു ഞാൻ അയാൾക്കു വേണ്ടി ദുആ ചെയ്യാൻ തുടങ്ങി. അയാളുടെ ദുആയുടെ സ്വാധീനം എന്റെ ദുആയിലും ഉളവായി. ഇയാൾ ആരാണെന്ന് മനസ്സിലാക്കുവാനായി ഞാൻ അവിടെ തന്നെ നിന്നു. കാത്ത് കാത്ത് ഞാൻ ക്ഷീണിച്ചു. അയാൾ തല ഉയർത്തിയാലല്ലെ ആളെ മനസ്സിലാവുകയുള്ളു. അയാൾ സുജൂദിൽ നിന്നും തലയുയർത്തുന്നതും കാത്ത് ഞാൻ അവിടെ തന്നെ നിന്നു. ഞാൻ വരുന്നതിന്ന് എത്രനേരം മുമ്പാണ് അദ്ദേഹം വന്നെതെന്ന് എനിക്കറിയില്ല. അവസാനം അയാൾ തല ഉയർത്തിയപ്പോൾ ഞാനെന്താണ് കാണുന്നത്. അത് ഹദ്റത്ത് മിയാൻ മഹ്മൂദ് അഹ്മദ് സാഹിബായിരുന്നു. അസ്സലാമു അലൈക്കും എന്നു പറഞ്ഞു കൊണ്ടു ഞാൻ ഹസ്തദാനം ചെയ്തു. പിന്നീട് ഞാൻ മിയാൻ, ഇന്ന് അല്ലാഹുവിനോട് എന്തൊക്കെയാണ് വാങ്ങികൂട്ടിയത് എന്നു ചോദിച്ചു. അപ്പോൾ, എന്റെ കൺമുന്നിൽ ഇസ്‌ലാമിനെ നീ വിജയിപ്പിച്ചു കാണിക്കേണമേ എന്ന് മാത്രമേ ചോദിച്ചുള്ളൂ എന്ന് പറഞ്ഞ് കൊണ്ട് അദ്ദേഹം വീട്ടിനകത്തേക്ക് പോയി. *(സവാനിഹ് ഫസ്‌ലെ ഉമർ വാല്യം ഒന്ന്, പേജ് 150–151)*

# സ്വപ്നങ്ങളും ഇൽഹാമുകളും ദൈവികദർശനങ്ങളും

ചെറുപ്രായം മുതൽ തന്നെ അല്ലാഹുവുമായി ഹുസൂറിന് ഒരു പ്രത്യേകമായ ബന്ധം ഉണ്ടായിരുന്നു. ഈ കാരണത്താൽ കുട്ടിക്കാലത്തു തന്നെ യഥാർത്ഥവും സത്യവുമായ സ്വപ്നങ്ങൾ ഹുസൂർ ധാരാളമായി കാണാറുണ്ടായിരുന്നു. അതോടൊപ്പം തന്നെ അദ്ദേഹത്തിന്ന് ഇൽഹാമുകളും ഉണ്ടാകാറുണ്ടായിരുന്നു. കുട്ടിക്കാലത്ത് തന്നെ (കശ്ഫ്)ദിവ്യദർശനങ്ങൾ കാണുവാനുള്ള ഭാഗ്യവുമുണ്ടായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്[റഹ്] വിവരിക്കുന്നു. ഹദ്റത്ത് സയ്യിദ് സർവർശാഹ് സാഹിബ്, ഹദ്റത്ത് മസീഹ് മൗഊദ്[അ]ന്റെ വളരെ പ്രധാനപ്പെട്ട സഹാബാക്കളിൽ ഒരാളായിരുന്നു. അദ്ദേഹം വലിയ പണ്ഡിതനായിരുന്നു. അത് എല്ലാവർക്കും അറിയാവുന്നതും എല്ലാവരും സമ്മതിക്കുന്നതുമായ കാര്യമാണ്. അദ്ദേഹം ഹദ്റത്ത് ഫസ്ലെ ഉമറിന്റെ ഉസ്താദുമാരിൽ ഒരാളായിരുന്നു. അദ്ദേഹം വിവരിക്കുകയാണ്,

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി[റ] എന്റെ അടുക്കൽ വന്ന് പഠിക്കാറുണ്ടായിരുന്നു. ഒരിക്കൽ ഞാനദ്ദേഹത്തോട് ചോദിച്ചു, മിയാ, താങ്കളുടെ പിതാവിന് ധാരാളമായി ഇൽഹാമുകളും യഥാർത്ഥത്തിലുള്ള സ്വപ്നങ്ങളും ഉണ്ടാകാറുണ്ട്. അത്തരത്തിലുള്ള ഇൽഹാമുകളോ സ്വപ്നങ്ങളോ താങ്കൾക്കും ഉണ്ടാകാറുണ്ടോ? അപ്പോൾ മിയാൻ സാഹിബ് പറയുകയാണ്, മൗലവി സാഹിബ് സ്വപ്നങ്ങൾ ഞാൻ ധാരാളാമായി കാണാറുണ്ട്. അതിലൊരു സ്വപ്നം ഞാൻ ഏറെകുറെ എല്ലാ ദിവസവും കാണാറുണ്ട്. തലയണയിൽ തല വെക്കുന്ന നേരം തൊട്ട് രാവിലെ ഏഴുന്നേൽക്കുന്നത് വരെ ഞാനിങ്ങനെ സ്വപ്നം കാണാറുണ്ട്.

ഞാൻ വലിയൊരു സൈന്യാധിപനായും, ചിലപ്പോൾ മഹാസമുദ്രങ്ങളെ മറികടന്ന് മുന്നോട്ട് ഗമിച്ചുകൊണ്ട് ശത്രുക്കളെ നേരിടുന്നതായും സ്വപ്നം കാണാറുണ്ട്. ചിലപ്പോൾ സമുദ്രം മുറിച്ചു കടക്കാൻ ഒന്നും കിട്ടിയില്ലെങ്കിൽ **സർകണ്ട* മുറിച്ചെടുത്ത് അതുകൊണ്ട് തോണിയുണ്ടാക്കി സമുദ്രം മുറിച്ചുകടന്ന് ശത്രുക്കളെ

*ഈറ്റയുടെ രൂപത്തിലുള്ള എന്നാൽ ഈറ്റയേക്കാൾ വളരെ നേരിയതും ശക്തി ഇല്ലാത്തതുമായ ഒരു കാട്ടു ചെടിയാണു ഉറുദുവിൽ വിളിക്കുന്ന സർക്കണ്ട.

ആക്രമിക്കുന്നതായും പലപ്പോഴും ഞാൻ കാണാറുണ്ട്. മിയാൻ മഹ്മൂദ് സാഹിബിൽ നിന്നു അദ്ദേഹത്തിന്റെ ഈ സ്വപ്നം കേട്ടതു മുതൽ ഈ കുട്ടി തീർച്ചയായും ഒരു കാലത്ത് ജമാഅത്തിന് നേതൃത്വം നൽകും എന്ന കാര്യം എന്റെ മനസ്സിൽ സ്ഥിരപ്രതിഷ്ഠ നേടുകയുണ്ടായി. ഈ കാരണത്താൽ അദ്ദേഹത്തിന്റെ മുന്നിൽ ഇരുന്ന് കൊണ്ട് പഠിപ്പിക്കുന്നത് ഞാൻ നിർത്തി. എന്റെ കസേരയിൽ ഞാൻ അദ്ദേഹത്തെ ഇരുത്തി, അദ്ദേഹത്തിന്റെ സ്ഥാനത്ത് ഞാൻ ഇരിക്കാനും തുടങ്ങി. സ്വപ്നം കേട്ട ശേഷം ഞാൻ അദ്ദേഹത്തോട് പറഞ്ഞു, മിയാൻ, താങ്കൾ വലിയ ആളായാൽ ഈയുള്ളവനെ മറക്കരുത്, താങ്കളുടെ കാരുണ്യകടാക്ഷം എന്റെ മേലും എന്നും ഉണ്ടാകണം കേട്ടോ.

കുട്ടിക്കാലത്ത് അദ്ദേഹത്തിനുണ്ടായിട്ടുള്ള ഇൽഹാമിനെ കുറിച്ച് അദ്ദേഹത്തോടൊപ്പം ഒന്നിച്ച് കളിക്കാറുണ്ടായിരുന്ന ഒരു പഴയ സുഹൃത്ത് പറയുകയാണ്,

ഞാൻ പറയാൻ പോകുന്ന ഈ കാര്യം ഒരു പക്ഷെ ജമാഅത്തിന്റെ സാഹിത്യങ്ങളിൽ ഏതിലെങ്കിലും പ്രസിദ്ധീകൃതമാവുകയോ, എവിടെ എങ്കിലും രേഖപ്പെടുത്തുകയോ ചെയ്തിട്ടുണ്ടാവാം. ഹുസൂർ തഅ്ലീമുൽ ഇസ്ലാം സ്കൂളിൽ കുട്ടികാലത്ത് എന്നോടൊപ്പം പഠിച്ചുകൊണ്ടിരുന്ന അവസരത്തിൽ ഹുസൂറിന് ഇൽഹാമുണ്ടായതായി വെളിപ്പെടുത്തിയ കാര്യം ഇവിടെ വിവരിക്കേണ്ടത് അനിവാര്യമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഹുസൂർ പറയുകയാണ്, താഴെ പറയുന്ന ആയത്ത് എന്നെ ദിവ്യവെളിപാടായി അല്ലാഹു അറിയിച്ചിട്ടുണ്ട്

جَاعِلُ الَّذِينَ اتَّبَعُوكَ فَوْقَ الَّذِينَ كَفَرُوا إِلَى يَوْمِ الْقِيَامَةِ

(നിന്നെ പിൻതുടരുന്നവരെ പുനരുത്ഥാന നാൾവരേയും നിഷേധിച്ചവർക്കുപരിയായ നിലയിൽ ആക്കുകയും ചെയ്യും)

തനിക്ക് ഇന്ന ഇന്ന ഇൽഹാമുകൾ ഉണ്ടായതായി, മസീഹ് മൗഊദിനെ അറിയിച്ചതായും ഹദ്റത്ത് മുസ്ലിഹ് മൗഊദ്[൧] എന്നോട്

---

ഇതു കൊണ്ട് മഷിയിൽ മുക്കി എഴുതുന്ന പേന ഉണ്ടാക്കാറുണ്ട്. കുടിലുകളുടെ മേൽകൂരയിലിടാനും ഇലകളോടു കൂടിയ ഈ ചെടി ഉപയോഗിക്കാറുണ്ട്. പഞ്ചാബിലും മറ്റു പല ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും സാധാരണയായി ഈ ചെടി കണ്ടുവരുന്നു. (വിവർത്തകൻ )

പറയുകയുണ്ടായി.

ചെറിയ പ്രായത്തിൽ ദൈവദർശനത്തിനുള്ള ഭാഗ്യമുണ്ടായി. ലണ്ടനിലെ അഹ്മദിയ്യാ പള്ളിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ധനത്യാഗത്തെക്കുറിച്ച് ചെയ്ത ഒരു ഖുത്തുബയുടെ അവസരത്തിൽ ഹുസൂർ പറയുകയാണ്.

ഇതുവരേയും എനിക്ക് പ്രധാനപ്പെട്ട മൂന്ന് കാര്യങ്ങളുമായി ബന്ധപ്പെട്ട് ദൈവദർശനത്തിനുള്ള ഭാഗ്യമുണ്ടായിട്ടുണ്ട്. ഏറ്റവും ആദ്യം, ചെറുപ്പകാലത്ത് ദീൻ പഠിക്കുന്നതിനും ദീനിന്റെ സേവനത്തിനുമായി എന്റെ ശ്രദ്ധ തിരിച്ചു. ആ അവസരത്തിൽ എനിക്ക് ദൈവദർശനമുണ്ടായി. മാത്രവുമല്ല, പുനരുത്ഥാനനാളും അല്ലാഹു എനിക്ക് കാണിച്ചു തന്നു. ഇത് എന്റെ ജീവിതത്തിൽ ഒരു വലിയ വിപ്ലവം തന്നെയാണ്  ഉണ്ടാക്കിയത്.

ഈ കുട്ടിക്ക് ചെറിയ പ്രായത്തിൽ തന്നെ അല്ലാഹുവുമായി ഒരു പ്രത്യേകബന്ധം ഉണ്ടെന്ന കാര്യം ഹദ്റത്ത് മസീഹ് മൗഊദി(അ)നും മനസ്സിലായിരുന്നു. ഖലീഫത്തുൽ മസീഹ് സാനി(റ) പറയുകയാണ്.

മാർട്ടിൻ ക്ലാർക്കുമായുള്ള കേസിന്റെ അവസരത്തിൽ ദുആ ചെയ്യുവാനായി മസീഹ് മൗഊദ്(അ) പലരോടും പറഞ്ഞിട്ടുണ്ടായിരുന്നു. ആ അവസരത്തിൽ എന്നോടും ദുആ ചെയ്യുവാനും ഇസ്തിഖാറ ചെയ്യുവാനും മസീഹ് മൗഊദ് ആവശ്യപ്പെട്ടിരുന്നു. അപ്പോഴുണ്ടായ ഒരു ദർശനത്തിൽ, നമ്മുടെ വീടിന് ചുറ്റും കാവൽക്കാർ നിൽക്കുന്നതായി ഞാൻ കണ്ടു. ഞാൻ വീടിന്റെ അകത്ത് പ്രവേശിച്ചുകൊണ്ട് കോണിപ്പടി ഉള്ള ഭാഗത്ത് കൂടി നിലവറയി(Basement)ൽ പ്രവേശിച്ചു. അവിടെ ഞാനെന്താണു കാണുന്നത്. അവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അഗ്നിക്കിരയാക്കുവാനായി നിർത്തിയിരിക്കുകയാണ്. മണ്ണെണ്ണ തളിച്ചുകൊണ്ട് കത്തിക്കാനുള്ള ശ്രമം നടക്കുകയാണ്. അതിനായി തീപെട്ടി ഉരച്ചുവെങ്കിലും തീ കത്തുന്നില്ല. അവർ തുടരെ തുടരെ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അവർക്ക് തീ കത്തിക്കാൻ സാധിക്കുന്നില്ല. ഞാൻ വല്ലാതെ പരിഭ്രമിച്ചു പോയി. എന്നാൽ ഞാൻ വാതിലിന്റെ ഉമ്മറപ്പടിയുടെ ഭാഗത്തേക്ക് നോക്കിയപ്പോൾ അവിടെ എഴുതിവെച്ചിരിക്കുന്നു. ''അല്ലാഹുവിന്റെ വരിഷ്ഠദാസരെ ഒരു തീയ്ക്കും എരിയ്ക്കുവാൻ സാധ്യമല്ല.' *(സവാനിഹ് ഫസ്‌ലെ ഉമർ,വാല്യം ഒന്ന്, പേജ് 152 ..154)*

## അല്ലാഹുവിന്റെ അപാരമായ പിൻതുണയുടേയും സഹായത്തിന്റേയും ഒരു രസകരമായ സംഭവം

ജനാബ് മൗലാനാ അബ്ദുർറഹ്മാൻ അൻവർ സാഹിബിന് വിവിധ സ്ഥാനങ്ങളിലിരുന്നു കൊണ്ട് ദീർഘകാലം ഹുസൂറിനോടൊപ്പം പ്രവർത്തിക്കുവാനുള്ള ഭാഗ്യമുണ്ടായിട്ടുണ്ട്. അദ്ദേഹം തന്റെ സുദീർഘമായ നിരീക്ഷണത്തിന്റേയും അനുഭവത്തിന്റേയും ചുരുക്കം വിവരിച്ചുകൊണ്ട് പറയുകയാണ്,

ഹുസൂർ ഒരു സാധാരണ മനുഷ്യനാണ് എന്നത് ഒരു യാഥാർത്ഥ്യമാണെങ്കിലും ഹുസൂറിന്റെ പ്രവർത്തനങ്ങളെ സൂക്ഷ്മ നിരീക്ഷണം നടത്തുന്ന ഒരാൾക്ക് ഈ വിശിഷ്ട വ്യക്തിയോടുള്ള അല്ലാഹുവിന്റെ സമീപനവും വളരെ പ്രത്യേകത നിറഞ്ഞതാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമുണ്ടാവുകയില്ല. എല്ലാ കാര്യങ്ങളിലും അല്ലാഹുവിന്റെ സഹായവും പരിപൂർണ്ണ പിൻതുണയും ഉണ്ടായിരിക്കും. ഹുസൂറിനു ഏതെങ്കിലും കാര്യത്തിൽ വല്ല അത്യാവശ്യവും നേരിടുകയും അത് ലഭിക്കുക എന്നത് ബാഹ്യമായ നിലയിൽ ഏറെക്കുറെ ദുഷ്കരമായി തോന്നുകയും ചെയ്യുന്ന എത്രയോ അവസരങ്ങളിൽ അല്ലാഹുവിന്റെ അതിരറ്റ അനുഗ്രഹവും കാരുണ്യവും കൊണ്ട് അത് ലഭിക്കാനുള്ള ബാഹ്യ ഉപാധികൾ സംജാതമായതായും എത്രയോ തവണ ഞാൻ കണ്ടിട്ടുണ്ട്. ഹുസൂറിന്റെ ഉദ്ദേശങ്ങളും താൽപര്യങ്ങളും പൂർത്തീകരിക്കുന്നതിനായി അല്ലാഹുവിന്റെ മലക്കുകൾ സദാസമയവും കർമ്മനിരതരായി നിൽക്കുന്നതു പോലെ നമുക്ക് തോന്നും.*(അൽ ഫുർഖാൻ. ഫസ്ലെ ഉമർ പ്രത്യേക പതിപ്പ്, ഡിസംബർ &ജനുവരി 1966 പേജ് 43)*

ഇത്തരത്തിലുള്ള ദൈവിക സഹായത്തിന്റേയും പിൻതുണയുടേയും എണ്ണമറ്റ ഉദാഹരണങ്ങളിൽ നിന്നും ഒന്ന് താഴെ ചേർക്കുന്നു.

ഹദ്റത്ത് ഫസ്ലെ ഉമർ(റ) അരുൾ ചെയ്യുകയാണ്, ഏതാനും വർഷം മുമ്പ് ഒരു വീട് നിർമ്മിക്കുന്നതിനായി പണത്തിന്റെ ആവശ്യം വന്നു. കണക്കെടുത്ത് നോക്കിയപ്പോൾ വീട് നിർമ്മാണവും അത്യാവശ്യം വേണ്ട ചില സൗകര്യങ്ങൾക്കുമായി പതിനായിരം രൂപ വേണമെന്ന് മനസ്സിലായി. എന്റെ സ്വത്തിൽ നിന്നുള്ള ഒരു ഭാഗം വിൽക്കുകയോ അല്ലെങ്കിൽ ആരോടെങ്കിലും കടം വാങ്ങുകയോ ചെയ്താലോ എന്ന് ഞാൻ ആലോചിച്ചു. ഈ ആലോചനകൾ

നടക്കുന്നതിന്നിടയിൽ ആറായിരം രൂപ അയക്കുന്നതായി ഒരു സുഹൃത്തിന്റെ കത്ത് വന്നു. ബാക്കി ഇനിയും വേണം നാലായിരം.

അതിന് ശേഷം ഒരു തഹസിൽദാർ സുഹൃത്തിന്റെ കത്ത് വന്നു. അതിൽ അദ്ദേഹം എഴുതുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തിന്റെ അടുക്കൽ വന്നിട്ട്, നമുക്ക് പതിനായിരം രൂപയുടെ ആവശ്യമുണ്ടെന്നും അതിൽ ആറായിരം രൂപ ശരിയായിട്ടുണ്ടെന്നും, ഇനി നാലായിരം കൂടി വേണമെന്നും ആ സംഖ്യ നിങ്ങൾ അയക്കേണമെന്നും പറയുന്നതായി സ്വപ്നം കണ്ടിരിക്കുന്നു.അദ്ദേഹം എഴുതുകയാണ്. എനിക്ക് ഈ സ്വപ്നത്തിന്റെ അർത്ഥം ഒന്നും മനസ്സിലായില്ല. താങ്കൾക്ക് വ്യക്തിപരമോ അല്ലെങ്കിൽ ജമാഅത്തിന്റെ വല്ല ആവശ്യത്തിനോ പണത്തിന്റെ ആവശ്യം നേരിട്ടിട്ടുണ്ടെങ്കിൽ എന്നെ അറിയിച്ചാലും. എന്റെ പക്കൽ നാലായിരം രൂപ ഉണ്ട്. താങ്കൾ പറയുകയാണെങ്കിൽ ഞാനത് അയച്ചുതരാം.

ഞാനദ്ദേഹത്തിന് എഴുതി, കാര്യങ്ങൾ തികച്ചും ഇങ്ങനെ തന്നേയാണ്. ആവശ്യമുള്ളത് എനിക്കാണ്. പക്ഷേ, അല്ലാഹു എന്നെക്കൊണ്ട് പറയിക്കുന്നതിന്ന് പകരം ആ സുഹൃത്തിനോട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കൊണ്ട് പറയിച്ചു. എനിക്ക് പതിനായിരം രൂപയുടെ ആവശ്യമുണ്ടെന്നോ അതിൽ ആറായിരം രൂപ ഒരു സുഹൃത്ത് അയച്ചു തന്നിട്ടുണ്ടെന്നോ ഇനി നാലായിരം കൂടി വേണമെന്നോ അദ്ദേഹത്തിന് ഒരിക്കലും അറിയില്ലായിരുന്നു. അതേപോലെ തന്നെ ഈ സുഹൃത്തിന്റെ പക്കൽ നാലായിരം രൂപ ഉണ്ടെന്ന് എനിക്കും അറിയില്ലായിരുന്നു. എന്നാൽ അല്ലാഹു സ്വന്തം നിലയിൽ എല്ലാ ഏർപ്പാടുകളും ഒരുക്കിത്തന്നു. അല്ലാഹു ഇത്തരത്തിലുള്ള പെരുമാറ്റം അവന്റെ പ്രത്യേകദാസരോട് സർവ്വ സാധാരണമായും സാധാരണ ദാസരോട് അപൂർവ്വമായും പ്രവർത്തിക്കുന്നു. എന്നാൽ യഥാർത്ഥ സഹായം അല്ലാഹുവിൽ നിന്ന് തന്നേയാണ് എല്ലാവർക്കും ലഭിക്കുന്നത്. *(അൽ ഫസൽ 11. 7. 1939, പേജ് 4, സവാനിഹ് ഫസ്ലെ ഉമർ വാള്യം അഞ്ച്, പേജ് 63 - 64)*

## ഖാജാ ഖിളർ ഞങ്ങൾക്ക് വേണ്ടി വിരുന്ന് ഒരുക്കിയാലും

അല്ലാഹുവുമായുള്ള ബന്ധത്തിന്റെ ഒരു രസകരമായ സംഭവം താഴെ വിവരിക്കാം.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അരുൾ ചെയ്യുകയാണ്.

ഒരിക്കൽ ഞാൻ ഒരു തോണിയിലിരുന്ന് പുഴയിൽ വിനോദ സഞ്ചാരം നടത്തുകയായിരുന്നു. ഭായി അബ്ദുർറഹീം സാഹിബും കൂടെ ഉണ്ട്. എന്റെ മകൻ നാസിർ അഹ്‌മദ് ചെറുപ്രായത്തിലുള്ള അവന്റെ സ്വഭാവമനുസരിച്ച് എന്നോട് പറഞ്ഞു, ഉപ്പാ, ഈ അവസരത്തിൽ നമുക്ക് ഒരു മത്സ്യം കിട്ടുമായിരുന്നുവെങ്കിൽ വളരെ നന്നായേനേ. പെട്ടെന്ന് എന്റെ ഹൃദയത്തിൽ ഒരു കാര്യം വന്നു. പൊതുവിൽ ജനങ്ങൾ ഖാജാ ഖിളറിനോട് അവരുടെ പല ആവശ്യങ്ങളും (മുറാദുകൾ) ചോദിക്കാറുണ്ട്. എന്റെ അഭിപ്രായത്തിൽ ഖിളർ അല്ലാഹുവിന്റെ ഒരു മലക്കാണ്. ആ മലക്കിന്റെ അധീനതയിലാണ് നദികളും പുഴകളുമുള്ളത്. നാസിർ അഹ്‌മദ് പറഞ്ഞപ്പോൾ, ഞാൻ പറഞ്ഞു, ഖാജാ ഖിളർ ഞങ്ങൾ അങ്ങയുടെ പ്രദേശത്തുകൂടെയാണു കടന്നു പോകുന്നത്. അതുകൊണ്ട് ഞങ്ങൾക്കു വേണ്ടി ഒരു വിരുന്ന് ഒരുക്കിയാലും. ഞങ്ങളുടെ ഭക്ഷണത്തിനായി ഒരു മത്സ്യം തന്നാലും. ഞാനിത് പറഞ്ഞപ്പോൾ ഭായീ അബ്ദുർറഹീം സാഹിബ് പറഞ്ഞു, അങ്ങനെ പറയരുത്, അങ്ങനെ പറയുന്നതിലൂടെ കുട്ടികൾക്ക് അതായത് നാസിർ അഹ്‌മദിന് പല തെറ്റായ ധാരണകളുമുണ്ടായേക്കും. പക്ഷേ, ഭായീജി തന്റെ വാചകം പൂർത്തിയാക്കുന്നതിന്നു മുമ്പ് തന്നെ പെട്ടെന്നതാ ഒരു വലിയ മത്സ്യം ഞങ്ങളുടെ വള്ളത്തിൽ ചാടി വീണു. ഞാൻ പറഞ്ഞു, ഭായീ ജി, ഇതാ വിരുന്നിനുള്ള സാധനമെത്തി. ഇതെന്താണ് സംഭവിച്ചത് എന്ന് ചോദിച്ചു കൊണ്ട് അദ്ദേഹം ആകെ ആശ്ചര്യപ്പെട്ടു. ഖാജാ ഖിളർ ഞങ്ങൾ അങ്ങയുടെ പ്രദേശത്തു കൂടി കടന്നു പോവുകയാണെന്നും ഞങ്ങൾക്ക് വിരുന്നൊരുക്കിയാലും എന്ന് ഞാൻ പറഞ്ഞപ്പോൾ ഭായീജി പറഞ്ഞു, താങ്കൾ എന്താണ് പറയുന്നത് ഖാജാ ഖിളർ എപ്പോഴെങ്കിലും വിരുന്ന് ഒരുക്കിയിട്ടുണ്ടോ എന്ന് പറയുമ്പോഴാണ് ഞങ്ങളുടെ വള്ളത്തിൽ വലിയ മത്സ്യം ചാടി വീണത്. ഞങ്ങൾ ആ മത്സ്യമെടുത്ത് പാകം ചെയ്ത് തബറുക്ക് എന്ന നിലയിൽ എല്ലാ സഹയാത്രികർക്കും അല്പാല്പം നൽകുകയുണ്ടായി. കാരണം അത് അല്ലാഹു നമുക്കായി ഒരുക്കിയ സൽക്കാരമായിരുന്നു.*(അൽഫദ്ൽ 22.5.1960, പേജ് 4-5,സവാനിഹ് ഫസ്‌ലെ ഉമർ വാല്യം 5, പേജ് 98)*

## അവിടെയുള്ള അല്ലാഹുവാണ് ഇവിടേയുമുള്ളത്

അബ്ദുൽ ബാസിത്ത് ശാഹിദ് സാഹിബ് വിവരിക്കുന്നു; 1953ൽ പഞ്ചാബിൽ ലഹള പൊട്ടിപ്പുറപ്പെടുകയും അഹ്മദികൾക്കെതിരിൽ അതിശക്തമായ രീതിയിൽ കുഴപ്പങ്ങൾ സൃഷ്ടിക്കപ്പെടുകയും, അഹ്മദികളുടെ വീടുകൾ അഗ്നിക്കിരയാക്കപ്പെടുകയും ചെയ്തപ്പോൾ, ഇവർ ഹുസൂറിനേയും ആക്രമിച്ചേക്കുമെന്നും അറസ്റ്റ് ചെയ്തേക്കുമെന്നും ഭയപ്പെടുകയുണ്ടായി. ആയിടക്ക് ഹുസൂറിന്റെ വീടായ ''കസ്റെ ഖിലാഫത്തും'' പരിശോധനക്ക് വിധേയമാക്കി. എന്നാൽ ഹുസൂർ അൽപം പോലും ഭയപ്പെടുകയോ ആശങ്കപ്പെടുകയോ ചെയ്തില്ല. സമാധാനത്തോടെ സ്വന്തം ജോലികൾ ചെയ്തുകൊണ്ടേയിരുന്നു. ഹുസൂറിനെ ജീവനു തുല്യം സ്നേഹിച്ചിരുന്ന അഭ്യുദയകാംക്ഷികൾ ഹുസൂറിനോട് ഇവിടെ നിന്നും കുറച്ചു നാൾ മാറി താമസിക്കാൻ ഉപദേശിച്ചു. കറാച്ചി ജമാഅത്തിലെ ചില മുതിർന്ന സഹോദരന്മാർ ഒരു പടി മുന്നോട്ട് കടന്നുകൊണ്ട് ഹുസൂറിനെ കൊണ്ടു പോകാനായി ഒരുങ്ങി റബ്വയിൽ വന്നു. ഈ കലാപവും പ്രക്ഷോപവും തെല്ലൊന്നടങ്ങുന്നതു വരെ ഹുസൂർ തങ്ങളോടൊപ്പം താമസിക്കണമെന്ന് അവർ ശഠിച്ചു. ഹുസൂർ എല്ലാ സഹോദരങ്ങളുടേയും അനുകമ്പാപൂർവ്വമായ അഭിപ്രായങ്ങൾ കേട്ട ശേഷം അൽപനേരത്തേക്ക് അകത്തേക്ക് പോയി. പിന്നീട് ദുആ ചെയ്യാൻ തുടങ്ങി. ദുആ പൂർത്തിയാക്കിയ ശേഷം ഹുസൂർ തിരിച്ചു വന്നു. എന്നിട്ട് എല്ലാവരോടുമായി പറഞ്ഞു, ഞാൻ ഒരിക്കലും ഇവിടെനിന്ന് പോകാൻ ഒരുക്കമല്ല. അവിടെ ഉള്ള അല്ലാഹു തന്നേയാണ് ഇവിടേയും ഉള്ളത്. അല്ലാഹു എന്നെ ഇവിടെ തന്നെ സംരക്ഷിച്ചു കൊള്ളും. എന്റെ മേൽ കൈവെക്കാൻ ശ്രമിക്കുന്നവൻ അല്ലാഹുവിന്റെ ശിക്ഷയേയും അവന്റെ പിടുത്തത്തേയും തൊ ട്ട് ഭയപ്പെട്ട് കൊള്ളട്ടെ. ഇതിന്നു ശേഷം ഏതാനും ദിവസം കൊണ്ട് തന്നെ രാജ്യത്ത് വലിയ വിപ്ലവം സംജാതമാവുകയും ജമാഅത്തിന്നെതിരിലുള്ള ശത്രുതയും എതിർപ്പും നുരയും പതയും പോലെ ഇല്ലാതാവുകയും അവരുടെ നേതാക്കളെ ദൈവിക ശിക്ഷ പിടികൂടുകയും ചെയ്തു.*(സവാനിഹ് ഫസ്ലെ ഉമർ, വാള്യം അഞ്ച്, പേജ് 360)*

## അല്ലാഹുവേ നീ എനിക്ക് ഒരു രൂപ നൽകിയാലും

അല്ലാഹുവിന് തന്റെ ഏതെങ്കിലും ദാസനോട് സവിശേഷരീതിയി

ലുള്ള ബന്ധമുണ്ടെങ്കിൽ എത്ര വലിയ പ്രതികൂല സാഹചര്യമുണ്ടായാലും അവൻ തന്റെ ആ ദാസന്റെ ആഗ്രഹം പൂർത്തിയാക്കുക തന്നെ ചെയ്യും. അല്ലാഹുവുമായി ഹുസൂറിന് ഉണ്ടായിരുന്ന ബന്ധത്തെ സൂചിപ്പിക്കുന്ന ഒരു സംഭവം താഴെ ചേർക്കുന്നു. അല്ലാഹുവിനോടുള്ള അതിരറ്റ സ്നേഹം കാരണം ഹുസൂർ ഒരിക്കൽ കൊഞ്ചിക്കൊണ്ട് തന്റെ ഹൃദയത്തിൽ ഒരാഗ്രഹം പ്രകടിപ്പിച്ചു. അല്ലാഹു അത് സഫലീകരിക്കുകയും ചെയ്തു. ഹുസൂർ വിവരിക്കുകയാണ്,

ഒരിക്കൽ ഞങ്ങൾ ഒരു പ്രദേശത്തു കൂടി യാത്ര ചെയ്യുന്ന അവസരത്തിൽ ഞാൻ അല്ലാഹുവിനോട് സ്നേഹാധിക്യത്താൽ കൊഞ്ചികൊണ്ട് ദുആ ചെയ്തു. അതെന്റെ യുവത്വകാലമായിരുന്നു. എന്റെ ദുആ സ്വീകരിക്കപ്പെടാൻ ബാഹ്യമായി യാതൊരു സാധ്യതയുമില്ല. കൊഞ്ചികൊണ്ട് ഞാൻ അല്ലാഹുവിനോട് പറഞ്ഞു, അല്ലാഹുവേ നീ എനിക്ക് ഒരു രൂപ നൽകിയാലും. അതായത് അതിനുള്ള സാഹചര്യമുണ്ടാക്കിയാലും. ആ സമയം ഞാൻ ജലന്ധർ ഹോശിയാർപൂർ ഭാഗത്തായിരുന്നു ഉണ്ടായിരുന്നത്. ''കാഠ്ഗഢി'ൽ നിന്നും തിരിച്ച് വരുന്ന സന്ദർഭമായിരുന്നു അത്. ഒരഹ്മദിയും ഇല്ലാത്ത പ്രദേശത്തു കൂടി യാത്ര ചെയ്യുമ്പോഴാണ് എനിക്ക് ഇങ്ങനെ ഒരു ചിന്ത വന്നത്. ഒരു പക്ഷേ, അല്ലാഹു തന്റെ ശക്തിപ്രഭാവം പ്രകടമാക്കാൻ ഉദ്ദേശിക്കുന്നത് കൊണ്ടായിരിക്കാം വനത്തിലൂടെയുള്ള യാത്രക്കിടയിൽ എന്റെ ഹൃദയത്തിൽ നിന്നും ഇത്തരത്തിലുള്ള ദുആ പുറപ്പെട്ടത്.

ഹാജി ഗുലാം അഹ്മദ് സാഹിബും ചൗധരി അബ്ദുസ്സലാം സാഹിബും എന്നോടൊപ്പം ഉണ്ടായിരുന്നു. ഞങ്ങൾ യാത്ര ചെയ്തു ഒരു ഗ്രാമത്തിലെത്തി. അവിടെ മുന്നു നാലുപേർ തങ്ങളുടെ വീടിനു വെളിയിൽ നിൽക്കുന്നത് കണ്ടയുടനെ തന്നെ ഹാജി സാഹിബും ചൗധരി അബ്ദുസ്സലാം സാഹിബും എന്റെ ഇടതും വലതും നിന്നു. എന്നിട്ട് അവർ പറഞ്ഞു, ''ഈ ഗ്രാമത്തിലെ ജനങ്ങൾ അഹ്മദിയ്യത്തിന്റെ കഠിന ശത്രുക്കളാണ്. ഏതെങ്കിലും അഹ്മദി അവരുടെ ഗ്രാമത്തിലൂടെ കടന്നു പോവുകയാണെങ്കിൽ പോലും അവർ വെറുതെ വിടാറില്ല. അഹ്മദിയാണെന്ന് മനസ്സിലായാൽ അവർ അയാളെ കഠിനമായി മർദ്ദിക്കുക യും ദ്രോഹിക്കുകയും ചെയ്തിരുന്നു. അതുകൊണ്ട് താങ്കൾ ഞങ്ങളുടെ മദ്ധ്യത്തിൽ നിന്നാലും.

താങ്കളെ അവർ ദ്രോഹിച്ചേക്കുമെന്ന് ഞങ്ങൾക്ക് ഭയമുണ്ട് അവരിൽ നിന്നൊരാൾ പെട്ടെന്ന് എന്റെ ഭാഗത്തേക്കോടി വന്നു. എന്നെ ആക്രമിക്കാനാണ് വരുന്നതെന്ന് കൂടെയുള്ളവർ കരുതി. അയാൾ എന്റെ അടുക്കൽ വന്ന് സലാം പറഞ്ഞു കൊണ്ട് ഒരു രൂപ നീട്ടിയിട്ട് പറഞ്ഞു, ഇത് അങ്ങേക്കുള്ള ഞങ്ങളുടെ ദക്ഷിണയാണ്. ഞാനതു വാങ്ങി മുന്നോട്ട് നീങ്ങി. ഞങ്ങൾ ആ ഗ്രാമത്തിൽ നിന്നും പുറത്ത് കടന്ന ശേഷം കൂടെയുള്ള നമ്മുടെ സുഹൃത്തുക്കൾ ആശ്ചര്യത്തോടെ പറഞ്ഞു, ഇയാൾ താങ്കളെ ആക്രമിക്കുമോ എന്ന് ഞങ്ങൾ ഭയപ്പെട്ടു കഴിയുമ്പോഴാണ് അയാൾ വന്നു ദക്ഷിണ നൽകിയത്. ഞാനവരുടെ ഈ വാക്കുകൾ കേട്ടപ്പോൾ, അല്ലാഹു തന്റെ ശക്തിപ്രഭാവം പ്രകടമാക്കാനും ജനഹൃദയങ്ങൾ തന്റെ കൈപ്പിടിയിലാണെന്നു നമ്മെ ബോധ്യപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതുകൊണ്ടുമായിരിക്കാം എന്റെ മനസ്സിൽ ഇത്തരത്തിൽ അല്ലാഹുവിനോട് ദുആ ചെയ്യുവാനുള്ള ചിന്ത ഉണ്ടായത് എന്ന് ഞാൻ കരുതി. ചുരുക്കത്തിൽ മനുഷ്യർക്കു ചിന്തിക്കുവാനോ ആലോചിക്കുവാനോ സാധിക്കാത്ത വഴിയിലൂടെയായിരിക്കും അല്ലാഹുവിൽ നിന്നുള്ള റിസ്ഖ് വന്നെത്തുന്നത്.*(സവാനിഹ് ഫസ്ലെ ഉമർ, വാള്യം അഞ്ച്, പേജ് 97)*

## ഞാൻ മരണത്തിന്റെ വക്കിലായിരുന്നു

അല്ലാഹുവുമായുള്ള ബന്ധത്തിന്റെ വലിയൊരു തെളിവ് നമസ്ക്കാരത്തോടുള്ള പ്രതിപത്തിയും സ്നേഹവുമാണ്. അവനുമായുള്ള ബന്ധം എത്രമാത്രം ശക്തമാണോ അത്രതന്നെ നമസ്ക്കാരത്തോടുള്ള പ്രീതിയും സ്നേഹവും ശക്തമായിരിക്കും. ഈ രീതിയിലുള്ള ഹുസൂറിന്റെ, അല്ലാഹുവുമായുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന ഒരു സംഭവം പറയാം.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്[റ] അരുൾ ചെയ്യുകയാണ്, ഞാൻ നന്നായി ഓർക്കുന്നു. കുറച്ചു വർഷങ്ങൾക്ക് മുമ്പ് ഒരിക്കൽ ഞാൻ ഓഫീസിൽ നിന്നും ഏഴുന്നേറ്റപ്പോൾ മഗ്‌രിബിന്റെ സമയത്തോടടുത്തിരിക്കുന്നു. സൂര്യൻ അസ്തമിക്കാറായിരിക്കുന്നു. പെട്ടെന്നാണ് ഞാൻ ചിന്തിച്ചത്, ഇന്ന് ജോലിയിൽ കൂടുതലായി വ്യാപൃതനായത് കാരണം അസർ നമസ്ക്കരിക്കാൻ ഞാൻ മറന്നുപോയിരിക്കുന്നു. ഈ ചിന്ത എന്റെ മനസ്സിൽ വന്ന ഉടനെ എനിക്ക് അതി

ശക്തമായ തലകറക്കം അനുഭവപ്പെട്ടു. ദു:ഖഭാരത്താൽ ഞാനിവിടെ ഇപ്പോൾ വീണു മരിച്ചുപോകുമെന്നെനിക്ക് തോന്നി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അപ്പോൾ തന്നെ, നമസ്ക്കാരനേരത്ത് ഒരാൾ വന്ന് പറഞ്ഞതും, ആ സമയം ഞാൻ നമസ്ക്കരിക്കുകയായിരുന്നു എന്ന കാര്യവും ഞാൻ ഓർത്തു. അതായത് ഞാൻ നമസ്ക്കരിച്ചിട്ടുണ്ട്. മറന്നിട്ടില്ല. ഈ കാര്യം എനിക്ക് ഓർമ്മ വന്നില്ലായിരുന്നുവെങ്കിൽ ദു:ഖഭാരം നിമിത്തം ഞാൻ അവിടെ തന്നെ വീണു മരിക്കുമായിരുന്നു.*(സവാനിഹ് ഫസ്‌ലെ ഉമർ, വാള്യം അഞ്ച്, പേജ് 61)*

## അവൻ താമസംവിനാ അവരുടെ മേൽ അനുഗ്രഹം ചൊരിയും

ഹദ്റത്ത് സയ്യിദ മെഹർ ആപ്പ(റ) വിവരിക്കുന്നു, 1953ലെ ലഹളയുടെ കാലം. ജമാഅത്തിനോടുള്ള ശത്രുത ഒന്നുകൊണ്ട് മാത്രം ഹദ്റത്ത് മിയാ നാസിർ അഹ്മദ്(ഖലീഫത്തുൽ മസീഹ് സാലിസ്) സാഹിബിനേയും ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബി(റ)നേയും അറസ്റ്റ് ചെയ്ത് ജയിലിലടച്ചിട്ടാണുള്ളത്. ഒരു വേനൽ കാലമായിരുന്നു അത്. ഞങ്ങൾ എല്ലാവരും സാധാരണപോലെ ഇശാ നേരത്ത് വരാന്തയിലിരുന്ന് ഭക്ഷണം കഴിക്കുകയായിരുന്നു. നാസിർ അഹ്മദും മിർസാ ശരീഫ് അഹ്മദ് സാഹിബും ഏത് അവസ്ഥയിലായിരിക്കുമെന്നറിഞ്ഞില്ല, ഈ അത്യുഷ്ണത്തിൽ അവരുടെ സ്ഥിതി എന്തായിരിക്കും, അവർക്ക് ജയിലിൽ വല്ല സൗകര്യവും ലഭിച്ചിട്ടുണ്ടാകുമോ എന്ന കാര്യം അല്ലാഹുവിന് മാത്രമേ അറിയാവൂ.

അപ്പോൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറഞ്ഞു, അല്ലാഹു അവരുടെ മേൽ കരുണ ചൊരിയുമാറാകട്ടെ. അവർ ഒരു കുറ്റവും ചെയ്തിട്ടില്ല എന്നതാണ് അവരുടെ കുറ്റം. ആയതിനാൽ അവൻ വൈകാതെ ഇവരുടെ മേൽ അനുഗ്രഹം ചൊരിയുമെന്ന് എനിക്ക് എന്റെ അല്ലാഹുവിൽ ദൃഢമായ വിശ്വാസവും, അവന്റെ മേൽ പരിപൂർണ്ണ ആശ്രയവുമുണ്ട്. പെട്ടെന്ന് ഹുസൂറിന്റെ മുഖത്തിന്റെ നിറം മാറി. ഹുസൂർ ഇശാ നമസ്ക്കാരത്തിനായി എഴുന്നേറ്റ് നിന്നു. നമസ്ക്കാരത്തിൽ ഹുസൂറിന്റെ വിലാപവും അസ്വസ്ഥതയും ഇന്നും എന്റെ കൺമുന്നിലുണ്ട്. എനിക്കത് മറക്കാനാവുകയില്ല. ഹുസൂറിന്റെ ആ വിലാപവും വ്യാകുലതയും ഉദ്വേഗം നിറഞ്ഞതായി

രുന്നു. അതോടൊപ്പം അല്ലാഹുവിലുള്ള പരിപൂർണ്ണ വിശ്വാസവും പ്രകടമായിരുന്നു. ഇതേ ദൃശ്യം ഞാൻ പിന്നീട് തഹജ്ജുദിലും കണ്ടു. തഹജ്ജുദിൽ അൽപം ഉച്ചത്തിൽ അങ്ങേയറ്റം വിനയഭാവത്തോടും ദയാവായ്പ്പോടും കൂടി ദുആ ചെയ്യുകയായിരുന്നു. പിന്നീട് നേരം പുലർന്നു. കത്തുകൾ വരേണ്ട സമയമായി. അതിലുള്ള ആദ്യ കമ്പി സന്ദേശം ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബും മിയാ നാസിർ അഹ്മദ് സാഹിബും മോചിതരായി എന്ന സന്തോഷവാർത്തയായിരുന്നു. എത്ര പെട്ടെന്നാണ് എന്റെ അല്ലാഹു ദുആ സ്വീകാര്യതയുടെ ദൃഷ്ടാന്തം പ്രകടമാക്കി തന്നത്.
*(അൽഫസൽ ഇന്റർനാഷനൽ, 25. 9. 2015 - 01.10.2015, പേജ് 14)*

# ഹദ്റത്ത് ഹാഫിസ് മിർസാ നാസിർ അഹ്മദ് സാഹിബ് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്)

ഹദ്റത്ത് മിർസാ നാസിർ അഹ്മദ് സാഹിബ് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പൗത്രനും ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ മകനുമാണ്. ഇദ്ദേഹം 1965 നവംബർ 9ാം തിയ്യതി ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടു. 1982 ജൂൺ 8നും 9നും ഇടയിലുള്ള അർദ്ധരാത്രി വഫാത്താവുകയും ചെയ്തു. ഏകദേശം പതിനാററ വർഷം ഖിലാഫത്തിന്റെ മഹനീയ സ്ഥാനം അലങ്കരിക്കുകയുണ്ടായി. ഈ കാലയളവിൽ ഹുസൂർ ആഫ്രിക്ക, അമേരിക്ക, കാനഡ, യൂറോപ്പ് എന്നീ രാജ്യങ്ങളിൽ യാത്രചെയ്യുകയും ജമാഅത്തിനെ സുദൃഢവും വ്യവസ്ഥാപിതമാക്കുകയും ഭൂമിയുടെ കോണുകളോളം ഇസ്ലാം അഹ്മദിയ്യത്തിന്റെ തബ്ലീഗ് എത്തിക്കുകയും ചെയ്തു. പ്രത്യേകിച്ചും പല തവണ യൂറോപ്പിലേക്ക് നടത്തിയ പര്യടനത്തിലൂടെ ഇസ്ലാമിക പ്രചരണ പ്രസിദ്ധീകരണ പ്രവർത്തനങ്ങൾക്ക് ശക്തി പകരുകയും ജമാഅത്തിലെ അംഗങ്ങളുടെ ശിക്ഷണകാര്യങ്ങൾക്ക് ഫലപ്രദമായ രീതിയിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തു. അതിലൂടെ അല്ലാഹുവി നോടും റസൂൽ കരീം(സ.അ)നോടും ഖിലാഫത്തിനോടുമുള്ള സ്നേഹവും ആത്മാർത്ഥതയും അവരുടെ ഹൃദയങ്ങളിൽ രൂഢമൂലമാക്കുവാൻ സാധിച്ചു. 1980 ഒക്ടോബർ 9ാം തിയ്യതി ഹുസൂർ സ്പെയ്നിലെ കോർഡോവ പട്ടണത്തിൽ മസ്ജിദ് ബശാറത്തിന് ശിലാസ്ഥാപന കർമ്മം നിർവഹിക്കുകയുണ്ടായി. 744 വർഷങ്ങൾക്ക് ശേഷം സ്പെയിനിൽ ആദ്യമായി നിർമ്മിക്കപ്പെടുന്ന പള്ളിയായിരുന്നു അത്. ഹുസൂറിന്റെ പതിനാററ വർഷത്തെ ഖിലാഫത്ത് കാലത്ത് പല മഹത്തായ പ്രവർത്തനങ്ങളും നടപ്പിൽ വരുത്തുകയുണ്ടായി. ഈ കാലങ്ങളിൽ ജമാഅത്തിന് പല പരീക്ഷണങ്ങളും ബുദ്ധിമുട്ടുകളും നേരിടേണ്ടി വന്നുവെങ്കിലും അതൊക്കെ തന്നെ ഹുസൂർ ധീരതയോടെ നേരിടുകയും ജമാഅത്തിന് പരിപൂർണ്ണമായ രീതിയിൽ സാന്ത്വനമേകുകയും ചെയ്തു.

അല്ലാഹു, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് اِنّا نُبَشِّرُكَ بِغُلَامٍ نَافِلَةً لَك

എന്ന ഒരു സുവിശേഷമറിയിച്ചിട്ടുണ്ടായിരുന്നു. നാം നിനക്ക് ഒരു പൗത്രന്റെ സുവിശേഷം നൽകുന്നു. ഈ സുവിശേഷം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്)യെ കുറിച്ചുള്ളതായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)ക്കും ഹദ്റത്ത് നാസിർ അഹ്മദ് സാഹിബിനെ കുറിച്ചുള്ള സുവാർത്ത നൽകപ്പെട്ടിട്ടുണ്ടായിരുന്നു. ഞാൻ നിനക്കൊരു മകനെ നൽകുമെന്നും അവൻ ദീനിന്റെ സഹായി(നാസിർ)യായിരിക്കുമെന്നും അവൻ ഇസ്‌ലാമിന്റെ സേവനത്തിനായി ഒരുങ്ങിയിരിക്കുന്നവനായിരിക്കുമെന്നും അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നുവെന്നു ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) വും അരുൾ ചെയ്തിട്ടുണ്ട്. *(അൽഫസൽ 8.4.1915)*

അങ്ങനെ അല്ലാഹു നൽകിയ സുവിശേഷം പോലെ അദ്ദേഹം യുവാവായിരിക്കുമ്പോൾ തന്നെ ഇസ്‌ലാമിക സേവനങ്ങൾക്കായി ഒരുങ്ങിക്കഴിഞ്ഞിരുന്നു. തന്റെ ജീവിതം ഇസ്‌ലാമിക സേവനത്തിനായി സമർപ്പിച്ച് കൊണ്ട് ഒരേ അവസരത്തിൽ ഒന്നിൽ കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തു കൊണ്ട് പല മഹത്തായ സേവനങ്ങൾ അദ്ദേഹം കാഴ്ച വെക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. അദ്ദേഹം തന്റെ യുവത്വകാലം മുതൽ മരണം വരെ തന്റെ ജീവിതത്തിലെ ഓരോ നിമിഷവും ഇസ്‌ലാമിക സേവനങ്ങൾക്കായി ചിലവഴിച്ചു എന്ന് പറഞ്ഞാൽ അത് തികച്ചും സത്യമായിരിക്കും. ഹുസൂറിന് അല്ലാഹുവുമായുള്ള ബന്ധത്തിന്റെ ഏതാനും സംഭവങ്ങൾ ചുവടെ ചേർക്കുന്നു.

## താങ്കൾ മസീഹാണെന്ന് ഞങ്ങൾ സമ്മതിക്കുന്നു

ഹദ്റത്ത് മുസ്‌ലിഹ് മൗഊദി(റ)നെ പോലുള്ള ഉൽകൃഷ്ട പിതാവിന്റെ അതിപരിശുദ്ധവും ആത്മീയനിർഭരവും സ്നേഹസമ്പന്നവുമായ ചുറ്റുപാടിൽ വളർത്തിയതിന്റെ ഫലമായി ചെറുപ്പത്തിൽ തന്നെ ഹദ്റത്ത് നാസിർ അഹ്മദ് സാഹിബ് വളരെ നന്മ നിറഞ്ഞ വ്യക്തിയും മുത്തഖിയുമായിരുന്നു. ദീനിനും ഇസ്‌ലാമിനും സേവനം ചെയ്യേണമെന്ന വികാരവിചാരത്തോടെ അദ്ദേഹം വളർന്നു. ഇസ്‌ലാമിക സേവനമെന്ന വികാരവും ദൈവികബന്ധമെന്ന ചിന്തയും ചെറുപ്പത്തിൽ തന്നെ അദ്ദേഹത്തിന്റെ ഹൃദയത്തിൽ അലയടിച്ചിരുന്നു.

യുവാവായിരുന്നപ്പോൾ ആ വികാരങ്ങൾ ഒരു ഉറുദു ഈരടികളിലൂടെ ബഹിർഗമിച്ചു. പ്രസ്തുത ഈരടിയിൽ ഹുസൂർ പറയുകയാണ്.

“നിശ്ചയമായും നാം ഭൗതിക കാര്യങ്ങൾ നിർവ്വഹിക്കുക തന്നെ ചെയ്യും. അതോടൊപ്പം തന്നെ അല്ലാഹു എന്ന ആത്മ സുഹൃത്തിനെ ഒരിക്കലും കൈവെടിയുകയുമില്ല.”

19 വയസ്സ് പ്രായമുള്ള അദ്ദേഹത്തിന്റെ നാവിലൂടെ പുറപ്പെട്ട ഈ ഈരടികൾ അല്ലാഹുവിനോടുള്ള സ്നേഹത്തിന്റേയും ബന്ധ ത്തിന്റേയും ഉദാഹരണമാണ്. വരും കാലങ്ങളിൽ അദ്ദേഹത്തിന്റെ അറിവ് ഏത് തലങ്ങളിലെത്തുമെന്നു ശരിയായ നിലയിൽ നമുക്കനു മാനിക്കാനാവുകയില്ല. അതേ കവിതയിൽ അദ്ദേഹം തുടർന്ന് പ റയുകയാണ്,

“ആകാശത്തിൽ ഒരു നക്ഷത്രം പോലെ ശോഭിച്ചുകൊണ്ട് മാർ ഗ്ഗഭ്രംശം സംഭവിച്ചിട്ടുള്ളവർക്ക് ഒരു മാർഗ്ഗദീപം പോലെ വഴികാട്ടി യാകും. ഇസ്‌ലാമിന്റെ സുന്ദര സന്ദേശമടങ്ങിയ സൗരഭ്യം എപ്രകാ രം എന്നെ ഉന്മാദത്തിലാറടിച്ചുവോ ആ സുഗന്ധത്താൽ ഞാൻ ലോക ത്തേയും സുഗന്ധത്തിലാറാടിക്കും. റസൂൽ കരീം(സ) കാണിച്ചു തന്ന വഴികളിലൂടെ സഞ്ചരിച്ചുകൊണ്ട് സ്വഭാവ വൈശിഷ്യത്താൽ ഞാൻ ശ്രേഷ്ഠത കൈവരിക്കുകയും അറിവിലും കഴിവിലും ഉയർന്നു കൊണ്ട് അന്ധകാരത്തിൽ പൂർണ്ണചന്ദ്രനായി തീരുകയും ചെയ്യും. എല്ലാ അറിവിന്റേയും ഉറവിടമായ അല്ലാഹുവിൽ നിന്നും അറിവ് സ്വീ കരിച്ചുകൊണ്ട് ലോകത്തുള്ളവർക്കായി ഞാനത് സമർപ്പിക്കും.”
*(ഹയാത്തെ നാസിർ, by മഹ്മൂദ് മുജീബ് അസ്ഗർ, പേജ് 58-59)*

ഈ ഈരടികളിൽ നിന്നും തന്റെ യുവത്വകാലം മുതൽ തന്നെ ഹുസൂർ മാനവരാശിയെ സേവിക്കുവാനുള്ള ആവേശത്തിലാ ണെ ന്നും, തന്റെ സൃഷ്ടാവും യജമാനനുമായ അല്ലാഹുവിൽ നിന്നുള്ള മാർഗ്ഗോപദേശത്തിനായി അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഒരു തീ ആളി കത്തുന്നുണ്ടെന്നും നമുക്ക് മനസ്സിലാക്കാം. ചുവടെ ചേർത്തിരിക്കുന്ന രസകരമായ സംഭവത്തിൽ നിന്നും യുവത്വകാലം മുതൽക്കേ ഹു സൂറിന് അല്ലാഹുവിനോടുണ്ടായിരുന്ന ബന്ധത്തിന്റെ നേർകാഴ്ച നമുക്ക് ലഭിക്കുന്നതാണ്.

രണ്ടാം ശക്തിപ്രഭാവത്തിൽ മൂന്നാം ഖലീഫയായി ആ മഹാത്മാ വ് തെരഞ്ഞെടുക്കപ്പെട്ട ആദ്യ അവസരത്തിൽ തന്നെ ഹുസൂറിന് പ്രൊഫസർ ഡോക്ടർ നാസിർ അഹ്മദ് ഖാൻ പർവേസിയുടെ ഒരു ചടങ്ങിൽ പങ്കെടുക്കാനായി ഫൈസലാബാദിൽ പോകേണ്ടി വന്നു.

ആ ചടങ്ങിൽ ഹുസൂറിന്റെ ഒരു സഹപാഠിയും പങ്കെടുത്തിരുന്നു. അഹ്മദിയല്ലാത്ത അദ്ദേഹം നവാബ് സാദാ ഹാമിദ് അഹ്മദ് ഖാൻ സാഹിബിന്റെ കുടുംബത്തിൽപ്പെട്ട ആളായിരുന്നു. അവിടെ വെച്ച് പർവാസിസാഹിബുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ അദ്ദേഹം പറഞ്ഞു, നിങ്ങൾക്ക് ലഭിച്ച പുതിയ സ്ഥാനത്തിന്ന് എല്ലാവിധ ആശംസകളും ഞാൻ നേരുന്നു. പിന്നീട് എല്ലാവരോടുമായി പറഞ്ഞു, ഞങ്ങൾ സതീർഥ്യരാണ്. ഇദ്ദേഹത്തിന്റെ പിതാമഹന്റെ (ഹദ്റത്ത് മസീഹ് മൗഊദ്(അ))ന്റെ കാര്യം ഞങ്ങൾക്കറിയില്ല, എന്നാൽ താങ്കൾ നുബുവ്വത്ത് വാദം പുറപ്പെടുവിക്കുകയാണെങ്കിൽ ഞങ്ങളത് സ്വീകരിക്കുമെന്ന് ഇദ്ദേഹത്തോട് ഞങ്ങൾ പറയാറുണ്ടായിരുന്നു. ഇത് യുവാക്കളുടെ പ്രായത്തിലുള്ളവരുടെ ഒരു തമാശയല്ല. മറിച്ച് ഇത് തികച്ചും ഹുസൂറിന്റെ ഹൃദയവിശുദ്ധിയും തഖ്‌വയും മറ്റുള്ളവരിൽ ഉളവാക്കുന്ന പ്രതികരണമായിരുന്നു.*(ഹയാത്തെ നാസിർ, by മഹ്മൂദ് മുജീബ് അസ്ഗർ, പേജ് 66..67)*

## എനിക്ക് ഭൗതിക ലോകത്തോട് യാതൊരു പ്രതിപത്തിയുമില്ല

ഉറുദുവിൽ ജവാനി ദീവാനി ഹെ എന്നൊരു ചൊല്ലുണ്ട്. അതായത് യുവത്വത്തിന് കണ്ണില്ല, അത് ഉന്മാദം നിറഞ്ഞതാണ്. അത് തെറ്റ് കുറ്റങ്ങൾ സംഭവിച്ചേക്കാവുന്ന കാലമാണ്. എന്നാൽ ഹുസൂറിന്റെ യുവത്വകാലം റസൂൽ കരീം(സ)നോടുള്ള സ്നേഹം കൊണ്ടും ഇസ്‌ലാമിനേയും മാനവരാശിയേയും സേവിക്കാനുമുള്ള അടങ്ങാത്ത ആവേശത്താലും നിർഭരമായിരുന്നു. യുവത്വകാലത്ത് തൗബ ചെയ്യുക എന്നത് പ്രവാചകന്മാരുടെ ചര്യയാണ് എന്ന ഫാർസിയിലെ ഈരടിയുടെ ഭാഗമായ ''ദർജവാനി തൗബ കർദൻ ശേവയെ പൈഗംബരി'' എന്നതിന്റെ ജീവിക്കുന്ന ഉദാഹരണമായിരുന്നു ഹുസൂർ. ഭൗതികമായ ആശകളും ആഗ്രഹങ്ങളും മനസ്സിൽ കൂടുതലായി ഞെരിപിരി കൊള്ളുന്ന കാലമാണല്ലോ യുവത്വം. എന്നാൽ ഹുസൂറിന്റെ ഹൃദയം ഇസ്‌ലാമിക സേവനത്തിനായി എന്നും ഒരുങ്ങി ഇരിപ്പായിരുന്നു. ഹുസൂറിന്റെ ഹൃദയവിശുദ്ധി തഖ്‌വ, അല്ലാഹുവിനോടുള്ള ഭയഭക്തി എന്നിവയെ കുറിച്ച് പലരും സാക്ഷ്യം പറഞ്ഞിട്ടുണ്ട്. താഴെ രണ്ട് സംഭവങ്ങൾ ചേർക്കുന്നു.

ഹുസൂർ വിദ്യാർത്ഥിയായിരുന്ന കാലത്ത് സാഹിബ് സാദാ

മിർസാ മുസഫർ അഹ്മദ് സാഹിബും കുടുംബത്തിലെ മറ്റ് ചില യുവാക്കളും അവധികാലം കഴിച്ചു കൂട്ടാനായി ഇംഗ്ലണ്ടിലെ ഡെവൺഷയറിൽ ഒരു ഇംഗ്ലിഷ് വനിതയുടെ ഫാമിൽ പോകാറുണ്ടായിരുന്നു. ഹുസൂറിന്റെ ഖിലാഫത്ത് കാലത്ത് ലണ്ടനിലെ മസ്ജിദ് ഫസലിന്റെ മുൻ ഇമാമായിരുന്ന ബശീർ അഹ്മദ് റഫീഖ് സാഹിബ് പ്രായം ചെന്ന ആ സ്ത്രീയോട് ഒരിക്കൽ ഹുസൂറിനെ കുറിച്ച് ചോദിച്ചപ്പോൾ അവർ പറഞ്ഞു, ''അതാ ആ കാണുന്ന മുറിയിലായിരുന്നു അവർ താമസിക്കാറുണ്ടായിരുന്നത്. അതിരാവിലെ ഞാൻ അവരുടെ മുറിക്കടുത്തു കൂടി പോകുമ്പോൾ വളരെ ആകർഷവും മോഹിപ്പിക്കുന്നതുമായ ഒരു മന്ദഗീതം ഞാൻ കേൾക്കാറുണ്ടായിരുന്നു. ചിലപ്പോൾ ഞാനാ മുറിയുടെ അടുത്തുചെന്നു കേട്ടു നിൽക്കാറുമുണ്ട്. ഒരിക്കൽ ഞാൻ നാസിറഹ്മദിനോടു ചോദിച്ചു, ഒരിക്കൽ പോലും വിട്ട് പോകാതെ എല്ലാ ദിവസവും രാവിലെ നീ എന്താണ് ചൊല്ലുന്നത്. നാസിർ അഹ്മദ് പറഞ്ഞു എന്റെ പവിത്ര ഗ്രന്ഥമായ ഖുർആൻപാരായണം ചെയ്യുന്ന ശബ്ദമാണത്. തുടർന്ന് ആ സ്ത്രീ പറഞ്ഞു, ഒരിക്കൽ വൈകുന്നേരഭക്ഷണത്തിന്ന് നാസിറും മറ്റ് കുട്ടികളും ഉണ്ടായിരുന്നു. ആ അവസരത്തിൽ ഓരോരാളും ഭാവിയിൽ എന്ത് ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത് എന്ന സംസാരം ഉണ്ടായി. ഓരോരാളും തങ്ങളുടെ ഭാവി പരിപാടി വിവരിച്ചു. നാസിറിന്റെ ഊഴം വന്നപ്പോൾ, നാസിർ പറഞ്ഞു, ഞാൻ ഇസ്ലാമിനെ സേവിക്കാനാണ് ഉദ്ദേശിക്കുന്നത്. അതിനായി ഞാൻ ജീവിതാർപ്പണം ചെയ്യുവാനുള്ള ദൃഢനിശ്ചയം ചെയ്തിട്ടാണുള്ളത്. എനിക്ക് മറ്റൊരു ആഗ്രഹവുമില്ല. എനിക്ക് ഭൗതിക ജീവിതത്തോടു യാതൊരു പ്രതിപത്തിയുമില്ല. *(ഹയാത്തെ നാസിർ, by മഹ്മൂദ് മുജീബ് അസ്ഗർ, പേജ് 104-105)*

## ആരായിരിക്കും ഖലീഫ എന്നെനിക്കറിയാം

മുൻ ലണ്ടൻ ഇമാം മസ്ജിദ് ആയ ജനാബ് ബശീർ അഹ്മദ് റഫീഖ് സാഹിബ് എഴുതുന്നു.1965ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) വഫാത്തായ അവസരത്തിൽ ഞാൻ ലണ്ടൻ പള്ളി ഇമാമായിരുന്നു.നമ്മുടെ ജമാഅത്തിന്റെ കേന്ദ്രത്തിൽ നിന്നും ആയിരക്കണക്കിന് ദൂരെയുള്ള ഞങ്ങൾ കേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾക്കും വിവരങ്ങൾക്കുമായി അക്ഷമരായി

കാത്തിരിക്കുകയും ദുആ ചെയ്തുകൊണ്ടിരിക്കുകയുമായിരുന്നു. മൂന്നാം ഖിലാഫത്തിൽ ആരായിരിക്കും അവരോധിക്കപ്പെടുക എന്നറിയുവാനായി അക്ഷമയോടെ ഉൽകൺഠാപൂർവ്വം കാത്തിരിക്കുകയായിരുന്നു. ഈ ഒരു വികാരത്തോടെ സഹോദരമാർ ലണ്ടൻ മിഷൻ ഹൗസിൽ ഒരുമിച്ച് കൂടിയിട്ടാണുള്ളത്.

ആ അവസരത്തിൽ നമ്മുടെ ബ്രിട്ടിഷ് അഹ്മദി മുസ്ലിം സഹോദരൻ ജനാബ് മർഹൂം ബിലാൽ നട്ടൽ സാഹിബ് എന്റെ അടുക്കൽ വന്നുകൊണ്ട് പറഞ്ഞു, ആരായിരിക്കും ഖലീഫയായി തിരഞ്ഞെടുക്കപ്പെടുക എന്നെനിക്കറിയാം. എനിക്ക് വളരെ ആശ്ചര്യമുണ്ടായി. ആരായിരിക്കും ആ സ്ഥാനത്ത് അവരോധിക്കപ്പെടുക എന്നു അദ്ദേഹം എങ്ങനെ അറിയാനാണ്. ജനാബ് ബിലാൽ നട്ടൽ സാഹിബ് എന്റെ കൈയിൽ ഒരു ഫോട്ടോ തന്നുകൊണ്ട് വികാരഭരിതനായി ഗദ്ഗദത്തോടെ പറഞ്ഞു, ഇത് സാഹിബ് സാദാ മിർസാ നാസിർ അഹ്മദ് സാഹിബിന്റെ ഫോട്ടോയാണ്. ലണ്ടൻ പള്ളിയുടെ തോട്ടത്തിൽ വെച്ചെടുത്ത ഈ ഫോട്ടോ അദ്ദേഹം എനിക്ക് വളരെ സ്നേഹപൂർവ്വം നൽകിയതാണ്. ജനാബ് മിർസാ നാസിർ അഹ്മദ് സാഹിബ് ഓക്സ്ഫോർഡ് യൂനിവേഴ്സിറ്റിയിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ മുതൽ എനിക്കദ്ദേഹത്തെ വളരെ അടുത്തറിയാം. അല്ലാഹുവിനോടുള്ള ഭയഭക്തി, ഉയർന്ന ധാർമ്മിക ഗുണങ്ങൾ, റസൂൽ തിരുമേനിയോടുള്ള അധമ്യമായ സ്നേഹം തുടങ്ങിയ ഉൽകൃഷ്ട സ്വഭാവങ്ങൾ ഞാൻ അദ്ദേഹത്തിൽ കണ്ടിരുന്നു. ഇതിന്റെ വെളിച്ചത്തിൽ അദ്ദേഹം മാത്രമാണ് ഈ സ്ഥാനത്തിനർഹനെന്നും അതിനാൽ ഖിലാഫത്തെന്ന അനർഘമായ അമാനത്ത് ജമാഅത്ത് അദ്ദേഹത്തിനെ മാത്രമേ ഏൽപിക്കുകയുള്ളുവെന്നും എനിക്ക് ദൃഢവിശ്വാസമുണ്ട്.

ജനാബ് ബിലാൽ നട്ടൽ മർഹൂമിന്റെ സാന്നിധ്യത്തിൽ തന്നെ ഹദ്റത്ത് മിർസാ നാസിർ അഹ്മദ് സാഹിബ് ഖിലാഫത്തെ സാലിസയുടെ മഹനീയ സ്ഥാനത്ത് അവരോധിക്കപ്പെട്ടതായി കേന്ദ്രത്തിൽ നിന്നും കമ്പി സന്ദേശം വന്നു. ഇപ്രകാരം ഒരു ബ്രിട്ടിഷ് നവ മുസ്ലിമിന്റെ ദീർഘദൃഷ്ടി വിലമതിക്കാനാവാത്ത ആ മുത്തിനെ അദ്ദേഹത്തിന്റെ യുവത്വകാലത്ത് തന്നെ തിരിച്ചറിയുകയും ഭാവിയിൽ അല്ലാഹു അദ്ദേഹത്തിലൂടെ മഹത്തായ സേവനങ്ങൾക്ക് നേതൃത്വം നൽകുന്നതാണെന്നും ബിലാൽ നട്ടൽ

സാഹിബ് കണ്ടെത്തിയിരുന്നു. ഹൃദയപരിശുദ്ധി, ദൈവഭയം, തഖ്വാ, റസൂൽ തിരുമേനിയോടുള്ള സ്നേഹം തുടങ്ങിയ ഹുസൂറിന്റെ ഉൽകൃഷ്ട ഗുണങ്ങൾക്ക് സാക്ഷിയാകാനുള്ള ഭാഗ്യവും അദ്ദേഹത്തിന്നുണ്ടായി.*(ഹയാത്തെ നാസിർ, by മഹ്മൂദ് മുജീബ് അസ്ഗർ പേജ് 103-104)*

## ജമാഅത്തിന്റെ ദാസ്യവൃത്തി എല്ലാ കുലീനതയേക്കാളും അന്തസ്സുറ്റതായി ഞാൻ കാണുന്നു

ഇസ്ലാമിക സേവനം ഏറ്റവും അന്തസുള്ളതായും തന്റെ ജീവിതം അതിനായി അർപ്പണം ചെയ്യുകയും അല്ലാതെയുള്ള ജീവിതം നിരർത്ഥകവും അനാവശ്യവുമായി കരുതുകയും ചെയ്യുക എന്നത് അല്ലാഹുവുമായും അവന്റെ റസൂലുമായും ഏറ്റവും അടുത്ത ബന്ധമുള്ള ഒരാളുടെ ചിന്താഗതികളായിരിക്കും. ഒരിക്കൽ ഹദ്റത്ത് മിർസാ നാസിർ അഹ്മദ് സാഹിബ് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) തന്റെ പിതാവ് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)വിന്ന് ഒരു കത്തയച്ചു. അത് നാം വായിക്കുകയും അറിഞ്ഞിരിക്കുകയും ചെയ്യേണ്ടതാണ്. ആ കത്തിന്റെ ഒരു ഭാഗം താഴെ ചേർക്കുന്നു. ഹദ്റത്ത് മിർസാ നാസിർ അഹ്മദ് സാഹിബ് എഴുതുകയാണ്.

എന്റെ യജമാനരെ,

അസ്സലാമു അലൈക്കും വറഹ്മത്തുള്ളാഹി വബറക്കാത്തുഹു.

ഒരു ഭാഗത്ത് കപട വിശ്വാസികളെകുറിച്ചുള്ള ഹുസൂറിന്റെ ഖുത്ബകൾ കേൾക്കാൻ സാധിക്കാറുണ്ട് മറ്റൊരു ഭാഗത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണികളും വായിക്കാൻ അവസരമുണ്ടാകാറുണ്ട്. ബി. എ യും എം. എ യും ബിരുദധാരികളാകാൻ ആഗ്രഹിക്കാത്ത ദീനിന്റെ സേവകരാകാൻ ആഗ്രഹിക്കുന്ന പാവപ്പെട്ടവരും നല്ലവരുമായ ആളുകളെയാണ് അങ്ങ് അന്വേഷിക്കുന്നതെന്നു അരുൾ ചെയ്തത് വായിച്ചപ്പോൾ അതെന്റെ മനസ്സിൽ വളരെ ആഴത്തിൽ പ്രതികരണങ്ങൾ സൃഷ്ടിക്കുകയും വല്ലാതെ സ്വാധീനിക്കുകയും ചെയ്തു.

ഞാൻ അങ്ങയുടെ സവിധത്തിൽ വിനീതമായി ഒരു കാര്യം സമർപ്പിക്കട്ടെ. ഹുസൂർ ഉചിതമെന്ന് കരുതുന്നുവെങ്കിൽ ഈയുള്ളവൻ മുമ്പ് ചെയ്തിരുന്നതുപോലെ ജമാഅത്തിന്റെ സേവനത്തി

നായി ഒരു നിമിഷം പോലും താമസിക്കാതെ ഉടൻ തന്നെ ഒരുക്കമാണ്. എനിക്കൊരിക്കലും ബി.എ ബിരുദധാരിയോ എം.എ ബിരുദധാരിയോ ആകാൻ ആഗ്രഹമോ അഭിലാഷമോ ഉണ്ടായിരുന്നില്ല എന്നതിന് അല്ലാഹു സാക്ഷിയാണ്. ഈ കാര്യങ്ങൾ വെളിപ്പെടുത്താൻ മുമ്പ് സാധിച്ചില്ല. മറ്റ് ചില ചിന്തകളാണ് ഇതിപ്പോൾ പ്രകടിപ്പിക്കാൻ എന്നെ നിർബന്ധിച്ചത്. ഈയുള്ളവൻ വഖ്ഫ് ചെയ്തവനാണെങ്കിലും വീണ്ടും എന്നെ സ്വയം ഹുസൂറിന് മുന്നിൽ സമർപ്പിക്കുകയാണ്. ഈ സമയം മുതൽ ഈയുള്ളവൻ അഹ്മദിയ്യത്തിന്റെ സേവനത്തിന്നൊരുക്കമാണ്. ജമാഅത്തിന്റെ ദാസ്യവൃത്തി എല്ലാ കുലീനതയേക്കാളും ശ്രേഷ്ഠതയേക്കാളും അന്തസ്സുള്ളതാണെന്നു മനസ്സിലാക്കുകയും ഈ സേവനത്തിൽ നിന്നും വിട്ട് നിന്നുകൊണ്ടുള്ള ജീവിതം വ്യർത്ഥവും നിരർത്ഥകവുമാണെന്ന് മനസ്സിലാക്കുകയും ചെയ്യുന്നു.

വസ്സലാം,

വിനീതൻ, മിർസാ നാസിർ അഹ്മദ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വിന്ന് ഈ കത്ത് കിട്ടിയപ്പോൾ ഉണ്ടായ സന്തോഷവും മനസ്സമാധാനവും ഹുസൂർ തന്റെ ഒരു കത്തിൽ പ്രകടിപ്പിക്കുകയുണ്ടായി. അതിന്റെ ഒരു ഭാഗം ചുവടെ ചേർക്കുന്നു.

പ്രിയമുള്ള നാസിർ അഹ്മദ്,

അസ്സലാമു അലൈക്കും വറഹ്മത്തുള്ളാഹി വബറക്കാത്തുഹു

അല്ലാഹു നിന്റെ ഉദ്ദേശങ്ങളിൽ അനുഗ്രഹം ചൊരിയുമാറാകട്ടെ. ഞാൻ ഈ കാര്യങ്ങളെ കുറിച്ചൊക്കെ നന്നായി ബോധവാനായിരുന്നിട്ടും നിന്നോട് പറയാൻ ഇഷ്ടപ്പെട്ടിരുന്നില്ല. നന്മ നിറഞ്ഞതും ധർമ്മനിഷ്ഠയുമുള്ള തീരുമാനങ്ങൾ കൈകൊള്ളാൻ നിനക്ക് സ്വയം സാധിക്കട്ടെ എന്ന് ഞാൻ അല്ലാഹുവിനോട് ദുആ ചെയ്യാറുണ്ട്. കാരണം എന്റെ പ്രേരണയാൽ നിന്റെ ഉദ്ദേശങ്ങൾ മാറുന്നതിലൂടെ നിനക്കുള്ള അല്ലാഹുവിന്റെ പ്രതിഫലമായിരിക്കും നഷ്ടമാകുന്നത്. അൽഹംദുലില്ലാഹ്. ഏതായാലും നിന്റെ ശ്രദ്ധ ഈ ഭാഗത്തേക്ക് തിരിഞ്ഞുവല്ലോ?*(ഹയാത്തെ നാസിർ, by മഹ്മൂദ് മുജീബ് അസ്ഗർ, പേജ് 107 108)*

## ശേർവാനി കറങ്ങിക്കൊണ്ടിരുന്നു

അല്ലാഹുവിന്റെ പ്രത്യേകമായ പിൻതുണയുടേയും സഹായത്തിന്റേയും ഒരു രസകരമായ സംഭവം ചുവടെ ചേർക്കുകയാണ്. ഇതിലൂടെ ഹുസൂറിനുണ്ടായിരുന്ന ദൈവിക ബന്ധം കൂടുതൽ വെളിവാകുന്നത് കാണാം

1979-1980 കാലഘട്ടത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) ഇസ്ലാമാബാദിൽ മഗ്രിബ് ഇശാ നമസ്ക്കാരത്തിന്ന് ശേഷം നടന്ന "മജ്ലിസെ ഇർഫാനി(ചോദ്യോത്തര സദസ്സ്)ൽ ഹുസൂറിനെ അറസ്റ്റ് ചെയ്തതുമായി ബന്ധപ്പെട്ട ഒരു കാര്യം വിവരിക്കുകയുണ്ടായി. അറസ്റ്റിന്റെ ആ അവസരത്തിൽ ഹുസൂർ ലാഹോറിലായിരുന്നു ഉണ്ടായിരുന്നത്. ഭാര്യ സയ്യിദ മൻസൂറ ബേഗം സാഹിബയെ പ്രസവത്തിനായി ലാഹോർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു വന്നതേ ഉള്ളു. സാഹിബ് സാദാ മിർസാ ലുഖ്മാൻ അഹ്മദ് സാഹിബ് ജനിക്കാൻ പോവുകയായിരുന്നു. തഹജ്ജുദിന് ശേഷം അൽപം കിടക്കാനായി തലയിണയിൽ തല വെച്ചപ്പോൾ, അറസ്റ്റ് ചെയ്യപ്പെടും എന്ന് ഇൽഹാമുണ്ടായി. അതിന് ഏതാനും നിമിഷങ്ങൾക്ക് ശേഷം മിലിറ്ററി ഉദ്യോഗസ്ഥരെത്തി. അവർ വീട് മുഴുവനും പരിശോധിക്കാൻ തുടങ്ങി. അലമാരിയിൽ തൂക്കിയിട്ടിരിക്കുന്ന ശേർവാനി പരിശോധിക്കാനായി ഓഫീസർ ശേർവാനിയുടെ കീശയിൽ കൈയിടാൻ തുടങ്ങി. ആ ശേർവാനിയുടെ കീശയിൽ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബിന്റെ ഒരു കത്തുണ്ടായിരുന്നു. ആ കത്തിൽ പ്രത്യേകിച്ചൊന്നും ഇല്ല. അതുകൊണ്ട് യാതൊരു അപകടവും സംഭവിക്കാനുമില്ല. എന്നിരുന്നാലും അതയാൾ വായിക്കുന്നത് ഞാൻ ഇഷ്ടപ്പെട്ടിരുന്നില്ല. പരിശോധകനായ ഓഫീസർ ശേർവാനിയുടെ ഒരു കീശ പരിശോധിച്ച ശേഷം കത്തുണ്ടായിരുന്ന അടുത്ത കീശയിൽ കൈയിടാൻ നോക്കുമ്പോഴേക്കും ശേർവാനി ഒന്നു കറങ്ങി. അയാളുടെ കൈ ആദ്യം പരിശോധിച്ച കീശയിൽ തന്നെ കയറി. ഇപ്രകാരം രണ്ട് മൂന്ന് പ്രാവശ്യം സംഭവിച്ചു. തൂക്കിയിട്ടിരിക്കുന്ന ശേർവാനി അയാൾ പരിശോധിക്കുന്നതിന്നിടയിൽ കറങ്ങിയതു കാരണം ഓരോ പ്രാവശ്യവും പരിശോധിച്ച കീശയിൽ തന്നെയാണ് അയാൾ വീണ്ടും വീണ്ടും കൈയിടുന്നത്. അങ്ങിനെ അല്ലാഹുവിന്റെ പ്രത്യേക ഹിക്മത്തിലൂടെ ആ കത്ത് അയാൾക്ക് കിട്ടിയില്ല. അവസാനം അറസ്റ്റ് ചെ

യ്യാൻ വന്ന ഓഫീസറോട്, ഞാൻ പറഞ്ഞു താങ്കൾ വരുന്നത് എനിക്കറിയാമായിരുന്നു. ഞാൻ നിങ്ങളെ കാത്തിരിക്കുകയായിരുന്നു. എന്നാൽ നിങ്ങൾ എത്താൻ വൈകി. *(ഹയാത്തെ നാസിർ, by മഹ്മൂദ് മുജീബ് അസ്ഗർ, പേജ് 171-172)*

## തടവിൽ ഒരത്ഭുത ദൃഷ്ടാന്തം

1969ലെ ജൽസ സാലാനയിൽ സ്ത്രീകളെ അഭിസംബോധനചെയ്ത് കൊണ്ട് നടത്തിയ പ്രസംഗത്തിൽ ഹുസൂർ പറഞ്ഞു,

അന്യായമായ രീതിയിൽ എന്നെ ഒരിക്കൽ ജയിലിലടച്ച കാര്യം ഞാൻ പലതവണ പറഞ്ഞിട്ടുണ്ടായിരുന്നു. അതൊരു വേനൽക്കാലമായിരുന്നു. ഒരൽപം പോലും കാറ്റ് ലഭിക്കാത്ത ഒരു ചെറിയ ഇടുങ്ങിയ മുറിയിലായിരുന്നു ആദ്യരാത്രി ജയിലിൽ എന്നെ പാർപ്പിച്ചത്. പിറ്റെ ദിവസം വധശിക്ഷക്ക് വിധേയരാക്കേണ്ടവരെയായിരുന്നു ഇത്തരത്തിലുള്ള ഇടുങ്ങിയ മുറിയിൽ പാർപ്പിക്കാറ്. കിടത്തം നിലത്ത്. പുതക്കാൻ പഴകി ദ്രവിച്ച ഒരു പുതപ്പുണ്ട്. അതാണ് ആകെയുള്ളത്. തലക്ക് വെക്കാൻ എന്റെ അച്കനുണ്ട്(അൽപം ഇറുകിയ നീളൻ കോട്ട്). ഞാനാ അവസരത്തിൽ ദുആ ചെയ്തു. അല്ലാഹുവേ, ഞാൻ അക്രമം പ്രവർത്തിച്ചതു കൊണ്ടോ മോഷണം നടത്തിയതു കൊണ്ടോ ആരുടെയെങ്കിലും വസ്തുക്കൾ പിടിച്ചു പറിച്ചതുകൊണ്ടോ അതുമല്ലെങ്കിൽ മറ്റെന്തെങ്കിലും കുറ്റം ചെയ്തതു കൊണ്ടോ അല്ല ഇവിടെ എത്തിയത്. നിന്റെ നാമം വാഴ്ത്തുകയും ഉയർത്തുകയും ചെയ്ത ഒരൊറ്റ കാരണത്താലാണ് ഞാൻ ഇവിടെ എത്തിയതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. റസൂൽ കരീം(സ)നോടുള്ള സ്നേഹം ഹൃദയങ്ങളിൽ കുടിയിരുത്തുന്നതിന്നു വേണ്ടി മാത്രം സ്ഥാപിക്കപ്പെട്ട ഈ ജമാഅത്തിൽ ഞാൻ അംഗമായിരിക്കുന്നു. എന്റെ നാഥാ, ഞാൻ ഇവിടെ എത്തിയതുകൊണ്ട് എനിക്ക് യാതൊരു മാനസിക ശാരീരിക ബുദ്ധിമുട്ടുകളോ പരാതിയോ പരിഭവമോ ഇല്ല. നീ എനിക്ക് ത്യാഗം ചെയ്യുവാനുള്ള ഒരവസരം നൽകിയതിൽ ഞാൻ സന്തോഷവാനാണ്.എന്റെ ദൃഷ്ടിയിൽ ഇതത്ര വലിയ ത്യാഗമൊന്നുമല്ല. ഈ ത്യാഗത്തിന് ഞാൻ യാതൊരു വിലയും കൽപിക്കുന്നുമില്ല. എന്നാൽ കാറ്റ് കടക്കാനുള്ള യാതൊരു മാർഗ്ഗവും ഇല്ലാത്ത ഈ ഇടുങ്ങിയ മുറിയിൽഎനിക്ക് ഉറങ്ങാൻ സാധിക്കുകയില്ല എന്നതും ഒരു യാഥാർത്ഥ്യമാണ്. ഞാൻ ഇങ്ങനെ

ദുആ ചെയ്ത് കൊണ്ടിരിക്കുകയായിരുന്നു. എന്റെ കണ്ണുകൾ അടഞ്ഞാണുണ്ടായിരുന്നത്.

യാതൊരു അതിശയോക്തിയുമില്ലാതെ ഞാൻ നിങ്ങളോട് പറയട്ടെ. അതിന് ശേഷം എന്റെ സമീപത്ത് ഒരു എയർകണ്ടീഷണർ ഉള്ളതായും അതിലൂടെ വളരെ തണുത്ത കാറ്റ് അടിക്കുന്നതായും എനിക്കനുഭവപ്പെടാൻ തുടങ്ങി. ഞാനാ സുഖത്തിൽ ഉറങ്ങിപ്പോയി.
*(ഹയാത്തെ നാസിർ, by മഹ്മൂദ് മുജീബ് അസ്ഗർ, പേജ് 173)*

## പോകൂ ഇവിടെ നിന്ന്

1954ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യുടെ നിർദ്ദേശമനുസരിച്ച് ഹുസൂർ സാലിസ്(റഹ്) തഅ്ലീമുൽ ഇസ്ലാം കോളേജ് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയായിരുന്നു. അതിശക്തമായ വെയിലിന്റേയും കഠിനമായ ഉഷ്ണത്തിന്റേയും ദിനങ്ങളായിരുന്നു അത്. ഹുസൂർ കാലാവസ്ഥയുടെ കാഠിന്യം വകവെക്കാതെ തന്റെ യജമാനന്റെ കൽപനയനുസരിച്ച് നിർമ്മാണ പ്രവർത്തനങ്ങളിൽ ദിനരാത്രം മുഴുകിയിരിക്കുകയാണ്. ആ അവസരത്തിൽ ഈമാൻ വർദ്ധനവിനുതകുന്ന ഒരു സംഭവമുണ്ടായി. അതും ഹുസൂറിന്റെ, അല്ലാഹുവുമായുള്ള ബന്ധത്തിന്റെ ശക്തമായൊരു ഉദാഹരണമാണ്. റബ്വയിലെ തഅ്ലീമുൽ ഇസ്ലാം കോളേജ് പ്രിൻസിപ്പൽ ജനാബ് ചൗധരി മുഹമ്മദലി സാഹിബ് എഴുതുന്നു.

അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടേയും ഔദാര്യങ്ങളുടേയും ആശ്ചര്യകരമായ പല പല ദൃഷ്ടാന്തങ്ങൾ പലപ്പോഴും പ്രകടമാകാറുണ്ട്. കോളേജ് നിർമ്മാണവസരത്തിൽ കോളേജിന്റെ ഹാളിനുള്ള ലിന്റൽ (lintel) വാർക്കുന്നതിനായി വലിയ അളവിൽ കോൺക്രീറ്റ് വെള്ളമൊഴിച്ച് മിക്സ് ചെയ്ത് തയ്യാറാക്കി വെച്ചപ്പോഴേക്കും ആകാശം ഇരുണ്ടു. കറുത്ത മേഘങ്ങളാൽ മൂടി. നിമിഷങ്ങൾക്കകം മഴപെയ്യുമെന്ന നിലയായി. ആ അവസരത്തിൽ ഹുസൂർ മേഘത്തിനു നേരെ വിരൽ ചൂണ്ടിക്കൊണ്ട് പറഞ്ഞു, അതിന്റെ ചുരുക്കം ഇതാണ്. ഒരു പാവം ജമാഅത്ത് സ്വരൂപിച്ചുണ്ടാക്കിയ കാശാണിത്. നീ പെയ്താൽ ഇത് മുഴുവനും നഷ്ടപ്പെടും. അതുകൊണ്ട് നീ പോ ഇവിടെ നിന്ന്. പെയ്യരുതിവിടെ. ഇതൊരു തരത്തിൽ അല്ലാഹുവിനോടുള്ള ഹുസൂറിന്റെ സഹായമഭ്യർത്ഥനയും പരിദേവന

വുമായിരുന്നു. അത് അല്ലാഹു സ്വീകരിച്ചു. മേഘങ്ങൾ വന്നതുപോലെ തന്നെ എങ്ങോ പോയി മറഞ്ഞു.*(ഹയാത്തെ നാസിർ, by മഹ്മൂദ് മുജീബ് അസ്ഗർ, പേജ് 189)*

## അല്ലാഹുവിന് എന്റെ സംശയം ദൂരീകരിക്കേണമായിരുന്നു

ഹുസൂറിന്റെ തഹജ്ജുദ് നമസ്ക്കാരവുമായി ബന്ധപ്പെട്ട് മകൾ സാഹിബ് സാദി അമത്തുശ്ശക്കൂർ സാഹിബ ഒരു സംഭവം വിവരിക്കുകയുണ്ടായി. അവർ പറയുകയാണ്,

സാധാരണക്കാരായ ജനങ്ങൾ പലപ്പോഴും തങ്ങൾ തഹജ്ജുദ് നമസ്ക്കരിക്കുന്നതിനെ കുറിച്ചു സംസാരിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ ഉപ്പ ഒരിക്കലും അങ്ങനെ ചെയ്യാറില്ല. ഉപ്പ തഹജ്ജുദ് നമസ്ക്കരിക്കുന്നത് ഒരിക്കൽ പോലും ഞാൻ കണ്ടിട്ടുമില്ല. അല്ലാഹുവിന് എന്റെ ഈ സംശയം ദൂരീകരിക്കണമായിരുന്നു. ഒരിക്കൽ അർദ്ധരാത്രി വല്ലാത്ത ദാഹം കാരണം ഞാൻ ഞെട്ടി ഉണർന്നു. വെള്ളം കുടിക്കാൻ ഉപ്പ ഉറങ്ങുന്ന മുറിയിലൂടെ എനിക്ക് പോകേണ്ടി വന്നു. ഉപ്പ അപ്പോൾ തഹജ്ജുദ് നമസ്ക്കരിക്കുകയായിരുന്നു. ഞാൻ വെള്ളം കുടിച്ചു മടങ്ങിയപ്പോഴേക്കും ഉപ്പ നമസ്ക്കരിച്ചു കഴിഞ്ഞിരുന്നു. ആ അരണ്ട വെളിച്ചത്തിൽ ഞാൻ ഉപ്പാന്റെ മുഖം കണ്ടു. ഞാൻ ഉപ്പാന്റെ എന്തോ കള്ളത്തരം കണ്ട് പിടിച്ചതു പോലെ ഉപ്പാന്റെ മുഖത്ത് നാണവും ലജ്ജയും ഉണ്ടായിരുന്നു.*(ഹയാത്തെ നാസിർ, by മഹ്മൂദ് മുജീബ് അസ്ഗർ, പേജ് 217 218)*

## അല്ലാഹുവിനോടുള്ള പ്രേമം

ഹുസൂറിന്റെ രണ്ടാമത്തെ ഭാര്യ സയ്യിദ താഹിറ സിദ്ധീഖ നാസിർ സാഹിബ വിവരിക്കുന്നു, ഹുസൂറിന് തന്റെ റബ്ബുമായി ഉണ്ടായിരുന്ന ബന്ധത്തിന്റെ ആഴവും പരപ്പും എത്രമാത്രം വലുതായിരുന്നുവെന്ന് എനിക്കറിയില്ല. അത് വിവരിക്കുവാനുള്ള കഴിവും എനിക്കില്ല. ഹുസൂർ തന്റെ പ്രസംഗങ്ങളിലും ഖുത്ബകളിലും പലപ്പോഴും ഉപയോഗിക്കാറുള്ള ഒരു പദം ഇന്നും എന്റെ കർണ്ണപുടങ്ങളിൽ മധുരം നിറക്കാറുണ്ട്. 'റബ്ബ്'എന്ന പദം അതെത്രമാത്രം സ്നേഹത്തോടും മമതയോടും പ്രതിപത്തിയോടും കൂടിയാണ് ഹുസൂർ ഉപയോഗിച്ചിരുന്നത്. ആ വാക്ക് വെളിപ്പെടുത്തുന്ന രീതി തന്നെ അത്യധികം ആകർഷകമാണ്. ലോകത്ത് യഥാർത്ഥ തൗഹീദ്

സ്ഥാപിതമാകണം, മുഴുലോകവും ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ)ന്റെ കൊടിക്കീഴിൽ അണിനിരക്കണം എന്നതായിരുന്നു ഹുസൂറിന്റെ ജീവിത ലക്ഷ്യവും ഹൃദയ വികാരങ്ങളും. അതിനായി തന്റെ നാഥൻ സമക്ഷം എല്ലായിപ്പോഴും യാചിക്കുകയായിരുന്നു. ഹുസൂർ ദുആ ചെയ്യുകയാണ്, ഞങ്ങളുടെ അല്ലാഹുവേ, ഞങ്ങളുടെ പ്രിയപ്പെട്ട നാഥാ, നിന്റെ ബലഹീനരും ഭൗതികോപാധികൾ ഒന്നും തന്നെ ഇല്ലാത്തവരുമായ ഞങ്ങൾക്ക് ജനഹൃദയങ്ങൾ ജയിച്ചടക്കിക്കൊണ്ട് അവരെ നിന്റെ കാൽക്കൽ കൊണ്ടുവന്നിടാൻ നീ ശക്തി നൽകേണമേ. ലോകത്തുള്ള മുഴുവൻ വീടുകളും ആ വീട്ടിൽ താമസിക്കുന്ന മുഴുവൻ പേരുടേയും ഹൃദയത്തിൽ നിന്നും ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർറസൂലുള്ളാഹ് എന്ന ധ്വനിയും നാദവും ലോകത്തുള്ള എല്ലാ ഭാഷയിലും അല്ലാഹു അക്ബർ എന്ന ധ്വനിയും ഉയരാൻ നീ സഹായിക്കേണമേ. *(ജൽസാ സാലാനയിലെ ദുആകൾ, പേജ് 18)*

വീണ്ടും അല്ലാഹുവിന്റെ സന്നിധിയിൽ ഹുസൂർ വിനയപുരസ്സരം ബോധിപ്പിക്കുകയാണ്,

റഹ്മാനായ അല്ലാഹുവേ, നീ ഈ കൈകൾക്ക് ശക്തി പകരേണമേ. നിന്റെ തേജസ്സും മാഹാത്മ്യവും റസൂൽ തിരുമേനിയുടെ മഹത്ത്വവും മനോഹാരിതയും ലോകത്ത് സ്ഥാപിതമാക്കേണമേ. അതിലൂടെ ഇസ്‌ലാമിന്റെയും റസൂൽ(സ)ന്റെയും അഹങ്കാരികളായ ശത്രുക്കളുടെ ശിരസ്സുകൾ ലജ്ജയിൽ താഴ്ത്തിടേണമേ.

ഹുസൂർ നമസ്ക്കരിക്കുമ്പോൾ ഭയഭക്തിയാൽ എപ്പോഴും തന്നെ കരയുന്ന മുഖഭാവമായിരിക്കും ഉണ്ടാവുക. ആ അവസരത്തിൽ ഹുസൂറിന്റെ മുഖം ഞാൻ സൂക്ഷിച്ചു നോക്കിയിട്ടുണ്ട്. അപ്പോഴുള്ള ഹുസൂറിന്റെ നെറ്റിയിലെ ചുളിവുകൾ നോക്കികൊണ്ട്, ഹുസൂർ മുഴുവൻ ശ്രദ്ധയോടും ഭയഭക്തിയോടും കൂടി താണുകേണു കൊണ്ടാണ് നമസ്ക്കരിക്കുന്നതെന്ന് പറയുവാൻ സാധിക്കും. മുഖഭാവത്തിൽ നിന്ന് യഥാർഥത്തിൽ അദ്ദേഹം കരയുകയാണെന്ന് മനസിലാക്കാൻ സാധിക്കും. *(ഹദ്റത്ത് മിർസാ നാസിർ അഹ്മദ്, ഗ്രന്ഥകർത്താ. സയ്യിദ ത്വാഹിറ സിദ്ധീഖ നാസിർ, പേജ് 163)*

## ദുആ സ്വീകാര്യതയുടെ ദൃഷ്ടാന്തം

ഹുസൂറിന്റെ ഖിലാഫത്ത് കാലത്ത് ഉണ്ടായ ദുആ സ്വീകാര്യതയു

ടെ എണ്ണമറ്റ സംഭവങ്ങൾക്ക് ജമാഅത്ത് സാക്ഷിയാണ്. അതിൽ ചിലതൊക്കെ വിവിധ ലേഖനങ്ങളിലും എഴുത്തിലും വന്നിട്ടുണ്ട്. എന്നാൽ ധാരാളം സംഭവങ്ങൾ ജമാഅത്തിലുള്ളവരുടെ ഹൃദയങ്ങളിൽ കുടികൊള്ളുകയാണ്.

ഒരിക്കൽ ഹുസൂർ തന്റെ മുറിയിൽ കിടക്കുകയായിരുന്നു. അപ്പോൾ പറയുകയാണ്, എന്റെ മേൽ അല്ലാഹുവിന്റെ എത്ര വലിയ അനുഗ്രഹവർഷമാണുള്ളത്. ഞാനൊരു ബലഹീനനായ ദാസനാണ്. ഞാനെന്റെ നാവ് കൊണ്ട് ഏതെങ്കിലും ദമ്പതികളോട് ആൺകുട്ടി ഉണ്ടാകും എന്ന് പറഞ്ഞാൽ അല്ലാഹു അവർക്ക് ആൺകുഞ്ഞിനെ നൽകുന്നു. ഇത് പറയുമ്പോഴേക്കും ഹുസൂറിന്റെ സ്വരം മാറി. ശബ്ദം ഇടറി. ഹുസൂറിന്റെ അപ്പോഴുള്ള മുഖഭാവം ഇന്നും എന്റെ കൺമുന്നിലുണ്ട്. വിനയത്തിന്റെ പാരമ്യത്തിൽ തന്റെ നാഥനോടുള്ള സ്നേഹത്തിലും പ്രേമത്തിലും ഹുസൂർ മുങ്ങിക്കഴിഞ്ഞിരിക്കും.

എത്രയോ തവണ ജനിക്കാൻ പോകുന്ന കുട്ടിക്ക് ആൺകുട്ടിയുടെ പേര് മാത്രം നൽകുകയും ആൺകുട്ടി ജനിക്കുകയും, പെൺകുട്ടിയുടെ പേര് മാത്രം അറിയിച്ചപ്പോൾ ആ ദമ്പതികൾക്ക് പെൺകുട്ടി ജനിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ എണ്ണമറ്റ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ചില ദമ്പതികൾക്ക് എത്രയോ കാലം കുട്ടികളുണ്ടാവാതെ, പിന്നീട് ഹുസൂറിന്റെ ദുആയുടെ ഫലമായി അല്ലാഹു അവരുടെ കല്യാണത്തിന്റെ എത്രയോ വർഷങ്ങൾക്ക് ശേഷം അവർക്ക് കുട്ടികളെ നൽകിട്ടുണ്ട്. ആഫ്രിക്കയിലെ ഒരു സ്ത്രീക്ക് കല്യാണത്തിന്ന് 40 വർഷങ്ങൾക്ക് ശേഷം സാധാരണ പ്രസവിക്കാനുള്ള പ്രായം കഴിഞ്ഞു കടന്നതിനു ശേഷം ഹുസൂറിന്റെ ദുആയുടെ ഫലമായി അല്ലാഹുവിന്റെ അനുഗ്രഹത്താൽ സന്താനങ്ങൾ ഉണ്ടായിട്ടുണ്ട്.

എണ്ണമറ്റ രോഗികൾക്ക് ഹുസൂറിന്റെ ദുആയുടെ ഫലമായി അല്ലാഹു അത്ഭുതകരമായ നിലയിൽ രോഗശമനം നൽകിയിട്ടുണ്ട്. അവിശ്വസനീയമായ ഒരു സംഭവം വിവരിക്കാം. മൗലവി അബ്ദുൽ കരീം ശാഹിദ് സാഹിബ് ജമാഅത്തിന്റെ മുറബ്ബിയായിരുന്നു.അദ്ദേഹത്തിന്നു Multiple Myeloma എന്ന കാൻസർ വിഭാഗത്തിൽപ്പെട്ട വളരെ മാരകമായ രോഗം പിടിപ്പെട്ടു. രോഗം അവസാനഘട്ടത്തിൽ എത്തുകയും രോഗി അബോധാവസ്ഥയിലാവുകയും ചെയ്തു.

ഇനി ചികിത്സ ഇല്ലെന്ന് ഡോക്ടർമാർ വിധി എഴുതി. ഹുസൂറിന്റെ സന്നിധിയിൽ ദുആക്ക് വേണ്ടി എഴുതിയപ്പോൾ, അദ്ദേഹത്തെ ആശുപത്രിയിൽ തന്നെ കിടത്തിക്കൊണ്ട് രാവിലേയും വൈകുന്നേരവും കൃത്യമായി സുച്ചിബൂട്ടി എന്ന പച്ചമരുന്ന് കൊടുക്കാൻ നിർദ്ദേശിക്കുകയും ഞാൻ, രോഗശമനത്തിനായി പ്രത്യേകം ദുആ ചെയ്തു കൊണ്ടിരിക്കുകയുമാണെന്നു അറിയിക്കുകയും ചെയ്തു. ഹുസൂർ നിർദ്ദേശിച്ച ചികിത്സയുടേയും ദുആയുടേയും ഫലമായി മരിച്ചവർ പുനർജീവിച്ച തരത്തിലുള്ള ദിവ്യാത്ഭുതമുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആത്മീയ പ്രതിനിധിയായ ഖലീഫത്തുൽ മസീഹിന്റെ ദുആ അല്ലാഹു സ്വീകരിക്കുകയും അദ്ദേഹം രോഗശാന്തി നേടുകയും ചെയ്തു. അതിന് ശേഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം പതിനഞ്ച് പതിനാറു വർഷം വീണ്ടും ജീവിക്കുകയുമുണ്ടായി.

1976ൽ ഹുസൂർ കുതിരപ്പുറത്ത് നിന്ന് വീണുപോവുകയും അരക്കെട്ടിന്റെ മൂന്ന് അസ്ഥികൾക്ക് ക്ഷതമേൽക്കുകയും ചെയ്തു. അത് സംബന്ധമായി ഹുസൂർ തന്നെ അരുൾ ചെയ്യുകയാണ്, ഇനി ഒരിക്കലും തന്നെ താങ്കൾക്ക് ചമ്രം പടിഞ്ഞിരിക്കാൻ സാദ്ധ്യമല്ല എന്നെന്നോട് ഡോക്ടർമാർ പറയുകയുണ്ടായി. ഞാൻ അല്ലാഹുവിനോട് ദുആ ചെയ്ത് കൊണ്ട് പറഞ്ഞു, അല്ലാഹുവേ എനിക്ക് ഭാരിച്ച ഉത്തരവാദിത്വങ്ങളാണുള്ളത്. നീ എനിക്ക് രോഗശമനം നൽകേണമേ. മൂന്ന് മാസം എനിക്ക് കട്ടിലിൽ കിടക്കേണ്ടി വന്നു. അതിന് ശേഷം അല്ലാഹു ശിഫ നൽകുകയും ഞാൻ പഴയതുപോലെ എന്റെ ചുമതലകൾ നിർവ്വഹിക്കുവാനും തുടങ്ങി. *(ഹദ്റത്ത് മിർസാ നാസിർ അഹ്മദ്, ഗ്രന്ഥകർത്താ. സയ്യിദ ത്വാഹിറ സിദ്ധീഖ നാസിർ, പേജ് 167 168)*

## അവന്റെ മുന്നിൽ ഒന്നും തന്നെ അസാദ്ധ്യമായിട്ടില്ല

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) അരുൾ ചെയ്യുകയാണ്, ഒരിക്കൽ റബ്വയിൽ വെച്ച് എനിക്കൊരാളുടെ കത്ത് കിട്ടി. അതിൽ അദ്ദേഹത്തിന്റെ രണ്ട് സഹോദരന്മാരെ വധശിക്ഷക്ക് വിധിച്ചതായും യഥാർത്ഥ കുറ്റവാളി രക്ഷപ്പെട്ടതായും പകരം നിരപരാധികളായ ഇവരെ ശിക്ഷക്ക് വിധിച്ചതായും ഹൈക്കോടതിയും സുപ്രീം കോടതിയും ശിക്ഷ ശരിവെച്ചതായും ബാഹ്യമായി രക്ഷപ്പെടാനുള്ള സാദ്ധ്യത ഇല്ലെന്നും ഞങ്ങൾ ദയാഹരജി നൽകു

ന്നുണ്ടെന്നും ഞങ്ങൾക്ക് വേണ്ടി ദുആ ചെയ്യേണമെന്നും എഴുതുകയുണ്ടായി.

ഞാൻ ദുആ ചെയ്യുമെന്നും അല്ലാഹു ഏറ്റവും ശക്തവാനും കരുണാനിധിയുമാണെന്നും അവന്റെയടുക്കൽ അസാധ്യമായതൊന്നും തന്നെ ഇല്ലെന്നും,നിരാശരാകരുതെന്നും ഞാനദ്ദേഹത്തിനെഴുതി. ഏതാനും ദിവസങ്ങൾക്ക് ശേഷം എനിക്കദ്ദേഹത്തിന്റെ കത്ത് വീണ്ടും വന്നു. അതിൽ നിരപരാധികളായ അദ്ദേഹത്തിന്റെ സഹോദരന്മാരെ കുറ്റവിമുക്തരാക്കി കൊണ്ട് ജയിൽ മോചിതരാക്കിയതായി എഴുതിയിട്ടുണ്ടായിരുന്നു.*(അൽഫസൽ ഇന്റർനാഷനൽ,25 സെപ്റ്റംബർ 2015-2.10.2015, പേജ് 14)*

## സുഖം പ്രാപിക്കില്ലെന്ന് ആരാണ് പറഞ്ഞത്

ജർമ്മനിയിലുള്ള മുഹമ്മദ് അമീൻ സാഹിബ് പറയുകയാണ്, 45 വർഷങ്ങൾക്ക് മുമ്പ് എന്റെ നെഞ്ചിലെ അസ്ഥികളിൽ അതി കഠിനമായവേദന ഉണ്ടായിരുന്നു. പല ഡോക്ടർമാരേയും സമീപിച്ച് ചികിത്സ തേടിയെങ്കിലും ശമനമുണ്ടായില്ല. അവസാനം ഡോക്ടർമാർ നിസ്സഹായരായികൊണ്ട് ഈ അസുഖത്തിന്ന് ചികിത്സയൊന്നും ഇല്ലെന്നും ഏതാനും ദിവസങ്ങൾ മാത്രമെ ഇനി ഞാൻ ജീവിച്ചിരിക്കുകയുള്ളൂവെന്നും എന്നോട് പറഞ്ഞു. ആ അവസരത്തിൽ 1980ൽ ഹുസൂർ ജർമ്മൻ പര്യടനത്തിനായി ഹംബർഗിൽ വന്നു. സ്വീകരിക്കാൻ നിന്നവരോടൊപ്പം ഞാനും ഉണ്ടായിരുന്നു. ഹസ്തദാനത്തിന്നിടയിൽ ഞാനെന്റെ വിഷമം ഹുസൂറിനെ അറിയിച്ചു. ഡോക്ടർമാർ ഇതിന്ന് ചികിത്സ ഇല്ലെന്നും സുഖം പ്രാപിക്കുകയില്ലെന്നും പറഞ്ഞതായി ഞാൻ ഹുസൂറിനെ അറിയിച്ചു. അതിനുത്തരമായി ഹുസൂർ വളരെ ഗാംഭീര്യത്തോടെ പറഞ്ഞു, സുഖം പ്രാപിക്കുകയില്ലെന്ന് ആരാണ് പറയുന്നത്. പിന്നീട് ഹുസൂർ തന്റെ ഇരുകരങ്ങളാൽ എന്റെ ഷർട്ടിന്റെ ഒരു ബട്ടൻ അഴിച്ചുകൊണ്ട് തന്റെ വിരൽ കൊണ്ട് എന്റെ നെഞ്ചിൽ ഒരു വൃത്തം വരച്ചു, എന്നിട്ട് ചോദിച്ചു, ഇവിടെയാണോ വേദന? ഞാൻ പറഞ്ഞു, അതെ ഹുസൂർ, അവിടെ തന്നേയാണ് വേദന. ഹുസൂർ പറഞ്ഞു, ഞാൻ ദുആ ചെയ്യാം. ഇൻശാഹ് അല്ലാഹ്. സുഖം പ്രാപിക്കും, പരിഭ്രമിക്കരുത്.

പിന്നീട് മുഹമ്മദ് അമീൻ സാഹിബ് പറയുകയാണ്, ഈ സംഭ

വത്തിന്ന് 35 വർഷം കഴിഞ്ഞിരിക്കുന്നു. എന്റെ അസുഖം പതുക്കെ പതുക്കെ കുറയുകയും ഇപ്പോൾ എനിക്ക് അങ്ങനെയൊരു അസുഖം ഉണ്ടായിരുന്നതായി പോലും അനുഭവപ്പെടുന്നില്ല. *(അൽഫസൽ ഇന്റർനാഷനൽ, 25 സെപ്റ്റംബർ 2015-1.10.2015, പേജ് 15)*

## തീർച്ചയായും ആൺസന്താനങ്ങൾ ഉണ്ടാകും

മിയാ മുഹമ്മദ് അസ്‌ലം സാഹിബ് പത്തോക്കി എഴുതുകയാണ്, 1965 ലാണ് എന്റെ കല്ലാണം നടന്നത്. പന്ത്രണ്ട് വർഷങ്ങൾക്ക് ശേഷവും ഞങ്ങൾക്ക് സന്താനങ്ങൾ ഉണ്ടായില്ല. ബന്ധുക്കൾ എല്ലാവരുംതന്നെ അനഹ്മദികളായിരുന്നു. അവരും ഗ്രാമവാസികളും ഇവൻ ഖാദിയാനി ആയതുകൊണ്ട് സന്താനരഹിതനായിരിക്കുമെന്ന് പറയുവാൻ തുടങ്ങി. ഞാൻ എല്ലാ തരത്തിലുള്ള ചികിത്സയും ചെയ്തു. എന്നാൽ സന്താനങ്ങളുണ്ടായില്ല. ഞാൻ എല്ലാ വിവരങ്ങളും അറിയിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്)ക്ക് ദുആക്കായി ഒരു കത്തയച്ചു. കത്തിന് മറുപടിയായി ഹുസൂർ എനിക്കെഴുതി. അല്ലാഹു താങ്കളെ ഒരിക്കലും നഷ്ടത്തിലാക്കുകയില്ല. നിങ്ങൾക്ക് ആൺമക്കൾ ജനിക്കും. കാലത്തിന്റെ ഖലീഫയുടെ ദുആക്ക് ശേഷം എനിക്ക് നാല് ആൺമക്കൾ ജനിക്കുകയുണ്ടായി. ലേഡി ഡോക്ടർ എന്റെ ഭാര്യയെ പരിശോധിച്ചു കൊണ്ട്, ഈ സ്ത്രീക്ക് ഗർഭം ധരിക്കുവാനുള്ള കഴിവില്ലെന്നും ഒരിക്കലും കുട്ടികൾ ജനിക്കുകയില്ലെന്നും വിധി എഴുതിയിട്ടുണ്ടായിരുന്നു. ഇതെങ്ങനെ സംഭവിച്ചു എന്ന് ആലോചിച്ച് ബന്ധുക്കളും മറ്റുള്ളവരും വലിയ ആശ്ചര്യത്തിലായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ന്റെ സത്യസാക്ഷ്യത്തിന്ന് ഇത് ജീവൽ ദൃഷ്ടാന്തമാണെന്നും അല്ലാഹു, കാലത്തിന്റെ ഖലീഫയുടെ ദുആയുടെ ബർക്കത്തുകൊണ്ട് സന്താനങ്ങൾ നൽകിയതാണെന്നും ഞാൻ എല്ലാവരോടും പറഞ്ഞുകൊണ്ടിരുന്നു. *(അൽഫസൽ ഇന്റർനാഷനൽ, 25 സെപ്റ്റംബർ 2015 - 01.10.2015 പേജ് 15)*

# ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) 1928 ഡിസംബർ 18ാംതിയ്യതി ഖാദിയാൻ ദാറുൽ അമാനിൽ ജനിച്ചു. അദ്ദേഹം കാലത്തിന്റെ ഇമാമായ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പൗത്രനും ഹദ്റത്ത് ഖലീഫത്തുൽ മസീഹ്(സാനി) അൽ മുസ്ലിഹ് മൗഊദി(റ)ന്റെ മകനുമെന്ന ബഹുമതിക്കുടമയുമായിരുന്നു. ഇത്തരത്തിൽ അതിശ്രേഷ്ഠവും മഹാത്മാക്കളുമായ പിതാമഹന്റേയും പിതാവിന്റേയും ഗുണഗണങ്ങളും പ്രവർത്തനരീതികളും അനുഷ്ഠാനങ്ങളും കണ്ടും കേട്ടും വായിച്ചും വളരാൻ സാധിച്ച കാരണത്താൽ അദ്ദേഹം ദൈവഭക്തിയിലും പരിശുദ്ധിയിലും ഉന്നതമായ അറിവിലും വിദ്യാഭ്യാസത്തിലും ഉൽകൃഷ്ടമായ ശിക്ഷണത്തിലും മറ്റ് ധാർമ്മികഗുണങ്ങളിലും വളരെ ഉയർന്ന നിലവാരം പുലർത്തുകതന്നെ ചെയ്യുമെന്നു ആർക്കും അനുമാനിക്കാൻ സാധിക്കും.

പിതാവ് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)വിന്റേയും മാതാവ് ഹദ്റത്ത് മറിയംബേഗം(റ) സാഹിബയുടേയും ഉൽകൃഷ്ടമായ ശിക്ഷണത്തിന്റെ സ്വാധീനം അദ്ദേഹത്തിൽ ആഴത്തിൽ രൂഢമൂലമായിരുന്നു അതിന്റെ ഫലമായി അദ്ദേഹം കുട്ടിക്കാലം മുതൽ തന്നെ മുത്തഖിയും സൂക്ഷ്മത കൈകൊള്ളുന്ന ആളും അല്ലാഹുവിന്റെ അസ്തിത്വത്തെ കുറിച്ച് ചിന്തിക്കുന്ന ആളുമായി തീർന്നു.

അദ്ദേഹം ഭൗതിക വിദ്യാഭ്യാസത്തിന്പുറമെ റബ്വയിലെ ജാമിഅ അഹ്മദിയ്യായിലെ വിദ്യാഭ്യാസം പൂർത്തിയാക്കികൊണ്ട് ശാഹിദ് ഡിഗ്രി കരസ്ഥമാക്കിയിട്ടുണ്ട്. 1982 ജൂൺ 10ാം തിയ്യതി അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ നാലാമത്തെ ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടു. കുട്ടിയായിരിക്കുമ്പോൾ തന്നെ അദ്ദേഹത്തിന്റെ പിതാവിനെ ഇൽഹാമിലൂടെ ത്വാഹിർ അഹ്മദ് വളർന്ന് വലുതായാൽ ഖലീഫയാകുമെന്ന് അല്ലാഹു അറിയിച്ചിട്ടുണ്ടായിരുന്നു.

വിദ്യാഭ്യാസം പൂർത്തിയാക്കിയ ഉടനെ തന്നെ അദ്ദേഹം ജമാഅത്തിന്റെ സേവനത്തിൽ മുഴുകി. വളരെ പ്രധാനമർഹിക്കുന്ന വിവിധ സ്ഥാനങ്ങളിലിരുന്നു കൊണ്ട് അദ്ദേഹത്തിന് ജമാഅത്തിനെ സേവിക്കുവാനുള്ള ഭാഗ്യമുണ്ടായി. അദ്ദേഹത്തിന് അല്ലാഹു വളരെ പ്രത്യേകമായ കഴിവും അറിവും നൽകിയിട്ടുണ്ടായിരുന്നു. പ്രസം ഗിക്കുവാനും എഴുതാനുമുള്ള അദ്ദേഹത്തിന്റെ കഴിവ് അപാരമായി രുന്നു. ഖിലാഫത്തിന് മുമ്പ് സംഘടിപ്പിക്കപ്പെടാറുണ്ടായിരുന്ന അദ്ദേഹത്തിന്റെ ചോദ്യോത്തര (മജ്‌ലിസെ ഇർഫാൻ) സദസ്സിൽ പങ്കെടുക്കാനായി ദൂരെയുള്ള പ്രദേശങ്ങളിൽ നിന്നു പോലും ജന ങ്ങൾ എത്തിയിരുന്നു. ഏറെക്കുറെ 21 വർഷക്കാലം പരന്ന് കി ടക്കുന്ന അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലം അതിമഹത്തായ ധാരാ ളം പ്രവർത്തനങ്ങൾക്ക് സാക്ഷിയാണ്. അതിലൂടെ അല്ലാഹു അഹ്മ ദിയ്യാ ജമാഅത്തിൽ അതിമഹത്തായ അത്ഭുതദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തുകയുണ്ടായി. പ്രത്യക്ഷത്തിൽ അസാധ്യമെന്ന് തോ ന്നിയിരുന്ന അവസ്ഥയിലും അല്ലാഹു അദ്ദേഹത്തെ സുരക്ഷിത മായി ലണ്ടനിൽ എത്തിച്ചു.

ഗൂഢാലോചനയുടെ ഭാഗമായി അജ്ഞാത വാസത്തിലായിരുന്ന അസ്‌ലം ഖുറൈശിയെ മുല്ലമാരുടേയും സിയാഉൽഹഖിന്റേയും മുന്നിൽ പ്രത്യക്ഷപ്പെടുത്തി കൊണ്ട്, അവരെ ഇളിഭ്യരും നിന്ദ്യ രുമാക്കിതീർത്തു. ഇയാളുടെ തിരോധാനത്തിന് ശേഷം ഇയാളെ തട്ടിക്കൊണ്ട് പോയി വധിച്ചത് അല്ലെങ്കിൽ അതിനുപിറകിൽ പ്ര വർത്തിച്ചത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ആണെ ന്നു മുല്ലമാർ കള്ളപ്രചരണവും കോലാഹലങ്ങളും നടത്തിയിരുന്നു. ഫിർഔന്റെ കുപ്രസിദ്ധ കാലഘട്ടത്തെ ഓർമ്മപ്പെടുത്തുന്ന ആധുനി ക ഫിർഔനായ പാക്കിസ്ഥാൻ സ്വേഛാധിപതി പ്രസിഡണ്ട് സിയാ ഉൽഹഖ് അതിന്റേപേരിൽ പാക്കിസ്ഥാനിലെ അഹ്മദികളുടെമേൽ അതികഠിനമായ അതിക്രമങ്ങൾ അഴിച്ചുവിട്ടിരുന്നു. അവസാനം അയാൾ ഹുസൂർ റാബിഅ്(റഹ്)യുടെ മുബാഹലയുടെ ഫലമായി വധിക്കപ്പെട്ടു. വഖ്ഫെ നൗ പദ്ധതിക്ക് രൂപംനൽകി. ആഗോള ബൈഅത്തിന്ന് ഹുസൂർ തന്റെ ഖിലാഫത്ത് കാലത്ത് തുടക്കം കുറിച്ചു. എം ടി എ എന്ന ആകാശത്തളികക്ക് ഹുസൂർ ഇദംപ്ര ഥമമായി തുടക്കം കുറിക്കുകയും അതിനെ പുരോഗതിയുടെ പാ തയിലെത്തിക്കുകയും ചെയ്തു.

മുമ്പും വിവരിച്ചതുപോലെ നമസ്ക്കാരത്തിലുള്ള പ്രതിപത്തി യഥാർത്ഥത്തിൽ അല്ലാഹുവിനോടുള്ള മമതയും സ്നേഹവുമാണ് കാണിക്കുന്നത്. അല്ലാഹുവിനെ സാഷ്ടാംഗം പ്രണമിക്കുക, അവനോട് ദുആ ചെയ്യുക, അവന്റെ മേൽ പരിപൂർണ്ണ വിശ്വാസമുണ്ടായിരിക്കുക എന്നത് അല്ലാഹുവുമായുള്ള ബന്ധത്തെയാണ് സൂചിപ്പിക്കുന്നത്. താഴെ ഹുസൂറിന്റെ ദുആ സ്വീകാര്യതയെ കുറിച്ചും നമസ്ക്കാരവുമായുള്ള അദമ്യമായ ബന്ധത്തെകുറിച്ചുമുള്ള ചിലസംഭവങ്ങൾ രേഖപ്പെടുത്തുകയാണ്.

## ആരുടെ ദുആ സ്വീകരിക്കപ്പെടുമോ അവർക്ക് കാറും രണ്ട് ഗാലൻ പെട്രോളും

ഒരിക്കൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)വും കുടുംബാഗങ്ങളും (യാത്ര കഴിഞ്ഞ്) ഖാദിയാനിലേക്ക് തിരിച്ചു വരികയായിരുന്നു. അപ്പോഴാണ് കാറിൽ പെട്രോൾ തീർന്നതായി മനസ്സിലായത്. ഇന്ധന സൂചിക പൂജ്യത്തിൽ എത്തി നിൽക്കുന്നു. പുറപ്പെടുമ്പോൾ കാറിൽ പെട്രോൾ നിറക്കാൻ മറന്നു പോയതായിരുന്നു. പകുതി യാത്ര പൂർത്തിയായി. ഇനി ഖാദിയാൻ വരെയുള്ള പകുതി യാത്രക്കിടയിൽ അടുത്തെവിടേയും പെട്രോൾ പമ്പുമില്ല. മുസ്ലിഹ് മൗഊദ്(റ) തന്റെ മക്കളെ വിളിച്ചുകൊണ്ട് പറഞ്ഞു, മക്കളെ വരൂ, നമുക്ക് അല്ലാഹുവിന്റെ തിരുസന്നിധിയിൽ ദുആ ചെയ്യാം. അവന്റെ പ്രത്യേകമായ കഴിവു കൊണ്ട് യാതൊരു തടസ്സവും കൂടാതെ ഞങ്ങളെ നീ ഖാദിയാനിൽ എത്തിക്കേണമേ എന്ന് ദുആ ചെയ്യാം. ആരുടെ ദുആയാണോ അല്ലാഹു സ്വീകരിക്കുന്നതു അയാൾക്കു രണ്ട് ഗാലൻ പെട്രോളും കാറും ഉപയോഗത്തിനുള്ള അനുമതി നൽകുന്നതുമായിരിക്കുമെന്നു വാഗ്ദാനവും ചെയ്തു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പറയുകയാണ്, മുസ്ലിഹ് മൗഊദ് അത്ര ഗൗരവമായി പറഞ്ഞതല്ല എന്നാണു തോന്നുന്നത്. ഞങ്ങളുടെ തർബിയ്യത്തിന് വേണ്ടി പറഞ്ഞതാകാം. ഏതായാലും ഹുസൂറി(റാബിഅ്)ന്റെ സഹോദരി സഹോദരന്മാർ ഈ കാര്യത്തിൽ അത്ര വലിയ ശ്രദ്ധയൊന്നും കാണിച്ചില്ല. എന്നാൽ കുട്ടിയായിരുന്ന ത്വാഹിർ അഹ്മദ് ഖാദിയാൻ എത്തുന്നതു വരെ വളരെ ഗൗരവത്തിൽ ദുആയിൽ വ്യാപൃതനായി കൊണ്ടിരുന്നു. ഖാദിയാൻ എത്തിയ ഉടനെ ത്വാഹിർ അഹ്മദ് സാഹിബ്, ഉപ്പാ,

ഉപ്പ പറഞ്ഞതു മുതൽ ഞാൻ ദുആ ചെയ്യുകയായിരുന്നു, എന്ന് ഉച്ചത്തിൽ വിളിച്ച് പറയാൻ തുടങ്ങി.

ഹുസൂർ സാനി(റ) തന്റെ വാഗ്ദാനമനുസരിച്ച് രണ്ട് ഗാലൻ പെട്രോളും, കാറും മകന് നൽകി. ത്വാഹിർ അഹ്മദ് സാഹിബ് താമസിയാതെ തന്നെ വളരെ സന്തോഷത്തോടെ വിനോദയാത്രക്കായി പുറപ്പെട്ടു. *(ഏക് മർദെ ഖുദാ, പേജ് 77,78)*

## അല്ലാഹുവിനെ അന്വേഷിച്ചു കണ്ടെത്തലും അവനുമായുള്ള ബന്ധവും

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് കുട്ടിയായിരുന്നപ്പോഴുള്ള ഒരു സംഭവമാണിത്. കുട്ടിക്കാലത്തു ദുആ ചെയ്യുന്നതിൽ എത്രകണ്ട് ആനന്ദം കണ്ടിരുന്നുവെന്നതിന്നുള്ള തെളിവു കൂടിയാണു ഈ സംഭവം. ഹുസൂർ യുവത്വത്തിന്റെ പടിവതിലിൽ കാലെടുത്തു വച്ചതേയുള്ളൂ. അപ്പോഴേക്കും അല്ലാഹുവിനെ കുറിച്ചുള്ള അന്വേഷണം ഒരു ചോദ്യചിഹ്നമായി ഹുസൂറിന്റെ മനസ്സിലും ബുദ്ധിയിലും പടർന്നുകയറി. അല്ലാഹു എന്ന ദിവ്യശക്തി ഉണ്ട്. തീർച്ചയായും ഉണ്ട്. അതിനുള്ള തെളിവ് സ്വന്തം അസ്തിത്വത്തിൽ കണ്ടെത്താൻ സാധിക്കണം. അതിനായി ഹുസൂർ രാവും പകലും ദുആയിൽ വ്യാപൃതനായി. അല്ലാഹു ഹുസൂറിന്റെ ആ ദുആകൾ സ്വീകരിച്ചുകൊണ്ട് സ്വപ്നത്തിലൂടെ തന്റെ അസ്തിത്വത്തിനുള്ള തെളിവു നൽകുകയുണ്ടായി.

ഹുസൂർ അരുൾ ചെയ്യുകയാണ്,

അതെന്റെ ജീവിതത്തിലെ അതികഠിനതരങ്ങളായ ദിനങ്ങളായിരുന്നു. വേവലാതിയുടേയും വികാരപാരവശ്യത്തിന്റെയും എരിപൊരി കൊള്ളുന്ന അവസ്ഥ. അതെന്നെ കാർന്നു തിന്നുകയായിരുന്നു. അഗോചരവും അനുഭവവേദ്യമല്ലാത്തതുമായ ഒരു ശക്തിയിൽ വിശ്വസിക്കുക. അതിന് ശേഷം ചിന്താപരവും വീക്ഷണപരവുമായ തന്റെ ജീവിതം അതിനു മുകളിൽ കെട്ടിപ്പടുക്കുക. അതെന്നെ സംബന്ധിച്ചിടത്തോളം വളരെയധികം മാനസിക സംഘർഷമുണ്ടാക്കുന്നതായിരുന്നു. ഈ വെല്ലുവിളി ചെറുതല്ലാത്ത ആശയക്കുഴപ്പവും ഉൽകണ്ഠയും എന്നിലുളവാക്കി. തീവ്രമായ ഒരു മാനസിക വ്യഥയിലൂടെ ഞാൻ കടന്നു പോയിക്കൊണ്ടിരിക്കുകയായിരുന്നു. അടിസ്ഥാനപരമായി അല്ലാഹു ഉണ്ടാകേണ്ടതാണ് എന്നു തന്നേയാണു

എന്റെ അടിയുറച്ച വിശ്വാസം. വീണ്ടും വീണ്ടും ഞാൻ ചിന്തിച്ചു. യഥാർത്ഥത്തിൽ അവൻ ഉണ്ടെങ്കിൽ തന്റെ സാന്നിദ്ധ്യം വെളിപ്പെടുത്തുന്നതിനായി തന്റെ മുഖം എനിക്കു കാണിച്ചു തരുമോ? അതിനായി ഹുസൂർ പള്ളിയിൽ പോയി മണിക്കൂറുകളോളം പ്രാർത്ഥനാനിരതനായിട്ടുണ്ട്.ചിലപ്പോൾ തന്റെ മുറിയിൽ രാത്രി മുഴുവൻ നമസ്ക്കാരത്തിൽ കഴിച്ചു കൂട്ടിയിട്ടുമുണ്ട്. ഹുസൂർ തന്നെ അരുൾ ചെയ്യുകയാണ്.

ഞാൻ അല്ലാഹുവിന്റെ തിരുസന്നിധിയിൽ ദുആ ചെയ്തു. അല്ലാഹുവേ, നീ സത്യമായും ഉണ്ടോ? കാരണം ഞാൻ നിന്നെ അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്. എനിക്ക് മാർഗ്ഗഭ്രംശം സംഭവിക്കാതിരിക്കാനായി നീ എനിക്ക് പറഞ്ഞു തന്നാലും. മാർഗ്ഗഭ്രംശം സംഭവിക്കുകയാണെങ്കിൽ അതിന്റെ ഉത്തരവാദിത്വം എനിക്കായിരിക്കുകയില്ലല്ലോ, അല്ലേ? വീണ്ടും ഞാൻ ആലോചിക്കാൻ തുടങ്ങി. ഒരു പക്ഷേ, അല്ലാഹു ഉണ്ടാകാം അല്ലേ? പിന്നീട് ഈ ഉത്തരവാദിത്വം എന്നിൽ അർപ്പിക്കല്ലേ എന്നും ഞാൻ ദുആ ചെയ്യാൻ തുടങ്ങും.

Man of God(ഏക് മർദെ ഖുദാ) എന്ന ഗ്രന്ഥത്തിന്റെ കർത്താവ് ഇയാൻ ഏഡംസൺ എഴുതുകയാണ്, പിന്നിടൊരു സായംകാലം അദ്ദേഹത്തിനുണ്ടായ ആത്മീയാനുഭവത്തിലൂടെ ദൈവാസ്തികൃവുമായി ബന്ധപ്പെട്ട എല്ലാ ചോദ്യങ്ങൾക്കും അദ്ദേഹത്തിന് ശാശ്വത പരിഹാരം ലഭിക്കുകയുണ്ടായി. എന്നാൽ ഈ ഒരു അനുഭവത്തെ വിനയപുരസ്സരമുള്ള ഒരു അപേക്ഷയായി വിലയിരുത്തുകയാണെങ്കിൽ ഇതിനെ ദൈവാസ്തികൃത്തിന്റെ ശക്തവും അനിഷേധ്യവുമായ തെളിവായി പറയുവാൻ സാദ്ധ്യമല്ല. എന്നിരുന്നാലും ഇത് നിരന്തരം ചെയ്തു പോന്നിരുന്ന ദുആക്കുള്ള ഒരു ഉത്തരമായിരുന്നു.

ഈ സ്വപ്നം ഉണർന്നിരിക്കുന്നതിന്റേയും അർദ്ധമയക്കത്തിന്റേയും ഇടയിലുള്ള അവസ്ഥയായിരുന്നു. ഭൂമി ചുരുണ്ടു ചുരുങ്ങി ഒരു പന്തിന്റെ രൂപം പ്രാപിച്ചതായി ഞാൻ കാണുകയുണ്ടായി. അതിൽ കണ്ണെത്താദൂരത്തോളം ജീവനുള്ള ഒരു വസ്തുവിന്റേയും യാതൊരു ലക്ഷണവും കാണാനില്ലായിരുന്നു. അതിൽ പ്രാണന്റെ തേജസ്സോ ചുറുചുറുക്കോ ജീവന്റെ കോലാഹലമോ ആഹ്ലാദമോ പട്ടണങ്ങളോ ജനവാസമോ ഒന്നും തന്നെ ഇല്ലായിരുന്നു. ഭൂമി

മാത്രമാണുള്ളത്. പെട്ടെന്ന് ഞാനെന്താണ് കാണുന്നത്, ഭൂമിയുടെ ഓരോ അണുവും വിറകൊള്ളാൻ തുടങ്ങി. പിന്നീട് ഒരു ഉഗ്രശീൽക്കാര ശബ്ദത്തോടെ നമ്മുടെ ദൈവം, നമ്മുടെ ദൈവം എന്നു വിളിച്ചു പറയാൻതുടങ്ങി. ഓരോ അണുവും തങ്ങളുടെ പരമമായ കാര്യകാരണബന്ധം വിളിച്ചോതുന്നുണ്ടായിരുന്നു.

പിന്നീട് മുഴുവൻ പ്രപഞ്ചവും ഒരു പ്രത്യേക പ്രകാശത്താൽ നിർഭരമായി. ഓരോ അണുവും ഓരോ ആറ്റവും പ്രത്യേക രാഗലയത്തോടെ വികസിക്കാനും ചുരുങ്ങാനും ആരംഭിച്ചു. ഞാനും അവരോടൊപ്പം ഈ വാക്കുകൾ ഉരുവിടുകയാണ്, എന്റെ ദൈവം, എന്റെ ദൈവം.

ഗ്രന്ഥകർത്താവ് എഴുതുകയാണ്, ഇപ്പോൾ അദ്ദേഹം പരിപൂർണ്ണമായും ഉണർന്നിട്ടുണ്ടെങ്കിലും കണ്ടു  കൊണ്ടിരുന്ന ദൃശ്യം അദ്ദേഹം തുടർന്നും കണ്ടു കൊണ്ടിരിക്കുകയാണ്. അതോടെ അല്ലാഹുവിനെ കുറിച്ചുണ്ടായിരുന്ന എല്ലാ സംശയങ്ങളും ദൂരീകരിക്കപ്പെട്ടു. *(ഏക് മർദെ ഖുദാ, പേജ് 81 – 83)*

## ദൈവിക വെളിപാടും
## അല്ലാഹുവുമായുള്ള ബന്ധവും

ദൈവാസ്തികൃത്തെ സംബന്ധിച്ച തെളിവുകൾ അദ്ദേഹത്തിന് ലഭിച്ചപ്പോൾ, പിന്നീട് അദ്ദേഹത്തിന്റെ എല്ലാ ദുആകളും ഒന്നിനുപിറകെ മറ്റൊന്നായി സ്വീകരിക്കപ്പെടാൻ തുടങ്ങി. അതോടൊപ്പം തന്നെ അദ്ദേഹത്തിന് അല്ലാഹുവിൽ നിന്നും ദൈവികഭാഷണവും ദിവ്യവെളിപാടുകളും ലഭ്യമായി തുടങ്ങി. ദൈവികഭാഷണമെന്നത് ദൈവാസ്തികൃത്തിനുള്ള വളരെ ശക്തമായ ഒരു തെളിവാണ്. അതു ലഭിച്ച ശേഷം ലോകത്തിലുള്ള സകലരും ദൈവത്തെ നിഷേധിച്ചാലും ദിവ്യവെളിപാടു ലഭിക്കുന്ന ഒരാൾക്ക് ദൈവത്തെ നിഷേധിക്കാനാവുകയില്ല എന്നു മാത്രമല്ല അയാൾ അല്ലാഹുവിനോടുള്ള സ്നേഹത്തിൽ പതിൻമടങ്ങ് പുരോഗതി പ്രാപിക്കുകയും ചെയ്യും. അദ്ദേഹം പറയുകയാണ്.

യഥാർത്ഥത്തിൽ ഞാൻ ചെറുപ്രായത്തിലും ദുആ ചെയ്യാറുണ്ടായിരുന്നു. അതിന് അല്ലാഹുവിങ്കൽ സ്വീകാര്യത ലഭിക്കാറുമുണ്ടായിരുന്നു. എന്നാൽ ഇത്തരത്തിലുള്ള എന്റെ വികാരവിചാരങ്ങൾ ഒരു തരത്തിൽ എന്റെ മനസ്സിന്റേയും ബുദ്ധിയുടേയും

ചിന്തയൊന്നുമല്ലല്ലോ എന്നും ഞാൻ ആലോചിച്ചു പോകാറുണ്ട്. എന്നാൽ ദൈവാസ്തിക്യത്തെ കുറിച്ച് അനിഷേധ്യങ്ങളായ തെളിവുകൾ ഞാനെന്റെ സ്വന്തം നേത്രങ്ങളാൽ ദർശിച്ചതിനു പുറമെ എന്റെ വിനയാന്വിതങ്ങളായ പ്രാർത്ഥനകൾക്ക് ലഭിച്ച സ്വീകാര്യതയുടെ ബാഹുല്യം നിമിത്തം ഈ കാര്യം അസന്നിഗ്ദ്ധമായി തെളിയുകയും ചെയ്തു. ഇതൊക്കെ തന്നെ എനിക്കു വേണ്ടിയുള്ള കൃത്യവും കണിശവുമായ തെളിവുകളായി എന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടപ്പോൾ ഇതൊന്നും ആകസ്മികങ്ങളോ യാദൃശ്ചികങ്ങളോ ആയ സംഭവങ്ങളല്ലെന്നു എനിക്ക് ദൃഢവിശ്വാസമുണ്ടായി. പിന്നീട് ഈ സാക്ഷ്യങ്ങളും പിന്തുണയും വർദ്ധിക്കുകയും ശക്തമാവുകയും ചെയ്തുകൊണ്ട് അവസാനം അല്ലാഹുതആല തന്റെ അനുഗ്രഹത്താൽ എനിക്ക് നേരിട്ട് അവന്റെ ദിവ്യവെളിപാടുകൾ നൽകിയനുഗ്രഹിച്ചു. *(ഏക് മർദെ ഖുദാ, പേജ് 84-85)*

## ദുആ സ്വീകാര്യതയും അല്ലാഹുവുമായുള്ള ബന്ധവും

ദുആ സ്വീകാര്യത എന്നത് അല്ലാഹുവുമായുള്ള ബന്ധത്തിന്റെ വളരെ വലിയൊരു തെളിവാണ്. അല്ലാഹു ഒരാളെ ഖലീഫയാക്കിയാൽ അയാളുടെ ദുആകൾ വളരെ കൂടുതലായി സ്വീകരിക്കപ്പെടുന്നു. കാരണം ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ട ശേഷം അദ്ദേഹം അല്ലാഹുമായുള്ള ബന്ധത്തിൽ വളരെയേറെ മുന്നോട്ട് പോവുന്നു. ഏത് പ്രകാരം അല്ലാഹുവുമായുള്ള ബന്ധം വർദ്ധിക്കുമോ അതനുസരിച്ച് അയാളുടെ ദുആകളും സ്വീകരിക്കപ്പെടുന്നു. ഹുസൂറിന്റെ ദുആ സ്വീകാര്യതയുടെ ഏതാനും ചില സംഭവങ്ങൾ താഴെ വിവരിക്കാം.

ഹുസൂർ അരുൾ ചെയ്യുകയാണ്,

ദുആ ചെയ്യുമ്പോൾ അത് സ്വീകരിക്കപ്പെട്ടതായി ദിവ്യവെളിപാട് (ഇൽഹാം) ഉണ്ടാകാറിലെങ്കിലും ഖുർആൻ മജീദിന്റെ ഏതെങ്കിലും ആയത്ത് എന്റെ ഹൃദയത്തിൽ ബോധനം ചെയ്യപ്പെടാറുണ്ട്. ആ ആയത്തുകൾക്കു ഞാൻ ചെയ്ത ദുആയുമായി ഉണ്ടാകാറുള്ള ബന്ധത്തിലൂടെ എന്റെ ദുആ സ്വീകരിക്കപ്പെട്ടിട്ടുണ്ടെന്ന സൂചന ലഭിക്കാറുണ്ട്. വേറൊരു കാര്യം ഞാൻ ദുആ ചെയ്യുമ്പോൾ അതിന്ന് ശേഷം വെളിപ്പെടുന്ന സംഭവവികാസങ്ങൾ ഒരു പ്രത്യേക

ക്രമവൽകരണത്തോടെ അഭംഗുരം തുടരുന്നതായും കാണുന്നു. അതിനെ യാദൃശ്ചികമെന്നു ഒരിക്കലും മുദ്രകുത്താൻ സാദ്ധ്യമല്ല. മാത്രവുമല്ല ഇതൊരു മതനിഷേധിക്കും നിരീശ്വരവാദിക്കും നിഷേധിക്കാനാവുകയുമില്ല. ഞാനത് ചെറിയൊരു ഉദാഹരണസഹിതം വിവരിക്കാം.

ഞാനൊരിക്കൽ ഭാര്യാമക്കളോടൊപ്പം അമേരിക്കൻ ഐക്യനാടുകളിൽ സഞ്ചരിക്കുകയായിരുന്നു. ഈ നാട്ടിൽ അധികം പരിച യമില്ലാത്ത എന്നെ പോലുള്ള ഒരു നവാഗതന് ഇവിടുത്തെ നഗരങ്ങളിൽ വഴിതെറ്റുമോ എന്ന പരിഭ്രമം മനസ്സിലുണ്ട്. ഈ കാര്യം മുൻനിർത്തികൊണ്ട് ഞാൻ ദുആ ചെയ്യാൻ തുടങ്ങി. പെട്ടെന്ന് എന്റെ മനസ്സിൽ ഖുർആന്റെ ഒരായത്ത് (വചനം) മിന്നിമറഞ്ഞു. അതോടെ ഇനി വഴി തെറ്റുകയില്ലെന്നും വിശപ്പോ ദാഹമോ കൊണ്ടുള്ള ബുദ്ധിമുട്ടുകളും നേരിടുകയില്ലെന്നുമുള്ള മനസ്സമാധാനമുണ്ടായി. അർദ്ധരാത്രി ഒന്നരമണിയോടെ ഞങ്ങൾ ചിക്കാഗോ എത്തി. ചിക്കാഗോ വളരെ വിശാലവും മൈലുകളോളം പരന്നു കിടക്കുന്ന ഒരു നഗരവുമാണ്. അതിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെയുള്ള നീളം 96 മൈലുകളോളമാണ്. ഒരു പക്ഷെ എന്റെ അനുമാനം തെറ്റായിരിക്കാം. എന്നിരുന്നാലും നഗരം വളരെ ദീർഘമേറിയതാ ണ് എന്നതിൽ യാതൊരു ഒരു സംശയവുമില്ല. നിർഭാഗ്യവശാൽ എന്റെ പക്കൽ നഗരത്തിന്റെ ഭൂപടവും(Map) ഇല്ല. ഞാൻ ഭാര്യയോടും മക്കളോടും കാറിൽ സമാധാനത്തോടെ ഉറങ്ങിക്കൊള്ളാൻ പറഞ്ഞു. കാർ ഞാൻ തന്നെയായിരുന്നു ഓടിച്ചിരുന്നത്. ആദ്യം ഞാൻ ഏതാനും തവണ വലതുഭാഗത്തേക്ക് കാണുന്ന റോഡിൽ തിരിഞ്ഞു. ശേഷം ഏതാനും തവണ ഇടതുഭാഗത്തേക്കു കണ്ട വഴിയിലൂടേയും തിരിഞ്ഞു. കുറേ നേരം ഞാൻ വണ്ടി ഓടിച്ചു കൊണ്ടിരുന്നു. പിന്നീട് കണ്ട ഒരു ചെറിയ പെട്രോൾ പമ്പിൽ വണ്ടി നിർത്തി അഹ്മദിയ്യാ പള്ളിയിലേക്ക് ഫോൺ ചെയ്തു. അപ്പോഴാണ്, അഹ്മദിയ്യാ പള്ളി രണ്ട് ഇടവഴികൾക്കപ്പുറം സമീപസ്ഥമാണെന്ന് മനസ്സിലാകുന്നത്.

ഇതുപോലുള്ള അനുഭവം നോർവേയിലും എനിക്ക് നേരിട്ടിട്ടുണ്ട്. ഞാനൊരു വഴിപോക്കനോട് മേൽവിലാസം കാണിച്ചു കൊണ്ട് ഇംഗ്ലീഷിൽ, ഞങ്ങളുടെ ആതിഥേയൻ താമസിക്കുന്നതെവിടെയാണെന്ന് താങ്കൾക്കറിയാമോ എന്ന് ചോദിച്ചു. അയാൾ വളരെ

സമാധാനത്തോടെ പ്രസന്നവദനായികൊണ്ട് പറഞ്ഞു. ഓ, അദ്ദേഹം എന്റെ അയൽപക്കക്കാരനാണ്. എന്റെ തൊട്ടടുത്ത വീട്ടിലാണ് താമസിക്കുന്നത്.

ഹോളണ്ടിലും ഇതേരീതിയിലുള്ള അനുഭവമുണ്ടായിട്ടുണ്ട്. ഒരു സ്ഥലത്തെത്തി. കുറച്ചു കുട്ടികളെ കണ്ടു. കുട്ടികളോട് ചോദിച്ചു, മക്കളെ, അഹ്മദിയ്യാ പള്ളി എവിടെയാണെന്നു നിങ്ങൾക്കറിയാമോ? അവർ പറഞ്ഞു, അറിയാമോ എന്നോ? അതെന്തൊരു ചോദ്യമാണ്. പള്ളി അടുത്തു തന്നെയാണ്. ഞങ്ങളുടെ കൂടെ വന്നാലും ഞങ്ങൾ കാണിച്ചു തരാം.

ഇത്തരത്തിൽ ക്രമാനുഗതമായും ഒന്നിനു പുറകെ മറ്റൊന്നായും പ്രത്യേകരീതിയിൽ ഉണ്ടായ സംഭവങ്ങൾ കാരണം ഇതെല്ലാം തന്നെ യാദൃശ്ചികങ്ങളാണെന്നു പറയാൻ ഒരിക്കലും സാദ്ധ്യമല്ല. ദുആയെ കുറിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) അരുൾ ചെയ്യുകയാണ്. പകലാകട്ടെ രാത്രിയാകട്ടെ, ദുആ നമ്മുടെ ആത്മാവിന്റെ ആഹാരമാണ്. ജീവൻ നിലനിർത്താൻ ശരീരത്തിന് ഓക്സിജൻ ഒഴിച്ച് കൂടാനാവാത്തതു പോലെ, ആത്മാവിന്ന് ദുആ കൂടാതെ ജീവിച്ചിരിക്കുവാൻ സാധ്യമല്ല.' *(ഏക് മർദെ ഖുദാ, പേജ് 348-351)*

ഹുസൂർ അരുൾ ചെയ്യുകയാണ്, ഘാനയിലെ ഒരു ചീഫിന്(നാട്ടുരാജാവ്) എന്റെ കൈയ്യിൽ ബൈഅത്ത് ചെയ്ത് ഇസ്ലാം ആശ്ലേഷിക്കാനുള്ള ഭാഗ്യമുണ്ടായ കാര്യം ഞാൻ ഓർക്കുകയാണ്. അദ്ദേഹം ആദ്യം ക്രൈസ്തവ മതവിശ്വാസിയായിരുന്നു. ഒരു മകൻ ജനിക്കേണമെന്ന ഉൽക്കടമായ ആഗ്രഹം മനസ്സിൽ കൊണ്ടു നടക്കുകയായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ ഭാര്യ രണ്ട് തവണ ഗർഭിണിയായെങ്കിലും ഗർഭം അലസിപോയി. അതുകാരണം അദ്ദേഹം വളരെയധികം ദു:ഖിതനും, നിരാശനുമായിരുന്നു. എനിക്ക് ഒരുമകനെ ലഭിക്കുവാനും എന്റെ ഭാര്യക്ക് പൂർണ്ണ ആരോഗ്യത്തോടേയുംസൗഖ്യത്തോടേയുമുള്ള ജീവിത ഭാഗ്യമുണ്ടാകുവാനും വേണ്ടി ദുആ ചെയ്യേണമെന്നദ്ദേഹം എന്നോടപേക്ഷിച്ചു. ഞാൻ ആ ചീഫിനും അദ്ദേഹത്തിന്റെ ഭാര്യക്കും വേണ്ടി വളരെ വേദനയോടെ താണുകേണുകൊണ്ട് അല്ലാഹുവിനോട് ദുആ ചെയ്തു. അതിന് ശേഷം,അല്ലാഹു എന്റേയും താങ്കളുടേയും പ്രാർത്ഥനകൾ തീർച്ചയായും കേൾക്കുന്നതാണെന്നു ഞാന

ദ്ദേഹത്തിന്നെഴുതി. കുറച്ച് നാളുകൾക്ക് ശേഷം അദ്ദേഹത്തിന്റെ കത്ത് വന്നു. അല്ലാഹു ഞങ്ങളുടെപ്രാർത്ഥനകൾ സ്വീകരിച്ചു കൊണ്ടു അദ്ദേഹത്തിനു ആരോഗ്യവാനായ ഒരു മകനെ നൽകി അനുഗ്രഹിച്ചതായി അദ്ദേഹം എന്നെ അറിയിച്ചു.

ഹുസൂർ തുടർന്ന് അരുൾ ചെയ്യുകയാണ്,

ഏത് വിഷമഘട്ടം നേരിട്ടാലും നിങ്ങൾ അല്ലാഹുവിന്റെ തിരുസന്നിധിയിൽ ദുആയിൽ വ്യാപൃതരാവുക. ദുആചെയ്യുക എന്നത് നിങ്ങൾ സ്വഭാവമാക്കി മാറ്റുകയാണെങ്കിൽ എല്ലാ വിഷമഘട്ടത്തിലും നിങ്ങളെ ആശ്ചര്യപ്പെടുത്തുന്ന രീതിയിൽ നിങ്ങൾക്ക് ദൈവീക സഹായം വന്നെത്തുന്നതായി കാണാം. ഇതെന്റെ ജീവിതകാല അനുഭവമാണ്. ഞാൻ ഇപ്പോൾ വാർദ്ധക്യകാലത്ത് എത്തിയിരിക്കുകയാണ്. ആവശ്യമുള്ളപ്പോഴെല്ലാം തന്നെ ഞാൻ അല്ലാഹുവിനോട് ദുആ ചെയ്തു. എനിക്ക് ഒരിക്കൽ പോലും നിരാശനാകേണ്ടി വന്നിട്ടില്ല. എല്ലായ്പ്പോഴും അല്ലാഹു എന്റെ ദുആ സ്വീകരിച്ചിട്ടുണ്ട്.
*(അൽഫസൽ 1999 ആഗസ്റ്റ് 5)*

## നമസ്ക്കാരത്തിൽ കൃത്യനിഷ്ഠയും അല്ലാഹുവുമായുള്ള ബന്ധവും

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) യുടെ പ്രൈവറ്റ് സിക്രട്ടറി ജനാബ് മുനീർ അഹ്മദ് സാഹിബ് ജാവീദ് എഴുതുന്നു.

ഹുസൂറിന് നമസ്ക്കാരത്തോടുണ്ടായിരുന്ന പ്രിയവും പ്രതിപത്തിയും സാധാരണക്കാരനായ ഒരാൾക്ക് സങ്കൽപിക്കാനോ ഊഹിക്കാനോ സാധിക്കാത്ത തരത്തിലുള്ളതായിരുന്നു. ഹുസൂർ രോഗിയും വളരെ ക്ഷീണിതനുമായിരുന്നിട്ടും നിന്ന് കൊണ്ടായിരുന്നു നമസ്ക്കരിച്ചു കൊണ്ടിരുന്നത്. അവസാനനാളിലെ രോഗാവസ്ഥയിൽ കഠിനമായ ക്ഷീണമുണ്ടായിട്ടും പരസഹായത്തോടെ ചെറിയ ചെറിയ കാലടികളെടുത്തു വെച്ച് കൊണ്ട് പള്ളികളിൽ നമസ്ക്കരിപ്പിക്കാനായി എത്തിയത് ജമാഅത്തിന്ന് ഒരിക്കലും മറക്കുവാൻ സാദ്ധ്യമല്ല. ഹുസൂർ നമസ്ക്കാരം ഒരിക്കലും തന്നെ ഖളാ (قضاء) ആക്കിരുന്നില്ല. കൃത്യസമയത്ത് തന്നെ നമസ്ക്കരിച്ചിരുന്നു. ഹുസൂർ യാത്രയിൽ എവിടെയെങ്കിലും താൽക്കാലിക വാസത്തിലായാൽ പോലും, കാലാവസ്ഥ ശൈത്യമായാലും അത്യുഷ്ണമായാലും മഴ പെയ്താലും മഞ്ഞ് പെയ്താലും അതിനെ ഒന്നും തന്നെ

വകവെക്കാതെ അല്ലാഹുവിന്റെ ഭവനത്തിൽ അതായത് പള്ളിയിൽ ചെന്ന് തന്നെ നമസ്ക്കരിച്ചിരുന്നു.

ഹുസൂറിന്റെ യാത്രയിലുള്ള നമസ്ക്കാരത്തിന്റെ അവസ്ഥ കൂടി നിങ്ങൾ കേട്ടു കൊള്ളുവിൻ. ഒരിക്കൽ നോർവേയിലേക്കുള്ള യാത്രാമദ്ധ്യേ കപ്പലിന്റെ തുറന്ന മേൽതട്ടിൽ(ഡെക്ക്) അതികഠിനശൈത്യത്തിൽ ഹുസൂർ നമസ്ക്കരിപ്പിച്ചു. മറ്റൊരിക്കൽ അലാസ്ക്കയിൽ അത്യുഷ്ണവും കൊതുകുകളുടെ അസഹനീയമായ ആക്രമണ സമയത്തും ഹുസൂർ നമസ്ക്കരിപ്പിച്ചു. യൂറോപ്പിൽ യാത്രാമദ്ധ്യേ റോഡിനരികിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി, നമസ്ക്കാരത്തിനായി നിർത്തുവാൻ ഹുസൂർ എപ്പോഴുംതന്നെ നിർദ്ദേശിക്കാറുണ്ടായിരുന്നു. ഒരിക്കലും ഹുസൂർ നമസ്ക്കാരം قضاء (ഖളാ) ആക്കാൻ സമ്മതിച്ചിരുന്നില്ല. ഹുസൂറിന്റെ ജീവിതം ഹദ്റത്ത് റസൂൽ കരീം(സ) പറയാറുള്ളതു പോലെ

قُرَّةُ عَيْنِي فِي الصَّلَاةِ (എന്റെ കണ്ണിന്റെ കുളിർമ്മ നമസ്ക്കാരത്തിലാണ്) എന്നതിനെ അന്വർത്ഥമാക്കും വിധമായിരുന്നു. *(തഹ്രീക്ക് ജദീദ് മാസിക, സയ്യിദ്നാ ത്വാഹിർ സ്പെഷ്യൽ പതിപ്പ്, പേജ് 56)*

അല്ലാഹുവിനെ ആരാധിക്കുന്നതിലും നമസ്ക്കാരമനുഷ്ഠിക്കുന്നതിലും ഹുസൂറിന്നുണ്ടായിരുന്ന തൽപരതയും ആസക്തിയും വെളിപ്പെടുത്തുന്ന രസകരമായ ഒരു സംഭവം വിവരിക്കാം. ഹുസൂർ അരുൾ ചെയ്യുകയാണ്.

ഒരിക്കൽ ലണ്ടനിൽ പുതുവർഷാവസരത്തിൽ അനുഭവപ്പെട്ട ആ ഒരു മുഹൂർത്തം എനിക്ക് വളരെ പ്രിയപ്പെട്ടതാണ്. പിറ്റെ ദിവസം പുതുവർഷം ആരംഭിക്കുകയാണ്. മൊത്തത്തിൽ എവിടേയും പെരുന്നാളിനെ ഓർമ്മപ്പെടുത്തുന്ന അവസ്ഥാവിശേഷം. രാത്രി 12 മണിക്ക് ലണ്ടനിലെ ട്രാഫൽഗർ സ്ക്വയറിൽ ഒത്തുചേർന്നുകൊണ്ട് ലോകത്തില്ലാത്ത സകല അസാന്മാർഗികവും നാണംകെട്ടതുമായ പ്രവർത്തനങ്ങളിൽ എല്ലാവരും മുഴുകിയിരിക്കുകയാണ്. യാദൃശ്ചികമെന്ന് പറയട്ടെ ആ രാത്രി ഞാൻ ബോസ്റ്റൺ സ്റ്റേഷനിലാണ് ഉണ്ടായിരുന്നത്. സാധാരണ എല്ലാ അഹ്മദികളും ചെയ്യുന്നതു പോലെ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ വലിയൊരു ഭാഗം അഹ്മദികളും ആ രാത്രി അല്ലാഹുവിനെ ആരാധിച്ചു കൊണ്ടും നമസ്ക്കരിച്ചുമാണ് നവവത്സരത്തിന്റെ പുതിയ ദിനത്തിന് തുടക്കം

കുറിക്കുന്നത്. അതു പോലുള്ള ചിന്ത എനിക്കും ഉണ്ടായി. അതിനുള്ള അവസരം എനിക്കും ലഭിച്ചു. ആ കാര്യത്തിൽ എനിക്ക് യാതൊരു പ്രത്യേക സ്ഥാനവുമില്ല. ഞാൻ പ്ലേറ്റ്ഫോമിൽ ന്യൂസ്പേപ്പർ വിരിച്ചു രണ്ടു റക്കഅത്ത് നഫൽ നമസ്ക്കരിക്കാൻ തുടങ്ങി. അൽപ സമയത്തിന്ന് ശേഷം ആരോ എന്റെ പുറകിൽ നിൽക്കുന്നതായി എനിക്കു തോന്നി. പിന്നീട് തേങ്ങിക്കരയുന്ന ശബ്ദം ഞാൻ കേട്ടു. നമസ്ക്കാരം പൂർത്തിയാക്കിയ ശേഷം ഞാൻ നോക്കിയപ്പോൾ അത് വൃദ്ധനായ ഒരു ബ്രിട്ടിഷുക്കാരനായിരുന്നു. അയാൾ കുട്ടികളെ പോലെ വിക്കിവിക്കി കരയുകയാണ്. ഞാൻ അൽപം പരിഭ്രമിച്ചു. ഒരു പക്ഷേ, ഞാൻ നിൽക്കുകയും കുനിയുകയും കുമ്പിടുകയും ഒക്കെ ചെയ്യുന്നത് കണ്ട് ഞാനൊരു ഭ്രാന്തനായിരിക്കുമെന്നു കരുതി, എന്നോടുള്ള സഹതാപത്താൽ കരയുന്നതായിരിക്കുമെന്നാണ് ഞാനാദ്യം ധരിച്ചത്. ഞാനയാളോടു ചോദിച്ചു, താങ്കൾ ക്കെന്തു പറ്റി? അയാൾ പറഞ്ഞു, എനിക്കൊന്നും പറ്റിയിട്ടില്ല.പറ്റിയത് എന്റെ ജനത്തിന്നാണ്. ഈ സമയം മുഴുവൻ ജനങ്ങളും നാനാതരം അസാന്മാർഗ്ഗികവും നാണംകെട്ടതുമായ പ്രവർത്തികളിൽ മുഴുകികൊണ്ട് നവവത്സരാഘോഷം തിമർക്കുകയാണ്. ആ അവസരത്തിൽ ഒരാൾ മാത്രം തന്റെ റബ്ബിനെ സ്മരിക്കുന്നു. ഈ കാര്യം എന്റെ മനസ്സിലുണ്ടാക്കിയ സ്വാധീനം എനിക്ക് സഹിക്കാനും നിയന്ത്രിക്കാനും സാധിച്ചില്ല. അതുകൊണ്ടാണ് ഞാൻ കരഞ്ഞുപോയത്. അതിന് ശേഷം അയാൾ പറഞ്ഞുകൊണ്ടേയിരുന്നു, God bless you,Godbless you,God bless you, God bless you.(ദൈവം നിന്നെ അനുഗ്രഹിക്കുമാറാകട്ടെ, ദൈവം നിന്നെ അനുഗ്രഹിക്കുമാറാകട്ടെ, ദൈവം നിന്നെ അനുഗ്രഹിക്കുമാറാകട്ടെ,) *(ജുമുഅ ഖുത്തുബ,1982 ആഗസ്റ്റ് 20)*

## കണ്ണിന്റെ സ്ഥിതി മാറാൻ തുടങ്ങി

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) 1986 ജൂലായ് 20-ാം തീയ്യതി ചെയ്ത തന്റെ ഒരു ഖുത്തുബയിൽ വിവരിക്കുകയാണ്, ഡാക്കയിലുള്ള ഒരു അഹ്മദി സഹോദരൻ, അനഹ്മദിയായ തന്റെ ഒരു സുഹൃത്തിനെ കുറിച്ച് എഴുതുകയാണ്. ഞാൻ ഇദ്ദേഹത്തിന് അഹ്മദിയ്യാ ജമാഅത്തിനെ കുറിച്ചുള്ള സാഹിത്യങ്ങളും കാസറ്റുകളും കൊടുക്കാറുണ്ടായിരുന്നു.അതിലൂടെ അദ്ദേഹം കാര്യങ്ങൾ മനസ്സിലാക്കുകയും പതുക്കെ പതുക്കെ അദ്ദേഹത്തിന്റെ ഹൃദ

യം സത്യം അംഗീകരിക്കാൻ തുടങ്ങി. അദ്ദേഹം വളരെ താൽപര്യത്തോടെ ജമാഅത്തിന്റെ പുസ്തകങ്ങൾ ആവശ്യപ്പെടുകയും വായിച്ചു കൊണ്ടിരിക്കാനും തുടങ്ങി. ആയിടയ്ക്കു അദ്ദേഹത്തിന്റെ കണ്ണിന് അസുഖം ബാധിച്ചു.അദ്ദേഹം ഡോക്ടറെ സമീപിച്ചു. ഡോക്ടർ പരിശോധിച്ച ശേഷം, നിങ്ങളുടെ രണ്ട് കണ്ണിന്റേയും കാഴ്ചശക്തി കുറഞ്ഞു കുറഞ്ഞു വരികയാണെന്നും, കാഴ്ച ശക്തി വീണ്ടെടുക്കാനും രക്ഷപ്പെടുത്തുവാനും വൈദ്യശാസ്ത്രത്തിനാവുകയില്ലെന്നും അദ്ദേഹത്തെ അറിയിച്ചു.

ഈ വിവരം അദ്ദേഹത്തിന്റെ അനഹ്മദി സുഹൃത്തുക്കൾ അറിഞ്ഞപ്പോൾ, ഇദ്ദേഹത്തെ ആക്ഷേപിക്കാനും പരിഹസിക്കാനും കുത്തുവാക്കുകൾ പറയാനും തുടങ്ങി. അവർ പറഞ്ഞു, നീ അഹ്മദികളുടെ പുസ്തകങ്ങൾ വായിക്ക്, ഇനിയും വായിക്ക്. ഈ പുസ്തക വായനയാണ് നിന്നെ ഈ സ്ഥിതിയിലെത്തിച്ചത്. ആ പുസ്തകങ്ങൾ തന്നേയാണ് നിന്റെ കാഴ്ചശക്തി നശിപ്പിച്ചത്. അതിലൂടെ നിന്റെ കണ്ണിൽ നരകാഗ്നിയാണ് പ്രവേശിക്കുന്നത്. ഈ പുസ്തകങ്ങൾ വായിക്കുന്നത് കൊണ്ട് നിനക്ക് ദൈവീക ശിക്ഷ ലഭിച്ചു കൊണ്ടിരിക്കുകയാണ്. കാര്യങ്ങൾ അദ്ദേഹം തന്റെ അഹ്മദി സുഹൃത്തിനെ വളരെ ഉൽകൺഠയോടെ അറിയിച്ചു. അഹ്മദി സുഹൃത്ത് അദ്ദേഹത്തോട് പറഞ്ഞു, ഭയപ്പെടരുത്, വളരെ സമാധാനത്തോടെ ഇരിക്കൂ. നീ ദുആ ചെയ്യൂ, ഞാനും നിനക്ക് വേണ്ടി ദുആ ചെയ്യും. അതോടൊപ്പം എല്ലാ കാര്യങ്ങളും കാലത്തിന്റെ ഇമാമിനെ അറിയിച്ചു കൊണ്ട് നമുക്ക് ദുആക്കപേക്ഷിക്കുകയും ചെയ്യാം. പിന്നീട് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ എങ്ങിനെയാണ് പെയ്തിറങ്ങുതെന്നു നീ നോക്കിക്കൊള്ളു. അങ്ങനെ എല്ലാ ഭാഗത്തും ദുആ ആരംഭിച്ചു.

ഈ സംഭവത്തിന് ഏതാനും ദിവസങ്ങൾക്ക് ശേഷം തന്നെ കണ്ണിന്റെ അവസ്ഥക്ക് മാറ്റം വരാൻ തുടങ്ങി. പിന്നീട് പരിപൂർണ്ണ കാഴ്ച തിരിച്ചു കിട്ടി. രണ്ടാമത്തെ പ്രാവശ്യം പരിശോധനക്കായി ഡോക്ടറുടെ അടുക്കൽ ചെന്നപ്പോൾ, കണ്ണിന്റെ അപകടകാരിയായ ആ അസുഖത്തിന്റെ യാതൊരു ലക്ഷണവും ബാക്കിയില്ലാത്ത വിധം അദ്ദേഹം പരിപൂർണ്ണമായും സുഖം പ്രാപിച്ചതായി ഡോക്ടർ പറയുകയുണ്ടായി. *(ഖാലിദ് മാസിക, റബ്വ. ജൂലായ് 1987)*

ഹദ്റത്ത് മസീഹ മൗഊദ്(അ) തന്റെ ഉറുദു കവിതയിൽ ദുആയുടെ ശക്തിയെ കുറിച്ച് വിവരിക്കുകയാണ്,

*ഗൈർ മുംകിൻ കൊ യെ മുംകിൻ മെ ബദൽ ദേതീ ഹെ*

*ഏ മേരെ ഫൽസഫിയോ സോറെ ദുആ ദേക്കോ തോ*

അസാധ്യവും അസംഭവ്യവുമായതിനെ അത് അതായത് ദുആ സംഭവ്യമാക്കി തീർക്കും. അല്ലയോ എന്റെ തത്വജ്ഞാനികളെ ദുആയുടെ ശക്തി നിങ്ങളൊന്ന് പരിശോധിച്ചു നോക്കുവിൻ.

## ഈ കാലഘട്ടത്തിന്റെ ഫിർഔൻ ആയ സിയാഉൽഹഖിന്റെ പരാജയവും ഹുസൂറിന്റെ സുരക്ഷിതമായ ലണ്ടൻ യാത്രയും

1984 ഏപ്രിൽ 26ാം തിയ്യതി വ്യാഴാഴ്ച അഭിനവ ഫിർഔൻ ആയ പാക്കിസ്ഥാൻ പ്രസിഡണ്ട് ജനറൽ സിയാഉൽഹഖ് ഒരു അടിയന്തിര നിയമ ശാസന(ഓഡിനൻസ്)യിലൂടെ അഹ്മദികളുടെ മതസ്വാതന്ത്ര്യം തട്ടിപ്പറിച്ചെടുത്തു. ഈ ഉത്തരവ് ലംഘിക്കുന്നവർക്കെതിരിൽ ശക്തമായ ശിക്ഷാനടപടികൾക്കുള്ള നിയമവുമുണ്ടാക്കി. ഇതിലൂടെ കാലത്തിന്റെ ഖലീഫക്ക് പാക്കിസ്ഥാനിൽ താമസിച്ചു കൊണ്ട് തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണം എല്ലാതരത്തിലും അസാധ്യമാക്കുകയാണ് അവർ ചെയ്തത്. കാര്യങ്ങൾ ഇവിടം കൊണ്ടും അവസാനിച്ചില്ല. സിയാഉൽഹഖ് ഹുസൂറിനെ അറസ്റ്റ് ചെയ്യുവാനുള്ള എല്ലാ ഗൂഢപദ്ധതികളും പൂർത്തിയാക്കി. ഹുസൂർ ഏത് സമയവും അറസ്റ്റ് ചെയ്യപ്പെട്ടേക്കാം എന്ന സ്ഥിതി വരെ എത്തി. ഈ സാഹചര്യത്തിൽ ഹുസൂർ പാക്കിസ്ഥാനിൽ നിന്നും പുറത്തേക്ക് പോകുന്നത് തന്നേയാണ് ഉത്തമം. ഇത് അല്ലാഹുവിന്റെ തക്ദീറായിരുന്നു. സിയാഉൽഹഖിന്റെ പരാജയവും ഹുസൂറിന്റെ പലായനവും വളരെ ചുരുക്കി വിവരിക്കാം.

ഈ ദിനങ്ങളിൽ അഹ്മദിയ്യാ ജമാഅത്തിന്റെ സിരാകേന്ദ്രമായ റബ്വ സൂക്ഷ്മനിരീക്ഷണത്തിന് വിധേയമാക്കപ്പെട്ടിരുന്നു. ഈ നിരീക്ഷണം സിയാഉൽഹഖിന്റെ വിവിധങ്ങളായ അഞ്ച് രഹസ്യാന്വേഷണ പോലീസ് ഏജൻസികളായിരുന്നു നടത്തികൊണ്ടിരുന്നത്. റബ്വയിലേക്കുള്ള വഴികളിൽ എല്ലാം തന്നെ സദാസമയവും ഈ ഏജൻസികളുടെ കാര്യകർത്താക്കൾ നിലയുറപ്പിച്ചിട്ടുണ്ടായിരുന്നു.

ഇവരെ തിരിച്ചറിയുക അത്ര വലിയ പ്രയാസമുള്ള കാര്യമായിരുന്നില്ല. രഹസ്യാന്വേഷണ പോലീസിന്റെ ഒരു ഏജൻസി കരസേനയുമായി ബന്ധമുള്ളവരായിരുന്നു. പക്ഷേ, അവർ ഭിക്ഷക്കാരുടെ വേഷത്തിലായിരുന്നു ഉണ്ടായിരുന്നത്. ലോക ചരിത്രത്തിൽ ഇത്തരം ഭിക്ഷക്കാർ ഇവർ മാത്രമേ ഉള്ളൂ ഉണ്ടാവു കയുള്ളു. കാരണം ഭിക്ഷക്കാരുടെ കീറിപറിഞ്ഞ വേഷം ധരിച്ച ഇവർ, മിലിറ്ററിക്കാരുടെ പ്രത്യേക സവിശേഷതയുള്ള ഭാരിച്ച ബൂട്ട്സായിരുന്നു ധരിച്ചിരുന്നത്.

ഒരിക്കലും തന്നെ തന്റെ യാത്രയുമായി ബന്ധപ്പെട്ടു എന്തെങ്കിലും കാര്യലാഭത്തിനായി തെറ്റായ പ്രസ്താവനയോ മറ്റുള്ളവരിൽ സംശയമുളവാക്കുന്ന രീതികളോ അവലംബിക്കാൻ പാടില്ലെന്ന് ഹുസൂർ ശക്തമായ നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. അതുപോലെ തന്നെ പിടിക്കപ്പെടാതിരിക്കാൻ വേഷം മാറുകയോ, അന്യരുടെ പാസ്പോർട്ടിൽ യാത്ര ചെയ്യുകയോ ഇല്ലെന്നും, സിയാഉൽഹഖിന്റെ രഹസ്യപോലീസ് എന്ത് ശുഭാപ്തി വിശ്വാസം കാണിച്ചാലും ശരിഞാനത് ഗൗനിക്കുന്നില്ലെന്നും ഹുസൂർ തറപ്പിച്ചു പറഞ്ഞിരുന്നു.

1984 ഏപ്രിൽ 29ാം തീയ്യതി സുബഹി നമസ്ക്കാരത്തിന് ശേഷം അതിരാവിലെ തന്നെ ഹുസൂറിന്റെ കാർ റബ്വയിൽ നിന്നും പുറപ്പെട്ടതായി കാണപ്പെട്ടു. കാറിന്റെ പിൻസീറ്റിൽ ഒരു മാന്യദേഹം ഇരിപ്പുണ്ടായിരുന്നു. അദ്ദേഹം ഹുസൂറിന്റേതു പോലുള്ള ഉടുപ്പുകളായിരുന്നു ധരിച്ചിരുന്നത്. ശേർവാനി ധരിച്ചിട്ടുണ്ട്. സ്വർണ്ണനിറത്തിലുള്ള തൊപ്പിക്ക്(കുല്ല) മുകളിൽ പഞ്ചാബി രീതിയിൽ ചുറ്റിയ തലപ്പാവുണ്ട്. പതിവു പോലെ സുരക്ഷാ ടീം അംഗങ്ങളും കൂടെയുണ്ട്. ആ കാറിനു മുമ്പിൽ ഒരു കാറും പുറകിൽ രണ്ട് കാറുകളും അനുഗമിക്കുന്നുണ്ട്. ആ കാറിലും സുരക്ഷാ സംഘത്തിലെ അംഗങ്ങളാണുള്ളത്. ഇവരെ എല്ലാം തന്നെ രഹസ്യാന്വേഷണ പോലീസ് അംഗങ്ങൾ നന്നായി തിരിച്ചറിയുകയും മനസ്സിലാക്കുകയും ചെയ്തിരുന്നു. അവരെല്ലാം തന്നെ കാറിൽ തങ്ങളുടെ സീറ്റിൽ ഇരിക്കുന്നതായി പുറത്തുള്ളവർക്കു കാണുവാനും സാദ്ധിക്കും.

വഴിയാത്രക്കാരായ അഹ്മദി സഹോദരങ്ങൾ ഈ യാത്രാ സംഘത്തെ കണ്ടപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഉം സംഘവും ഇരുന്നൂറു മൈൽ അകലെയുള്ള ഇസ്ലാമാബാദിലേക്ക് പോ

വുകയാണെന്ന് ധരിച്ചു. റബ്‌വയിൽ നിരീക്ഷണത്തിനായി നിയമിക്കപ്പെട്ടിട്ടുള്ള അഞ്ച് രഹസ്യാന്വേഷണ ഏജൻസികളിൽ നാല് ഏജൻസികളുടേയും നിഗമനം ഏറെ കുറെ ഇത് തന്നെയായിരുന്നു. അതനുസരിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റബ്‌വയിൽ നിന്ന് ഇസ്‌ലാമാബാദിലേക്ക് പുറപ്പെട്ടതായും അവരെ ഞങ്ങൾ പിന്തുടരുന്നുണ്ടെന്നും ഈ നാല് ഏജൻസികളും തങ്ങളുടെ മേലുദ്യോഗസ്ഥരെ അറിയിക്കുകയും ചെയ്തു. എന്നാൽ മെഴ്സിഡസ് ബെൻസ് കാറിന്റെ പിൻസീറ്റിൽ ഹുസൂർ ഖലീഫത്തുൽ മസീഹ് റാബിഅ് ഇല്ലായിരുന്നു. പകരം ഹുസൂറിന്റെ മൂന്നാമത്തെ ജ്യേഷ്ഠ സഹോദരൻ സാഹിബ് സാദാ ഡോക്ടർ മിർസാ മുനവ്വർ അഹ്‌മദ് സാഹിബായിരുന്നു ഉണ്ടായിരുന്നത്. സാഹിബ് സാദാ ഡോക്ടർ മിർസാ മുനവ്വർ അഹ്‌മദ് സാഹിബും സംഘവും യാത്ര പുറപ്പെടുന്നതിന്നു മുമ്പ്, വളരെ നേരത്തെ രാത്രി രണ്ട് മണിക്ക് നല്ല ഇരുട്ടിൽ വേറെ രണ്ട് കാറുകൾ റബ്‌വയിൽ നിന്നും പുറപ്പെട്ടിരുന്നു. ഈ രണ്ട് കാറുകളും പ്രധാന റോഡുകളെല്ലാം ഒഴിവാക്കി മറ്റ് വഴികളിലൂടെ പട്ടണത്തിൽ നിന്നും അൽപം അകലെയുള്ള ഒരു ഉൾനാടൻ പ്രദേശമായ ''ലാലിയാൻ''എന്ന ചെറിയൊരു പട്ടണത്തിലെത്തി. അവിടെ നിന്ന് ജില്ലാ ആസ്ഥാനമായ ജ്ജംഗിലും എത്തി. ജ്ജംഗിൽ നിന്ന് ''ഹൈവെ' യിലൂടെ കറാച്ചി ലക്ഷ്യമാക്കി യാത്രയായി. റബ്‌വയിൽ നിന്നും കറാച്ചിയിലേക്കുള്ള ദൂരം 750 മൈൽ(1200 കിലോമീറ്റർ) ആണ്. ഈ രണ്ട് കാറുകളിൽ ആദ്യ കാറിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ സുരക്ഷാ കർമ്മികളും പുറകിലുള്ള കാറിൽ ഹുസൂറുമായിരുന്നു ഉണ്ടായിരുന്നത്.

ഒരു കാറിൽ മിർസാ താഹിർ അഹ്‌മദ്സാഹിബ് ജ്ജംഗിലേക്ക് പോകുന്നത് കണ്ടതായും അദ്ദേഹം കറാച്ചിയിലേക്ക് പോകുകയാണോ എന്ന സംശയമുണ്ടെന്നും പിറ്റെ ദിവസം കരസേനാ മേധാവിക്ക് രഹസ്യാന്വേഷണ പോലീസ് യൂണിറ്റിൽ നിന്നുള്ള റിപ്പോർട്ട് കിട്ടി. എന്നാൽ മറ്റ് നാല് ഏജൻസികളുടേയും ഏകാഭിപ്രായം ഹുസൂർ തന്റെ സുരക്ഷാ ടീം അംഗങ്ങളോടൊപ്പം ഇസ്‌ലാമാബാദിലേക്ക് പോയികൊണ്ടിരിക്കുകയാണെന്നും വഴിയിൽ രാത്രി അദ്ദേഹം തന്റെ പിതൃസഹോദരപുത്രന്റെ വീട്ടിൽ തങ്ങി എന്നും ആണ്. അതുകൊണ്ട് ഈ റിപ്പോർട്ട് വേണ്ടവിധം ആരും ഗൗനിച്ചില്ല. അങ്ങിനെ ഹുസൂർ കറാച്ചി വിമാനത്താവളത്തിലെത്തി. ആ

സമയം ആർക്കും തന്നെ യഥാർത്ഥമായ കാര്യം വേണ്ട വിധം മനസ്സിലാക്കാൻ സാധിച്ചില്ലെങ്കിലും മാസങ്ങൾക്കു ശേഷമാണു ഹുസൂർ കഷ്ടിച്ചു അറസ്റ്റിൽ നിന്നും അന്നു രക്ഷപ്പെട്ട വിവരം എല്ലാവരും അറിയുന്നത്.

രാജ്യത്തെ എല്ലാ വിമാനത്താവളങ്ങളിലും തുറമുഖങ്ങളിലും കരമാർഗ്ഗമുള്ള എല്ലാ നിർഗമന കവാടങ്ങ(Exit point) ളിലുമുള്ള പാസ്പോർട്ട് കൺട്രോൾ വിഭാഗത്തിൽ ജനറൽ സിയാഉൽഹഖിന്റെ ഒപ്പോടു കൂടിയ ഒരു ഉത്തരവ് വന്നു കിടപ്പുണ്ടായിരുന്നു. ആ ഉഗ്രശാസനയിലെ വാചകം ഇപ്രകാരമാണ്.

''താൻ അഹ്മദിയ്യാ ഖലീഫയാണെന്ന് പറയുന്ന മിർസാ നാസിർ അഹ്മദിന് ഒരു കാരണവശാലും പാക്കിസ്ഥാൻ വിട്ട് പോകാനുള്ള അനുവാദമില്ല.'

ഈ കാരണത്താൽ കറാച്ചി വിമാനത്താവളത്തിൽ നിന്നും വിമാനം പുറപ്പെടാൻ വൈകി. അതിൽ ആശ്ചര്യപ്പെടാനൊന്നുമില്ല. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്)നെ പല കാര്യങ്ങൾക്കായി സിയാഉൽഹഖ് ബന്ധപ്പെടാറുണ്ടായിരുന്നു. ആ കാരണത്താൽ അയാൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് ഹദ്റത്ത് മിർസാ താഹിർ അഹ്മദ് എന്നെഴുതുന്നതിനു പകരം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് ആയിരുന്ന മിർസാ നാസിർ അഹ്മദ് എന്നു തെറ്റായി എഴുതിപ്പോയി. അതായത് പാക്കിസ്ഥാനിൽ നിന്നും പുറത്തു പോകാൻ അനുവദിക്കരുതെന്ന നിയന്ത്രണം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്)യുടെ പേരിലാണ് സിയാഉൽഹഖ് ഉത്തരവിറക്കിയത്. ഹുസൂർ സാലിസാണെങ്കിൽ ഈ നിയന്ത്രണം വരുന്നതിന്നു രണ്ട് വർഷം മുമ്പ് വഫാത്തായിട്ടുണ്ടായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ പാസ്പോർട്ടിൽ പേര് മിർസാ താഹിർ അഹ്മദ് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ ആഗോള ഇമാം എന്നു വ്യക്തമായി എഴുതിയിട്ടുമുണ്ടായിരുന്നു.

വിമാനത്താവളത്തിൽ ദീർഘമായ കാത്തിരിപ്പിന്നിടയിൽ പാസ്പോർട്ട് കൺട്രോൾ ഓഫീസിലെ വെപ്രാളവും ഓട്ടവും പരക്കംപാച്ചിലും ഒന്നു കാണേണ്ടതായിരുന്നു. അവരെല്ലാം ഈ സങ്കീർണ്ണമായ ദുർഘടാവസ്ഥക്കു പരിഹാരം കാണാൻ ശ്രമിക്കുകയായി

രുന്നു. Exit control listൽ പേര് അഹ്മദിയ്യാ ഖലീഫ മിർസാ നാസിർ അഹ്മദ്, യാത്രക്കാരന്റെ പാസ്പോർട്ടിൽ പേര് അഹ്മദിയ്യാ ഖലീഫ മിർസാ താഹിർ അഹ്മദ്. ഈ പ്രശ്നം പരിഹരിക്കേണമെങ്കിൽ ആഭ്യന്തര മന്ത്രാലയത്തിലെ ഉയർന്ന ഉദ്യോഗസ്ഥൻ വേണം. എന്നാൽ രാത്രി രണ്ടു മണിക്ക് ഈ ഉദ്യോഗസ്ഥനെ എവിടെ കിട്ടാനാണ്. പാസ്പോർട്ട് കൺട്രോൾ ഓഫീസിലെ സ്റ്റാഫംഗങ്ങൾ, ഇത് കാലഹരണപ്പെട്ട ഉത്തരവാണെന്നു തോന്നുന്നുവല്ലോ എന്നു പറയാൻ തുടങ്ങി. ഇന്റലിജൻസിന് ലഭിച്ച വിവരം മിർസാ ത്വാഹിർ അഹ്മദ് ഇസ്ലാമാബാദിൽ എത്തിക്കൊണ്ടിരിക്കുന്നു എന്നാണ്. അവസാനം മണിക്കൂറുകൾ വൈകിച്ച ശേഷം വിമാനത്തിന്ന് take offന്നുള്ള അനുവാദം ലഭിച്ചു.

1984 ഏപ്രിൽ 30ാം തീയ്യതി ഉച്ച പന്ത്രണ്ടരക്കൽപം മുമ്പ് ഹുസൂർ ലണ്ടനിലെ മസ്ജിദ് ഫസലിൽ എത്തി. മുന്നൂറോളം അഹ്മദികൾ സ്വീകരിക്കാനെത്തിയിരുന്നു. ഹുസൂറിന്റെ പലായന വാർത്ത ലോകം മുഴുവനും പ്രചരിച്ചു. വിവരമറിഞ്ഞ സിയാഉൽഹഖ് ഉഗ്രകോപ പാരവശ്യത്തിൽ ഉന്മാദം ബാധിച്ചവനെപ്പോലെ വെറളി പൂണ്ടു. അഹ്മദിയ്യാ ജമാഅത്തിന്റെ കഴുത്തു ഞെരിച്ചമർത്തി അവരെ ഇല്ലാതാക്കാമെന്ന വ്യാമോഹത്തിൽ കഴിഞ്ഞിരുന്ന അയാളുടെ എല്ലാ മോഹങ്ങളും യത്നങ്ങളും തിരിച്ചടിച്ചു. എല്ലാം വിപരീതമായി ഭവിച്ചു. ഹുസൂറിന്റെ ലണ്ടനിലേക്കുള്ള പലായനത്തിലൂടെ യഥാർത്ഥത്തിൽ അയാൾ ഈ പ്രസ്ഥാനത്തിന്റെ വളർച്ചക്കും പുരോഗതിക്കും വേണ്ടി അസാധാരണവും അത്യപൂർവ്വവുമായ അവസരമാണു ജമാഅത്തിന് ഒരുക്കി തന്നത്. കാരണം രാഷ്ട്രാന്തരീയ സഹവാസത്തിന്റേയും സൗഹൃദബന്ധത്തിന്റേയും തിരക്കേറിയ ഒരു കേന്ദ്ര കവാടത്തിന്റെ സ്ഥാനമാണ് ഇന്നും ലണ്ടനുള്ളത്. *(ഏക് മർദെ ഖുദാ, പേജ് 292-306)*

## നവ ഫിർഔന്റെ പതനവും ഹുസൂറിന്റെ ദൈവ ബന്ധവും

ഈ കാലത്തിന്നപമാനമായ സ്വേഛാധിപതി ജനറൽ സിയാഉൽ ഹഖ് അഹ്മദികൾക്കെതിരിൽ നടത്തിക്കൊണ്ടിരിക്കുന്ന കൊടിയ പീഡനങ്ങളും ആക്രമങ്ങളും എല്ലാ സീമകളും ലംഘിക്കപ്പെട്ടപ്പോൾ ഹുസൂർ റാബിഅ് അയാളെ മുബാഹലക്ക് ക്ഷണിച്ചു. എന്നിട്ടയാ

ളോട് പറഞ്ഞു, അഹ്മദികൾക്കെതിരിലുള്ള ഈ അതിക്രമങ്ങൾ നിർത്തിവെക്കുകയാണെങ്കിൽ നിങ്ങൾ മുബാഹലാ ആഹ്വാനം നിഷേധിച്ചെന്നും സ്വീകരിച്ചിട്ടില്ലെന്നും ഞാൻ മനസ്സിലാക്കും. അതോടൊപ്പം അയാളെ, ഉഗ്രപ്രതാപിയായ അല്ലാഹുവിനെ തൊട്ട് ഭയപ്പെടുത്തുകയും ഇത്തരം അതിക്രമങ്ങളിൽ നിന്ന് വിട്ട് നിൽക്കാൻ ഉപദേശിക്കുകയും ചെയ്തു.

1988 ആഗസ്റ്റ് 12ാം തിയ്യതിയിലെ ജുമുഅ ഖുത്തുബയിൽ ഹുസൂർ വിളംബരം ചെയ്തു. സിയാഉൽഹഖ് വാക്കുകളിലൂടെയോ പ്രവൃത്തികളിലൂടെയോ അഹ്മദികൾക്കെതിരിൽ നടത്തികൊണ്ടിരിക്കുന്ന അതിക്രമങ്ങളിൽ പശ്ചാത്താപമോ ഖേദമോ ഇതുവരേയും പ്രകടിപ്പിച്ചില്ല. ഇനി കാര്യം അല്ലാഹുവിന്റെ കൈയിലാണ്. അവൻ ഇനി എന്ത് പ്രവർത്തിക്കും എന്നുനമുക്കു കാത്തിരുന്നു കാണാം. അതിനായി ഞങ്ങൾ കാത്തിരിക്കുകയാണ്. പിന്നീട് വളരെ വ്യക്തമായ വാക്കുകളിൽ തുറന്ന് പ്രഖ്യാപിച്ചു, ''ഇനി സിയാഉൽ ഹഖ് അല്ലാഹുവിന്റെ പിടിയിൽ നിന്നും അവന്റെ ശിക്ഷയിൽ നിന്നും രക്ഷപ്പെടുകയില്ല.''

1988 ആഗസ്റ്റ് 17ാം തീയ്യതി സിയാഉൽഹഖ് ഒരമേരിക്കൻ ടാങ്കിന്റെ സൂക്ഷ്മ നിരീക്ഷണത്തിന്നും പരിശോധനക്കുമായി ഭാവൽപൂർ സൈനിക താവളത്തിലേക്ക് പോവുകയുണ്ടായി. ഉച്ച തിരിഞ്ഞ് മൂന്നര മണിക്ക് തന്റെ പ്രത്യേകവിമാനമായ C130 Herculease ൽ അവിടെ നിന്നു മടങ്ങി . ഭാവൽപൂരിൽ നിന്നും ആറുമൈൽ അകലെ നദിക്കരയിൽ കർഷകർ തങ്ങളുടെ വയലുകളിൽ പണിയെടുക്കുന്ന സമയം ഒരു വിമാനം ആകാശത്തു ആടി ഉലയുന്നതായും തിരമാലകളിൽപ്പെട്ട തോണിയെ പോലെ ചാഞ്ചാടു ന്നതായും പിന്നീട് കരണം മറിയുന്നതായും കണ്ടു. മൂന്നാമത്തെ കരണം മറിച്ചിലിൽ വിമാനം നേരെ ഭൂമിയിൽ വന്നു പതിച്ചു. വീഴ്ചയോടുകൂടി വിമാനം മണലിൽ പൂണ്ടു പോവുകയും ഒരു പൊട്ടിത്തെറിയോടുകൂടി അതൊരു അഗ്നിഗോളമാവുകയും ചെയ്തു. അതോടെ വിമാനത്തിലുണ്ടായിരുന്ന മുപ്പത്തി ഒന്നു പേരും നിമിഷനേരം കൊണ്ട് കത്തിച്ചാമ്പലായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പിറ്റേദിവസം വെള്ളിയാഴ്ച അരുൾ ചെയ്തു. ''അല്ലാഹു തന്റെ വിധി നടപ്പിൽ

വരുത്തി കഴിഞ്ഞു''. ഹുസൂർ സിയാഉൽഹഖിനെ അല്ലാഹുവിന്റെ ശിക്ഷയെ കുറിച്ച് ഉണർത്തിയിരുന്നു. ജാഗ്രതപ്പെടുത്തിയിരുന്നു. എന്നാൽ അയാൾ അതിന് ഒരു വിലയും കൽപിക്കാതെ ആ മുന്നറിയിപ്പ് പുച്ഛരിച്ചു തള്ളുകയും അവഗണിക്കുകയുമാണു ചെയ്തത്. എന്നാൽ ആകാശങ്ങളുടേയും ഭൂമിയുടേയും നാഥനായ അല്ലാഹുവിന്റെ ഉഗ്രകോപം അയാളെ തകർത്ത് തരിപ്പണമാക്കി ധൂളികൾ കാറ്റിൽ പറത്തി. അതോടൊപ്പം അയാളുടെ വലംകയ്യും സഹായികളുമായി അധികാര ദുർവിനിയോഗത്തിൽ പങ്കാളികളായിരുന്ന എല്ലാ ജനറൽമാരും കൂട്ടാളികളും പിടിക്കപ്പെട്ടു. അവരേയും അല്ലാഹു നശിപ്പിച്ചു നാമാവശേഷമാക്കി.ഹദ്റത്ത് ഖലീഫത്തുൽ മസീഹ് തുടർന്ന് അരുൾ ചെയ്തു, ''ഇങ്ങനെയൊക്കെയാണെങ്കിലും നാം ശത്രുവിന്റെ മരണത്തിൽ സന്തോഷം കൊള്ളരുത്''. *(ഏക് മർദെ ഖുദാ, പേജ് 377-384)*

## തടവുകാരുടെ മോചനത്തിനുള്ള പ്രത്യേക ദുആ

തടവുക്കാരുടെ മോചനവുമായി ബന്ധപ്പെട്ട ഒരു സംഭവം പറയാം. സഖറിലേയും സാഹിവാളിലേയും തടവുകാരുടെ മോചനം ഹുസൂർ റാബിഅ്(റഹ്)യുടെ വേദന നിറഞ്ഞതും വേവലാതി പൂണ്ടതുമായ ദുആയുടെ ഫലമായിരുന്നു. 1991ൽ ജൽസയിൽ പങ്കെടുക്കുവാനായി ഹുസൂർ ഖാദിയാനിൽപോയിട്ടുണ്ടായിരുന്നു. ഹുസൂർ തന്റെ ഖാദിയാൻ പര്യടനം പൂർത്തിയാക്കിക്കൊണ്ട് ലണ്ടനിൽ തിരിച്ചെത്തിയപ്പോൾ ഹുസൂറിനെ സ്വീകരിക്കാനായി എത്തിയവരെ അഭിസംബോധന ചെയ്തുകൊണ്ട് അരുൾ ചെയ്തു.

ഞാൻ ലണ്ടനിലേക്ക് തിരിക്കാനായി ഖാദിയാനിൽ നിന്നും ഡൽഹിയിൽ തിരിച്ചെത്തി. 1992 ജനുവരി 10ാം തിയ്യതി പരിപാടിയനുസരിച്ചു ഡൽഹിയിലായിരുന്നു ജുമുഅ നമസ്ക്കരിക്കേണ്ടിയിരുന്നത്. എന്നാൽ ഈ ജുമുഅ Friday the 10th ആണെന്നു മനസ്സിലായപ്പോൾ ഖാദിയാനിൽ തിരിച്ചുചെന്നു ജുമുഅ അവിടെ നമസ്ക്കരിച്ചു കൊണ്ടു തടവിലാക്കപ്പെട്ടവർക്കായി പ്രത്യേകം ദുആ ചെയ്യാൻ ഞാൻ തീരുമാനിച്ചു. അങ്ങിനെ ഞാൻ ഖാദിയാനിൽ തിരിച്ചു ചെന്നു അവിടെ ജുമുഅ നമസ്ക്കരിക്കുകയും തടവിലാക്കപ്പെട്ടവർക്കായി ഒരുപാട് ദുആ ചെയ്യുകയും ചെയ്തു. പിറ്റേദിവസം ശനിയാഴ്ച വീണ്ടും ഡൽഹിയിലേക്കു തിരിക്കുന്നതിനായി

അമൃത്സർ റെയിൽവെ സ്റ്റേഷനിൽ തീവണ്ടി കാത്തിരിക്കുമ്പോൾ സഖറിലെ നമ്മുടെ തടവിലുണ്ടായിരുന്ന സഹോദരങ്ങൾ മോചിതരായതായി എനിക്ക് വിവരം ലഭിച്ചു.

പിന്നീട് 1994ൽ സാഹിവാൾ കേസ്സിലെ തടവുകാർ മോചിതരായി. ഈ സന്തോഷവാർത്ത ളുഹർ നമസ്ക്കാരത്തിനു മുമ്പു ഹുസൂറിന്നു ലഭിച്ചു. ഹുസൂർ ളുഹർ നമസ്ക്കാരത്തിനായി പള്ളിയിലെത്തി. നമസ്ക്കാരത്തിനു ശേഷം പള്ളിയിലുണ്ടായിരുന്ന സഹോദരന്മാരെ എഴുന്നേറ്റ് നിന്ന് അഭിസംബോധന ചെയ്തുകൊണ്ട്, ഇന്ന് സാഹിവാൽ കേസ്സിലെ തടവുകാർ പത്ത് വർഷങ്ങൾക്ക് ശേഷം മോചിതരായതായി പറഞ്ഞുകൊണ്ട്, അരുൾ ചെയ്തു. ഈ റംളാൻ മാസം അല്ലാഹുവിനെ വിളിച്ചുകൊണ്ട്, എന്റെ അല്ലാഹുവേ, അടുത്ത റംളാൻ മാസത്തിനു മുമ്പു തന്നെ ഈ തടവുകാരെ നീ മോചിപ്പിക്കേണമേ എന്നു ഞാൻ ദുആ ചെയ്തിരുന്നു. ആ ദുആ അല്ലാഹു സ്വീകരിക്കുകയും ഏതാനും ദിവസങ്ങൾക്കകം തന്നെ തടവിലുള്ളവർ മോചിതരാവുകയും ചെയ്തു. *(അൽ ഫദ്ൽ ഇന്റർ നാഷണൽ 21.09.2015-1.10.2015, പേജ് 14)*

## ദുആ സ്വീകാര്യതയുടെ മറ്റൊരു ഉജ്ജ്വല സംഭവം

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) തന്റെ ഒരു പ്രസംഗത്തിൽ ദുആ സ്വീകാര്യതയുടെ ഈമാൻ വർദ്ധനക്കുതകുന്ന ഒരു സംഭവം വിവരിക്കുകയുണ്ടായി. ഹുസൂർ അരുൾ ചെയ്യുകയാണ് ഞാൻ ഘാനയിൽ പര്യടനത്തിനായി എത്തിയപ്പോൾ കൃസ്ത്യാനിയായിരുന്ന അവിടുത്തെ ഒരു ചീഫ് (നാട്ടുരാജാവ്) നാനാ ഒജീഫു സാഹിബ് ആദ്യരാത്രി എന്നെ കാണുവാനായി വന്നു. നമസ്ക്കാരത്തിനു ശേഷം അദ്ദേഹം എന്റെ കൈയ്യിൽ ബൈഅത്ത് ചെയ്യുവാൻ ആഗ്രഹിക്കുന്നതായി പറഞ്ഞു. ഞാൻ അവിടുത്തെ മുറബ്ബിയായ ജനാബ് വഹാബ് ആദം സാഹിബിനോട് കാര്യം തിരക്കി. ആദം സാഹിബ് പറഞ്ഞു, ഈ ചീഫ് അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും വെച്ചു പുലർത്തുന്ന ഒരു ജനവിഭാഗത്തിലെ അംഗമാണ്. അദ്ദേഹത്തിന്റെ ഭാര്യ ഗർഭം ധരിക്കുമ്പോഴൊക്കെ ഗർഭം അലസിപ്പോകാറുണ്ടായിരുന്നു. അങ്ങനെ അദ്ദേഹം പല കൃസ്തീയ പാതിരിമാരേയും മന്ത്രവാദികളേയും മറ്റു പല മന്ത്രിച്ചൂതുന്നവരേയും സമീപിച്ചുകൊണ്ട് ഇതിനു പ്രതിവിധി തേടി. പക്ഷേ,അദ്ദേഹം

കൂടുതൽ നിരാശനാവുകയാണ് ചെയ്തത്. അതുകൊണ്ടൊന്നും യാതൊരു പ്രയോജനവും ഉണ്ടായില്ല. അങ്ങിനെ എല്ലാ ഭാഗത്തു നിന്നും നിരാശനായി മടങ്ങിയപ്പോൾ അദ്ദേഹം വഹാബ് ആദം സാഹിബിനെ സമീപിച്ചു കൊണ്ട്,ഞാനൊരു കൃസ്ത്യാനിയാണെന്നും എന്നാൽ പ്രാർത്ഥനയെ സംബന്ധിച്ച് അവരിലുള്ള വിശ്വാസം എനിക്കു നഷ്ടപ്പെട്ടുവെന്നും, നിങ്ങളുടെ പ്രാർത്ഥനകൾ ദൈവം സ്വീകരിക്കുന്നതായി ഞാൻ കേട്ടിട്ടുണ്ടെന്നും അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ ഇമാമിനു എന്റെ ഭാഗത്തു നിന്നു വിശദമായി ഒരു കത്തെഴുതി ദുആക്കപേക്ഷിക്കേണമെന്നും ആവശ്യപ്പെടുകയുണ്ടായി. അങ്ങിനെ വഹാബ് സാഹിബ് അദ്ദേഹത്തിന്റെ തന്നെ ഒരു കത്തെനിക്കയച്ചു തന്നു. മറുപടിയായി ഞാൻ അദ്ദേഹത്തിന്, താങ്കൾക്ക് ദീർഘായുസ്സ് പ്രാപിക്കുന്ന ഒരു സുന്ദരനായ മകൻ ജനിക്കുമെന്ന് കത്തയച്ചു. നാളുകൾക്ക് ശേഷം അദ്ദേഹത്തിന്റെ ഭാര്യ ഗർഭിണിയായി. ഡോക്ടർ പരിശോധിച്ച ശേഷം ഈ ഗർഭവും നഷ്ടപ്പെട്ട് പോകുമെന്നും മാത്രവുമല്ല നിങ്ങളുടെ ഭാര്യയുടെ ജീവൻ അപകടത്തിലായേക്കുമെന്നും അതുകൊണ്ട് ഗർഭം ഇപ്പോൾ തന്നെ അലസിപ്പിക്കലാണ് നല്ലതെന്നും ഉപദേശിക്കുകയുണ്ടായി.

ആ ചീഫ് അവരോട് പറഞ്ഞു, ഒരിക്കലുമില്ല. എനിക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ കത്ത് വന്നിരിക്കുന്നു. എന്റെ ഭാര്യക്കോ ഗർഭസ്ഥ ശിശുവിനോ യാതൊരു അപകടവും കോട്ടവും സംഭവിക്കുകയില്ലെന്നും സുന്ദരനായ ഒരു മകൻ ജനിക്കുമെന്നും അദ്ദേഹം എനിക്ക് സന്തോഷവാർത്ത അറിയിച്ചിരിക്കുന്നു. അതുപ്രകാരം അല്ലാഹു അവർക്ക് സുന്ദരനും ആരോഗ്യവാനുമായ ഒരു മകനെ നൽകുകയുണ്ടായി. അദ്ദേഹത്തിന്റെ ഭാര്യയുംതികച്ചും ആരോഗ്യവതിയായിരുന്നു. ദുആ സ്വീകാര്യതയുടെ ഈ ദൃഷ്ടാന്തം കണ്ടതുകൊണ്ട് നേരത്തെ ബൈഅത്ത് ചെയ്യാതെ എന്റെ കൈയ്യിൽ തന്നെ ബൈഅത്ത് ചെയ്യുവാനായി ഇതുവരേയും അദ്ദേഹം കാത്തിരിക്കുകയായിരുന്നു. (അൽഫസർ ഇന്റർനാഷണൽ 25/09/2015 - 01/10/15- page15)

## ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ്(അയ്യദഹുല്ലാഹ്) യുടെ ദുആ സ്വീകാര്യതയുടെ സംഭവങ്ങൾ

അഞ്ചാം ഖിലാഫത്തിന്റെ കിരീടധാരി, ഹദ്റത്ത് മസീഹ് മൗഊദിന്റെ പ്രപ്രൗത്രനും (Great grand son) ഹദ്റത്ത് മിർസാ ശരീഫ് അഹ്മദ് സാഹിബിന്റെ പൗത്രനും ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ ദൗഹിത്രനുമായ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് സാഹിബ് ഖലീഫത്തുൽ മസീഹ് ഖാമിസ്(അയ്യദഹുല്ലാഹ്) ആണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസും ഹദീസിൽ പറഞ്ഞിരിക്കുന്നرَجُلٌ അല്ലെങ്കിൽ رِجَالٌ مِنْ هَاؤُلَاءِ എന്നതിന്റേയും ഹദ്റത്ത് മസീഹ് മൗഊദിന്റെ താഴെ കുറിച്ചിരിക്കുന്ന ഉജ്ജ്വലവും മഹത്തായതുമായ കശ്ഫുകൾക്കും വെളിപാടുകൾക്കും സാക്ഷ്യവും മസീഹ് മൗഊദിന്റെ സത്യസാക്ഷ്യത്തിന് തെളിവുമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) അരുൾ ചെയ്യുകയാണ്,

1. ശരീഫ് അഹ്മദിനെ ഞാൻ സ്വപ്നത്തിൽ കണ്ടു. അവൻ തലപ്പാവ് ധരിച്ചിട്ടുണ്ട്. രണ്ട് പേർ സമീപത്ത് നിൽപ്പുണ്ട്. ഒരാൾ ശരീഫ് അഹ്മദിനെ ചൂണ്ടിക്കൊണ്ട് പറഞ്ഞു, ആ രാജാവ് വന്നിരിക്കുന്നു. മറ്റെ ആൾ പറഞ്ഞു, ഇവൻ ഖാസി ആകാനുള്ള ആളാണ്.'' മസീഹ് മൗഊദ് പറയുകയാണ്. ഖാസി എന്നത് കൽപനക്കും ഉത്തരവിനും പറയും. ഖാസി എന്നാൽ സത്യത്തെ പിന്തുണക്കുന്നവനും അസത്യത്തെ നിഷേധിക്കുന്നവനുമാണ്. (തദ്കിറ, പേജ് 584)

2. إِنِّي مَعَكَ يَا مَسْرُور(തദ്കിറ, പേജ് 630)ഏ മസ്റൂർ ഞാൻ നിന്നോടൊപ്പമാണ്.

3. നീ ഇനി എന്റെ സ്ഥാനത്തിരിക്കൂ. ഞാൻ പോവുകയാണ്. (തദ്കിറ, പേജ് 401) ഹുസൂറിന്റെ ഈ അനുഗൃഹീത കാലത്ത് മസീഹ് മൗഊദ്(അ)ന്റെ يَدْعُونَ لَكَ أَبْدَالُ الشّام وَعِبَادُ اللهِ العَرَب (നിനക്ക് വേണ്ടി ശാമിലെ വിശുദ്ധരും പുണ്യവാളന്മാരും അറബ് ലോകത്തെ ഭക്തരും ദുആ ചെയ്യുന്നു.) എന്ന ഇൽഹാമും

4. يُصَلُّونَ عَلَيْكَ صُلَحَاءُ العَرَب وَأَبْدَالُ الشّام

(അറേബ്യയിലെ ദൈവഭക്തരും ധർമ്മനിഷ്ഠയുമുള്ള ആളുകളും ശാമിലെ വിശുദ്ധരുമായ ആളുകളും നിന്റെ മേൽ സ്വലാത്ത് ചൊല്ലുന്നു) എന്ന ദിവ്യവെളിപാടും വളരെ മഹത്തായ രീതിയിൽപൂർത്തിയാവുകയുണ്ടായി.

അല്ലാഹുവിന്റെ തക്ക്ദീറിനാൽ (ദൈവവിധി) അറബ് ലോകത്ത് അഹ്മദിയ്യത്തിന്റെ തബ്ലീഗിനും ജമാഅത്തിന്റെ വ്യാപനത്തിനുമുതകുന്ന രീതിയിലുള്ള പുതിയ പുതിയ ആകാശീയ കവാടങ്ങൾ തുറക്കപ്പെട്ടു. അതുമായി ബന്ധപ്പെട്ട ഈമാൻ വർദ്ധനവിനുതകുന്ന ഒരു സംഭവം വിവരിക്കാം.

ജനാബ് മുനീർ ഓദ്ദാ സാഹിബ് വിവരിക്കുന്നു, ഒരിക്കൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് അറബ് ജനതക്കായി തന്റെ അറബി ഭാഷയിലുള്ള ഒരു പ്രസംഗം റെക്കോഡ് ചെയ്യാൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും പിന്നീട് അതിനുള്ള സമയമായിട്ടില്ലെന്നു തോന്നുന്നു എന്നു പറഞ്ഞുകൊണ്ട് അത് നിർത്തി വെക്കുകയാണ് ചെയ്തത്. എന്നാൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹ്)നെ അല്ലാഹു ഖിലാഫത്തിന്റെ മേലങ്കി അണിയിച്ചപ്പോൾ, എന്റെ കാലഘട്ടത്തിൽ അറബ് ലോകത്ത് തബ്ലീഗിനുള്ള വഴികൾ തുറക്കപ്പെടുകയും ജമാഅത്തിന്ന് അവർക്കിടയിൽ വമ്പിച്ച സ്വാധീനമുണ്ടാവുകയും ചെയ്യുമെന്നു പ്രഖ്യാപിച്ചിരുന്നു. അങ്ങിനെ ഹുസൂറിന്റെ ഇതുവരെയുള്ള ഏഴെമുക്കാൽ കൊല്ലത്തെ അനുഗ്രഹീത കാലഘട്ടത്തിൽ അല്ലാഹുവിന്റെ തക്ദീറിനാൽ അറബിക ൾക്കിടയിൽ ചെയ്യപ്പെട്ട അതിപ്രധാന പ്രവർത്തനങ്ങളും അതിലൂടെ ലഭിച്ച വിജയങ്ങളും പുരോഗതികളും വെളിപ്പെടുത്തുന്നത്, എന്റെ കാലഘട്ടത്തിൽ അറബ് ലോകത്ത് തബ്ലീഗിനുള്ള വഴികൾ തുറക്കപ്പെടുകയും ജമാഅത്തിന്ന് അവർക്കിടയിൽ വമ്പിച്ച സ്വധീനമുണ്ടാവുകയും ചെയ്യുമെന്ന ഹുസൂറിന്റെ വാക്കുകൾ അല്ലാഹുവിൽ നിന്നുള്ള സുവിശേഷമായിരുന്നു എന്നാണ്. ഇന്നത് പൂർത്തിയായിക്കൊണ്ടിരിക്കുന്നതിന്ന് നാം സാക്ഷികളുമാണ്. *(മസ്വാലിഹുൽ അറബ്, വാല്യം രണ്ട്, പേജ് 349 351)*

എം.ടി.എ യിലെ അൽഹിവാറുൽ മുബാശിർ (തൽസമയ ചർച്ച) എന്ന പരിപാടിയെ സംബന്ധിച്ചിടത്തോളം 2008 മെയ് 27ാം തിയ്യതി അതിമഹത്തായതും അനുഗൃഹീതവുമായ ഒരു ദിനമായിരുന്നു. അന്നേ ദിവസം ഹുസൂർ തന്റെ മഹനീയവും അനുഗൃഹീതവുമായ

സാന്നിദ്ധ്യത്താൽ ആ പരിപാടി ധന്യവും പ്രശോഭിതവുമാക്കുകയും ചെയ്തു.

അതിന് ശേഷം 2008 ജൂൺ 8ാം തീയ്യതി അൽഹിവാറുൽ മുബാശിറിന്റെ ആ മാസത്തെ അവസാന എപ്പിസോഡ് ആയിരുന്നു. ഹുസൂർ ആ പരിപാടിയിലും പങ്കെടുത്തു. പതിനാറ് മിനുട്ടോളം സ്റ്റുഡിയോയിൽ തങ്ങുകയും അറബികളെ അഭിസംബോധന ചെയ്തുകൊണ്ട് പ്രസംഗിക്കുകയും ചെയ്തു.

ഹുസൂറിന്റെ ആ പ്രസംഗത്തെ സംബന്ധിച്ച് ഈജിപ്തിലെ അനഹ്മദിയായ ജനാബ് ഇമാദ് അബ്ദുൽ ബദീഅ് എന്ന സുഹൃത്ത് എഴുതുകയാണ്, ഞാൻ ടി.വി പരിപാടികൾ വളരെ അപൂർവ്വം കാണുന്ന ഒരു വ്യക്തിയാണ്. അസുഖം കാരണം ഒരു ദിവസം ടി.വിക്ക് മുന്നിലിരുന്നു ചാനലുകൾ മാറ്റി മാറ്റി പരിപാടി കാണുകയായിരുന്നു. പെട്ടെന്നു താങ്കളുടെ എം.ടി.എ എന്ന ചാനൽ കാണാനിടയായി. അത് ടിവി ചാനൽ അല്ല. അതൊരു നിറഞ്ഞ ഖജനാവായിരുന്നു. അത് നിധിയായിരുന്നു. ഞാൻ രോഗി അല്ലായിരുന്നുവെങ്കിൽ ഒരു പക്ഷേ, ആ നിധി എനിക്ക് ലഭിക്കുകയില്ലായിരുന്നു. ഞാനതിന് അല്ലാഹുവിനെ സ്തുതിക്കുന്നു. കാരണം എന്റെ മനസ്സിൽ മതപരമായ ഒരുപാട് സംശയങ്ങളും ചോദ്യങ്ങളുമുണ്ട്. അതിനൊന്നും തന്നെ എനിക്ക് ഉത്തരമറിയില്ല. ചോദിച്ചാൽ ആരും തന്നെ തൃപ്തിയാകുന്ന തരത്തിലുള്ള ഒരുത്തരവും നൽകാറുമുണ്ടായിരുന്നില്ല. അല്ലാഹുവിനെ സാക്ഷി നിർത്തിക്കൊണ്ട് ഞാൻ പറയുകയാണ്, ഈ ചാനലും, നല്ലവരായ അതിന്റെ നടത്തിപ്പുക്കാരും എന്റെ ഹൃദയ വേദനക്കുള്ള സിദ്ധൗഷധമാണ് ഒരുക്കിത്തന്നത്. ഞാനെന്റെ അസുഖം മൂലമുള്ള എല്ലാ വേദനകളും മറന്നുകൊണ്ട് ഖലീഫത്തുൽ മഹ്ദിയുടെ സ്നേഹത്താൽ ആകർഷിക്കപ്പെ ട്ടു ആ പുണ്യാത്മാവിന് കത്തയക്കാൻ ഞാൻ ഇന്റർനെറ്റ് കഫെയിലേക്ക് പോയി. താങ്കളുടെ ഈ ചാനൽ ഈ ലോകത്ത് പ്രതീക്ഷയുടെ ഒരു പൊൻകിരണമാണ്. താങ്കളുടെ പക്കൽ മുഹമ്മദീ അനുഗ്രഹങ്ങളുടെ വലിയൊരു ഖജനാവാണുള്ളത്.

അൽഹിവാറുൽ മുബാശിർ എന്ന പരിപാടിയിൽ ഹുസൂർ സന്നിഹിതനായത് സംബന്ധിച്ച് ആ സുഹൃത്ത് എഴുതുകയാണ്, ഈ പ്രാവശ്യം ഹുസൂർ സ്റ്റുഡിയോയിൽ പ്രത്യക്ഷപ്പെട്ടതു കണ്ട് എനി

ക്കെന്റെ ഹൃദയ വികാരങ്ങളടക്കാനായില്ല. അനിയന്ത്രിതമായി എന്റെ കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങി. ഞാൻ റസൂൽ(സ) ന്റെ സഹാബാക്കളുടെ മജ്‌ലിസിലാണ് ഇരിക്കുന്നതെന്നും ഇത് റസൂൽ തിരുമേനിയുടെ അനുഗ്രഹീത കാലഘട്ടമാണെന്നും എനിക്ക് തോന്നി. ഞാൻ എന്റെ എല്ലാ വിഷമങ്ങളും വേദനകളും മറന്നു പോയിരിക്കുന്നു. താങ്കൾ പ്രക്ഷേപണം ചെയ്യുന്ന പരിപാടികൾ വളരെ ഹൃദ്യമാണ്, മനോഹരമാണ്, ആകർഷണങ്ങളാണ്. അത് അന്ധകാരത്തെ പ്രകാശമയമാക്കുന്നവയാണ്. *(മസ്വാലിഹുൽ അറബ്, വാല്യം രണ്ട്, പേജ് 431-432)*

ചുരുക്കത്തിൽ ഹുസൂറിന്റെ ഖിലാഫത്ത് കാലത്ത് അറബികളിൽ തബ്‌ലീഗ്, റൂഹാനി ഖസായിന്റെ അറബി തർജ്ജുമ, അറബി ഭാഷയിൽ തൽസമയ പരിപാടികൾ, എം.ടി.എ അൽ അറബിയ്യ 3 എന്ന ചാനലിന്റെ ആരംഭം, ഹുസൂറിന്റെ അറബി ഭാഷയിലുള്ള പ്രസംഗം മുതലായവ എല്ലാം തന്നെ ഈമാൻ വർദ്ധകങ്ങളായ സംഭവങ്ങളാണ്. ഇവ നമ്മുടെ ഈമാനെ അഭിവൃദ്ധിപ്പെടുത്തുകയും അഹ്മദിയ്യാ ഖിലാഫത്ത് അല്ലാഹുവിൽ നിന്നുള്ളതാണെന്നതിന്റെ ജീവത്തായതും തിളങ്ങുന്നതുമായ തെളിവുകളാണു പ്രദാനം ചെയ്യുന്നത്.

## ദുആ സ്വീകാര്യതയുടെ ഒരു അനിഷേധ്യമായ സംഭവം

2008 മെയ് 4ാം തിയ്യതി ഒരു വ്യാഴാഴ്ച ദിവസമായിരുന്നു. ഹുസൂർ തന്റെ വിദൂര പൗരസ്ത്യ (Far east) രാജ്യങ്ങളുടെ പര്യടനത്തിൽ ഫിജിയിലെ ''നാന്തി' എന്ന പട്ടണത്തിൽ എത്തിയിട്ടാണുള്ളത്. രാത്രി ഏക ദേശം രണ്ടര മണി ആയി കാണും. റബ്‌വയിൽ നിന്നും ലണ്ടനിൽ നിന്നും ലോകത്തിന്റെ പലഭാഗങ്ങളിൽ നിന്നും, ഫിജിയുടെ സമീപത്ത് സ്ഥിതി ചെയ്യുന്ന Tonga ദ്വീപുസമൂഹങ്ങളിൽ അതിശക്തമായ ഒരു സുനാമി രൂപപ്പെട്ടിട്ടുണ്ടെന്നും അത് മുമ്പ് പതിനായിരങ്ങളെ കൊന്നൊടുക്കുകയും ലോകത്തിന്റെ പല രാജ്യങ്ങളിലും നാശം വിതറുകയും ചെയ്ത ഇന്തോനേഷ്യയിലെ സുനാമിയേക്കാൾ പതിന്മടങ്ങ് ശക്തിയുള്ളതാണെന്നും ടിവി യിൽ വാർത്ത വന്നു കൊണ്ടിരിക്കുകയാണെന്നു അറിയിക്കുവാനായി ഫോൺ വരാൻ തുടങ്ങി. വാർത്തകൾക്കായി ഇവിടെ ടിവി ഓൺ ചെയ്തു. അപ്പോൾ പ്രസ്തുത സുനാമിയുടെ ശക്തി അനുസ്യൂതം

വർദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നും രാവിലെ ആകുമ്പോഴേക്കും ഫിജിയിലെ നാന്തി പട്ടണവും അതിന്റെ പ്രാന്തപ്രദേശങ്ങളും വെള്ളത്തിനടിയിലായിരിക്കുമെന്നും വാർത്തകൾ വന്നുകൊണ്ടിരിക്കുകയായിരുന്നു.

ഫജ്ർ നമസ്ക്കാരത്തിനായി ഹുസൂർ അയ്യദഹുല്ലാഹുത്തആല വന്നപ്പോൾ ഈ വാർത്ത ഹുസൂറിന്റെ സന്നിധിയിൽ സമർപ്പിക്കുകയും ക്ഷേമാന്വേഷണങ്ങൾക്കായി ധാരാളം ഫോൺവിളികൾ വരുന്നതായും ഹുസൂറിനെ അറിയിച്ചു. ഹുസൂർ ഫജ്ർ നമസ്ക്കരിപ്പിച്ചു കൊണ്ട് ദീർഘമായി സുജൂദിൽ അല്ലാഹുവിനോട് അങ്ങേയറ്റം താണുകേണു കൊണ്ട് ദുആ ചെയ്തു. നമസ്ക്കാരത്തിനു ശേഷം മസീഹിന്റെ ഖലീഫ ജമാഅത്തിലെ സഹോദരങ്ങളെ അഭിസംബോധന ചെയ്തുകൊണ്ട്, പേടിക്കേണ്ട, ഒന്നും സംഭവിക്കില്ല, അല്ലാഹു അനുഗ്രഹിക്കും, അവൻ സഹായിക്കും എന്നരുൾ ചെയ്തു. അതിനു ശേഷം ഹുസൂർ പോയി. ഞങ്ങൾ തിരിച്ചു വന്ന് ടിവി ഓൺ ചെയ്തപ്പോൾ സുനാമിയുടെ രൂക്ഷഭാവവും ശക്തിയും കുറയുന്നതായി വാർത്തകൾ വരാൻ തുടങ്ങി. ഏകദേശം രണ്ട് രണ്ടര മണിക്കൂറുകൾക്ക് ശേഷം സുനാമി തികച്ചും തന്നെ ഇല്ലാതായെന്നും വാർത്തകൾ വന്നുകൊണ്ടിരുന്നു. അങ്ങനെ അടുത്ത ഏതാനും മണിക്കൂറുകൾക്കകം ലക്ഷങ്ങളെ നശിപ്പിച്ചു കൊണ്ട് മുഴുവൻ പ്രദേശങ്ങളേയും വെള്ളത്തിന്നടിയിലാക്കുമായിരുന്ന ഈ സുനാമി കാലത്തിന്റെ ഖലീഫയുടെ ദുആയുടെ ഫലമായി ഇല്ലാതായ അസാധാരണമായ കാഴ്ച ലോകം കണ്ടു. ഇത്തരത്തിൽ സുനാമി ഇല്ലാതായത് തികച്ചും ഒരത്ഭുത ദൃഷ്ടാന്തമാണെന്നു ഫിജിയിലെ അന്നത്തെ പത്രങ്ങളെല്ലാം തന്നെ എഴുതുകയുണ്ടായി. ഈ അത്ഭുത ദൃഷ്ടാന്തം കാലത്തിന്റെ ഖലീഫയുടെ ദുആയുടെ ഫലമായിട്ടാണു പ്രകടമായത്. ചുരുക്കത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ പുരോഗതി അഹ്മദിയ്യാ ഖിലാഫത്തുമായി ബന്ധിക്കപ്പെട്ടതുപോലെ തന്നെ ലോകത്തിന്റെ നിലനിൽപ്പും ഖിലാഫത്തുമായി ബന്ധിക്കപ്പെട്ടിരിക്കുകയാണ്. ജമാഅത്തിലെ ഓരോ വ്യക്തിയും ഈ വാക്കുകളിലൂടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിന്ന് സാക്ഷികളാണ്.

അല്ലാഹുവാണ! ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഖലീഫയുടെ പിന്തുണക്കായി മറ്റൊരു നാവ് ചലിക്കുന്നതായി നാം കണ്ടിരി

ക്കുന്നു. ഞങ്ങളുടെ ചെവികളാൽ കേട്ടിരിക്കുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ കരങ്ങൾക്ക് ശക്തി പകരാനായി മറ്റൊരു കരം പ്രവർത്തിക്കുന്നതായി ലോകം കണ്ടു കൊണ്ടിരിക്കുകയാണ്. ഈ അനുഗൃഹീത വ്യക്തിയുടെ പുറകിൽ അല്ലാഹുവിന്റെ കരങ്ങളാണ് പ്രവർത്തിക്കുന്നതെന്നും, ഇദ്ദേഹം അല്ലാഹുവിനാൽ പിന്തുണക്കപ്പെട്ട വ്യക്തിയാണെന്നും, ലോകത്തിലെ പ്രശസ്തങ്ങളായ പ്രതിനിധി സഭകളും പാർലമെന്റുകളും ഏകസ്വരത്തിൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ഇന്നു നാം എത്രമാത്രം ഭാഗ്യവാന്മാരാണ്. നമ്മുടെ പ്രിയപ്പെട്ട ഇമാം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹുല്ലാഹ്)ന്റെ ഉജ്ജ്വലമായ നേതൃത്വത്തിൻ കീഴിൽ ജമാഅത്തിന്റെ പുരോഗതിയും ജൈത്ര യാത്രയുടെ ദൃശ്യങ്ങളും നാം കണ്ടുകൊണ്ടിരിക്കുകയാണ്. ആയതിനാൽ എഴുന്നേൽക്കുവിൻ, തങ്ങളുടെ ഭൗതീകവും ആത്മീയവുമായ പുരോഗതികൾക്കായി ഖിലാഫ ത്തിന്റെ ചരണങ്ങളിൽ സ്വന്തം ശിരസ്സുകൾ അർപ്പിക്കുകയും മയ്യത്ത് കുളിപ്പിക്കുന്ന ആളുടെ കയ്യിൽ മരിച്ചവർ എപ്രകാരമാണോ അപ്രകാരം, ഖലീഫത്തുൽ മസീഹിന്റെ കരങ്ങളിൽ തങ്ങളെ പരിപൂർണ്ണമായും അർപ്പിക്കുവിൻ. നമ്മുടെ വിജയങ്ങൾക്കുള്ള ജാമ്യം അത് മാത്രമായിരിക്കും. അല്ലാഹു നമുക്കതിനു തൗഫീഖ് നൽകി അനുഗ്രഹിക്കുമാറാകട്ടെ. *(അഹ്മദിയ്യാ ഗസ്റ്റ് മെയ് 1 2015)*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്(അയ്യദഹുല്ലാഹ്) ജമാഅത്തിലെ സഹോദരന്മാരോട് ദുആ ചെയ്യുവാൻ അനുശാസിച്ച് കൊണ്ട് അരുൾ ചെയ്യുകയാണ്,

ഓർമ്മിച്ചു കൊള്ളുവിൻ, അവൻ, അല്ലാഹു യഥാർത്ഥവും നിഷ്കപടവുമായ വാഗ്ദാനങ്ങളുടെ ഉടമയാണ്. അവൻ അന്നും എന്നും തന്റെ പ്രിയ മസീഹിന്റെ ജമാഅത്തിനു മേൽ തന്റെ കരങ്ങളാൽ ആശ്രയമേകീയിട്ടാണുള്ളത്. അവൻ നമ്മെ ഒരിക്കലും ഉപേക്ഷിക്കുകയില്ല. ഒരിക്കലും ഉപേക്ഷിക്കുകയില്ല. ഒരിക്കലും ഉപേക്ഷിക്കുകയില്ല.

അവൻ തന്റെ മസീഹിനോട് ചെയ്ത വാഗ്ദാനങ്ങൾ കഴിഞ്ഞ ഖിലാഫത്തു കാലങ്ങളിൽ പൂർത്തിയാക്കിയതു പോലെ ഈ കാലത്തും പൂർത്തിയാക്കികൊണ്ടിരിക്കുകയാണ്. അവൻ മുമ്പനുഗ്രഹിച്ചരുളിയതു പോലെ ഇപ്പോഴും അനുഗ്രഹിച്ചരുളികൊണ്ടിരിക്കുകയാ

ണ്. ഇൻശാഅല്ലാഹ് മേലിലും അവൻ അതുപോലെ തന്നെ പ്ര വർത്തിച്ചു കൊണ്ടിരിക്കും. വേണ്ടതു എന്താണെന്നു വെച്ചാൽ, അല്ലാഹുവിന്റെ വിധിവിലക്കുകളെ അനുസരിക്കുക എന്നതാണ്. അല്ലാത്തപക്ഷം കാലിടറുകയും അബദ്ധത്തിൽ ചെന്നു ചാടുക യും ചെയ്തേക്കാം. തങ്ങളുടെ പര്യവസാനത്തെ ദുഷിപ്പിക്കരുത്. അശുദ്ധമാക്കരുത്. ദുആ ചെയ്തുകൊണ്ട്, അവനെ വണങ്ങി അവ നിൽ നിന്നുള്ള അനുഗ്രഹങ്ങൾ കാംക്ഷിച്ചുകൊണ്ട്, എല്ലായി പ്പോഴും അവന്റെ സന്നിധിയിൽ വീണു കിടക്കുകയാണ് വേണ്ടത്. അവൻ എന്ന ആ ശക്തമായ വളയം കൈകളിലണിയുകയാണ് വേണ്ടത്. എങ്കിൽ ആർക്കും തന്നെ നിങ്ങളെ അപായപെടുത്താനാ വുകയില്ല. അതിനു അല്ലാഹു എല്ലാവരേയും സഹായിക്കുമാറാ കട്ടെ. *(ഖുത്തുബാത്തെ മസ്റൂർ, വാള്യം 2, പേജ് 354)*

## അദ്ഭുതകരമായ നിലയിൽ മഴ നിലച്ചു

2004ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് തന്റെ ആഫ്രിക്കൻ പ ര്യടന വേളയിൽ നൈജീരിയയിൽ നിന്നും ബെനിനിലെ മിഷ്യൻ ഹൗസ് എത്തി. അസർ നമസ്ക്കാര സമയമായിരുന്നു. ആ അവ സരത്തിൽ മഴ തകർത്ത് പെയ്യുകയായിരുന്നു. മിഷ്യൻ ഹൗസിന്റെ അങ്കണത്തിൽ നമസ്ക്കാരത്തിനായി നാല് വശവും തുറന്ന ഒരു മാർകീ (Marquee വലിയ കൂടാരം) തയ്യാറാക്കിയിട്ടുണ്ടായിരുന്നു. പ ക്ഷേ, തകർത്തു പെയ്യുന്ന മഴ കാരണം അവിടെ നമസ്ക്കരിക്കുക പോയിട്ട് നിൽക്കുക കൂടി അസാദ്ധ്യമായിരുന്നു. ഹുസൂർ വന്നു. ന മസ്ക്കാരത്തെ കുറിച്ചു ചോദിച്ചു. നമസ്ക്കാരത്തിനായി പുറത്ത് മാർകി തയ്യാറാക്കിയിട്ടുണ്ടെന്നും എന്നാൽ ശക്തമായ മഴ കാരണം ബുദ്ധിമുട്ട് നേരിട്ട് കൊണ്ടിരിക്കുകയാണെന്നും അമീർ സാഹിബ് ഹുസൂറിനെ ബോധിപ്പിച്ചു.

ഹുസൂർ ആകാശത്തേക്കു ദൃഷ്ടികളുയർത്തി. പിന്നീട്, പത്ത് മിനുട്ടിന് ശേഷം നമുക്ക് നമസ്ക്കരിക്കാം എന്ന് അരുൾ ചെയ്തു കൊണ്ട് ഹുസൂർ പോയി. രണ്ട് മൂന്ന് മിനുട്ടുകൾ കഴിഞ്ഞതേയുള്ളൂ, മഴ പെട്ടെന്ന് നിലച്ചു. ആകാശം തെളിഞ്ഞു. നോക്കികൊണ്ടിരിക്കെ വെയിൽ ഉദിച്ചു. പിന്നീട് അതേ മാർകിയിൽ വെച്ച് തന്നെ എല്ലാവ രും നമസ്ക്കരിച്ചു. ഈ ദിവ്യ ദൃഷ്ടാന്തം ഇവിടെയുള്ളവരെ എല്ലാം തന്നെ അത്ഭുതപരതന്ത്രരാക്കി. കാരണം ഇവിടെ ഈ പ്രദേശത്ത്

മഴ ആരംഭിച്ചാൽ മണിക്കൂറുകളോളം തുടർന്ന് കൊണ്ടിരിക്കും. ഹുസൂർ പത്ത് മിനുട്ട് പറഞ്ഞെങ്കിലും മഴ മൂന്ന് മിനുട്ട് കൊണ്ട് തന്നെ തോർന്നു. മഴ തോർന്നു എന്ന് മാത്രമല്ല കാർമേഘം നീങ്ങുകയും ആകാശം തെളിയുകയും ചെയ്തു.

ഇതേ പോലെ തന്നെ കനഡയിലെ പര്യടന വേളയിൽ കാൽഗരിയിൽ ഒരു പള്ളിയുടെ ശിലാസ്ഥാപന കർമ്മം നിർവ്വഹിക്കാനുണ്ടായിരുന്നു. തലേ ദിവസം, കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ പ്രവചനമനുസരിച്ചു പിറ്റേദിവസം അതിശക്തമായ മഴയും കൊടുങ്കാറ്റും കോളും ഉണ്ടാകുമെന്ന് അവർ പ്രഖ്യാപിച്ചിരിക്കുകയാണ്. നാളെയാണ് നമ്മുടെ ശിലാസ്ഥാപന കർമ്മം നടക്കാനുള്ളത്. അതിഥികൾ വന്നു കൊണ്ടിരിക്കുകയാണ്. അമീർസാഹിബ്, വിവരം അറിയിച്ചു കൊണ്ട് ദുആ ചെയ്യാൻ ഹുസൂറിനോട് അപേക്ഷിച്ചു. ഇതു കേട്ടു ഹുസൂർ അൽപനേരം മൗനംഭജിച്ചു. അതിന്ന് ശേഷം പറഞ്ഞു. ഏതൊരു പള്ളിയുടെ ശിലാസ്ഥാപന കർമ്മമാണോ നാം നടത്താൻ പോകുന്നത് അതു അല്ലാഹുവിന്റെ ഭവനമാണ്. കാലാവസ്ഥയും അല്ലാഹുവിന്റെ കൈകളിൽ തന്നേയാണുള്ളത്. അതു കൊണ്ട് ഈ കാര്യം അല്ലാഹു വിന്നുവിട്ടേക്കൂ. അല്ലാഹു സഹായിച്ചു കൊള്ളും.

പിറ്റെ ദിവസം രാവിലെ മഴയുടെ ഒരു ലക്ഷണവും കണ്ടില്ല. വളരെ മനോഹരമായ കാലാവസ്ഥ യായിരുന്നു. ശിലാസ്ഥാപന ചടങ്ങ് രണ്ടു മണിക്കൂറോളം നീണ്ടു നിന്നു. ഹുസൂർ ഈ ചടങ്ങിനു ശേഷം കാറിൽ കയറി. കാറിന്റെ വാതിലടച്ചതേയുള്ളൂ പെട്ടെന്ന് അതിശക്തമായ മഴയും കാറ്റും കോളും തുടങ്ങി.അതു തുടർച്ചയായി മൂന്നു മണിക്കൂറോളം നീണ്ടു നിന്നു. ഹുസൂറിന്റെ ദുആയുടെ ഫലമായി വെളിപ്പെട്ട ഒരു ദൃഷ്ടാന്തമായിരുന്നു ഇത്. ഈ ദൃഷ്ടാന്തം കണ്ട് എല്ലാ ഓരോ ആളുടേയും ഹൃദയം അല്ലാഹുവിന്ന് നന്ദി പ്രകാശിപ്പിച്ച് കൊണ്ട് സാഷ്ടാംഗം പ്രണമിക്കുകയായിരുന്നു. *(അൽഫസൽ ഇന്റർനാഷനൽ, 25. 9. 2015)*

## ഇതെങ്ങനെ സംഭവിച്ചു, ആർക്കും അറിയില്ല

രണ്ട് വർഷം മുമ്പുള്ള ഒരു സംഭവമാണ്. ഒരു അറബ് രാജ്യത്തെ വളരെ സാത്വികനായ ഒരു സഹോദരനെ അഹ്മദിയ്യത്ത് സ്വീകരിച്ചു എന്ന ഒറ്റക്കാരണത്താൽ പോലീസ് അറസ്റ്റ് ചെയ്യുകയും

ഭാരിച്ച ചങ്ങലകൾ കൈയിലും കാലിലും ബന്ധിച്ചു കൊണ്ട് ജയിലിൽ തള്ളുകയും ചെയ്തു. ജാമ്യം നിരാകരിക്കുകയും സന്ദർശനങ്ങൾ നിഷേധിക്കുകയും ചെയ്തു. വളരെ ക്രൂരമായ നടപടിക്ക് വിധേയമാക്കി. ഒരു വക്കീലും കേസ്സെടുക്കാൻ തയ്യാറല്ലായിരുന്നു. ഭൗതികമായി നോക്കുകയാണെങ്കിൽ മോചനത്തിന്റെ എല്ലാ വാതിലുകളും അടയ്ക്കപ്പെട്ടു. എന്നാൽ ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അദ്ദേഹത്തിന്റെ മോചനത്തിനായി നിരന്തരം ദുആ ചെയ്യുന്നുണ്ടായിരുന്നു. ഒരു ദിവസം ഹുസൂർ പറഞ്ഞു, ഇദ്ദേഹം മോചിതനാകും. ഒരു ഭാഗത്ത് ഹുസൂറിന്റെ ദുആ മറുവശത്ത് എല്ലാ വഴികളും അടഞ്ഞിട്ടുള്ള അവസ്ഥ.

അങ്ങനെ ഹുസൂറിന്റെ ദുആ സ്വീകാര്യതയുടെ ദൃഷ്ടാന്തം വെളിപ്പെട്ടു. ആ രാജ്യത്തെ രാജാവ് ഏതോ ഒരു ചടങ്ങുമായി ബന്ധപ്പെട്ടു കുറേ തടവുകാരെ മോചിപ്പിക്കാൻ ഉത്തരവിട്ടു. മോചിപ്പിക്കേണ്ട തടവുക്കാരുടെ ലിസ്റ്റ് തയ്യാറായി. ആ ലിസ്റ്റിലുള്ള ഒന്നാമത്തെ പേര് ഈ നവ അഹ്മദി സഹോദരന്റേതായിരുന്നു. ഇതെങ്ങനെ സംഭവിച്ചു. ആർക്കും അറിയില്ല. എന്നാൽ നമുക്കറിയാം. ഖലീഫയുടെ നാവിലൂടെ ''ഇദ്ദേഹം ഇൻശാഅല്ലാഹ് മോചിപ്പിക്കപ്പെടും'' എന്ന് പുറത്ത് വന്നിരുന്നു.

ദിവ്യദൃഷ്ടാന്തങ്ങൾ പ്രകടമാകേണമെങ്കിൽ എപ്പോഴും തന്നെ ഉൽകൃഷ്ടമായ സാത്വികതയും ദൃഢവിശ്വാസവും കൂറും ഒഴിച്ചു കൂടാനാവാത്തതാണ്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ്(അയ്യദഹുല്ലാഹ്) ആ അറബ് സഹോദരനു വേണ്ടി ചെയ്ത ദുആകൾ യാദൃശ്ചികമായി സ്വീകരിക്കപ്പെട്ടു പോയതല്ല. മറിച്ച് ഹുസൂറുമായുള്ള അദ്ദേഹത്തിന്റെ ബന്ധവും ആത്മാർത്ഥ സ്നേഹവുമാണ് അതിന്ന് നിദാനമായത്. അഹ്മദിയ്യത്തുപേക്ഷിച്ചാൽ നിന്നെ മോചിപ്പിക്കുമെന്നു ജയിലിൽ വെച്ചു അദ്ദേഹത്തോട് നിരന്തരം പറയപ്പെട്ടുവെങ്കിലും ജീവൻ അർപ്പിക്കേണ്ടി വന്നാലും ജമാഅത്ത് ഉപേക്ഷിക്കുകയില്ല എന്നദ്ദേഹം ശക്തമായി അവരോട് പ്രതിവദിക്കുകയാണ് ചെയ്തത്.

അദ്ദേഹം ജയിലിൽ വെച്ചു ഹുസൂറിന്നൊരു കത്തെഴുതി. ''എന്റെ നാട്ടിൽ ഒമ്പതു മലകളുണ്ട്. പത്താമത്തെ മല ഞാനാണ്. ഒരു പ്രലോഭനത്തിന്നും ഒരു ഭീഷണിക്കും എന്റെ വിശ്വാസത്തെ

തകർക്കാനാവുകയില്ല'' എന്നദ്ദേഹം ഹുസൂറിനെ അറിയിച്ചു. ഈ ആത്മാർത്ഥ സ്നേഹവും അടിയുറച്ച വിശ്വാസവും തന്നേയാണ് അദ്ദേഹത്തിന് വേണ്ടി ചെയ്ത ഹുസൂറിന്റെ ദുആ സ്വീകരിക്കപ്പെടാൻ കാരണമായത്. ബാഹ്യമായ എല്ലാ വാതിലുകളും കൊട്ടിയടച്ചിട്ടും ആകാശത്ത് നിന്നുള്ള അല്ലാഹുവിന്റെ തഖ്ദീർ ഒന്നു തന്നേയാണ് നിരപരാധിയായ ആ സഹോദരന്റെ പേർ ആ രാജാവ് സ്വന്തം കരങ്ങളാൽ എഴുതിയതും മോചനത്തിന്ന് കാരണമായതും.
*(അൽഫസൽ ഇന്റർനാഷനൽ, 25. 9. 2015)*

## ആൺകുട്ടി ജനിക്കുകയാണെങ്കിൽ അഹ്മദിയ്യത്ത് സ്വീകരിക്കും

ബൾഗേരിയയിലെ വളരെ സാത്വികനായ ഒരഹ്മദി Etem (ഈറ്റം) സാഹിബ് സകുടുംബം 2015ലെ ജർമ്മൻ ജൽസ സാലാനയിൽ പങ്കെടുത്തിട്ടുണ്ടായിരുന്നു. ക്രൈസ്തുമത വിശ്വാസിയായിരുന്ന അദ്ദേഹം ഏതാനും വർഷം മുമ്പാണ് ഇസ്‌ലാം മതം സ്വീകരിച്ചത്. പക്ഷേ, അദ്ദേഹത്തിന്റെ ഭാര്യ ബൈഅത്ത് ചെയ്തിരുന്നില്ല.

അദ്ദേഹത്തിന്റെ ഭാര്യ പറയുകയാണ്, എനിക്ക് മൂന്നു പെൺമക്കളാണുള്ളത്. എനിക്കൊരു മകൻ ജനിക്കുകയാണെങ്കിൽ ഞാൻ അഹ്മദിയ്യത്ത് സ്വീകരിക്കുന്നതായിരിക്കും. അതിനായി അവർ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസിന്റെ തിരുസന്നിധിയിൽ ദുആക്കു വേണ്ടി കത്തയച്ചു.പിറ്റെ വർഷം അവർ ജൽസയിൽ പങ്കെടുക്കാനായി വന്നപ്പോൾ അവർ ഏഴ് മാസം ഗർഭിണിയായിരുന്നു. ഹുസൂറുമായുള്ള കൂടികാഴ്ചയുടെ അവസരത്തിൽ ജനിക്കാൻ പോകുന്ന കുഞ്ഞിന് പേർ നിർദേശിക്കാൻ ഹുസൂറിനോട് അപേക്ഷിച്ചു. ഹുസൂർ ''ജാഹിദ്'' എന്ന ആൺകുട്ടിയുടെ പേർ മാത്രം നിർദ്ദേശിച്ചു.

അവർ ജൽസക്ക് ശേഷം നാട്ടിൽ തിരിച്ചെത്തിയപ്പോൾ, ഗർഭസ്ഥ ശിശു പെൺകുഞ്ഞാണെന്ന് ഡോക്ടർ അറിയിച്ചിട്ടുണ്ടെന്നും അതുകൊണ്ട് പെൺകുഞ്ഞിനുള്ള പേരിനായി ഹുസൂറിന്ന് കത്തെഴുതേണമെന്നും അവർ നാട്ടിൽ മുബല്ലിഗിനെ അറിയിക്കുകയുണ്ടായി. മുറബ്ബി സാഹിബ് പറഞ്ഞു, ''ആൺകുട്ടി ജനിക്കുകയാണെങ്കിൽ അഹ്മദിയ്യത്ത് സ്വീകരിക്കുമെന്നു നിങ്ങൾ പറഞ്ഞിരുന്നുവല്ലോ. ഹുസൂർ ആൺകുട്ടിയുടെ പേരു നിർദ്ദേശിക്കുകയും ചെയ്തു.

ഡോക്ടർ എന്ത് പറഞ്ഞാലും ശരി, ഇൻശാഅല്ലാഹ്, നിങ്ങൾക്കു ജനിക്കുന്നത് ആൺകുഞ്ഞായിരിക്കും''. ഇത് കേട്ടപ്പോൾ അവർ പറഞ്ഞു, ഞാൻ നേരത്തെ തന്നെ അഹ്മദിയായി തീർന്നിരിക്കുകയാണ്. അങ്ങിനെ അവർ ഒരാൺ കുഞ്ഞിനു തന്നെ ജന്മം നൽകി. അവർ ആ കുഞ്ഞുമായി വീണ്ടും ജൽസയിൽ പങ്കെടുക്കാൻ വന്നു കൊണ്ട് കാണുന്നവരോടൊക്കെ ''ഇതാ കണ്ടോളൂ കാലത്തിന്റെ ഖലീഫയുടെ ദുആയുടെ ദൃഷ്ടാന്തം.''എന്ന് പറയുന്നുണ്ടായിരുന്നു. *(അൽഫസൽ ഇന്റർനാഷനൽ, 25.9.2015- 1.10.2015 പേജ് 15,17)*

## ഘാനയിൽ എണ്ണ കണ്ടെത്തും

2004 ലെ ഘാന പര്യടന വേളയിൽ അവിടുത്തെ നിവാസികൾക്ക് ഘാനയിൽ എണ്ണ കണ്ടെത്തുമെന്ന സന്തോഷവാർത്ത ഹുസൂർ നൽകിയിട്ടുണ്ടായിരുന്നു. 2008 ഖിലാഫത്ത് ജൂബിലി വേളയിൽ ഹുസൂർ വീണ്ടും ഘാന സന്ദർശിച്ചപ്പോൾ ഘാനിയൻ പ്രസിഡണ്ടുമായുള്ള കൂടികാഴ്ചയുടെ അവസരത്തിൽ ഘാനക്കു വേണ്ടിയുള്ള ഹുസൂറിന്റെ ദുആകൾ സ്വീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണെന്നും, കഴിഞ്ഞ പര്യടനവേളയിൽ ഘാനയിൽ എണ്ണ കണ്ടെത്തുമെന്നു ഹുസൂർ അരുൾ ചെയ്തതു വളരെ മഹത്തായ രീതിയിൽ പൂർത്തിയാവുകയും ആ ദുആ അല്ലാഹു സ്വീകരിക്കുകയും കഴിഞ്ഞ വർഷം മുതൽ നാടിനു എണ്ണ ലഭിച്ചു കൊണ്ടിരിക്കുകയാണെന്നും പ്രസിഡണ്ട് ഹുസൂറിനെ അറിയിക്കുകയുണ്ടായി.

ഇതുമായി ബന്ധപ്പെട്ട് ഘാനയിലെ പ്രസിദ്ധ നാഷനൽ ദിനപത്രമായ Daily Graphic തങ്ങളുടെ 2008 ഏപ്രിൽ 17ലെ ലക്കത്തിൽ ആദ്യപേജിൽ തന്നെ പ്രസിഡന്റുമായുള്ള കൂടികാഴ്ചയുടെ വാർത്ത നൽകികൊണ്ട് ഇങ്ങനെ എഴുതി. ''2004ൽ ഖലീഫത്തുൽ മസീഹ് തന്റെ ഘാനിയൻ പര്യടനവേളയിൽ ഇവിടെ എണ്ണ കണ്ടെത്തുമെന്നു വളരെ ശക്തമായ വിശ്വാസം പ്രകടിപ്പിച്ചിരുന്നു. അത് യാഥാർത്ഥ്യമാക്കി കൊണ്ട് കഴിഞ്ഞ വർഷം ഘാനയിൽ എണ്ണ കണ്ടെത്തുകയുണ്ടായി. *(അൽഫസൽ ഇന്റർനാഷനൽ, 25. 9. 2015-1.10.2015 പേജ് 17)*

## ഹുസൂർ തിരുമനസ്സിന്റെ അല്ലാഹുവിലുള്ള വിശ്വാസവും ഭരമേൽപിക്കലും

ഹുസൂർ തിരുമനസ്സിന്റെ പത്നി സയ്യിദ അമത്തുസ്സബൂഹ് ബേഗം സാഹിബ പറയുകയാണ്, ഞങ്ങൾ പുതുതായി ഉത്തര ഘാന

യിലെ "ടമാലെ" എന്ന സ്ഥലത്തെത്തി. കുറച്ച് കഴിഞ്ഞതേയുള്ളൂ, അവിടെ ഡോക്ടർമാരുടെ പണിമുടക്ക് ആരംഭിച്ചു. പിന്നീട് കേവലം രാവിലെ ഒമ്പത് മണി മുതൽ വൈകീട്ട് അഞ്ച് മണി വരെ മാത്രമേ ആശുപത്രികളിൽ ഡോക്ടർമാർ വന്നിരുന്നുള്ളൂ. ഇതിനു പുറമെ മറ്റു സമയങ്ങളിലോ ശനി, ഞായർ ദിവസങ്ങളിലോ യാതൊരു വൈദ്യസഹായവും ലഭ്യമല്ലായിരുന്നു. ആ അവസരത്തിൽ രണ്ട് ദിവസം പ്രായമുള്ള വഖാസ് അഹ്മദിനു അതിസാരം പിടിപെട്ടു. പുതിയ സ്ഥലം. ആശുപത്രികളുടെ അങ്ങേയറ്റത്തെ ശോചനീയാവസ്ഥ. ഡോക്ടർമാരുടെ പണിമുടക്ക് സമരം. ഇതെല്ലാം കൂടി ഞങ്ങൾ ഒരു വല്ലാത്ത മാനസിക സംഘർഷത്തിലായി. ചെറിയ കുഞ്ഞിന്റെ ഈ ദുരവ സ്ഥ കണ്ടു നിൽക്കാനാവാത്തതായിരുന്നു. മകൾ ഫറയും ചെറിയ കുട്ടിയാണ്. പാക്കിസ്ഥാനിൽ നിന്നു ഡയറിയ(അതിസാരം)ക്കു വേണ്ടി കൊണ്ടുവന്ന ഒരു മരുന്നു എന്റെ കയ്യിലുണ്ടായിരുന്നു. പക്ഷേ, അത് വളരെ ശക്തിയുള്ള മരുന്നായതു കൊണ്ട് രണ്ടു ദിവസം മാത്രം പ്രായമായ കുഞ്ഞിനു ആ മരുന്നു കൊടുക്കരുതെന്നു ഡോക്ടർ വിലക്കിയിരുന്നു.

ഞങ്ങൾ ആകെ ചിന്താകുലരും കടുത്ത വേവലാതിയിലുമായി. അവൻ മുലപ്പാലും കുടിക്കുന്നില്ല. അവസാനം ഹുസൂർ അല്ലാഹുവിൽ പരിപൂർണ്ണമായും ഭരമേൽപിച്ചുകൊണ്ട് ഡോക്ടർമാർ, കുഞ്ഞിനു നൽകരുതെന്നു നിർദ്ദേശിച്ച ആ മരുന്നു, തന്റെ വലതു കയ്യിലെ ഒരു വിരലിൽ എടുത്തു കുഞ്ഞിന്റെ വായിൽ വെച്ചു കൊടുത്തു. അല്ലാഹുവിന്റെ തഖ്ദീർ എന്താണെന്നു നമുക്കറിയില്ല. പക്ഷേ, യാതൊരു ചികിത്സയും അവനു നൽകിയില്ലല്ലോ എന്ന ദു:ഖവും നിരാശയും പിന്നീടുണ്ടാവാൻ പാടില്ല എന്നു പറഞ്ഞു. ഏതാനും നിമിഷനേരം കൊണ്ടു തന്നെ മരുന്നു ഫലിച്ചു. അവസ്ഥ മാറിത്തുടങ്ങി. അല്ലാഹു അത്ഭുതകരമായ നിലയിൽ രോഗശമനം നൽകി. *(ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ്, ക്രോഡീകരണം അത്വാഉൽ അലീം ഖമർ, മുദ്ദസിർ അഹ്മദ് മുസ്മിൽ)*

## ദിവ്യാത്ഭുതം തൽസമയം പ്രകടമായി

മൊറേഷ്യസിലെ മുബല്ലിഗായ മൗലവി ബശാറത്ത് നവീദ് സാഹിബ് വിവരിക്കുന്നു, ഹുസൂർ മൊറേഷ്യസ് പര്യടനത്തിനായി എത്തിയ ആദ്യ ദിവസം ളുഹർ അസർ നമസ്ക്കാരത്തിനായി തന്റെ

താമസസ്ഥലത്തു നിന്നും പള്ളിയിലേക്കു പോകുവാനായി പുറത്തേക്കു വന്നു. കൂടെ യാത്രാസംഘത്തിലെ അംഗങ്ങൾ എല്ലാവരും തയ്യാറായി നിൽപ്പുണ്ട്. ഡ്യൂട്ടിയിലുണ്ടായിരുന്ന ഖുദ്ദാം റിമോട്ട് കൺട്രോൾ ഉപയോഗിച്ചു ഇലക്ട്രോണിക്ക് ഗേറ്റ് തുറക്കാൻ നോക്കി. പക്ഷേ, എത്ര ശ്രമിച്ചിട്ടും ഗേറ്റു തുറക്കാൻ സാധിച്ചില്ല. പല ശ്രമങ്ങളും നടന്നു. വിജയിച്ചില്ല. അവസാനം ഖാദിമീങ്ങൾ ഗേറ്റ് വെട്ടിപൊളിക്കാൻ നോക്കി. അതും നടന്നില്ല. ഇതൊക്കെ കണ്ടുകൊണ്ട് ഹുസൂർ കാറിൽ നിന്നും ഇറങ്ങി വന്നു. റിമോട്ട് ഇങ്ങ് തരൂ എന്നു പറഞ്ഞു. ഹുസൂർ റിമോട്ടിന്റെ ബട്ടനിൽ അമർത്തേണ്ട താമസം, ഗേറ്റ് സാധാരണ പോലെ തന്നെ തുറന്നു. ആ അവസരത്തിൽ അവിടെ ഉണ്ടായിരുന്ന പോലീസ് സംഘത്തിൽപെട്ട ഒരു ഹിന്ദു, ദിവ്യാത്ഭുതങ്ങളെ കുറിച്ചു മുമ്പു ധാരാളം കേട്ടിരുന്നു. പക്ഷേ, ഇന്നത് നേരിൽ ലൈവായി കാണാൻ സാധിച്ചു എന്നു വളരെ അത്ഭുതത്തോടെ പറയുകയുണ്ടായി. *(തശ്ഹീദുൽ അദ്ഹാൻ, ഖലീഫത്തുൽ മസീഹ് അൽ ഖാമിസ്, സ്പെഷ്യൽ പതിപ്പ്, പേജ് 282)*

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ആ പുണ്യാത്മാവിന്റെ ഖലീഫമാരുടേയും അത്ഭുതകരമായ ഈ സംഭവങ്ങൾ അല്ലാഹു നമ്മുടെ ഈമാൻ വർദ്ധനവിന് കാരണമാക്കട്ടെ. ഇത്തരത്തിൽ അല്ലാഹുവുമായുള്ള ദൃഢമായ ബന്ധം നമുക്കും പ്രദാനം ചെയ്യുമാറാകട്ടെ. അതിൽ എല്ലായിപ്പോഴും വർദ്ധനവുമുണ്ടാകട്ടെ. അതുപോലെ ഖിലാഫത്ത് വ്യവസ്ഥിതിയുമായി നമ്മെ ബന്ധിപ്പിച്ചു കൊണ്ട് അവന്റെ തൃപ്തി കരസ്ഥമാക്കുവാൻ എപ്പോഴും തൗഫീഖ് നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.